Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
VOL.4 / ISSUE 4 / PAGES 32
10
ജൂലൈ 2024
ബുധനാഴ്ച
1199 മിഥുനം 26

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 23 Cinema | 26 Sports | 29 Technology | 30 World



## ഫെഡറൽ തിരഞ്ഞെടുപ്പിൽ പൗരന്മാരല്ലാത്തവരെ വോട്ടുചെയ്യുന്നതിൽ നിന്ന്

# വിലക്കുന്ന ബിൽ ഹൗസ് പാസാക്കി

ഹൗസ് റിപ്പബ്ലിക്കൻമാരും ഡെമോക്രാറ്റുകളും ബുധനാഴ്ച ഫെഡറൽ തിരഞ്ഞെടുപ്പിൽ പൗരന്മാരല്ലാത്തവരെ വോട്ടുചെയ്യുന്നതിൽ നിന്ന് വിലക്കുന്നതിനുള്ള ബില്ലിന് അംഗീകാരം നൽകി. മുൻ പ്രസിഡന്റ് ട്രംപ് ഉയർത്തിയ നിയമനിർമ്മാണം ആണ് ഇത്.സേഫ്ഗാർഡ് അമേരിക്കൻ വോട്ടർ എലിജിബിലിറ്റി (സേവ്) ആക്ട് എന്ന ഔപചാരികമായ തലക്കെട്ടിലുള്ള നിയമനിർമ്മാണം 221-198 വോട്ടിൽ ചേംബർ ക്ലിയർ ചെയ്തു.

ശേഷം പേജ് 8ൽ

ബീഹാറുകാരന്റെ ബ്രിട്ടീഷ് പാർലമെന്റ് പ്രവേശനം - പേജ് 08

നാല് വർഷം കൊണ്ട് ഒരു സാമ്രാജ്യം കൈയിലെടുത്തു; ആരാണ് കെയർ സ്റ്റാർമർ? - പേജ് 11

പി.എസ്.സി അംഗത്വ മൂല്യം ഇടിച്ച് 'തലവരി' വിവാദം - കേരളീയമോ, അതല്ലേ പേജ് 15

കുളിച്ചില്ലെങ്കിലും പുരപ്പുറത്ത് ഉണക്കാനിടുന്ന തുണിവാൽക്കഷ്ണം ! - പേജ് 22

ഒഡിഷയിൽ നവീകരണ ശ്രമവുമായി നവീൻ പട്നായിക് - പേജ് 25

## ട്രംപ് ഭീതി നാറ്റോയെ പിടികൂടി

# ബൈഡന്റെ കാര്യത്തിൽ യൂറോപ്പിന് ആശങ്ക

വാഷിംഗ്ടൺ: നാറ്റോ സഖ്യരാഷ്ട്രങ്ങൾ സഖ്യത്തെ സുശക്തമായി മുന്നോട്ടു നയിക്കാൻ പ്രതിജ്ഞാബദ്ധരാണെന്നും സഖ്യത്തിലെ അംഗങ്ങളുടെ ഓരോ ഇഞ്ച് ഭൂമിയും സംരക്ഷിക്കാൻ ഒരുമിച്ച് പ്രയത്നിക്കുമെന്നും യുഎസ് പ്രസിഡന്റ് ജോ ബൈഡൻ. യൂറോപ്പിന്റെ മുറ്റത്ത് അതിക്രൂരമായ യുദ്ധം അരങ്ങേറവെ സുരക്ഷയ്ക്കായി ഐക്യത്തോടെയും ഐക്യദാർഢ്യത്തോടെയം നിലകൊള്ളുന്നുവെന്ന് 38 പോയന്റുകൾ ഉൾപ്പെടുത്തിയ നാറ്റോ സംയുക്ത പ്രസ്താവന പറയുന്നു. റഷ്യയുടെ കടന്നാക്രമണത്തെ പരാജയപ്പെടുത്താൻ ഉക്രെയ്ന് ദീർഘകാല പിന്തുണയും നാറ്റോ വാഗ്ദാനം ചെയ്തു. നാറ്റോയുടെ സ്ഥാപനത്തിന്റെ 75 ാം വാർഷികത്തിൽ യുഎസിൽ ആരംഭിച്ച മൂന്ന് ദിവസത്തെ ഉച്ചകോടിയാണ് സഖ്യത്തിന്റെ കെട്ടുറപ്പ് വർധിപ്പിക്കാനും അംഗരാഷ്ട്രങ്ങളുടെ സുരക്ഷ ഉറപ്പാക്കാനും ആഹ്വാനം ചെയ്തത്. ഉക്രെയ്ന് യുദ്ധത്തെക്കുറിച്ചുള്ള ആശങ്കകൾ പങ്കുവെക്കാനാണ് യോഗം ചേരുന്നതെങ്കിലും ഔദ്യോഗിക അജണ്ടയിലില്ലാത്ത ഒരു തെരഞ്ഞെടുപ്പാണ് വാസ്തവത്തിൽ സഖ്യത്തിന് യുദ്ധത്തേക്കാൾ ആശങ്ക പകരുന്നത്. ബൈഡനും ട്രംപും ഏറ്റുമുട്ടുന്ന യുഎസ് പ്രസിഡന്റ് തെരഞ്ഞെടുപ്പ്.കഴിഞ്ഞ മാസം നടന്ന ആദ്യ പ്രസിഡൻഷ്യൽ സംവാദത്തിലെ ബൈഡന്റെ മോശം പ്രകടനവും അദ്ദേഹത്തിന്റെ ശാരീരികവും മാനസികവുമായ ക്ഷമത സംബന്ധിച്ച ആശങ്കകളും നവംബറിലെ തിരഞ്ഞെടുപ്പിന് ശേഷം മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വൈറ്റ് ഹൗസിലേക്ക് മടങ്ങിവരാനുള്ള സാധ്യതയും യൂറോപ്യൻ സഖ്യകക്ഷികൾക്കിടയിൽ ആകുലതയ്ക്ക് കാരണമായിരിക്കുന്നു.'യൂറോപ്യന്മാർ വളരെ ശ്രദ്ധയോടെ ശ്രദ്ധിക്കുന്ന തെരഞ്ഞെടുപ്പാണിത്,' ട്രംപ് പ്രസിഡന്റായിരുന്നപ്പോൾ നാറ്റോയുടെ ഡെപ്യൂട്ടി സെക്രട്ടറി ജനറലായിരുന്ന റോസ് ഗോട്ടെമോല്ലർ പറഞ്ഞു.അടുത്തിടെ മെയ്, ജൂൺ മാസങ്ങളിൽ താൻ യൂറോപ്പിലേക്ക് നിരവധി യാത്രകൾ നടത്തിയിട്ടുണ്ടെന്ന് ഗോട്ടെമോല്ലർ പറഞ്ഞു, 'ഡൊണാൾഡ് ട്രംപ് വൈറ്റ് ഹൗസിൽ തിരിച്ചെത്തിയാൽ എന്ത് സംഭവിക്കും, നാറ്റോയുടെയും യൂറോപ്പിന്റെയും പ്രതിരോധത്തിനുള്ള അമേരിക്കൻ പ്രതിബദ്ധതയ്ക്ക് എന്ത് സംഭവിക്കും എന്നതായിരുന്നു ആളുകളുടെ ആദ്യത്തെ ചോദ്യം,' അദ്ദേഹം പറഞ്ഞു. നാറ്റോയോടുള്ള മു

ശേഷം പേജ് 8ൽ



ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

### പുടിൻ പറഞ്ഞത് പ്രകാരം ആണവായുധം പ്രയോഗിക്കുമോ?

# യുഎസിൽ ഭീഷണിനേരിടുന്ന സ്ഥലങ്ങൾ ഇവയാണ്



തന്റെ രാജ്യത്തിന്റെ നിലനിൽപ്പിന് ഭീഷണിയുണ്ടെങ്കിൽ ആണവായുധം പ്രയോഗിക്കാൻ താൻ നിർബന്ധിതനാകുമെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ പറഞ്ഞതിന് പിന്നാലെ, ആണവയുദ്ധത്തിന്റെ ആശങ്ക യുഎസിനെ വേട്ടയാടുകയാണ്. റഷ്യ-ഉക്രെയ്ൻ യുദ്ധം അവസാനിക്കാതെ തുടരുകയും തായ്‌വാനിലും ദക്ഷിണ ചൈനാ കടലിലും ചൈന-യുഎസ് സമ്മർദ്ദം വർദ്ധിപ്പിക്കുകയും ചെയ്തതോടെ ഇത് വർദ്ധിച്ചു.

അസ്വസ്ഥജനകമായ ഈ സാഹചര്യങ്ങൾക്കിടയിൽ, ഒരു ആണവയുദ്ധം ആരംഭിച്ചാൽ യുഎസിൽ ബാധിക്കപ്പെടാൻ സാധ്യതയുള്ള ലക്ഷ്യങ്ങൾ കാണിക്കുന്ന ഒരു മാപ്പ് പുറത്തിറക്കി എന്നാണ് പുതിയ റിപ്പോർട്ട്. ഭൂപടത്തിൽ 90 ഓളം നഗരങ്ങൾ ഇടം കണ്ടെത്തിയിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്. 'മിറർ യുഎസ്' പറയുന്നതനുസരിച്ച്, ന്യൂക്ലിയർ മാപ്പ് കൊളറാഡോ, മൊണ്ടാന, നോർത്ത് ഡക്കോട്ട, വ്യോമിംഗ് എന്നിവിടങ്ങളിൽ പ്രവർത്തനക്ഷമമായ ആണവ നിലയങ്ങൾ ഉൾപ്പെടെ നിരവധി ലക്ഷ്യങ്ങൾ ആണ് കാണിക്കുന്നത്.

കൂടാതെ, അലബാമ, അരിസോണ, മേരിലാൻഡ്, ന്യൂജേഴ്സി, പെൻസിൽവാനിയ, ടെന്നസി എന്നീ സംസ്ഥാനങ്ങളിൽ ആണവ ആക്രമണത്തിന് സാധ്യതയുള്ള സ്ഥലങ്ങളായി അടയാളപ്പെടുത്തിയിട്ടുണ്ട്. ന്യൂയോർക്ക്, ഷിക്കാഗോ, ഹൂസ്റ്റൺ, ലോസ് ഏഞ്ചൽസ്, സാൻ ഫ്രാൻസിസ്കോ, വാഷിംഗ്ടൺ ഡിസി എന്നീ ലക്ഷ്യങ്ങളും കൂടുതൽ അസ്വസ്ഥതയുണ്ടാക്കുന്നു. ജനസാന്ദ്രതയേറിയ പ്രദേശങ്ങൾ, പ്രധാനപ്പെട്ട സാമ്പത്തിക സ്ഥാപനങ്ങൾ, അധികാരകേന്ദ്രം ഉൾപ്പെടെയുള്ള സർക്കാർ അടിസ്ഥാന സൗകര്യങ്ങൾ ഭൂപടത്തിൽ ഉൾപെട്ടതും വലിയ ആശങ്കയ്ക്ക് ഇടയാക്കുന്നുണ്ട്.

ഡാളസ്ഫോർട്ട് വർത്ത്, മിയാമി, ഫിലാഡൽഫിയ എന്നിവയാണ് ഭൂപടത്തിൽ ഉൾപ്പെട്ട മറ്റ് പ്രമുഖ നഗരങ്ങൾ. ഗ്രാമീണ ഐഡഹോ, മെയ്ൻ, വടക്കൻ കാലിഫോർണിയ, ഒറിഗോൺ തുടങ്ങിയ പ്രദേശങ്ങൾ താരതമ്യേന സുരക്ഷിതമാണെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. 'ഐറിഷ് സ്റ്റാർ' പറയുന്നതനുസരിച്ച്, ആക്രമണമുണ്ടായാൽ നാശനഷ്ടങ്ങൾ നിയന്ത്രിക്കുന്നതിനായി യുഎസ് അതിന്റെ ആണവശക്തികളെ ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. റഷ്യയെയും അവിടത്തെ ജനങ്ങളെയും പ്രതിരോധിക്കാൻ, തന്റെ പക്കലുള്ള എല്ലാ ആയുധ വിഭവങ്ങളും താൻ ഉപയോഗിക്കുമെന്ന് 2022 ൽ ഒരു മാധ്യമത്തോട് പുടിൻ പറഞ്ഞിരുന്നു. തന്റെ അഭിപ്രായം വിശദീകരിച്ചുകൊണ്ട്, ഇത് ഒരു തമാശ അല്ലെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു.

## American Diary — 50 Years Ago

### Founded The Deacons for Defense and Justice to protect civil rights activists



A group of Black men in Jonesboro, Louisiana, led by Earnest "Chilly Willy" Thomas and Frederick Douglas Kirkpatrick, founded The Deacons for Defense and Justice to protect civil rights activists.

The deacons, most of them veterans of the Korean War, World War II or both, began providing protection after the Congress of Racial Equality's freedom house became a target of the Ku Klux Klan. They went on to provide security for civil rights leaders and for events such as the 1966 March Against Fear in Mississippi.

Their presence helped deter the KKK's intimidation and violence against African Americans. Future Black Panther leader Stokely Carmichael drew inspiration from the deacons.

July 10, 1964

## ആഞ്ഞടിച്ച കൊടുങ്കാറ്റിൽ വലഞ്ഞു ഹൂസ്റ്റൺ; സുരക്ഷിതരായി വീട്ടിൽ തുടരാൻ പൊതുജനങ്ങളോട് അഭ്യർത്ഥിച്ചു അധികൃതർ

ഹൂസ്റ്റണിൽ ചുഴലിക്കാറ്റുകൾ അത്ര പുതുമയുള്ള കാര്യമല്ല. എന്നാൽ അടുത്തിടെയുണ്ടായ ബെറിൽ ചുഴലിക്കാറ്റ് നഗരത്തെ വ്യാപകമായ വെള്ളപ്പൊക്കത്തിലും റോഡ് ഗതാഗതം തടസപ്പെടുന്ന അവസ്ഥയിലും കൊണ്ടെത്തിച്ചു.

തിങ്കളാഴ്ച നഗരത്തിൽ ആഞ്ഞടിച്ച കൊടുങ്കാറ്റിന്റെ അനന്തരഫലങ്ങൾ നിരവധി പ്രദേശങ്ങളിൽ ആണ് പ്രകടമായത്. ടെക്സസ് ഗതാഗത വകുപ്പും പ്രാദേശിക ഉദ്യോഗസ്ഥരും താമസക്കാരോട് അവരുടെ സുരക്ഷയ്ക്കായി അനാവശ്യ യാത്രകൾ ഒഴിവാക്കാനും സുരക്ഷിതമായ സ്ഥലങ്ങളിൽ തുടരാനും ആവശ്യപ്പെട്ടു. കാറ്റിൽ ഉണ്ടായ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും റിക്കവറി ജീവനക്കാരും എമർജൻസി ജീവനക്കാരും അശ്രാന്ത പരിശ്രമം നടത്തുകയാണ് എന്നും ഈ സമയത്ത് വീടുകളിൽ സുരക്ഷിതരായി തുടരണം എന്നും അധികൃതർ അഭ്യർത്ഥിച്ചു.

ഹ്യൂസ്റ്റൺ ക്രോണിക്കിളിന്റെ ഒരു റിപ്പോർട്ട് അനുസരിച്ച്, കാവൽകേഡ് സെന്റ്, കിറ്റ്മാൻ സെന്റ് എന്നിവയ്ക്കിടയിലുള്ള ഐ45 നോർത്ത്, സൗത്ത് ബൗണ്ട്, പാർക്കിൽ നിന്ന് കാൽവർട്ട് വരെയുള്ള എഫ്എം2920 ഈസ്റ്റ്ബൗണ്ടും എന്നിവ അടഞ്ഞുകിടക്കുകയാണ്.

ചൊവ്വാഴ്ച തെളിഞ്ഞ ആകാശം ഉണ്ടായിരുന്നിട്ടും, പല റോഡുകളും ഇപ്പോഴും അപകടകരമാണ്, പൊതുജനങ്ങളുടെ സഹകരണം അത്യന്താപേക്ഷിതമാണ് എന്ന് അധികൃതർ വ്യതമാക്കുന്നു.

## ചൈനീസ് സ്റ്റീലിനെ പൂട്ടാൻ ബൈഡൻ; പുതിയ താരിഫ് പ്രഖ്യാപിച്ചു



വാഷിംഗ്ടൺ: മെക്സിക്കോ വഴി സ്റ്റീൽ, അലുമിനിയം കയറ്റുമതി നടത്തുന്ന ചൈനയിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നുമുള്ള സ്ഥാപനങ്ങളെ ലക്ഷ്യമിട്ട് യുഎസ്. നികുതി ഒഴിവാക്കണമെങ്കിൽ മെക്സിക്കോ വഴി ഷിപ്പിംഗ് നടത്തുന്ന സ്ഥാപനങ്ങൾ തങ്ങളുടെ ഉൽപ്പന്നങ്ങളുടെ ഉറവിടം തെളിയിക്കണമെന്ന് വൈറ്റ് ഹൗസ് പറഞ്ഞു. ഇതിന്റെ ഭാഗമായി ചൈനീസ് സ്റ്റീൽ, മെക്സിക്കൻ അലുമിനിയം എന്നിവയ്ക്ക് ബൈഡൻ പുതിയ താരിഫ് പ്രഖ്യാപിച്ചു. മെക്സിക്കോയിൽ നിന്ന് എത്തുന്ന സ്റ്റീലിന് 25% തീരുവ ചുമത്താൻ തീരുമാനിച്ചതായി ബൈഡൻ പറഞ്ഞു. ചൈന, റഷ്യ, ബെലാറസ് അല്ലെങ്കിൽ ഇറാൻ എന്നിവിടങ്ങളിൽ നിന്ന് ഉരുക്കി കൊണ്ടുവരുന്ന മെക്സിക്കോയിൽ നിന്നുള്ള അലുമിനിയത്തിനാണ് താരിഫ് ചുമത്തുമെന്ന് അറിയിച്ചിരിക്കുന്നത്.

മെക്സിക്കോയുടെ ഉൽപന്നങ്ങളായ സ്റ്റീൽ, അലൂമിനിയം എന്നിവയുടെ ഇറക്കുമതി സുസ്ഥിരമായി തുടരാൻ അനുവദിക്കുന്നതിനുള്ള നിരവധി നടപടികളിൽ അമേരിക്കയും മെക്സിക്കോയും സമ്മതിച്ചിട്ടുണ്ടെന്ന് ബൈഡൻ പറഞ്ഞു.

ഇറക്കുമതിയുടെ സുതാര്യത മെച്ചപ്പെടുത്തുന്നതിന്, സ്റ്റീൽ ഉൽപന്നങ്ങളുടെ ഉത്ഭവ രാജ്യത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ നൽകാൻ ഇറക്കുമതിക്കാരോട് മെക്സിക്കോ ആവശ്യപ്പെടുന്നു. ഈ നടപടി മെക്സിക്കോയുടെ സ്വതന്ത്ര വ്യാപാര കരാറില്ലാത്ത രാജ്യങ്ങളിൽ നിന്നുള്ള ഉരുക്കിന്മേൽ താരിഫ് വർദ്ധിപ്പിക്കുമെന്ന് ബൈഡനും മെക്സിക്കന്‍ പ്രസിഡന്റ് ആൻഡ്രേസ് മാനുവൽ ലോപ്പസ് ഒബ്രഡോർ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

ദേശീയ സുരക്ഷാ താൽപ്പര്യങ്ങളാണ് ഈ താരിഫുകളുടെ അടിസ്ഥാനമെന്ന് ബൈഡൻ ചൂണ്ടിക്കാട്ടി. മെക്സിക്കോ വഴി യുഎസ് വിപണിയിൽ പ്രവേശിക്കുന്നതോടെ ചൈനീസ് സ്റ്റീലും അലുമിനിയവും താരിഫുകൾ ഒഴിവാക്കുകയും ഞങ്ങളുടെ നിക്ഷേപങ്ങളെ തുരങ്കം വയ്ക്കുകയും ചെയ്യുന്നുവെന്നും വൈറ്റ് ഹൗസ് നാഷണൽ ഇക്കണോമിക് കൗൺസിൽ ഡയറക്ടർ ലേൽ ബ്രെയിനാർഡ് പറഞ്ഞു.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
M.G. Radhakrishnan
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**
**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.

### റീ...പോളിംഗ്




*പുതിയ ക്രിമിനൽ നിയമങ്ങളെ പരിഹസിച്ച പി. ചിദംബരത്തെ അപലപിച്ച് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ വാർത്ത*

# KAC/KCCC പിക്നിക്കും ചെണ്ടമേള മത്സരവും ജൂലായ് 13-ാം തീയതി (ഈ ശനി) രാവിലെ 10 മണി മുതൽ വുഡ്രിഡ്ജ് കസ്റ്റാൾഡൊ പാർക്കിൽ, പ്രവേശനം സൗജന്യം









ഷിക്കാഗോ: കേരളാ അസോസിയേഷൻ ഓഫ് ഷിക്കാഗോയും കേരളാ കൾച്ചറൽ സെന്ററും സംയുക്തമായി നടത്തുന്ന പിക്നിക്കും ചെണ്ടമേള മത്സരവം ജൂലായ് 13-ാം തീയതി രാവിലെ 10 മണി മുതൽ വൈകുന്നേരം 7 മണി വരെ വുഡ്രിഡ്ജ് കസ്റ്റാൾഡൊ പാർക്കിൽ നടത്തുന്നതാണ്. പ്രവേശനം സൗജന്യമാണ്. രാവിലെ ഫുഡ് കോ-ഓർഡിനേറ്റർ ഷിബു വെൺമണിയുടെ നേതൃത്വത്തിൽ പരമ്പരാഗത കിഴങ്ങു വിഭവങ്ങളോടുകൂടിയുള്ള ബ്രേക്ക് ഫാസ്റ്റും തുടർന്ന് ബാർബെക്യുവും വിവിധ കായിക മത്സരങ്ങളും, കുട്ടികൾക്കായി കാറ്റു നിറച്ച പ്ലേയ് വീടുകളും (air filled Bouncing house) ഉണ്ടാകും.

ഏവർക്കും സ്വന്തമായുള്ള കലാവാസനകൾ അവതരിപ്പിക്കുന്നതിന് അവസരമുണ്ടായിരിക്കും. ജോസഫ് നടുത്തോട്ടം, കുരുവിള ഇടുക്കുത്താറയിൽ, പീറ്റർ കൊല്ലപ്പിള്ളി തുടങ്ങിയവർ ഗാനമേളക്ക് നേതൃത്വം നൽകുന്നു. ഉച്ചകഴിഞ്ഞു 2.30 മണി മുതൽ ചെണ്ടമേള മത്സരങ്ങൾ നടത്തും, ചെണ്ടമേള മത്സര വിജയികൾക്ക് ക്യാഷ് സമ്മാങ്ങൾ $1001, $751, $ 501 എന്നിവ നേടാവുന്നതാണ്. അന്നേദിവസം പങ്കെടുക്കുന്ന ടീമുകളുടെ നമ്പർ അനുസരിച്ചു നിബന്ധനകൾ മത്സരത്തിന് മുൻപേ നൽകുന്നതാണ്. ജൂലൈ 13ന് ഉച്ചകഴിഞ്ഞു 2 മണി വരെ ടീം രജിസ്റ്റർ ചെയ്യാവുന്നതാണ്.

പ്രസിഡന്റ് ആന്റോ കവലക്കൽ, ജനറൽ കോ-ഓർഡിനേറ്റർ സുനിൽ കിടങ്ങയിൽ, സെക്രട്ടറി സിബി പാത്തിക്കൽ, പ്രമോദ് സക്കറിയാസ്, ഹെറാൾഡ് ഫിഗുരേദോ, സന്തോഷ് അഗസ്റ്റിൻ, രാജ് കൃഷ്ണൻ. പീറ്റർ കൊല്ലപ്പള്ളി, രാജു മാധവൻ, ജോർജ് കുര്യാക്കോസ് തുടങ്ങിയവർ വിവിധ പരിപാടികൾക്കു ചുക്കാൻ പിടിക്കുന്നു. വൈകുന്നേരം 6 മണിയോടെ സമ്മാനദാന ചടങ്ങ് ആരംഭിക്കുന്നതാണ്. ഏവരേയും ഈ മലയാളി മാമാങ്കത്തിലേക്ക് ക്ഷണിക്കുന്നു. കെ.എ.സിയും കെ.സി.സി.സിയും നേതൃത്വം നൽകുന്ന ഈ മാനസിക ഉല്ലാസത്തിന്റെ ദിവസം നിങ്ങളിൽ എത്തിക്കുന്നതിന് നിരവധി അഭ്യുദയകാംക്ഷികൾ സ്പോൺസർഷിപ് നൽകി സഹായിച്ചു.

മെഗാ സ്പോൺസേഴ്സായി എലാൻ സുരേന്ദ്രൻ (മെഡികെയർ), ടോം സണ്ണി ഈരോലിക്കൽ (ഫിനാഷ്യൽ സർവ്വീസസ്). ഗ്രാൻഡ് സ്പോൺസേഴ്സായി സ്റ്റീവ് ക്രിഫൈസ് അറ്റോർണി, ഔസേഫ് തോമസ് ടാക്സ് അക്കൗണ്ടിംഗ്, ജിമ്മി വാച്ചാച്ചിറ അറ്റോർണി, രാജ് കൃഷ്ണൻ (ഫിനാഷ്യൽ സർവ്വീസസ്), കുരുവിള ഇടുക്കുത്തറയിൽ ഫാമലി ഡെന്റൽ കെയർ. മലബാർ ഗോൾഡ് ആൻഡ് ഡയമൻഡ്സ് സ്പോൺസേഴ്സായി ടോമി വെള്ളൂകുന്നേൽ റിയലറ്റർ, ജിജി പി. സാം (സെൻട്യൂറിയൻ ബാങ്കറ്റ് ഹാൾ), ജോസഫ് ചാമക്കാല ടാക്സ് അക്കൗണ്ടിംഗ്, വിക്കി (ആൾ സ്റ്റേറ്റ് ഇൻഷുറൻസ്), ലീജ (പ്രിൻസ് ട്രാവൽസ്), ജോർജ് പണിക്കർ (ഫൊക്കാന ലെഗസി ടീം).

കൂടുതൽ വിവരങ്ങൾക്കായി ആന്റോ കവലയ്ക്കൽ (630-666-7310), സിബി പാത്തിക്കൽ(630-723-1112)സുനിൽ കിടങ്ങയിൽ 630-915-0670 എന്നിവരുമായി ബന്ധപ്പെടുക.

# അടുത്ത നോർത്തമേരിക്കൻ പെന്തക്കോസ്റ്റൽ കോൺഫറൻസ് ഷിക്കാഗോയിൽ 2026 ജൂലൈ 2 മുതൽ 5 വരെ



പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻ നാഷണൽ കൺവീനർ, ബ്രദർ സാം മാത്യു ന്യൂയോർക്ക് നാഷണൽ സെക്രട്ടറി, ബ്രദർ പ്രസാദ് ജോർജ് സിപിഎ കണക്ടിക്കട് നാഷണൽ ട്രഷറർ, ഡോ. ജോനാഥാൻ ജോർജ് ഇംഗ്ലീഷ് വിഭാഗം കോർഡിനേറ്റർ, കുര്യൻ ഫിലിപ്പ് നാഷണൽ മീഡിയ കോർഡിനേറ്റർ, പാസ്റ്റർ പി.വി. മാമൻ നാഷണൽ പ്രയർ കോർഡിനേറ്റർ എന്നിവരാണ് ഭാരവാഹികൾ.

ഹൂസ്റ്റനിൽ നടന്ന 39 ാമത് പിസിനാക്ക് സമ്മേളനത്തോടനുബന്ധിച്ച് ചേർന്ന ജനറൽബോഡി യോഗത്തിൽ വച്ച് 40 ാമത് പിസിനാക്കിന്റെ നാഷണൽ കമ്മിറ്റിയെ തിരഞ്ഞെടുത്തു. വൈകിട്ട് ചേർന്ന നാഷണൽ കമ്മിറ്റി യോഗത്തിൽ വച്ചാണ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുത്തത്.

നാഷണൽ കൺവീനറായി പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസിനെ നേരത്തെ തന്നെ തിരഞ്ഞെടുത്തിരുന്നു. ലോക്കൽ കൺവീനർമാരായ ഡോ. ടൈറ്റസ് ഈപ്പൻ, പാസ്റ്റർ ജിജു ഉമ്മൻ, ലോക്കൽ സെക്രട്ടറിമാരായ ഡോ. ബിജു ചെറിയാൻ, ജോൺ മത്തായി, ലോക്കൽ ട്രഷറർമാരായ കെ.ഓ. ജോസ് സിപിഐ, വർഗീസ് സാമുവേൽ, യൂത്ത് കോർഡിനേറ്റർമാരായ ഡോ. വിൽസൻ എബ്രഹാം, പാസ്റ്റർ സാംസൺ സാബു എന്നിവർ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

2026ൽ നടക്കുന്ന ഷിക്കാഗോ കോൺഫറൻസ് ഷാബർഗിലുള്ള കൺവെൻഷൻ സെന്ററിൽ വെച്ച് നടത്തുവാനുള്ള ക്രമീകരണങ്ങളാണ് നടത്തിവരുന്നത്.

*കുര്യൻ ഫിലിപ്പ്*








# മോദിയുടെ റഷ്യൻ സന്ദർശനത്തിൽ പണികിട്ടുക ഇറാഖിനും സൗദിക്കുമോ?

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റഷ്യൻ സന്ദർശനത്തിൽ നിർണായകമായ പല തീരുമാനങ്ങളും ഉണ്ടായേക്കും. കാരണം ക്രൂഡ് ഓയിൽ ഇടപാടുകൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ചയാകും. റഷ്യയിൽ നിന്നും ഇന്ത്യയിലേക്ക് ക്രൂഡ് ഓയിൽ എത്തിക്കുന്നതിൽ ദീർഘകാല ക്രമീകരണം ഏർപ്പെടുത്തിയേക്കുമെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഇന്ത്യയിലേക്ക് റഷ്യൻ ക്രൂഡ് കുറഞ്ഞ നിരക്കിൽ സുഗമമായി വിതരണം ചെയ്യുന്നതിനുള്ള ദീർഘകാല ക്രമീകരണത്തിന്റെ ആവശ്യകത സംബന്ധിച്ച് ഇരു രാജ്യങ്ങളും തമ്മിൽ ചർച്ച തുടരുകയാണെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

'നമ്മൾ റഷ്യൻ ഫെഡറേഷന്റെ ദീർഘകാല പങ്കാളിയാണ്. ദീർഘകാല ഇടപാടുകളെക്കുറിച്ച് നമ്മൾ റഷ്യക്കാരുമായി ചർച്ച നടത്തിയിട്ടുണ്ട്. നമ്മുടെ സ്വകാര്യ, പൊതുമേഖലാ കമ്പനികൾ നേട്ടം ലഭിക്കുന്ന രാജ്യങ്ങളുമായി ദീർഘകാല കരാറുകൾ ഒപ്പിടുമെന്ന് എനിക്ക് ഉറപ്പുണ്ട്,' എന്നായിരുന്നു രാജ്യത്തെ പൊതുമേഖല സ്ഥാപനങ്ങൾ റഷ്യയുമായി ദീർഘകാല കരാറിന് തയ്യാറെടുക്കുന്നുണ്ടോയെന്ന ചോദ്യത്തിന് വകുപ്പ് മന്ത്രി ഹർദീപ് സിങ് പുരി പറഞ്ഞ മറുപടി.

റഷ്യൻ ഓയിൽ ഭീമനായ റോസ്നെഫ്റ്റിന്റെ ചീഫ് ഇഗോർ സെച്ചിൻ ഈ വർഷം ഇന്ത്യയിലേക്ക് രണ്ട് തവണ സന്ദശനം നടത്തിയിരുന്നു. ഈ സന്ദർശനങ്ങളുടെ ഭാഗമായി ഇന്ത്യ-റഷ്യ ദീർഘകാല കരാറുകളെക്കുറിച്ച് ചർച്ച് നടത്തിയിരുന്നുവെന്നാണ് എക്കണോമിക് ടൈംസ് റിപ്പോർട്ട് ചെയ്യുന്നത്. സ്റ്റേറ്റ് റിഫൈനർമാരായ ബിപിസി എല്ലും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനുമാണ് പ്രധാനമായും റഷ്യയുമായി ടേം ഡീലുകൾ ഒപ്പിടാൻ ശ്രമിക്കുന്നത്.

ഉക്രെയിൻ അധിനിവേശത്തിന് ശേഷം ഇന്ത്യയിലേക്കുള്ള ഏറ്റവും വലിയ എണ്ണ വിതരണക്കാരായി റഷ്യ തുടരുകയാണ്. റഷ്യയുടെ കടന്ന് വരവോടെ പരമ്പരാഗത ശക്തികളായ ഇറാഖും സൗദി അറേബ്യയും രണ്ടും മൂന്നും സ്ഥാനങ്ങളിലേക്ക് പിന്തള്ളപ്പെടുകയും ചെയ്തു.

2024 ജൂണിൽ റഷ്യയിൽ നിന്നുള്ള എണ്ണ ഇറക്കുമതിയിൽ വലിയ വർധനവാണ് ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ മാസം ഇറക്കുമതി പ്രതിദിനം 1.97 ദശലക്ഷം ബാരലിൽ എത്തിയിരുന്നു. 2023 ജൂലൈക്ക് ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കാണിത്. ചൈനയിലേക്കുള്ള റഷ്യൻ ക്രൂഡിന്റെ കയറ്റുമതി കുറഞ്ഞതും ഇന്ത്യയിലേക്ക് കൂടുതൽ ബാരൽ എത്താൻ കാരണമായി.

ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ (ഐ.ഒ.സി.എൽ), ഭാരത് പെട്രോളിയം കോർപ്പറേഷൻ (ബി.പി.സി.എൽ), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ (എച്ച്.പി.സി.എൽ), റിലയൻസ് ഇൻഡസ്ട്രീസ് (ആർ.ഐ.എൽ) പോലുള്ള റിഫൈനറികളും ഗണ്യമായ ഇറക്കുമതി നടത്തി. സ്വകാര്യ റിഫൈനർമാർ ആകെ പ്രതിദിനം 871200 ബാരലാണ് ഇറക്കുമതി ചെയ്തത്. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി മോദി കൂടിക്കാഴ്ച നടത്തുമ്പോൾ ഊർജ വ്യാപാരവും പ്രധാന അജണ്ടയായിരിക്കും. റഷ്യയിൽ നിന്നും ക്രൂഡ് ഓയിൽ ഇറക്കുമതി കൂടുതൽ ശക്തമാകുകയാണെങ്കിൽ സ്വാഭാവികമായും അത് ഇറാഖിനും സൗദി അറേബ്യയ്ക്കുമായിരിക്കും തിരിച്ചടിയായി മാറുക.

അതേസമയം, ബ്രസീലിൽ നിന്നും വലിയ തോതിൽ ക്രൂഡ് ഓയിൽ ഇന്ത്യയിലേക്ക് എത്തിക്കാൻ രാജ്യത്തെ പ്രമുഖ ഓയിൽ റിഫൈനറിമാർ ശ്രമിക്കുന്നതായുള്ള റിപ്പോർട്ടുകളും കഴിഞ്ഞ ദിവസം പുറത്ത് വന്നിരുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.ഒ.സി.എൽ), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (എച്ച്.പി.സി.എൽ), ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) എന്നിവ ദീർഘകാല ക്രൂഡ് ഓയിൽ വിതരണ കരാറുകൾ ഉറപ്പാക്കാൻ ബ്രസീലിയൻ ഊർജ കമ്പനിയായ പെട്രോലിയോ ബ്രസീലിറോ എസ് എയുമായി (പെട്രോബ്രാസ്) ചർച്ച നടത്തുകയാണെന്നാണ് ദ മിന്റ് റിപ്പോർട്ട് ചെയ്തത്.

ഊർജ സ്രോതസ്സുകൾ വൈവിധ്യവത്കരിക്കാനുള്ള ഇന്ത്യയുടെ വിപുലമായ തന്ത്രത്തിന്റെ ഭാഗമാണ് ഈ നീക്കം. ഐ.ഒ.സി.എൽ, എച്ച്.പി.സി.എൽ, ബി.പി.സി.എൽ എന്നിവയുടെ ഉദ്യോഗസ്ഥർ ഏപ്രിലിൽ ബ്രസീൽ സന്ദർശിച്ച് പെട്രോബ്രാസുമായി ഇത് സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്. ചർച്ചകളുടെയെല്ലാം പ്രധാന ലക്ഷ്യം ദീർഘകാലത്തേക്ക് ഗ്യാരണ്ടീഡ് ക്രൂഡ് ഓയിൽ സപ്ലൈ ഉറപ്പാക്കുക എന്നതാണ്.

# നാസയുടെ ജെയിംസ് വെബ് കണ്ടെത്തിയ 'സൂപ്പർ എർത്തിൽ' എന്താണ്?



ന്യൂയോർക്ക്: മനുഷ്യർ നക്ഷത്രങ്ങളിലേക്ക് നോക്കിയിരിക്കുന്നിടത്തോളം കാലം, ഭൂമിക്കപ്പുറത്തുള്ള ജീവന്റെ അന്വേഷണത്തിൽ നാം എപ്പോഴും ആകൃഷ്ടരായിരുന്നു. എന്നാൽ ആ തിരച്ചിൽ ഉടൻ അവസാനിച്ചേക്കുമെന്നാണ് പുതിയ റിപ്പോർട്ട്. പ്രപഞ്ചത്തിൽ അന്യഗ്രഹ ജീവികളെ കണ്ടെത്താനുള്ള നമ്മുടെ ഏറ്റവും മികച്ച കണ്ടെത്തൽ ആയേക്കാവുന്ന ഒരു ഗ്രഹത്തെ ശാസ്ത്രജ്ഞർ കണ്ടെത്തിയിരിക്കുന്നുവെന്നാണ് പുറത്തുവരുന്ന ഏറ്റവും പുതിയ റിപ്പോർട്ട്. അവിടെ ജീവൻ നിലനിർത്താനുള്ള ശരിയായ സാഹചര്യം ഉണ്ടെന്നും ശാസ്ത്രജ്ഞർ പറയുന്നു.

ഒരു അന്താരാഷ്ട്ര ശാസ്ത്രജ്ഞർ എൽഎച്ച്എസ് 1140 ബി എന്ന എക്സോപ്ലാനറ്റിന്റെ അന്തരീക്ഷം വിശകലനം ചെയ്യാൻ നാസയുടെ ജെയിംസ് വെബ് ബഹിരാകാശ ദൂരദർശിനിയിൽ (ജെഡബ്ല്യുഎസ്ടി) നിന്നുള്ള നിരീക്ഷണങ്ങൾ ഉപയോഗിച്ചതോടെയാണ് മനുഷ്യർ ഇത്രയും കാലം ആകാംഷപൂർവം തിരഞ്ഞുകൊണ്ടിരുന്ന കണ്ടെത്തലിന് പര്യവസാനം ആയേന്നതരത്തിലുള്ള റിപ്പോർട്ടുകൾ വരുന്നത്.

നിരീക്ഷണ സമയത്ത് സമീപത്തുള്ള ഗ്രഹത്തിന് ദ്രവജലം അടങ്ങിയ സമുദ്രവും നൈട്രജൻ സമ്പുഷ്ടമായ അന്തരീക്ഷവും ഉണ്ടായിരുന്നുവെന്നും അത് ഭൂമിയെപ്പോലെ ഉണ്ടായിരിക്കുമെന്നാണ് അവരുടെ നിരീക്ഷണങ്ങൾ സ്ഥിരീകരിച്ചിരിക്കുന്നത്. നമ്മുടെ സൗരയൂഥത്തിനപ്പുറമുള്ള ഒരു അന്യഗ്രഹ ലോകത്തിന്റെ ഉപരിതലത്തിൽ ഒരു ദിവസം പരോക്ഷമായി ദ്രവജലം സ്ഥിരീകരിക്കാനുള്ള നമ്മുടെ ഏറ്റവും മികച്ച ഒരു പന്തയമാണിത്. യൂണിവേഴ്സിറ്റി ഡി മോൺട്രിയലിൽ നിന്നുള്ള പ്രമുഖ എഴുത്തുകാരൻ ചാൾസ് കാഡിയക്സ് പറയുന്നു.

അന്യഗ്രഹ ജീവികൾ എങ്ങനെയായിരിക്കുമെന്ന് നമുക്ക് കൃത്യമായി അറിയില്ലെങ്കിലും, അതിജീവിക്കാൻ ദ്രാവക ജലം ആവശ്യമാണെന്ന് ശാസ്ത്രജ്ഞർക്ക് ഏതാണ്ട് ഉറപ്പാണ്. എൽഎച്ച്എസ് 1140 ബി എന്ന എക്സോപ്ലാനറ്റ് ഭൂമിയിൽ നിന്ന് 48 പ്രകാശവർഷം അകലെ സെറ്റസ് നക്ഷത്രസമൂഹത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇത് അതിന്റെ നക്ഷത്രത്തിന്റെ ഗോൾഡിലോക്ക്സ് സോണിൽ നിലനിൽക്കാൻ സഹായിക്കുന്നു.

ജലത്തിന് ഒരു ദ്രാവകമായി നിലനിൽക്കാൻ കഴിയുന്ന പ്രദേശമാണിത്. ഭൂമിയുടെ ആറിരട്ടി പിണ്ഡമുള്ള ഈ എക്സോപ്ലാനറ്റ്, നമ്മുടെ സൂര്യന്റെ അഞ്ചിലൊന്ന് വലിപ്പമുള്ള ഒരു ചെറിയ ചുവന്ന കുള്ളൻ നക്ഷത്രത്തെ ചുറ്റുന്നു. ജലം രൂപപ്പെടാൻ കഴിയുന്നത്ര തണുത്ത അകലത്തിലാണ് ഇതെന്നും റിപ്പോർട്ടിൽ പറയുന്നു. എക്സോപ്ലാനറ്റിന് അതിന്റെ വലിപ്പമുള്ള ഒരു വസ്തുവിനേക്കാൾ പിണ്ഡം കുറവാണെന്ന് സമീപകാല വിശകലനങ്ങളും അഭിപ്രായപ്പെടുന്നു.




# ജോ ബൈഡനോട് തെരഞ്ഞെടുപ്പിൽ നിന്ന് പിന്മാറാൻ ആഹ്വാനം നൽകി ജോർജ്ജ് ക്ലൂണി

ജോ ബൈഡൻ യുഎസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ നിന്ന് പിന്മാറാൻ ആഹ്വാനം നൽകി ജോർജ്ജ് ക്ലൂണി. ഹോളിവുഡ് നടനും പ്രമുഖ ഡെമോക്രാറ്റിക് പാർട്ടി ധനസമാഹരണക്കാരനും ആയ ജോർജ്ജ് ക്ലൂണി 'പ്രസിഡന്റ് ബൈഡൻ തന്റെ കരിയറിൽ നിരവധി യുദ്ധങ്ങളിൽ വിജയിച്ചിട്ടുണ്ടെന്നും എന്നാൽ അദ്ദേഹത്തിന് വിജയിക്കാൻ കഴിയാത്ത ഒരു യുദ്ധം സമയത്തിനെതിരായ പോരാട്ടമാണ്' എന്നും പ്രതികരിച്ചു.

കഴിഞ്ഞ മാസം അവസാനം നടന്ന ചർച്ചയ്ക്ക് ശേഷം ഡൊണാൾഡ് ട്രംപിനെതിരായ മത്സരത്തിൽ തുടരണമോ എന്ന് തീരുമാനിക്കാൻ ബൈഡന് സമയം കുറവാണെന്ന് മുൻ ഹൗസ് സ്പീക്കറായ നാൻസി പെലോസി വ്യക്തമാക്കി മണിക്കൂറുകൾക്ക് ശേഷമാണ് ജോർജ്ജ് ക്ലൂണിയുടെ അഭിപ്രായങ്ങൾ പുറത്തു വന്നത് എന്നതും ശ്രദ്ധേയമാണ്. ഇത് പറയുന്നത് വിഷമകരമാണ്. എന്നാൽ മൂന്നാഴ്ച മുമ്പ്



ഒരു ധനസമാഹരണത്തിനിടെ താൻ കണ്ടുമുട്ടിയ മിസ്റ്റർ ബൈഡൻ 2010 ലെ ജോ ബൈഡൻ ആയിരുന്നില്ല. അദ്ദേഹം അങ്ങനെയായിരുന്നില്ല എന്നാണ് അദ്ദേഹം വ്യക്തമാക്കിയത്. 'ഇത് പ്രായത്തെക്കുറിച്ചാണ്. കൂടുതലൊന്നുമില്ല, ഈ പ്രസിഡന്റിനൊപ്പം ഞങ്ങൾ നവംബറിൽ വിജയിക്കാൻ പോകുന്നില്ല' എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഫൊക്കാനയിൽ മാറ്റത്തിന്റെ പ്രൊഫഷണൽ ശബ്ദമായി ഡോ. കല ഷഹി

ഒരു സ്ത്രീ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരുമ്പോൾ ധാരാളം മാറ്റങ്ങളാണ് പലമേഖലകളിലും പ്രകടമാകുന്നത്. ഇന്ദിരാ ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയായപ്പോഴാണ് 'ബേട്ടി പഠാവോ ബേട്ടി ബച്ചാവോ' എന്ന പദ്ധതി നിലവിൽ വരുന്നത്, അതിനർത്ഥം സമൂഹത്തിന്റെ അടിത്തട്ടിലേക്ക് കൂടുതൽ ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുന്നവരാണ് സ്ത്രീകൾ എന്നുള്ളതാണ്. അത്തരത്തിൽ അമേരിക്കൻ മലയാളികൾക്കിടയിൽ മാറ്റത്തിന്റെ അലയൊലികൾ വലിയതോതിൽ സൃഷ്ടിച്ച വ്യക്തിയാണ് ഡോ. കല ഷഹി.

കഴിഞ്ഞ രണ്ടുടേമുകളിലായി ഫൊക്കാനായുടെ ഏറ്റവും പ്രധാനമായ പദവികളിൽ അവരുടെ പ്രവർത്തനങ്ങൾ, ഫൊക്കാന വിമൻസ്ഫോറം ചെയർപേഴ്സണായും ഇപ്പോൾ ജനറൽ സെക്രട്ടറിയായും സേവനമനുഷ്ഠിക്കുമ്പോൾ ഫൊക്കാന എന്ന സംഘടനയുടെ ചരിത്രത്തിലെത്തന്നെ ഏറ്റവും മികച്ച മുഹൂർത്തമെന്നതിൽ സംശയമില്ല. അത് നിഷേധിക്കുവാൻ അമേരിക്കൻ മലയാളികൾക്കും സാധിക്കുകയില്ല.

ഫൊക്കാന ജനറൽ സെക്രട്ടറിയും 2024-2026 കാലയളവിൽ ഫൊക്കാന പ്രസിഡന്റ് സ്ഥാനാർത്ഥിയുമായ ഡോ. കലാ ഷഹി ഫൊക്കാനയുടെ ജനപ്രിയ സെക്രട്ടറിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ഏവർക്കും മാതൃകയായ സാമൂഹ്യ പ്രവർത്തക. ഫൊക്കാനയുടെ തുടക്കം മുതൽ ഫൊക്കാനയ്ക്കൊപ്പം നിലകൊണ്ട വനിതാനേതാവ്. മറിയാമ്മ പിള്ളയ്ക്ക് ശേഷം ഫൊക്കാനയ്ക്ക് ഒരു വനിതാ പ്രസിഡന്റ് ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും ഇപ്പോൾ പ്രസക്തം.

സംഘടനയുടെ നിരവധി പദവികൾ വഹിച്ച് 2020-2022 കാലയളവിൽ വിമൻസ്ഫോറം ചെയർപേഴ്സണായി പ്രവർത്തിച്ച ഡോ. കല ഷാഹിയുടെ നേതൃത്വത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട കുഞ്ഞുങ്ങൾക്കും, അവരുടെ അമ്മമാർക്കും കരുത്തായ കരിസ്മ എന്ന പദ്ധതിയുടെ കോ-ഓർഡിനേറ്റർ എന്ന നിലയിലെ പ്രവർത്തനങ്ങൾ, സംഘാടകത്വവും അടുത്ത ജനറൽ സെക്രട്ടറി പദത്തിലേക്കെത്തിച്ചു.

അന്ന് കോവിഡ് കാലമാണെങ്കിലും ഓൺലൈനിൽ നിരവധി പരിപാടികളിലൂടെ അമേരിക്കൻ മലയാളി കുടുംബങ്ങളെ ലൈവാക്കി നിർത്തുകയും ഫൊക്കാനയുടെ പ്രവർത്തനങ്ങൾ ജനകീയമാക്കുകയും ചെയ്തു. ഡോ. കലാ ഷഹിയുടെ നേതൃത്വ പാടവത്തിന്റെ ഏറ്റവും വലിയ ഉദാഹരണമായിരുന്നു അക്കാലത്ത് ഫൊക്കാന വിമൻസ്ഫോറം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ. കോവിഡ് മഹാമാരി കാലത്ത് ഡിജിറ്റൽ സാധ്യതകളെ പരീക്ഷിക്കുകയും വലിയ മാറ്റങ്ങൾക്ക് തുടക്കമിടുവാനും ഡോ. കലാ ഷഹിക്ക് കഴിഞ്ഞു.

കോവിഡ് കാലമാണെങ്കിലും ഓൺലൈനിൽ നിരവധി പരിപാടികളിലൂടെ അമേരിക്കൻ മലയാളി കുടുംബങ്ങളെ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ അണിനിരത്തുവാനും മെഗാ വിമൻസ്ഫോറത്തിന് തുടക്കം കുറിയ്ക്കുവാനും സാധിച്ചു. നൂറ്റി അൻപതിൽ അധികം അംഗങ്ങളെ ഉൾപ്പെടുത്തി ഫൊക്കാന വിമൻസ്ഫോറം ഒരു മെഗാ കമ്മറ്റിയായി വിപുലീകരിച്ചു. ഫൊക്കാനയുടെ 2020-2022 ഫ്ളോറിഡ നാഷണൽ കൺവൻഷന്റെ തുടക്കം മുതൽ അവസാനം വരെ കലാ പരിപാടികൾ ഏകോപിപ്പിക്കുവാൻ ഡോ. കല ഷഹിക്ക് കഴിഞ്ഞത് തന്റെ പ്രതിഭയുടെയും സംഘടനാ പ്രവീണ്യത്തിന്റെയും മേന്മകൊണ്ട് മാത്രമാണ്. അത് പതിന്മടങ്ങ് ശക്തിയോടെ ഇപ്പോഴും തുടരുന്നതാണ് ഒരു സംഘാടകയുടെ മികവ്.



2022-2024 വർഷത്തിൽ ഡോ. ബാബു സ്റ്റീഫന്റെ നേതൃത്വത്തിൽ ഫൊക്കാനയ്ക്ക് പുതിയ നേതൃത്വം ഉണ്ടായപ്പോൾ ജനറൽ സെക്രട്ടറിയായി മാറിയ ഡോ. കലാ ഷഹി തന്റെ പ്രവർത്തനം കൊണ്ട് ഫൊക്കാനയ്ക്ക് ഒരു അടുക്കും ചിട്ടയും കൊണ്ടു വന്നു എന്ന് മാത്രമല്ല നിരവധി പരിപാടികൾ സമർത്ഥമായി കോ-ഓർഡിനേറ്റ് ചെയ്യുകയും ചെയ്തു. അതിൽ ഏറ്റവും പ്രധാനം ഫൊക്കാനയുടെ 2023 ലെ ഓണാഘോഷ പരിപാടികളുടെ സംഘാടനമാണ്. വാഷിംഗ്ടണിൽ സംഘടിപ്പിച്ച ഓണാഘോഷത്തിന്റെമാസ്റ്റർബ്രെയിൻകലാ ഷഹി ആയിരുന്നു. ഫൊക്കാനയുടെ ചരിത്രത്തിൽ എഴുതപ്പെടേണ്ട ഓണാഘോഷ പരിപാടികളായിരുന്നു വാഷിംഗ്ടൺ ഡി സിയിൽ അരങ്ങേറിയത്.

അമേരിക്കൻ മലയാളി യുവ സമൂഹത്തെ രാഷ്ട്രീയ രംഗത്തേക്ക് അവതരിപ്പിക്കുന്ന വൈറ്റ് ഹൗസ് സ്കോളർഷിപ്പ് പദ്ധതി, സ്കൂൾ കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് പദ്ധതിയുടെ പിന്നിലെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതും ഡോ. കല ഷഹി തന്നെ.

ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫന്റെ പിന്തുണയും ഫൊക്കാനയുടെ തുടക്കം മുതലുള്ള മുതിർന്ന നേതാക്കളുടെ പിന്തുണ, ഫൊക്കാന യുവ സമൂഹത്തിന്റെ പിന്തുണയുമായി തന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുമ്പോൾ ഫൊക്കാന എന്ന അന്തർദ്ദേശീയ സംഘടന കൂടുതൽ കരുത്താവുകയാണ്. ഈ മാസം വാഷിംഗ്ടൺ ഡി സി യിൽ നടക്കുന്ന ഫൊക്കാന അന്തർദ്ദേശീയ കൺവെൻഷൻ വിജയിപ്പിക്കുവാനുള്ള ഒരുക്കങ്ങളുടെ തിരക്കിലാണ് ഡോ. കലാ ഷഹി. അതിനിടയിലും തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സജീവമാക്കുവാൻ തന്റെ ടീമായ ടീം ലെഗസിക്കു വേണ്ടി എല്ലാ പ്രവർത്തനങ്ങളും കോ ഓർഡിനേറ്റ് ചെയ്യുന്നു.

1993ൽ അമേരിക്കയിലെത്തിയ ഡോ. കലാ ഷഹി ആരോഗ്യരംഗം ജീവിതോപാധിയായി തിരഞ്ഞെടുക്കുകയും അതോടൊപ്പം ജീവകാരുണ്യ പ്രവർത്തനരംഗത്തും മികച്ചസേവനം കാഴ്ചവെക്കുകയും ചെയ്യുന്നു. ഡോ. കലാ ഷഹി വാഷിംഗ്ടൺ ഡി.സി, മെരിലാൻഡ് മേഖലകളിൽ ഫാമിലി പ്രാക്ടീസിൽ പ്രൈവറ്റ് പ്രാക്ടീസ് നടത്തുന്നുണ്ട്. വാഷിംഗ്ടൺ ഡി.സി.യിലെ ഫസ്റ്റ് ക്ലിനിക് അർജന്റ് കെയർ സിസ്റ്റം മെഡിക്കൽ ഡയറക്ടർ, സെക്കൻഡ് ചാൻസ് അഡിക്ഷൻ സെന്ററിന്റെ (Second chance addiction center) മെഡിക്കൽ ഡയറക്ടർ, മെരിലാൻഡ് വാഷിംഗ്ടൺ ഡി.സിമേഖലയിലുള്ള സെന്റർഫോർ ബിഹേവിയറൽ ഹെൽത്തിന്റെ (Center for Behavior Health) റിസർച്ച് കോഓർഡിനേറ്റർ തുടങ്ങിയ പദവികളും കല അലങ്കരിക്കുന്നു.

സംഘടനാ പ്രവർത്തനങ്ങൾക്കൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവമായ ഡോ. കലാ ഷഹി 'താങ്ങും തണലും' പദ്ധതി, സൊലസ് (SOLACE) സംഘടനകൾക്ക് വേണ്ടി നടത്തുന്ന നിരവധി ധനസമാഹാര പ്രവർത്തനങ്ങൾ എന്നിവയെല്ലാം അതിന്റെ ഉദാഹരണമാണ്. അനാഥാലയങ്ങൾക്ക് സഹായം, വീടില്ലാത്തവർക്ക് വീടുകൾ നിർമ്മിച്ച് നൽകുവാൻ സഹായം തുടങ്ങി നിരവധി പ്രവർത്തനങ്ങളിൽ സജീവമാണ്. സാമൂഹ്യ പ്രവർത്തനങ്ങൾ കൊണ്ട് സമൂഹത്തിന്റെ അംഗീകാരവും ഡോ. കല ഷഹിക്ക് ലഭിച്ചിട്ടുണ്ട്.

ഭാരത് യു.എസ്.എ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തിയ വുമൺ ഐക്കൺ പുരസ്ക്കാരം ഈയിടെ കലയെ തേടി എത്തിയിരുന്നു. കലാസാംസ്കാരിക ആതുരസേവന രംഗങ്ങളിൽ നൽകിയ സമഗ്ര സംഭാവനകൾ മാനിച്ചായിരുന്നു ഈ അവാർഡ്. കൂടാതെ, മറ്റു നിരവധി പുരസ്കാരങ്ങളും നേടിയിട്ടുള്ള കല നൃത്തത്തിനു പുറമെ സംഗീതം, നാടകം, പെൻസിൽ സ്കെച്ച് , പെയിന്റിംഗ്, ക്ലേമോഡലിംഗ്, ആങ്കറിംഗ്, വീഡിയോഗ്രാഫി, ഫോട്ടോഗ്രാഫി, കഥാരചന, കവിതാ രചന തുടങ്ങിയ വിവിധമേഖലകളിലും മികവ് തെളിയിച്ചിട്ടുണ്ട്.

വളരെ ചെറുപ്പം മുതൽക്കേ നൃത്തത്തിൽ താൽപ്പര്യം കാണിച്ച കലാ ഷഹി മൂന്നാം വയസ്സിൽ പ്രമുഖ കലാകാരനായ സ്വന്തം പിതാവ് കേരളാ സംഗീതനാടക അക്കാദമി പുരസ്കാര ജേതാവ് ഗുരു പരേതനായ ഇടപ്പള്ളി അശോക് രാജിൽ നിന്നും നൃത്തമഭ്യസിച്ചു. നർത്തകൻ, എഴുത്തുകാരൻ, കവി, സംവിധായകൻ നാടക നടൻ എന്നീ നിലകളിലെല്ലാം ശോഭിച്ചിരുന്ന പിതാവ് ഇടപ്പള്ളി അശോക് രാജ്, പ്രശസ്ത ഗുരുക്കന്മാരായ, പിതാവ് ഗുരു ശ്രീ ഇടപ്പള്ളി അശോക്‌രാജ്, കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ, സേലം രാജരത്നം പിള്ള എന്നിവരിൽ നിന്നും മോഹിനിയാട്ടം, കഥക്, ഭരതനാട്യം, കുച്ചുപ്പുടി, നാടോടി നൃത്തം എന്നിവ അഭ്യസിച്ചു. അഖിലേന്ത്യാതലത്തിൽ നൃത്ത പര്യടനവും നടത്തി. അമേരിക്കയിലെത്തി ജീവിതം പിന്നീട് മെഡിക്കൽ രംഗത്തേക്ക് മൊഴിമാറ്റിയെങ്കിലും കലയോടും കലാരംഗത്തോടും ഒപ്പം തന്നെ നിൽക്കുകയാണ് ഡോ. കലാ ഷഹി.

ഫൊക്കാന നാഷണൽ കൺവൻഷൻ 2024 ഈ മാസം വാഷിംഗ്ടണിൽ വെച്ച് നടക്കുമ്പോൾ അതിന്റെ മുന്നൊരുക്ക ങ്ങളുമായി പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ, കൺവെൻഷൻ ചെയർമാൻ ജോൺസൺ തങ്കച്ചൻ എന്നിവർക്കൊപ്പം സജീവമാവുകയാണ് ഡോ കല ഷഹി.

കഴിഞ്ഞ മാസം തിരുവനന്തപുരത്ത് നടന്ന നാലാംലോകകേരളസഭയിൽ ഫൊക്കാനയെ പ്രതിനിധീകരിച്ച് സംസാരിക്കുകയും ചെയ്തിരുന്നു. തന്റെ പ്രവർത്തനങ്ങൾക്കു അംഗീകാരമായി പ്രവാസി മലയാളി ഫോറം ഏർപ്പെടുത്തിയ പ്രവാസി ശ്രേഷ്ഠ പുരസ്കാരം മന്ത്രി സജി ചെറിയാനിൽ നിന്നും സ്വീകരിക്കുകയും ചെയ്തു. പ്രസിഡന്റ് സ്ഥാനാർത്ഥിയായി മത്സര രംഗത്ത് ഉണ്ടെങ്കിലും ഫൊക്കാനയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ ശക്തമാക്കുകയാണ് ജനറൽ സെക്രട്ടറി. ഏൽപ്പിച്ച ദൗത്യങ്ങൾ ഏറ്റവും ഭംഗിയായി നിർവ്വഹിക്കുമ്പോഴാണ് ഒരു സംഘടനാനേതൃത്വം എന്ന നിലയിൽ അഭിമാനം ഉണ്ടാകുന്നതെന്ന് ഡോ. കല ഷഹി പറയുന്നു.

തന്റെ പ്രവർത്തനമാണ് തന്റെ മുതൽകൂട്ട് എന്ന് വിശ്വസിക്കുന്ന അവർ കല, സംഘാടനം, ആരോഗ്യ രംഗം തുടങ്ങിതാൻ കൈവെയ്ക്കുന്ന മേഖലകളിലെല്ലാം നൂറുമേനി വിളവുമായി ഫൊക്കാനയുടെ ജനറൽ സെക്രട്ടറിയായി തന്റെ പ്രവർത്തനങ്ങൾ തുടരുമ്പോൾ ഡോ. കല ഷഹി ഒരു പ്രതീക്ഷയാണ്. രണ്ട് കണ്ണുമടച്ച് ഡോ. കലാ ഷാഹിയെ ഫൊക്കാന പ്രസിഡന്റായി തെരഞ്ഞെടുക്കാം. കാരണം, ഒപ്പം നിൽക്കുവർക്ക് ഒരു തണലായി അവർക്കൊപ്പം ഈ വനിതാനേതൃത്വം ഉണ്ടാകും, ഒരു നല്ല സഹോദരിയെപ്പോലെ. ഫൊക്കാനയ്ക്ക് ഒരു വനിതാ സാരഥി ഉണ്ടാകട്ടെ.... അത് ഡോ. കലാ ഷഹി ആവട്ടെ....

KALPN



# നേടിയെടുക്കുന്നതു പോലെ നഷ്ടപ്പെടുത്താനും കേമൻ...



ശതകോടീശ്വരൻ ആണെങ്കിലും അതിന്റെയൊന്നും ഒരു തലക്കനവും കാണിക്കാത്ത വ്യക്തിയാണ് ഇലോൺ മസ്ക്. കാരണം ട്വീറ്റുകളിലൂടെയും മാറ്റും എല്ലാവരുമായും സംവദിക്കാൻ ആഗ്രഹിക്കുന്ന വ്യക്തി കൂടിയാണ് മസ്ക്. പണം മസ്കിനെ സംബന്ധിച്ച് വലിയൊരു വിഷയമല്ല. അങ്ങനെ പറയാൻ കാരണം മസ്ക് ഈ വർഷം നഷ്ടമാക്കിയ തുക തന്നെയാണ്.

ജനുവരി മുതൽ ജൂൺ വരെ മാത്രം മസ്കിന്റെ രണ്ടര ലക്ഷം കോടി രൂപയോളമാണ് വെള്ളത്തിലായത്. കൃത്യം കണക്ക് പറഞ്ഞാൽ ഏകദേശം 2,49,638 കോടി രൂപ. ഈ വർഷം ഏറ്റവും കൂടുതൽ ആസ്തി ഇടിവ് നേരിട്ടവരുടെ പട്ടികയിൽ മുന്നിലുള്ളതും മസ്ക് തന്നെയാണ്. പല ചെറു രാജ്യങ്ങളുടെയും ജിഡിപിയെക്കാൾ വലുതാണ് മസ്കിന് ഉണ്ടായ സാമ്പത്തിക നഷ്ടം.

ഫോർബ്സ് മാഗസിൻ കണക്കുകൾ പ്രകാരം നിലവിൽ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ധനികനാണ് ഇലോൺ മസ്ക്.

ടെസ്ല, സ്പേസ് എക്സ് എന്നിവ ഉൾപ്പെടെ ലോകത്തെ ഏറ്റവും മികച്ച ബ്രാൻഡുകളുടെ ഉടമ കൂടിയായ മസ്ക് നേരത്തെ ടിറ്റർ വിലയ്ക്ക് വാങ്ങി അതിന്റെ പേര് എക്സ് എന്നാക്കി മാറ്റിയത് ഉൾപ്പെടെ വലിയ ചർച്ചകൾക്ക് കാരണമായിരുന്നു.

ഇലോൺ മസ്കിന്റെ ഇപ്പോഴത്തെ ആസ്തി 16,28,410 കോടി രൂപയാണ്. എന്ന് വച്ചാൽ ഏകദേശം 220 ബില്യൺ ഡോളർ. ആഗോള സമ്പന്ന പട്ടികയിൽ ഒന്നാം സ്ഥാനത്തുള്ള ബെർണാഡ് ആർനോൾട്ടിന്റെ ആസ്തിയാവട്ടെ 233 ബില്യൺ ഡോളറോളം വരും.

ഇക്കുറി മസ്കിന് ഭീമമായ നഷ്ടം വന്നില്ലായിരുന്നെങ്കിൽ ആർനോൾട്ടിനെ മറികടന്ന് മസ്ക് ആ സ്ഥാനത്ത് വന്നേനെ.

മസ്കിന്റെ ആസ്തി നിരീക്ഷിച്ചാൽ 2023 ഡിസംബർ 31 മുതൽ 2024 ജൂൺ 28 വരെ അത് 251.3 ബില്യൺ ഡോളറിൽ നിന്ന് 221.4 ബില്യൺ ഡോളറായി കുറഞ്ഞു. ഈ നഷ്ടം സംഭവിച്ചില്ലായിരുന്നെങ്കിൽ മസ്ക് തന്നെ സമ്പന്ന പട്ടികയിൽ ഒന്നാമനായി വന്നേനെ എന്ന് വ്യക്തം. ഫോർബ്സ് റിപ്പോർട്ട് പ്രകാരം ഇക്കാലയളവിൽ ലോകമെമ്പാടുമുള്ള മറ്റേതൊരു ശതകോടീശ്വരനേക്കാളും കൂടുതലാണ് മസ്കിന്റെ ആസ്തിയിലുണ്ടായ ഇടിവ്.

തന്റെ പ്രധാനപ്പെട്ട കമ്പനിയായ ടെസ്ല നേരിട്ട തകർച്ചയാണ് മസ്കിനെയും ബാധിക്കുന്നതെന്നാണ് വിലയിരുത്തൽ. ഈ വർഷം ഇതുവരെ ടെസ്‌ലയുടെ ഓഹരി വില ഏകദേശം 25 ശതമാനം ഇടിഞ്ഞെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

വിപണി മത്സരം വർധിച്ചതും യുഎസ് ഓട്ടോ വിപണിയിലെ വിൽപ്പനയിൽ നേരിടുന്ന മാന്ദ്യവുമാണ് ഇതിന്റെ മുഖ്യ കാരണങ്ങൾ.

ടിറ്റർ ഏറ്റെടുപ്പ് മസ്കിന് ഭീമമായ സാമ്പത്തിക നഷ്ടവും ഉണ്ടാക്കിയിരുന്നു. എന്നാൽ ഇതിൽ നിന്നെല്ലാം അദ്ദേഹം തിരിച്ചുകയറുന്നു എന്ന വാർത്തകളും പുറത്തുവരുന്നുണ്ട്. ടിറ്റർ സാമ്പത്തിക നേട്ടം ഉണ്ടാക്കി തുടങ്ങിയെന്നാണ് സൂചന.

കൂടാതെ യുഎസ് ഫെഡ് പലിശ നിരക്കുകളിൽ വരുത്തുന്ന മാറ്റം ഓട്ടോ മേഖലയെ തുണച്ചേക്കും എന്ന അഭിപ്രായവും ചിലർ പങ്കുവയ്ക്കുന്നു. അങ്ങനെയെങ്കിൽ ഈ നഷ്ടകണക്കുകളെല്ലാം പഴങ്കഥയാവാനും സാധ്യതയുണ്ട്.

# പടിയിറക്ക വേളയിൽ അക്ഷത ധരിച്ച വസ്ത്രത്തിന് അർത്ഥമേറെ...



ബ്രിട്ടൺ ഭരിച്ച ഇന്ത്യൻ വംശജനെന്ന ഖ്യാതിയോടെയായിരുന്നു റിഷി സുനക് പടിയിറങ്ങിയത്. പ്രധാനമന്ത്രി പദത്തിൽ നിന്ന് ചുമതലയൊഴിയുന്ന വേളയിൽ വിശ്വപ്രസിദ്ധമായ 10 ഡൗണിംഗ് സ്ട്രീറ്റിൽ അദ്ദേഹം അവസാന പ്രഭാഷണം നടത്തിയിരുന്നു. പ്രിയതമ അക്ഷതാ മൂർത്തിയെ അരികിൽ നിർത്തിയായിരുന്നു സുനക് രാജ്യത്തെ അഭിസംബോധന ചെയ്തത്. ഇതിന്റെ വീഡിയോ ദൃശ്യങ്ങൾ പുറത്തുവന്നപ്പോൾ അക്ഷത ധരിച്ച വസ്ത്രം പോലും വലിയ ചർച്ചയായി മാറിയിരുന്നു.

ഒറ്റനോട്ടത്തിൽ സാധാരണമായൊരു ഗൗൺ മാത്രമായി തോന്നും. എങ്കിലും നിരവധി കാര്യങ്ങളെ പ്രതിനിധീകരിക്കുന്ന വേഷം കൂടിയായിരുന്നു അവർ ധരിച്ചിരുന്നതെന്നാണ് സോഷ്യൽ മീഡിയയിലെ വിലയിരുത്തലുകൾ. ഇംഗ്ലണ്ടിൽ ഭരണമാറ്റം സംഭവിക്കുന്ന ചരിത്രനിമിഷം. പ്രധാനമന്ത്രി സ്ഥാനത്ത് നിന്ന് ഭർത്താവ് പടിയിറങ്ങുന്നു. മാത്രമല്ല ഭരണം അവസാനിക്കുന്ന വേളയിലെ നിർണായക പ്രസംഗം. തൊട്ടുപിറകിലായി നിന്നിരുന്ന അക്ഷത ധരിച്ചത് രാജ്യത്തിന്റെ പതാകയെ അനുസ്മരിപ്പിക്കുന്ന വസ്ത്രം.

നീല ഗൗണിൽ വെള്ളയും ചുവപ്പും വരകൾ ലംബമായി വന്നിരിക്കുന്ന ഗൗൺ. ഏതൊരാളുടെയും കണ്ണുകൾ പെട്ടെന്ന് ഉടക്കുന്ന ഉടയാട. വിപണിയിൽ ഇതിന് 395 പൗണ്ട് (42,000 രൂപ) വിലമതിക്കുമെന്നാണ് നിഗമനം. മറ്റ് ചിലർ അക്ഷതയുടെ വസ്ത്രത്തെ കണക്കാക്കിയത് chef's kiss ആയാണ്. ആഹാരത്തിന്റെ സ്വാദ് അത്യന്തം രുചികരവും വിശിഷ്ടവുമായി അനുഭവപ്പെടുമ്പോൾ പാചകക്കാരൻ ചെയ്യുന്നതാണ് chef's kiss. അസാധാരണമായ ഒരു സംഭവം അല്ലെങ്കിൽ അഭിനന്ദനമർഹിക്കുന്ന ഏതെങ്കിലുമൊരു കാര്യം നടക്കുമ്പോൾ ചിലർ പ്രതീകാത്മകമായി chef's kiss പ്രയോഗിക്കാറുണ്ട്. അക്ഷതയുടെ വസ്ത്രം ഇതാണ് സൂചിപ്പിക്കുന്നതെന്നും സോഷ്യൽ മീഡിയയിൽ ചിലർ വ്യാഖ്യാനിക്കുന്നു.

### ബ്രിട്ടീഷ് രാജ്ഞിയേക്കാൾ സമ്പന്ന

ബ്രിട്ടനിലെ രാജ്ഞിയേക്കാൾ സമ്പന്നയാണ് അക്ഷതയെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. 42കാരിയായ അക്ഷതയ്ക്ക് ഇൻഫോസിസിൽ നൂറു കോടിയിൽ അധികം ഡോളർ വിലമതിക്കുന്ന ഓഹരിയുണ്ടെന്നാണ് റിപ്പോർട്ട്. സൺഡേ ടൈംസിന്റെ 2021 ലെ ധനികരുടെ പട്ടികപ്രകാരം ബ്രിട്ടീഷ് രാജ്ഞിയുടെ സമ്പാദ്യം 46 കോടി ഡോളർ മാത്രമാണ്.

### ഫാഷനാണ് ലോകം

അച്ഛന്റേയും ഭർത്താവിന്റേയും പേരിൽ അറിയപ്പെടാൻ ഒരിക്കലും ആഗ്രഹിക്കാത്ത വ്യക്തിയാണ് അക്ഷത. സ്വന്തമായി ഫാഷന്റെ ഒരു ലോകം അവർ കെട്ടിപ്പടുത്തിട്ടുണ്ട്. കുട്ടിക്കാലം മുതൽ ഫാഷൻ ഡിസൈനിങ്ങിനോട് താത്പര്യമുണ്ടായിരുന്ന അവർ ഇന്ത്യയിലെ സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം അമേരിക്കയിലേക്കാണ് വിമാനം കയറിയത്. കാലിഫോർണിയയിലെ ഫാഷൻ ഇൻസ്റ്റിറ്റ്യൂട്ടിലായിരുന്നു പഠനം. അതിനുശേഷം സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിൽ എം.ബി.എ ചെയ്തു.

### സൗഹൃദം പ്രണയത്തിലേക്ക്

സ്റ്റാൻഫോർഡിലെ പഠനത്തിനിടയിലാണ് റിഷി സുനകിനെ അക്ഷത പരിചയപ്പെടുന്നത്. പിന്നീട് സൗഹൃദം പ്രണയത്തിലേക്ക് വഴിമാറി. ആദ്യ കാഴ്ച്ചയിൽ തന്നെ റിഷിയെ നാരായണ മൂർത്തിക്ക് ഇഷ്ടമായി. 2009 ഓഗസ്റ്റ് 13 ന് ഇരുവരും ബംഗളൂരുവിലെ ലീലാ പാലസ് ഹോട്ടലിൽവച്ച് വിവാഹിതരായി. ഇവർക്ക് രണ്ട് കുട്ടികളാണുള്ളത്. കൃഷ്ണയും അനൗഷ്കയും.



# തൊഴിലാളിവർഗ്ഗ നേതാവിൽ നിന്ന് പ്രധാനമന്ത്രിയിലേക്ക്: കെയർ സ്റ്റാർമറിന്റെ ലേബർ പാർട്ടി ഇന്ത്യക്ക് നേട്ടമോ?



2024ൽ ബ്രിട്ടനിലെ പ്രധാന പ്രതിപക്ഷമായ ലേബർ പാർട്ടി തിരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷത്തിൽ അധികാരത്തിലേക്ക് എത്തിയിരിക്കുകയാണ്. പതിനാല് കൊല്ലം നീണ്ട കൺസർവേറ്റീവ് പാർട്ടിയുടെ തേരോട്ടം അവസാനിപ്പിച്ചാണ് ലേബർ പാർട്ടിയുടെ ശക്തമായ തിരിച്ചുവരവ്.

രാജ്യത്തെ അടുത്ത പ്രധാനമന്ത്രി കെയർ സ്റ്റാർമർ ആണെന്നതിൽ സംശയമില്ല. ഇന്ത്യൻ വംശജനായ റിഷി സുനകിനെ അധികാരത്തിൽ നിന്ന് തെറിപ്പിച്ച് കൊണ്ടാണ് സ്റ്റാർമറുടെ സ്ഥാനാരോഹണം. ഇന്ത്യയുമായി നല്ല ബന്ധം പുലർത്തിയിരുന്ന പ്രധാനമന്ത്രി ആയിരുന്നു ഇന്ത്യക്കാരനായ റിഷി സുനക്. ഇന്ത്യയ്ക്ക് വേണ്ടി വിവിധ നയങ്ങളും അദ്ദേഹം കൊണ്ടു വന്നിരുന്നു. ബ്രിട്ടനിലെ അധികാര രാഷ്ട്രീയത്തിൽ സംഭവിച്ചിരിക്കുന്ന മാറ്റങ്ങൾ ഇന്ത്യയെ എങ്ങനെ ബാധിക്കും എന്ന് നോക്കാം.

ഇന്ത്യ ഒരു ലോക സാമ്പത്തിക ശക്തിയായി കുതിക്കുന്നതിനിടെയാണ് ബ്രിട്ടനിൽ ഭരണമാറ്റം ഉണ്ടായിരിക്കുന്നത്. ലോകം ഒരു പുത്തൻ ക്രമത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ബ്രിട്ടനിൽ ലേബർ പാർട്ടി അധികാരത്തിലേക്ക് തിരിച്ചെത്തിയിരിക്കുന്നത്. ഇന്തോ പസഫിക് മേഖലയിലെ അധികാര സംഘത്തിൽ ഇന്ത്യ നിർണായക ശക്തിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ലേബർ പാർട്ടിയുടെ ചരിത്ര വിജയത്തിൽ താൻ അവരെ അഭിനന്ദിക്കുന്നുവെന്നാണ് രാജ്യാന്തര സാമ്പത്തിക വിദേശ നയ വിദഗ്ധൻ ഡോ.സുബ്രോകമൽ ദത്ത പ്രതികരിച്ചത്.

ഇന്ത്യ പുതിയ ബ്രിട്ടീഷ് സർക്കാരിൽ നിന്ന് വളരെയൊന്നും പ്രതീക്ഷിക്കുന്നില്ല. എങ്കിലും തീരെ പ്രതീക്ഷകൾ ഇല്ലാതെയുമില്ല. മുൻ ലേബർ പാർട്ടി സർക്കാരുകൾ ചൈനയും ബ്രിട്ടനുമായി ഏറെ അടുപ്പം പുലർത്തിയിരുന്നു. അതിന് ശേഷം രാജ്യാന്തര രാഷ്ട്രീയത്തിൽ വൻ മാറ്റങ്ങൾ സംഭവിക്കുകയും തന്ത്രപരമായ ബന്ധങ്ങളിൽ മാറ്റങ്ങളുണ്ടാകുകയും ചെയ്തെങ്കിലും ലേബർ പാർട്ടിയുടെ നിലപാടുകളിൽ വലിയ മാറ്റമൊന്നും ഇക്കുറി പ്രതീക്ഷക്കേണ്ടതില്ല. പാകിസ്ഥാൻ ആകെ തകർന്നു. ചൈനയും ബ്രിട്ടനും തമ്മിലുള്ള ബന്ധത്തിൽ വലിയ വിള്ളലുകളും ഉണ്ടായി.

ലേബർ പാർട്ടിയുടെ പുതിയ പ്രധാനമന്ത്രിക്ക് മാറിയ ലോകക്രമത്തെക്കുറിച്ച് നിശ്ചയമുണ്ട് എന്നതാണ് ആശ്വാസം പകരുന്ന കാര്യം. പുത്തൻ ഭരണത്തിന്റെ കീഴിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാകുമെന്നാണ് പ്രതീക്ഷ.

കൺസർവേറ്റീവുകളുടെ ഭരണത്തിൽ നിന്ന് വ്യത്യസ്തമായി എന്തായിരിക്കും സ്റ്റാർമർ ഇന്ത്യയോട് കൈക്കൊള്ളാൻ പോകുന്ന സമീപനമെന്ന് ഇന്ത്യയും ഉറ്റു നോക്കുകയാണ്. സ്വാഭാവികമായും പ്രധാനമന്ത്രി നരേന്ദ്ര മോദി പുതുതായി തിരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രി സ്റ്റാർമറിനെ അഭിനന്ദിച്ചിരുന്നു. ഇരു രാജ്യങ്ങളും തമ്മിൽ ഒത്തൊരുമിച്ച പ്രവൃത്തിക്കേണ്ട സാഹചര്യമാണെന്ന് മോദി അഭിനന്ദന സന്ദേശത്തിൽ സൂചിപ്പിക്കുകയും ചെയ്തു. ഒട്ടും വൈകാതെ താൻ ഭരണം ആരംഭിക്കുകയാണെന്നും ഉടൻ അദ്ഭുതങ്ങൾ പ്രതീക്ഷിക്കരുതെന്നും സ്റ്റാർമർ പ്രസ്താവിച്ചു.

ലേബർ പാർട്ടിയുടെ രാഷ്ട്രീയ നിലപാടുകൾ പലപ്പോഴും ഇന്ത്യക്കെതിരാണെന്ന പൊതു ധാരണ നേരത്തേയുണ്ട്. 2019 ൽ ജമ്മു കാശ്മീരിന് പ്രത്യേക അധികാരം നൽകുന്ന ആർട്ടിക്കിൾ 370 എടുത്ത് കളയാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തപ്പോൾ ലേബർ പാർട്ടി ഒരു അടിയന്തര പ്രമേയം പാസാക്കിയിരുന്നു.

കാശ്മീരിൽ വലിയ മനുഷ്യാവകാശ പ്രശ്നം നിലനിൽക്കുന്നുണ്ടെന്നും കാശ്മീരിലേക്ക് രാജ്യാന്തര നിരീക്ഷകരെ അനുവദിക്കണമെന്നുമായിരുന്നു അവരുടെ പ്രമേയത്തിലെ ഉള്ളടക്കം. പ്രധാന നേതാക്കളുടെ കരുതൽ തടങ്കലും വീട്ടു തടങ്കലും ചൂണ്ടിക്കാട്ടി കാശ്മീരികൾക്ക് സ്വയം ഭരണ അവകാശം നൽകണമെന്നും അന്ന് അവർ ആവശ്യപ്പെട്ടിരുന്നു. ബ്രിട്ടനിലെ ഇന്ത്യൻ സമൂഹത്തിൽ നിന്ന് വലിയ എതിർപ്പുകളാണ് ഇതേത്തുടർന്ന് ലേബർ പാർട്ടിക്ക് നേരിടേണ്ടി വന്നത്. ഇതേത്തുടർന്ന് പാർട്ടി പിന്നീട് നിലപാട് മാറ്റി. കാശ്മീർ വിഷയം ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള ഉഭയ കക്ഷി വിഷയമാണെന്ന് പാർട്ടി വിശദീകരിച്ചു.

2019 ൽ ലേബർ പാർട്ടിക്ക് തിരഞ്ഞെടുപ്പിലേറ്റ കനത്ത പരാജയത്തിന്റെ ഒരു കാരണം കാശ്മീർ പ്രമേയം ആണെന്ന് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തിയിരുന്നു. ബ്രിട്ടീഷ് സമ്പദ് വ്യവസ്ഥയുടെ ആറു ശതമാനത്തോളം സംഭാവന ചെയ്യുന്ന പതിനെട്ട് ലക്ഷത്തോളം വരുന്ന ഇന്ത്യൻ വംശജരെ അവഗണിച്ചു കൊണ്ട് മുന്നോട്ടു പോകാൻ പുതിയ പ്രധാനമന്ത്രിക്കും സാധിക്കില്ലെന്ന് വ്യക്തമാണ്. ഏകദേശം 1.8 ദശലക്ഷത്തോളം വരുന്ന ബ്രിട്ടീഷ് സമ്പദ്‌വ്യവസ്ഥയിലേക്ക് ആറ് ശതമാനത്തിലധികം സംഭാവന നൽകുന്ന ഇന്ത്യയുമായും ബ്രിട്ടീഷ് ഇന്ത്യൻ സമൂഹവുമായും ലേബർ അടുത്ത ബന്ധം തേടുമെന്ന് സ്റ്റാർമർ തന്നെ പ്രഖ്യാപിച്ചിരുന്നു.

ഇന്ത്യ വിരുദ്ധ വികാരങ്ങൾ ഇല്ലാതാക്കാനും നരേന്ദ്ര മോദി ഭരണകൂടവുമായി ശക്തമായ പങ്കാളിത്തം കെട്ടിപ്പെടുക്കുമെന്നും പാർട്ടി ഇതിനോടകം വ്യക്തമാക്കിയിട്ടുണ്ട്. പാർട്ടിയുടെ വാഗ്ദാനം വെറുംവാക്ക് ആയിരുന്നില്ല.

# ജോ ബൈഡനെ ഗോൾഫ് മത്സരത്തിന് വെല്ലുവിളിച്ച് ഡൊണാൾഡ് ട്രംപ്



നിലവിലെ പ്രസിഡന്റ് ജോ ബൈഡനെ ഗോൾഫ് മത്സരത്തിന് വെല്ലുവിളിച്ച് മുൻ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. മത്സരത്തിൽ ജോ ബൈഡൻ തന്നെ തോൽപിച്ചാൽ ബൈഡൻ തിരഞ്ഞെടുക്കുന്ന ചാരിറ്റിക്ക് ഒരു മില്യൺ യുഎസ് ഡോളർ നൽകുമെന്നും ട്രംപ് പറഞ്ഞു. ഫ്ളോറിഡയിൽ നടന്ന റാലിയിൽ സംസാരിക്കുകയായിരുന്നു മുൻ പ്രസിഡന്റ്.

ലോകത്തെവിടെയും വച്ച് ഏറ്റവും മികച്ച ടൂർണമെന്റ് ഗോൾഫ് കോഴ്സുകളിലൊന്നായ ഡോറലിന്റെ ബ്ലൂ മോൺസ്റ്ററിലെ 18ഹോൾ ഗോൾഫ് മത്സരത്തിന് ബൈഡനെ ഞാൻ ഔദ്യോഗികമായി വെല്ലുവിളിക്കുന്നു എന്നാണ് ട്രംപ് പ്രസംഗത്തിൽ പറഞ്ഞത്. ചരിത്രത്തിൽ ഏറ്റവുമധികം ആളുകൾ കണ്ട കായിക ഇനങ്ങളിൽ ഒന്നായിരിക്കും ഇത്. ഒരുപക്ഷേ റൈഡർ കപ്പിനേക്കാളും മാസ്റ്റേഴ്സിനെക്കാളും വലുതായിരിക്കാം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'ഞാൻ ജോ ബൈഡന് 10 സ്ട്രോക്കുകൾ പോലും നൽകും. പത്ത് സ്ട്രോക്കുകൾ, അത് ധാരാളം. ബൈഡൻ വിജയിക്കുകയാണെങ്കിൽ, അദ്ദേഹം തിരഞ്ഞെടുക്കുന്ന ചാരിറ്റിക്ക് ഞാൻ 1 ദശലക്ഷം ഡോളർ നൽകും. തിരിച്ചാണെങ്കിൽ ഞാൻ തിരഞ്ഞെടുക്കുന്ന ചാരിറ്റിക്ക് ബൈഡൻ പണം നൽകണം. അദ്ദേഹം ഈ ഓഫർ സ്വീകരിക്കില്ലെന്ന് ഞാൻ നിങ്ങളോട് വാതുവെക്കും ' എന്നും ട്രംപ് പറഞ്ഞു.

അതേസമയം ബൈഡൻ വെല്ലുവിളി നിരസിച്ചു എന്ന് അദ്ദേഹത്തിന്റെ വക്താവ് ജെയിംസ് സിംഗർ പ്രസ്താവന ഇറക്കി. 'ഡൊണാൾഡ് ട്രംപിന്റെ വിചിത്രമായ കോമാളിത്തരങ്ങൾക്ക് ജോ ബൈഡന് സമയമില്ല. അദ്ദേഹം അമേരിക്കയെ നയിക്കുന്നതിലും സ്വതന്ത്ര ലോകത്തെ സംരക്ഷിക്കുന്നതിലും തിരക്കിലാണ്' എന്നാണ് പ്രസ്താവനയിൽ പറയുന്നത്.

# മോദിയുടെ റഷ്യ സന്ദർശനത്തിൽ ആശങ്ക അറിയിച്ച് അമേരിക്ക

വാഷിംഗ്ടൺ: ഇന്ത്യയും റഷ്യയും തമ്മിലുള്ള ബന്ധത്തെ കുറിച്ച് ആശങ്കയറിയിച്ച് അമേരിക്ക. രണ്ട് ദിവസത്തെ റഷ്യ സന്ദർശനത്തിനെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി അനൗപചാരിക കൂടിക്കാഴ്ച നടത്തിയതിന് തൊട്ടുപിന്നാലെയാണ് ആശങ്ക പങ്കുവച്ച് അമേരിക്ക രംഗത്തെത്തിയത്.

ഇന്ത്യൻ പ്രധാനമന്ത്രി മോദി എന്താണ് സംസാരിച്ചത് കൃത്യമായി അറിയാൻ അദ്ദേഹത്തിന്റെ പൊതു പരാമർശങ്ങൾ നോക്കേണ്ടതുണ്ടെങ്കിലും, റഷ്യയുമായുള്ള ഇന്ത്യയുടെ ബന്ധത്തെക്കുറിച്ചുള്ള തങ്ങളുടെ ആശങ്കകൾ തങ്ങൾ നേരിട്ട് ഇന്ത്യയോട് വ്യക്തമാക്കിയിട്ടുണ്ടെന്ന് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് മാത്യു മില്ലർ പത്രസമ്മേളനത്തിൽ പറഞ്ഞു.

മോസ്കോ യുഎൻ ചാർട്ടറിനെയും ഉക്രെയ്നിന്റെ പരമാധികാരത്തെയും പ്രദേശിക സമഗ്രതയെയും മാനിക്കണമെന്ന് ഇന്ത്യ അവരോട് പറയുമെന്ന് കരുതുന്നതായും അദ്ദേഹം പറഞ്ഞു. 2022 ഫെബ്രുവരിയിൽ ഉക്രെയ്നുമായുള്ള യുദ്ധം ആരംഭിച്ചത് മുതൽ റഷ്യയിൽ നിന്ന് അകന്നു നിൽക്കാൻ അമേരിക്ക ഇന്ത്യയുടെ മേൽ സമ്മർദ്ദം ചെലുത്തി വരുകയാണ്. എന്നാൽ റഷ്യയുമായുള്ള ദീർഘകാല ബന്ധവും ഇന്ത്യയുടെ സാമ്പത്തിക ലക്ഷ്യങ്ങളും ചൂണ്ടിക്കാട്ടി അമേരിക്കൻ സമ്മർദ്ദത്തെ പ്രതിരോധിക്കുകയായിരുന്നു.



# 'തന്റെ പിൻഗാമി യുഎസ് അതിർത്തിയിലേക്ക് പാസഞ്ചർ ട്രെയിൻ ലൈനുകൾ നിർമ്മിക്കും': മെക്സിക്കൻ പ്രസിഡന്റ്

മെക്സിക്കോ സിറ്റി: വൻതോതിൽ കടബാധ്യതയുണ്ടെങ്കിലും മെക്സിക്കോയുടെ പാസഞ്ചർ റെയിൽ നിർമ്മാണ പദ്ധതി നിർത്തിപോകില്ലെന്ന് ഉറപ്പ് നൽകി സ്ഥാനമൊഴിയുന്ന പ്രസിഡന്റ് ആന്ദ്രേസ് മാനുവൽ ലോപ്പസ് ഒബ്രഡോർ. പദ്ധതി തന്റെ ഭരണത്തോടെ അവസാനിക്കാൻ പോകുന്നില്ല. പകരം ഇരട്ടിയാകുമെന്ന് അദ്ദേഹം ബുധനാഴ്ച പറഞ്ഞു.

തന്റെ പിൻഗാമി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ക്ലോഡിയ ഷെയിൻബോം തലസ്ഥാനത്ത് നിന്ന് യുഎസ് അതിർത്തിയിലെ ചില നഗരങ്ങളിലേക്ക് മൂന്ന് പാസഞ്ചർ ട്രെയിൻ ലൈനുകൾ നിർമ്മിക്കാൻ പദ്ധതിയിടുന്നതായിലോപ്പസ്ഒബ്രഡോർപറഞ്ഞു. ലോപ്പസ് ഒബ്രഡോറും ഷെയിൻബോമും ഏകദേശം 1,850 മൈൽ (3,000 കിലോമീറ്റർ) പാസഞ്ചർ റെയിൽ നിർമ്മിക്കുമെന്ന് സമ്മതിക്കുന്നു.

ട്രെയിനുകൾ ഇലക്ട്രിക് ആയിരിക്കുമെന്നും 100 mph (160 സുവ) വേഗതയിൽ ഓടുമെന്നും ഷെയ്ൻബോം പറഞ്ഞു. മെക്സിക്കോയിലെ മിക്കവാറും എല്ലാ ചരക്ക് ട്രെയിനുകളും ഡീസൽ ഉപയോഗിച്ചാണ് ഓടുന്നത്. മെക്സിക്കോ സിറ്റിയിൽ നിന്ന് അതിർത്തി നഗരമായ ന്യൂവോ ലാറെഡോയിലേക്ക് ടെക്സാസിലെ ലാറെഡോയിൽ നിന്ന് അതിർത്തിക്ക് കുറുകെ ഏകദേശം 680 മൈൽ (1,100 കിലോമീറ്റർ) ദൂരത്തിൽ ഏകദേശം 22 ബില്യൺ ഡോളർ ചെലവിൽ ഒരു പാസഞ്ചർ ലൈൻ നിർമ്മിക്കാൻ താൻ പദ്ധതിയിടുകയാണെന്ന് ഷെയിൻബോം പറഞ്ഞു. എന്നിരുന്നാലും മെക്സിക്കോയിലെ ഏറ്റവും പുതിയ റെയിൽവേ പദ്ധതികളുടെ ചെലവ് പ്രാരംഭ കണക്കുകളേക്കാൾ വളരെ കൂടുതലാണ്.



മെക്സിക്കോ സിറ്റിയിൽ നിന്ന് പടിഞ്ഞാറൻ നഗരമായ ഗ്വാഡലജാറയിലേക്ക് 3 ബില്യൺ ഡോളറിന് ഒരു ട്രെയിൻ പാതയും താൻ ആസൂത്രണം ചെയ്യുന്നുണ്ടെന്ന് ഷെയിൻബോം പറഞ്ഞു. അവരുടെ ആറ് വർഷത്തെ ടേമിൽ സമയമുണ്ടെങ്കിൽ നോഗൽസ്, അരിസോണ അല്ലെങ്കിൽ മറ്റ് അതിർത്തി നഗരങ്ങളിൽ നിന്ന് നൊഗാലെസ് പോലുള്ള അതിർത്തി നഗരങ്ങളിലേക്ക് റെയിൽ ലൈൻ നീട്ടാൻ കഴിയുമെന്നും വ്യക്തമാക്കി.

ചരക്ക് നീക്കുന്നതിന് നിലവിൽ സ്വകാര്യ ഇളവുള്ള ഓപ്പറേറ്റർമാർ ഉപയോഗിക്കുന്ന അതേ അവകാശങ്ങൾ വഴി പാസഞ്ചർ ലൈനുകൾ നിർമ്മിക്കാൻ സ്വകാര്യ കരാറുകാരെ നിർദ്ദേശിക്കുന്ന ആർമി എഞ്ചിനീയർമാർ ഷെയിൻബോമിന്റെ പദ്ധതിയിൽ ഉൾപ്പെടും. പുതിയ ട്രാക്കുകൾക്ക് വഴിയൊരുക്കുന്നതിനായി നിലവിലുള്ള റെയിൽ പാതകൾ നീക്കുന്നത് അതിൽ ഉൾപ്പെട്ടേക്കാം. നിലവിലുള്ള ലൈനുകൾ നീക്കേണ്ടി വന്നാൽ നിലവിലെ ചരക്ക് ഗതാഗതത്തിന് ചില തടസങ്ങൾ ഉണ്ടാകാം.

അതേസമയം നിലവിലെ സ്വകാര്യ കൺസഷനറി റെയിൽ ഓപ്പറേറ്റർമാർ, പദ്ധതികളെക്കുറിച്ച് തങ്ങൾക്ക് പെട്ടെന്ന് അഭിപ്രായം പറയാൻ ആവില്ലെന്ന് പ്രതികരിച്ച് ചോദ്യങ്ങളിൽ നിന്നും പിൻമാറി.



# ബീഹാറുകാരന്റെ ബ്രിട്ടീഷ് പാർലമെന്റ് പ്രവേശനം

കനിഷ്ക നാരായണൻ എന്ന ഇന്ത്യൻ വംശജന്റെ ബ്രിട്ടീഷ് പാർലമെന്റിലേക്കുള്ള യാത്ര ഒരു കെട്ടുകഥ പോലെ മനോഹരമാണ്. വെയിൽസിൽ നിന്ന് ലേബർ പാർട്ടിയുടെ സ്ഥാനാർഥിയായാണ് അദ്ദേഹം പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. കനിഷ്കയുടെ വേരുകൾ ഇങ്ങ് ബീഹാറിലെ മുസാഫർപൂരിലാണ് ഉള്ളത്.

മുസാഫർപൂരിന് മാത്രമല്ല രാജ്യത്തിനാകെ അഭിമാനമായി മാറിയിരിക്കുകയാണ് കനിഷ്കെന്ന് അദ്ദേഹത്തിന്റെ വലിയച്ഛനും എസ്.കെ.ജെ ലോ കോളജിന്റെ ഡയറക്ടറും ആയ ജയന്ത്കുമാർ. കനിഷ്കയുടെ അച്ഛന്റെ മൂത്ത സഹോദരനാണ് ജയന്ത്. ജോലി പോലും ഉപേക്ഷിച്ചാണ് ജയന്ത് തിരഞ്ഞെടുപ്പ് ഗോദയിലേക്ക് ഇറങ്ങിയത്. അയാൾ എപ്പോഴും രാഷ്ട്രീയത്തിൽ തന്നെ ആയിരുന്നുവെന്ന് അദ്ദേഹം പറയുന്നു.

മുപ്പത്തിമൂന്നുകാരനായ ജയന്ത് മുസഫർപൂരിലാണ് ജനിച്ചത്. മൂന്നാം ക്ലാസുവരെ ഇവിടെ പഠിച്ചു. വളരെ ചെറുപ്പത്തിൽ തന്നെ സിവിൽ സർവീസിൽ പ്രവേശിച്ചു. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടെ ജോലി രാജി വച്ച് രാഷ്ട്രീയത്തിലിറങ്ങി. രണ്ട് മാസം മുമ്പ് കനിഷ്കയും കുടുംബവും ഇന്ത്യയിലെത്തിയിരുന്നു. ഒരു മതചടങ്ങിൽ പങ്കെടുക്കാനായാണ് എത്തിയത്. കനിഷ്കബ്രിട്ടീഷ്എംപിയായെന്നവാർത്ത എത്തിയതോടെ ഇയാളുടെ മുസാഫർപൂരിലെ ദാമുചാക്കിലുള്ള വസതിയായ സാന്തോഅപ്പാർട്ട്മെന്റിൽ ആഘോഷങ്ങളും തുടങ്ങി.

കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും അഭിനന്ദന പ്രവാഹം തുടർന്ന് കൊണ്ടേയിരിക്കുകയാണ്. കനിഷ്ക ഇന്ത്യയുടെയും ബിഹാറിന്റെയും അഭിമാനമാണ്. വൈശാലി ജില്ലയിലെ സൗന്ധോയിൽ നിന്നുള്ളവരാണ് കനിഷ്കയുടെ അപ്പൂപ്പനും അമ്മൂമ്മയുമായ കൃഷ്ണകുമാറും വീണ ദേവിയും ഇവർ വർഷങ്ങൾക്ക് മുമ്പ് മുസാഫർപൂരിൽ സ്ഥിരതാമസമാക്കി. മുസാഫർപൂർ ജില്ലാ ബോർഡിന്റെ ചെയർമാനായിരുന്നു കൃഷ്ണകുമാർ. എസ്കെജെ നിയമവിദ്യാലയത്തിന്റെ സ്ഥാപകനുമായിരുന്നു അദ്ദേഹം.

എസ്കെജെ ലോ കോളജിലെ പഠനത്തിന് ശേഷം കനിഷ്കയുടെ പിതാവ് സന്തോഷ് കുമാറും മാതാവ് ചേതന സിൻഹയും ഡൽഹിക്ക് പോയി. ഡൽഹി സാകേതിലുള്ള എപിജെ സ്കൂളിൽ കനിഷ്ക കുറച്ച് കാലം പഠിച്ചു. പന്ത്രണ്ട് വയസുള്ളപ്പോൾ കനിഷ്കയും മാതാപിതാക്കളും ബ്രിട്ടനിലേക്ക് കുടിയേറി. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പഠിച്ച പ്രശസ്ത ഇട്ടൻ ഒക്സ്ഫോർഡിൽ ഉന്നത പഠനം നടത്തി.

ബ്രിട്ടനിൽ കഴിഞ്ഞ ദിവസം നടന്ന തിരഞ്ഞെടുപ്പിൽ കെയ്ർ സ്റ്റാർമർ ബ്രിട്ടന്റെ പുതിയ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. താൻ ബ്രിട്ടനെ പുനർനിർമ്മിക്കാനായി പ്രവർത്തിക്കുമെന്ന് അദ്ദേഹം ഫലം വന്നതിന് പിന്നാലെ പ്രഖ്യാപിക്കുകയുമുണ്ടായി. റിഷി സുനക് നയിച്ച കൺസർവേറ്റീവ് പാർട്ടിയെ പരാജയപ്പെടുത്തിയാണ് സ്റ്റാർമർ അധികാരത്തിലെത്തിയത്.

650 അംഗ സഭയിൽ 412 സീറ്റുകൾ നേടിയാണ് ലേബർ പാർട്ടി അധികാരം ഉറപ്പിച്ചത്. 2019ൽ കേവലം 211 സീറ്റുകൾ മാത്രമേ ഇവർക്ക് നേടാനായിരുന്നുള്ളൂ. സുനകിന്റെ കൺസർവേറ്റീവുകൾക്ക് 121 സീറ്റുകൾ മാത്രമാണ് നേടാനായത്. 2019ലെ 250 സീറ്റിൽ നിന്നാണ് ഈ വീഴ്ച.

# ഫെഡറൽ തിരഞ്ഞെടുപ്പിൽ പൗരന്മാരല്ലാത്തവരെ വോട്ടുചെയ്യുന്നതിൽ നിന്ന് വിലക്കുന്ന ബിൽ ഹൗസ് പാസാക്കി

(ഒന്നാം പേജ് തുടർച്ച)

അഞ്ച് ഡെമോക്രാറ്റുകൾ ബില്ലിന് അനുകൂലമായി വോട്ട് ചെയ്തു എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. ഇത് ഇപ്പോൾ സെനറ്റിലേക്ക് പോകുന്നു, എന്നാൽ ഡെമോക്രാറ്റുകളുടെ എതിർപ്പുകൾക്കിടയിൽ ഇത് അവഗണിക്കപ്പെടുമെന്ന് ഉറപ്പാണ്. അതേസമയം ഈ നടപടി വീറ്റോ ചെയ്യുമെന്ന് പ്രസിഡന്റ് ബൈഡൻ തറപ്പിച്ചു വ്യക്തമാക്കിയിട്ടുണ്ട്. ബില്ലിനെ എതിർക്കുന്നവർ അതിന്റെ പ്രധാന ആശയം പൗരത്വമില്ലാത്ത വോട്ടിംഗ് നിയമവിരുദ്ധമായി സ്ഥാപിക്കുക എന്നത് അനാവശ്യമാണെന്ന് പറയുന്നു.

കൂടാതെ വിദേശ പൗരന്മാരുടെ വോട്ടുകൾ തടയുന്നതിനേക്കാൾ യുഎസ് പൗരന്മാർക്ക് അവരുടെ വോട്ടവകാശം നിഷേധിക്കപ്പെടുന്നതിന് അതിലെ വ്യവസ്ഥകൾ കാരണമാകുമെന്നും അവർ വാദിക്കുന്നു. അതേസമയം, നിയമവിരുദ്ധമായിട്ടും പൗരന്മാരല്ലാത്തവർ യുഎസ് തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്തതിനാൽ നിയമനിർമ്മാണം ആവശ്യമാണെന്ന് സ്പീക്കർ മൈക്ക് ജോൺസൺ ബുധനാഴ്ച ഹൗസ് ഫ്ലോറിൽ വാദിച്ചു. ''ഫെഡറൽ തിരഞ്ഞെടുപ്പുകളിൽ ധാരാളം നിയമവിരുദ്ധർ വോട്ട് ചെയ്യുന്നുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. പക്ഷേ അത് എളുപ്പം കണ്ടെത്താവുന്ന ഒന്നല്ല എന്നും എത്രത്തോളം വോട്ടുകൾ ഇത്തരത്തിൽ വരുന്നുണ്ട് എന്നതിന്റെകണക്കുകൾഞങ്ങൾക്ക്ഇല്ലഎന്നും മേയ് മാസത്തിൽ ജോൺസൺ മാധ്യമ പ്രവർത്തകരോട് പ്രതികരിച്ചിരുന്നു.

ഈ നിയമം അത് കൃത്യമായി ചെയ്യാൻ ഞങ്ങളെ അനുവദിക്കും അത് സംഭവിക്കുന്നത് തടയും. ആരെങ്കിലും അത് ചെയ്യാൻ ശ്രമിച്ചാൽ, അത് ഇപ്പോൾ സംസ്ഥാനങ്ങൾക്കുള്ളിൽ നിയമവിരുദ്ധമായിരിക്കും എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എന്നാൽ വോട്ടിംഗ് പാറ്റേണുകൾ പഠിച്ച മിക്ക ഗവേഷകരും ജോൺസന്റെ അവബോധം തെറ്റാണെന്ന് പറഞ്ഞു. ബ്രണ്ണൻ സെന്റർ ഫോർ ജസ്റ്റീസ് നടത്തിയ ഒരു പഠനത്തിൽ 23.5 ദശലക്ഷത്തിൽ 30 എണ്ണം സംശയാസ്പദമായ, പൗരന്മാരല്ലാത്ത വോട്ടിംഗ് കേസുകൾ കണ്ടെത്തി.

ചൊവ്വാഴ്ച ട്രൂത്ത് സോഷ്യൽ പോസ്റ്റിൽ നിയമനിർമ്മാണം അംഗീകരിക്കാൻ മുൻ പ്രസിഡന്റ് നിയമനിർമ്മാതാക്കളോട് അഭ്യർത്ഥിച്ചു.

# ബൈഡന്റെ കാര്യത്തിൽ യൂറോപ്പിന് ആശങ്ക

(ഒന്നാം പേജ് തുടർച്ച)

ൻ പ്രസിഡന്റ് ട്രംപിന്റെ നിരാകരണ മനോഭാവമാണ് ഭയത്തിന് ആക്കം കൂട്ടുന്നത്. അദ്ദേഹം സഖ്യത്തിന്റെ പ്രതിരോധ ഉടമ്പടിയെ കാലഹരണപ്പെട്ടതെന്ന് പരിഹസിക്കുകയും തങ്ങളുടെ പങ്ക് വഹിക്കാത്ത അംഗരാജ്യങ്ങളോട് റഷ്യയെ എന്ത് വേണമെങ്കിലും ചെയ്തോട്ടെ എന്ന് കരുതുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. പോളണ്ടിലെ മുൻ യുഎസ് അംബാസഡറായ ഡാൻ ഫ്രൈഡ്, ട്രംപ്ബൈഡൻ പരസ്യ സംവാദ ദിവസം വാർസോയിൽ ഉണ്ടായിരുന്നു. അടുത്ത ദിവസം മുതിർന്ന പോളിഷ് നേതാക്കളുമായി അദ്ദേഹം കൂടിക്കാഴ്ചകൾ നടത്തി.

നേതാക്കളെല്ലാം യുഎസ് തെരഞ്ഞെടുപ്പ് സംബന്ധിച്ച് ആശങ്ക പ്രകടിപ്പിച്ചെന്ന് അദ്ദേഹം പറഞ്ഞു. ''ആ ആശങ്കകൾ വ്യാപകമായി പങ്കുവെക്കപ്പെടുന്നതായി മറ്റ് ഒട്ടനവധി യൂറോപ്യൻ ഉദ്യോഗസ്ഥരിൽ നിന്ന് ഞാൻ കുറച്ചുകാലമായി കേൾക്കുന്നു,'' ഫ്രൈഡ് പറഞ്ഞു. യൂറോപ്യൻ ഉദ്യോഗസ്ഥരെ ആശ്വസിപ്പിക്കാൻ ശ്രമിച്ചതായി സംഘടനയുടെ നിയമനിർമ്മാണ വിഭാഗമായ നാറ്റോ പാർലമെന്ററി അസംബ്ലിയുടെ പ്രസിഡന്റ് പ്രതിനിധി ജെറി കൊണോലി പറഞ്ഞു.

''എന്റെ കാഴ്ചപ്പാടിൽ, നാറ്റോയ്ക്കുള്ള അമേരിക്കൻ പിന്തുണയും നാറ്റോയിലെ പങ്കാളിത്തവും ഉറച്ചതാണ്. ഞങ്ങളുടെ തിരഞ്ഞെടുപ്പ് ഫലം എന്തായാലും അത് അങ്ങനെ തന്നെ തുടരുമെന്ന് ഉറപ്പാക്കാൻ ഞങ്ങളാൽ കഴിയുന്നതെല്ലാം ഞങ്ങൾ ചെയ്യാൻ പോകുന്നു,' കൊണോലി പറഞ്ഞു. ''ആളുകൾക്ക് ഉറപ്പ് ആവശ്യമാണെന്ന് ഞാൻ കരുതുന്നു, പ്രത്യേകിച്ച് യുണൈറ്റഡ് സ്റ്റേറ്റ്സിൽ നിന്ന്,'' കനോലി പറഞ്ഞു.







## SEEKING BRIDE

**Parents are seeking** proposal for their son 48 years, US Citizen, working with a MNC in Texas, having two children in first marriage (14 year boy & 12 year daughter (Joint custody), Height 182cm, weight 168.

**Ph: 281-631-5103**
**longwood81@yahoo.com**

#071024

**Seeking proposal for** the son 28 years old Living in Dubai working a pvt. LL C company as an engineer at planning section. His education qualification is BE. Mechanic Engineeringfrom Herroitwatt college Dubai campus. Native place Changanacherry. Born and brought up in Dubai. Father passed away. 2 elder sisters married and settled. Mother is working and staying in Dubai with Orville. Seekingan alliancefrom Romancatholic girl. Now mother and son here in Chicago.

**Contact 00971502811046**
**Mail to: susanpadiyath@gmail.com**

#070324

## SEEKING BRIDEGROOM

**Roman Catholic parents** invite propsals for their daughter 26years, Height 5'7, Weight 68kg, BSc Nursing, working as a Registered Nurse (St. Georges NHS Trust, Tooting) in London, UK from the parents of professionally qualified christian matches. Interesting parents may contact with details.

**Contact: 708-304-2116**
**Mail: sibymathayi@icloud.com**

#070324

## CARETAKER WANTED

**ഒരു വൃദ്ധന്റെ കാര്യങ്ങൾ** നോക്കാൻ പാചകം അറിയുന്ന ആരോഗ്യമുള്ള ഒരു സ്ത്രീയെ സ്ഥിരമായി വേണം. താമസ സൗകര്യങ്ങൾ ഉണ്ട്.

**താല്പര്യമുണ്ടെങ്കിൽ ഈ നമ്പറിൽ**
**224-382-3669**
ബന്ധപ്പെടുകയോ മെസ്സേജ് വിടുകയോ ചെയ്യുക

#070324

## BABYSITTER WANTED

**ഫിലാഡൽഫിയയിൽ താമസിക്കുന്ന യുവ** ദമ്പതികൾക്ക് 2 വയസ്സുള്ള കുട്ടിയെ നോക്കാൻ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്. താൽപ്പര്യമുള്ളവർ വിളിക്കുക

**ഷീബ (516-209-8800),**
**സിറിയക് (718-869-4626)**

#070324







## നൊവേന

### സെന്റ് ആന്റണീസ് നൊവേന



ഓ ധന്യനായ വിശുദ്ധ അന്തോനീസേ നന്മയുടെ നിറകുടവും എളിമയുടെ ദർപ്പണവുമായ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങേ മദ്ധ്യസ്ഥതയാൽ രോഗവും മരണവും അബദ്ധവും അനർത്ഥങ്ങളും തിന്മകളും നഷ്ടങ്ങളും ഇല്ലാതാകുന്നുവെന്നു ഞങ്ങൾ അറിയുന്നു. നഷ്ടപ്പെട്ട വസ്തുക്കൾ വീണ്ടെടുക്കുന്നതിനും ദുഃഖിതർക്ക് ആശ്വാസവും പാപികൾക്ക് അനുതാപവും നൽകുന്നതിനും കഴിവുള്ള അങ്ങേയ്ക്ക് അസാദ്ധ്യമായി ഒന്നുമില്ല. ഉണ്ണീശോയുടെ വിശ്വസ്ത സ്നേഹിതനായ വിശുദ്ധ അന്തോനീസേ അങ്ങ് ഞങ്ങൾക്ക് എന്നും തുണയും മദ്ധ്യസ്ഥനും ഉപകാരിയും ആയിരിക്കേണമേ. ഞങ്ങളുടെ ആത്മീകവും ഭൗതീകവുമായ സകല ആവശ്യങ്ങളും പ്രത്യേകിച്ച് ഇപ്പോൾ ഞങ്ങൾ അപേക്ഷിക്കുന്ന നന്മകൾ പരമപിതാവായ ദൈവത്തിന്റെ പക്കൽ നിന്നും അങ്ങേ മാദ്ധ്യസ്ഥം വഴി ഞങ്ങൾക്ക് നേടിത്തരണമേ. ശാന്തനും സ്നേഹസമ്പൂർണനുമായ വിശുദ്ധ അന്തോണീസ് അങ്ങയുടെ അനുഗ്രഹങ്ങളെ ഞങ്ങൾ എന്നും കൃതജ്ഞതയോടെ പ്രകീർത്തിക്കും. ഞങ്ങളുടെ ആത്മ ആത്മശരീരങ്ങളും ഞങ്ങൾക്കുള്ള സകലതും അങ്ങേയ്ക്ക് സമർപ്പി ക്കുന്നു. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത വിശുദ്ധ അന്തോനീസേ എല്ലാവിധ വിപത്തുകളിൽ നിന്നും ഞങ്ങളെ കാത്തു രക്ഷിക്കണമേ. ജീവിത ക്ലേശങ്ങളെ പ്രശാന്തതയോടെ നേരിടുവാനും പാപത്തിൽ അകപ്പെടാതെ നല്ല ജീവിതം നയിക്കാനും അങ്ങു ഞങ്ങളെ സഹായിക്കണമേ. പ്രലോഭനങ്ങൾ ഞങ്ങളെ ദുർബലരാക്കുന്ന നിമിഷങ്ങളിൽ ഞങ്ങൾക്ക് അങ്ങ് ശക്തമായ തുണയായിരികണം. ഉദാരതയും സ്നേഹവുമുള്ള ഹൃദയം ഞങ്ങൾക്കു നൽകണമേ. ഞങ്ങൾക്ക് ലഭിക്കുന്ന എല്ലാ നന്മകളും ദുഃഖിതരും പാവങ്ങളുമായ ഞങ്ങളുടെ സഹോദരങ്ങളുമായി പങ്കുവയ്ക്കുവാനുള്ള സന്നദ്ധതയും ഞങ്ങൾക്ക് നൽകണമെന്ന് അങ്ങയോട് ഞാൻ അപേക്ഷിക്കുന്നു.

ആമേൻ

**ജോഷ്വാൻ മനു**

#071024

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കു വേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**ലീലാമ്മ തോമസ്**

#071024


Newspaper for Malayalees Worldwide ◆Estd.2020
വാചകം
VACHAKAM

**ബന്ധപ്പെടുക:**
**773-888-2242,**
**773-842-9149**
**E-mail: vachakamonline@gmail, news@vachakam.com**

# For E-Paper reading visit Vachakam.com


## പടിഞ്ഞാറൻ ന്യൂയോർക്കിൽ കൊടുങ്കാറ്റ്; വൈദ്യുതി തടസങ്ങളും നിരവധി നാശനഷ്ടങ്ങളും



ബഫലോ: ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം സിൽവർ ക്രീക്കിന് സമീപം ശക്തമായ ചുഴലിക്കാറ്റ് ആഞ്ഞടിച്ചതായി ദേശീയ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. ബെറിൽ ചുഴലിക്കാറ്റിന്റെ ഭാഗമാണ് പ്രദേശത്തെ ബാധിച്ചത്. കാറ്റ് ഈഡനും ഈസ്റ്റ് അറോറയ്ക്കും സമീപം വടക്കു കിഴക്കൻ പാതയിലൂടെ നീങ്ങിയതായി അറിയിപ്പിൽ പറയുന്നു.

തെക്കൻ എറി കൗണ്ടിയിലെ നിരവധി പട്ടണങ്ങളിൽ നാശനഷ്ടങ്ങൾ സംഭവിച്ചതായും റിപ്പോർട്ടുകൾ പറയുന്നു. ഈഡനിൽ താൽകാലികമായി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ആർക്രെറ്റിൽ ഒരു വീടിന്റെ മേൽക്കൂര ശക്തമായ കാറ്റിൽ മുറ്റത്തേക്ക് വലിച്ചെറിയുന്നത് ഒരു വീഡിയോയിൽ കാണാമായിരുന്നു. കൊടുങ്കാറ്റിന്റെ മൂർദ്ധന്യത്തിൽ ഉച്ചയ്ക്ക് 1 മണിക്ക് ശേഷം എറി കൗണ്ടിയിൽ 25,000ലധികം വൈദ്യുതി തടസങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. എന്നാൽ ബുധനാഴ്ച വൈകുന്നേരത്തോടെ ആ എണ്ണം ആയിരമായി കുറഞ്ഞു.

വെസ്റ്റേൺ ന്യൂയോർക്കിന്റെ ഭൂരിഭാഗവും ടൊർണാഡോ മുന്നറിയിപ്പിൽ നിന്ന് വൈകുന്നേരം 5 മണിക്ക് മുമ്പ് നീക്കം ചെയ്യപ്പെട്ടു. എന്നിരുന്നാലും അത് രാത്രി 9 മണി വരെ അലെഗാനി കൗണ്ടിയിൽ തുടർന്നു. പെൻസിൽവാനിയയിലെ വാറൻ, മക്കീൻ, പോട്ടർ കൗണ്ടികളും ബുധനാഴ്ച രാത്രി നിരീക്ഷണത്തിലായിരുന്നു. ശക്തമായ ഇടിമിന്നലും ഒറ്റപ്പെട്ട ചുഴലിക്കാറ്റും ബുധനാഴ്ച പ്രദേശത്ത് പ്രവചിക്കപ്പെട്ടിരുന്നു. ശക്തമായ കാറ്റും കനത്ത മഴയും പ്രാദേശിക വെള്ളപ്പൊക്കത്തിന് കാരണമാകും. പടിഞ്ഞാറൻ ന്യൂയോർക്കിന്റെ ഭൂരിഭാഗവും അതിശക്തമായ മഴ പ്രതീക്ഷിക്കുന്നു.

## താൻ മത്സരത്തിൽ തുടരണോ എന്ന് തീരുമാനിക്കാൻ ബൈഡന് സമയം കുറവാണ്: നാൻസി പെലോസി

സ്ഥാനാർത്ഥി എന്ന നിലയിൽ ഡെമോക്രാറ്റുകൾ തമ്മിലുള്ള ചർച്ചകൾക്കിടയിൽ പ്രസിഡന്റ് ജോ ബൈഡൻ വീണ്ടും തിരഞ്ഞെടുക്കപ്പെടുമ്പോൾ പിന്തുണയുണ്ടോ എന്ന ചോദ്യത്തിന് നേരിട്ട് ഉത്തരം നൽകാതെ മുൻ സ്പീക്കർ നാൻസി പെലോസി. ബുധനാഴ്ച രാവിലെ എംഎസ്എൻബിസിയിൽ സംസാരിക്കുകയായിരുന്നു നാൻസി പെലോസി. 'അദ്ദേഹം മത്സരിണോ എന്ന് തീരുമാനിക്കേണ്ടത് പ്രസിഡന്റാണ്,' 'സമയം കുറവായതിനാൽ ആ തീരുമാനം എടുക്കാൻ ഞങ്ങൾ എല്ലാവരും ബൈഡനെ പ്രോത്സാഹിപ്പിക്കുന്നു' എന്നും അവർ കൂട്ടിച്ചേർത്തു. 'കോക്കസിന്റെ വലിയ പിന്തുണ ഉണ്ടെന്ന് ഞാൻ കരുതുന്നു എന്നും ഇനി ഞാൻ കോക്കസിന്റെ തലവനല്ലെന്ന് പറയേണ്ട കാര്യമില്ല എന്നും അദ്ദേഹം എല്ലാവർക്കും പ്രിയപ്പെട്ടവനാണ് എന്നും എല്ലാവർക്കും ബഹുമാനമുള്ളവനാണ് എന്നും ആ തീരുമാനം എടുക്കാൻ ആളുകൾ ആഗ്രഹിക്കുന്നു' എന്നും പെലോസി കൂട്ടിച്ചേർത്തു. അതേസമയം തിങ്കളാഴ്ച കോൺഗ്രസ് ഡെമോക്രാറ്റുകൾക്ക് നൽകിയ പ്രസ്താവനയിൽ, അവസാനം വരെ മത്സരത്തിൽ തുടരാൻ താൻ ഉറച്ച പ്രതിജ്ഞാബദ്ധനാണെന്ന് ബൈഡൻ വ്യക്തമാക്കി.

## ആവശ്യമെങ്കിൽ സ്ഥാനാർത്ഥിത്വത്തിൽ നിന്നും ബൈഡൻ പിൻമാറണം: ബ്ലാക്ക് കോക്കസ് അംഗം

ന്യൂയോർക്ക്: ബൈഡന്റെ സ്ഥാനാർത്ഥിത്വത്തിൽ ആശങ്ക പങ്കുവച്ച് കോൺഗ്രസിലെ ബ്ലാക്ക് കോക്കസ് അംഗം. സിഎൻഎന്നിന് നൽകിയ അഭിമുഖത്തിൽ, തിരഞ്ഞെടുപ്പിൽ വീണ്ടും വിജയിക്കാൻ ദുർബലരായ ഡെമോക്രാറ്റുകൾ അവർ ചെയ്യേണ്ടതെന്തും ചെയ്യണമെന്നായിരുന്നു വീസിയുടെ പ്രതികരണം. അതിനർത്ഥം ബൈഡൻ സ്വയം പിൻമാറുക എന്നത് തന്നെയാണ്.

എല്ലാവർക്കും ഉള്ള ആശങ്കകളാണ് തന്റെയും ആശങ്ക. തന്റെ സഹപ്രവർത്തകരോട് താൻ പറഞ്ഞതും പ്രത്യേകിച്ച് മുൻനിരയിലെ അംഗങ്ങളിൽ നിന്ന് പ്രകടിപ്പിച്ചതും, തിരിച്ചുവരാനും വീണ്ടും തിരഞ്ഞെടുക്കപ്പെടാനും അവർ ചെയ്യേണ്ടതെന്തും ചെയ്യണമെന്ന് താൻ കരുതുന്നു. അതിനാൽ ആവശ്യമെങ്കിൽ, മാറിനിൽക്കുക. അതാണ് അവർ ചെയ്യേണ്ടത്. വീസി അഭിമുഖത്തിൽ പറഞ്ഞു.

കഴിഞ്ഞ മാസം മുൻ പ്രസിഡന്റ് ട്രംപിനെതിരായ മോശം സംവാദ പ്രകടനത്തെത്തുടർന്ന് സെവൻ ഹൗസ് ഡെമോക്രാറ്റുകൾ ബൈഡന്റെ തിരഞ്ഞെടുപ്പ് പ്രചാരണം താൽക്കാലികമായി നിർത്തിവയ്ക്കാൻ പരസ്യമായി ആഹ്വാനം ചെയ്തിരുന്നു. ഒരു നിർണായക ജനസംഖ്യാശാസ്ത്രത്തിൽ പ്രസിഡന്റിന് പിന്തുണ നൽകുന്ന കോൺഗ്രഷണൽ ബ്ലാക്ക് കോക്കസിലെ ആദ്യത്തെ അംഗമാണ് വീസി. കോക്കസിലെ ഭൂരിഭാഗവും ഇതുവരെ പ്രസിഡന്റിന്റെ കടുത്ത അനുയായികളായി തന്നെ തുടരുന്നു. ആ സ്ഥാനത്താണ് നിലപാട് വ്യക്തമാക്കി വീസി രംഗത്തെത്തിയത്.

# തപാൽ മുതൽ ഉക്രെയിൻ വരെ; കെയർ സ്റ്റാർമറിനെ കാത്തിരിക്കുന്നത് നിരവധി വെല്ലുവിളികൾ




ബ്രിട്ടൻ പൊതു തിരഞ്ഞെടുപ്പിൽ 14 വർഷത്തെ കൺസർവേറ്റിവ് പാർട്ടി ഭരണത്തെ പുറത്താക്കി ലേബർ പാർട്ടി അധികാരത്തിൽ എത്തിയിരിക്കുകയാണ്. ഭരണ കാലാവധി പൂർത്തിയാകും മുമ്പ് നടത്തിയ തിരഞ്ഞെടുപ്പിൽ ഇന്ത്യൻ വംശജനും പ്രധാനമന്ത്രിയുമായ റിഷി സുനകിന് കനത്ത തിരിച്ചടിയാണ് നേരിടേണ്ടി വന്നത്.

650 സീറ്റുകളിൽ 370 സീറ്റുകളിൽ ലേബർ പാർട്ടി വിജയിച്ചു. 181 സീറ്റുകളാണ് ലേബർ പാർട്ടി അധികമായി നേടിയത്. റിഷി സുനകിന്റെ കൺസർവേറ്റിവ് പാർട്ടി 90 സീറ്റുകളിൽ ഒതുങ്ങി. ലിബറൽ ഡെമോക്രാറ്റുകൾ 51 സീറ്റുകളിലും സ്കോട്ടിഷ് നാഷണൽ പാർട്ടി 6 സീറ്റുകളിലും സിൻ ഫെയിൻ 6 സീറ്റുകളിലും മറ്റുള്ളവർ 21 സീറ്റുകളിലും വിജയിച്ചു. അന്തിമ ഫലം ഇതുവരെ പ്രഖ്യാപിച്ചിട്ടില്ലെങ്കിലും ജനങ്ങൾ മാറ്റത്തിനായി വോട്ട് ചെയ്തെന്ന് ലേബർ പാർട്ടി നേതാവ് കെയർ സ്റ്റാർമർ പ്രതികരിച്ചു. ഇന്നത്തെ രാത്രി ജനങ്ങൾ സംസാരിച്ചു. അവർ മാറ്റത്തിന് സജ്ജരാണ്. മാറ്റം ഇവിടെ തുടങ്ങുകയാണെന്നും സ്റ്റാർമർ വ്യക്തമാക്കി.

തിരഞ്ഞെടുപ്പ് തോൽവിയുടെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതായും മാപ്പ് ചോദിക്കുന്നതായും പ്രധാനമന്ത്രി റിഷി സുനകും വ്യക്തമാക്കി.

ഇംഗ്ലണ്ട്, സ്കോട്ട്ലൻഡ്, വെയിൽസ്, വടക്കൻ അയർലൻഡ് തുടങ്ങി 650 മണ്ഡലങ്ങൾ ഉൾപ്പെടുന്ന സഭയിൽ ഭൂരിപക്ഷം ലഭിക്കാൻ 326 സീറ്റുകൾ വേണം. ലിബറൽ ഡെമോക്രാറ്റുകൾ, ഗ്രീൻ പാർട്ടി, സ്കോട്ടിഷ് നാഷനൽ പാർട്ടി (എസ്.എൻ.പി), എസ്.ഡി.എൽ.പി, ഡെമോക്രാറ്റിക് യൂണിയനിസ്റ്റ് പാർട്ടി (ഡി.യു.പി), സിൻ ഫെയിൻ, പ്ലെയ്ഡ് സിമ്രു, കുടിയേറ്റ വിരുദ്ധരായ റിഫോം പാർട്ടി ഉൾപ്പെടെയുള്ള രാഷ്ട്രീയ പാർട്ടികളാണ് ജനവിധി തേടിയത്.

സർക്കാറിന് 2025 ജനുവരി വരെ കാലാവധിയുണ്ടായിരുന്നെങ്കിലും സുനക് അപ്രതീക്ഷിതമായി ഇടക്കാല തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയായിരുന്നു. 2022 ഒക്ടോബറിലെ രാഷ്ട്രീയ അനിശ്ചിതാവസ്ഥയെ തുടർന്ന് ബ്രിട്ടന്റെ ആദ്യ ഇന്ത്യൻ വംശജനായ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ട സുനക് ആദ്യമായാണ് ജനവിധി തേടിയത്.

ഭൂരിപക്ഷം ലഭിച്ച സാഹചര്യത്തിൽ കെയർ സ്റ്റാർമർ പ്രധാനമന്ത്രിയാകാനാണ് സാധ്യത. 2010 ൽ ഗോർഡൻ ബ്രൗണിന് ശേഷം ആദ്യമായി പ്രധാനമന്ത്രിയാകുന്ന ലേബർ പാർട്ടി നേതാവാകും സ്റ്റാർമർ. 2019ലെ ലേബർ പാർട്ടിയുടെ തോൽവിക്കു ശേഷം ജെറമി കോർബിനിൽ നിന്നാണ് സ്റ്റാർമർ ചുമതലയേറ്റത്.

കൺസർവേറ്റീവ് പാർട്ടിയുടെ 14 വർഷത്തെ ഭരണത്തിന് അന്ത്യം കുറിച്ചുകൊണ്ടാണ് അവർ ഭരണമുറപ്പിച്ചത്. ആഭ്യന്തരവും അന്താരാഷ്ട്രവുമായ വലിയ വെല്ലുവിളികളാണ് ബ്രിട്ടന്റെ പ്രധാനമന്ത്രിക്കസേരയിലേറുമ്പോൾ സ്റ്റാർമെറിനെ കാത്തിരിക്കുന്നത്. ഇപ്പോഴും തുടരുന്ന ഉക്രെയിൻ യുദ്ധവും ഗാസയിലെ ഇസ്രയേൽ ആക്രമണവും മുതൽ യു.കെയിലെ ജൂനിയർ ഡോക്ടർമാരുടെ പ്രതിഷേധം വരെ അതിലുണ്ട്.

യൂറോപ്യൻ യൂണിയനിലോ വ്യാപാര യൂണിയനിലോ വീണ്ടും ചേരുന്നതിനെ അനുകൂലിക്കാത്തയാളാണ് സ്റ്റാർമർ. എന്നാൽ ചെറു കമ്പനികളെ സഹായിക്കാനായി യൂറോപ്യൻ യൂണിയനുമായുള്ള വ്യാപാര തടസങ്ങൾ നീക്കുന്നത് ഇപ്പോഴും സാധ്യമാണെന്നാണ് ലേബർ പാർട്ടിയുടെ നിലപാട്. അതിർത്തികളിൽ ഉത്പന്നങ്ങൾ പരിശോധിക്കുന്നത് കുറയ്ക്കുന്നതിനായുള്ള പുതിയ കരാറാണ് പാർട്ടിയുടെ ലക്ഷ്യം.

### ഉക്രെയിൻ വിഷയം

റഷ്യയുമായി യുദ്ധം ചെയ്യുന്ന ഉക്രെയിന് 380 കോടി ഡോളറിന്റെ സൈനിക സഹായമാണ് ഈ വർഷം ബ്രിട്ടൻ നൽകുക. വരും വർഷങ്ങളിലും ഉക്രെയിന് സഹായം നൽകുന്നത് തുടർന്നേക്കും. ഉക്രെയിനിനുള്ള സൈനിക, സാമ്പത്തിക, നയതന്ത്ര, രാഷ്ട്രീയ പിന്തുണ സ്ഥിരതയുള്ളതായി തുടരുമെന്നാണ് ലേബർ പാർട്ടിയുടെ പ്രകടനപത്രികയിൽ ഉള്ളത്.

പാലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കണമെന്ന നിലപാടുള്ളയാളാണ് നിയുക്ത പ്രധാനമന്ത്രി കെയർ സ്റ്റാർമർ. സമാധാന പ്രക്രിയയിൽ ശരിയായ സമയത്ത് പാലസ്തീനെ അംഗീകരിക്കേണ്ടതായി വരും എന്ന് അദ്ദേഹം നേരത്തേ തന്നെ പറഞ്ഞിട്ടുണ്ട്. സുരക്ഷിതമായ ഇസ്രായേൽ, പരമാധികാരമുള്ള പാലസ്തീൻ എന്നതാണ് ഇസ്രായേൽപാലസ്തീൻ വിഷയത്തിൽ ലേബർ പാർട്ടിയുടെ പ്രകടനപത്രികയിൽ തന്നെ പറയുന്നത്.

### ചൈനയുമായുള്ള ബന്ധം

ചൈനയുമായിദീർഘകാലംനീണ്ടുനിൽക്കുന്നതും തന്ത്രപരമായതുമായ സമീപനം കൊണ്ടുവരുമെന്നുമാണ് ലേബർ പാർട്ടി പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്നത്. നേരത്തേ ഈ വർഷം ആദ്യം ബ്രിട്ടൻ ചൈനീസ് അംബാസഡറെ വിളിച്ചുവരുത്തിയിരുന്നു. സൈബർ ആക്രമണം, ചാരപ്രവൃത്തി എന്നിവ അംഗീകരിക്കാൻ കഴിയില്ലെന്ന് ബ്രിട്ടൻ ചൈനീസ് അംബാസഡറോട് വ്യക്തമാക്കിയിരുന്നു.

### ടാറ്റ സ്റ്റീലുമായുള്ള ധാരണ

ബ്രിട്ടനിലെ ഏറ്റവും വലിയ സ്റ്റീൽ ഉത്പാദകരാണ് ടാറ്റ സ്റ്റീൽ. കാർബൺ ബഹിർഗമനം കുറഞ്ഞ ഇലക്ട്രിക് ആർക്ക് ഫർണസ് നിർമ്മിക്കുന്നതിനായി മുൻസർക്കാരും ടാറ്റ സ്റ്റീലുമായുള്ള ധാരണയുടെ ഭാഗമായി 63.5 കോടി ഡോളറിന്റെ സഹായം നൽകാമെന്ന കരാറിൽ പുതിയ സർക്കാർ ഒപ്പുവെക്കേണ്ടതായുണ്ട്.

കാർബൺ ബഹിർഗമനം കൂടുതലുള്ള ഒരു ബ്ലാസ്റ്റ് ഫർണസ് അടച്ചുപൂട്ടാനുള്ള നടപടികൾ ടാറ്റ സ്റ്റീൽ ആരംഭിച്ചുകഴിഞ്ഞു. മറ്റൊരു ഫർണസ് സെപ്തംബറിൽ അടച്ചുപൂട്ടും. ഇതിന്റെ ഭാഗമായി 2800 പേർക്കാണ് തൊഴിൽ നഷ്ടമാകുക എന്നാണ് കണക്ക്. പുതിയ സർക്കാർ ടാറ്റയുമായി മെച്ചപ്പെട്ട കരാറുണ്ടാക്കുമെന്നും അതുവഴി തൊഴിൽനഷ്ടം കുറയ്ക്കാൻ കഴിയുമെന്നുമാണ് സംഘടനകളുടെ പ്രതീക്ഷ.

### ജല മലിനീകരണം

സ്വകാര്യ വെള്ളക്കമ്പനികളുണ്ടാക്കുന്ന ജലമലിനീകരണവും ബ്രിട്ടനിലെ വലിയൊരു പ്രശ്നമാണ്. കുടിവെള്ളത്തിന്റെ നിരക്ക് വർധിപ്പിക്കുന്ന കാര്യത്തിൽ ജൂലൈ 11നാണ് അന്തിമ തീരുമാനം പുറത്തുവരിക. പുതിയ സർക്കാരിന് വലിയ തലവേദനയായിരിക്കും ഇത്.

### ഡോക്ടർമാരുടെ സമരം

ഇംഗ്ലണ്ടിലെ ജൂനിയർ ഡോക്ടർമാർ കഴിഞ്ഞ 18 മാസമായി സമരത്തിലാണ്. 35 ശതമാനം വേതനവർധനവാണ് ഡോക്ടർമാരുടെ ആവശ്യം. 10 ശതമാനം വർധനവാണ് ഇവർക്ക് സർക്കാർ നൽകിയ വാഗ്ദാനം. ബ്രിട്ടനിലെ ആരോഗ്യമേഖലയെ വലിയതോതിൽ സമരം ബാധിച്ചിട്ടുണ്ട്. അടിയന്തരമല്ലാത്ത ചികിത്സയ്ക്കായി കാത്തിരിക്കുന്നവരുടെ എണ്ണം മുൻ വർഷങ്ങളെ അപേക്ഷിച്ച് കഴിഞ്ഞവർഷം ഇരട്ടിയായി (80 ലക്ഷം) എന്നാണ് കണക്ക്.

### തപാൽ സംവിധാനം

500 വർഷം പഴക്കമുള്ള ബ്രിട്ടനിലെ തപാൽ സംവിധാനമായ റോയൽ മെയിലിനെ 357 കോടി കോടി ബ്രിട്ടീഷ് പൗണ്ടിന് ചെക്ക് ശതകോടീശ്വരനായ ഡാനിയേൽ ക്രെറ്റിൻസ്കിയ്ക്ക് വിൽക്കാൻ കഴിഞ്ഞ മെയിലാണ് ധാരണയായത്. എന്നാൽ നാഷണൽ സെക്യൂരിറ്റി ആൻഡ് ഇൻവെസ്റ്റ്മെന്റ് ആക്ട് പ്രകാരം സർക്കാരിന് ഇതിൽ സൂക്ഷ്മ പരിശോധന നടത്താനും വിൽപ്പന തടയാനും കഴിയും. ഈ വിഷയത്തിലും തങ്ങൾ ഇടപെടുമെന്ന് ലേബർ പാർട്ടി തിരഞ്ഞെടുപ്പിന് മുമ്പ് പറഞ്ഞിരുന്നു.






# നാല് വർഷം കൊണ്ട് ഒരു സാമ്രാജ്യം കൈയിലെടുത്തു; ആരാണ് കെയർ സ്റ്റാർമർ?

ബ്രിട്ടനിൽ കൺസർവേറ്റീവ് പാർട്ടിയെ അധികാരത്തിൽ നിന്ന് താഴെയിറക്കിയിരിക്കുകയാണ് ലേബർ പാർട്ടി. മൃഗീയ ഭൂരിപക്ഷമാണ് പാർട്ടി ഉറപ്പിച്ചിരിക്കുന്നത്. കൺസർവേറ്റീവുകൾ ആകട്ടെ ചരിത്രത്തിലെ ഏറ്റവും വലിയ തോൽവികളിലൊന്നാണ് നേരിട്ടിരിക്കുന്നത്. എന്നാൽ ലേബർ പാർട്ടിയുടെ ജയത്തിന് കെയർ സ്റ്റാർമർ എന്ന ഒരേയൊരു നേതാവാണ് കാരണഭൂതൻ.



ബ്രിട്ടനിലെ ഓരോ പ്രശ്നങ്ങളും തിരഞ്ഞെടുപ്പിൽ ഉന്നയിച്ച അദ്ദേഹം ജനങ്ങളുടെ നേതാവാണെന്ന് കൂടി തെളിയിച്ചിരിക്കുന്നു. ബ്രിട്ടൻ മാറ്റത്തിന് തയ്യാറായി നിൽക്കുകയാണ് എന്നായിരുന്നു പാർട്ടിയുടെ വിജയത്തിന് ശേഷമുള്ള സ്റ്റാർമറുടെ പ്രതികരണം. നിങ്ങൾ ഞങ്ങൾക്ക് വേണ്ടി വോട്ട് ചെയ്തു. ഇനി പറഞ്ഞ കാര്യങ്ങൾ നടപ്പാക്കേണ്ടത് ഞങ്ങളാണെന്നും സ്റ്റാർമർ പറഞ്ഞു.

1962 സെപ്രംബർ രണ്ടിനായിരുന്നു കെയർ സ്റ്റാർമറുടെ ജനനം. ഒരു ഇടിഞ്ഞുപ്പൊളിഞ്ഞ വീട്ടിലായിരുന്നു അദ്ദേഹം വളർന്നത്. വീട്ടിലാണെങ്കിൽ കടുത്ത ദാരിദ്ര്യവും. അമ്മയുടെ അസുഖവും ഇതിനൊപ്പം വന്നതോടെ സ്റ്റാർമറുടെ കുടുംബം മുഴുപ്പട്ടിണിയിൽ ആകുകയായിരുന്നു. പിതാവുമായി വൈകാരിക അടുപ്പവും അദ്ദേഹത്തിനില്ലായിരുന്നു. തന്റെ മാതാപിതാക്കളുടെ കഷ്ടപ്പാടുകൾ അദ്ദേഹം പലപ്പോഴും പൊതുമധ്യത്തിൽ ഉന്നയിക്കാറുണ്ട്. ലേബർ പാർട്ടിയുടെ സ്ഥാപകരിൽ ഒരാളായ കെയർ ഹാർഡിയോടുള്ള ബഹുമാനാർത്ഥമാണ് ഈ പേര് മകന് മാതാപിതാക്കൾ നൽകിയത്.

### അഭിഭാഷകൻ എന്ന നിലയിൽ

സ്റ്റാർമർ കരിയർ ആരംഭിക്കുന്നത് മനുഷ്യാവകാശങ്ങൾക്കായി പോരാടുന്ന അഭിഭാഷകനായിട്ടാണ്. തുടർന്ന് പബ്ലിക് പ്രോസിക്യൂട്ടറായും അദ്ദേഹം പ്രവർത്തിച്ചിരുന്നു. അതിന് ശേഷമാണ് രാഷ്ട്രീയത്തിൽ ഇറങ്ങിയത്. പല വിഖ്യാത കേസുകളും അദ്ദേഹം കൈകാര്യം ചെയ്തിട്ടുണ്ട്. എംപിമാരുടെ ചെലവ് സംബന്ധമായ കേസ്, ഫോൺ ഹാക്കിംഗ് അഴിമതികൾ എന്നിവയെല്ലാം ഇതിൽപ്പെടുന്നു.

അതേസമയം കുടുംബവും രാഷ്ട്രീയവും സമന്വയിപ്പിച്ചാണ് അദ്ദേഹം കൊണ്ടുപോകുന്നത്. വാരാന്ത്യങ്ങളിൽ കുടുംബത്തിനൊപ്പം ചെലവിടുക അദ്ദേഹത്തിന് ഏറ്റവും പ്രധാന കാര്യമാണ്. ഭാര്യയും രണ്ട് മക്കളും അടങ്ങുന്നതാണ് സ്റ്റാർമറുടെ കുടുംബം. സുഹൃത്തുക്കളോട് കൂറുപുലർത്തുക എന്നതാണ് സ്റ്റാർമറുടെ രീതി.

സ്റ്റാർമർ കടുത്തൊരു ഫുട്ബോൾ ആരാധകനാണ്. ഇംഗ്ലീഷ് പ്രീമിയർ ലീഗ് ടീമായ ആഴ്സനലിന്റെ വലിയ ആരാധകനാണ് അദ്ദേഹം. അതേസമയം സ്റ്റാർമറുടെ പ്രതിച്ഛായ നേരത്തെ അത്ര നല്ലതല്ലായിരുന്നു. ആളുകൾ അദ്ദേഹത്തെ ഇഷ്ടപ്പെട്ടിരുന്നെങ്കിൽ വ്യക്തിത്വത്തിൽ ആകർഷണം ഇല്ലായിരുന്നു. അടുത്തിടെയാണ് കൂടുതൽ കർക്കശ സ്വഭാവമില്ലാതെ അദ്ദേഹം ആളുകളോട് പെരുമാറാൻ തുടങ്ങിയത്.

അഭിഭാഷകനിൽ നിന്ന് രാഷ്ട്രീയത്തിലേക്ക് എത്തിയതിന് പിന്നാലെ സ്റ്റാർമർ അദ്ദേഹത്തിന്റേതായ ശൈലി രൂപപ്പെടുത്തിയെടുക്കുകയായിരുന്നു. ഇടയ്ക്കിടെ നിലപാട് മാറ്റുന്നയാൾ എന്ന പേരും അദ്ദേഹത്തിനുണ്ടായിരുന്നു എന്നാൽ വലിയ ജനവിഭാഗം അദ്ദേഹത്തെ എപ്പോഴും പിന്തുണച്ചിരുന്നു. അതേസമയം പാർട്ടിയിൽ ജെറമി കോർബിനെതിരായ വിമത നീക്കത്തിലും അദ്ദേഹം മുന്നിലുണ്ടായിരുന്നു.

ഇത് പരാജയപ്പെട്ടെങ്കിലും സ്റ്റാർമർ പിന്നെയും മുന്നോട്ട് പോയി. 2020ൽ ലേബർ പാർട്ടിയുടെ നേതാവായി സ്റ്റാർമർ തിരഞ്ഞെടുക്കപ്പെട്ടു. പാർട്ടിയുടെ നയത്തിലും മാറ്റം വന്നു. 2015ൽ പാർലമെന്റിലേക്കും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. നോർത്ത് ലണ്ടനിൽ നിന്നായിരുന്നു അദ്ദേഹം വിജയിച്ചത്. നാല് വർഷത്തിനുള്ളിൽ ഇതാ ബ്രിട്ടീഷ് പ്രധാനമന്ത്രിയും ആകുന്നു.

# ആർട്ടിക്ക് പ്രതിരോധം ശക്തിപ്പെടുത്താൻ 12 അന്തർവാഹിനികൾ വാങ്ങാൻ കാനഡ



ഒട്ടാവ: ആർട്ടിക്കിന്റെ പ്രതിരോധം ശക്തിപ്പെടുത്തന്നതിന്റെ ഭാഗമായി 12 അന്തർവാഹിനികൾ വാങ്ങാൻ കാനഡ. നിർമ്മാതാക്കളുമായി കൂടിക്കാഴ്ച നടത്താൻ നടപടിക്രമങ്ങൾ ആരംഭിച്ചതായും പ്രതിരോധ മന്ത്രാലയം ബുധനാഴ്ച അറിയിച്ചു.

ആർട്ടിക് മേഖലയെ സംരക്ഷിക്കുന്നതിലും റഷ്യയിൽ നിന്നും ചൈനയിൽ നിന്നുമുള്ള വെല്ലുവിളികൾ കൈകാര്യം ചെയ്യുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ച് കാനഡ ഈ വർഷം പ്രതിരോധ നയം പരിഷ്കരിച്ചിരുന്നു.

'ലോകത്തിലെ ഏറ്റവും നീളം കൂടിയ തീരപ്രദേശമുള്ള രാജ്യമെന്ന നിലയിൽ കാനഡയ്ക്ക് ഒരു പുതിയ അന്തർവാഹിനി കപ്പൽ ആവശ്യമാണ്. 2050ഓടെ യൂറോപ്പിനും കിഴക്കൻ ഏഷ്യയ്ക്കും ഇടയിലുള്ള ഏറ്റവും തന്ത്ര പ്രധാനമായ കപ്പൽപാതയായി ആർട്ടിക് സമുദ്രം മാറുമെന്നും പ്രതിരോധ മന്ത്രി ബിൽ ബ്ലെയർ പ്രസ്താവനയിൽ പറഞ്ഞു.

കാനഡയിൽ നിലവിൽ നാല് അന്തർവാഹിനികൾ ഉണ്ട്, അത് കൂടുതൽ കാലഹരണപ്പെട്ടതും പരിപാലിക്കാൻ ചെലവേറിയതുമാണെന്ന് മന്ത്രാലയം പറഞ്ഞു.

# 'ഫോർഎവർ' സ്റ്റാമ്പിന്റെ വില വീണ്ടും ഉയർത്തി




ന്യൂയോർക്ക്: അടുത്ത ആഴ്ച മുതൽ 'ഫോർ എവർ' സ്റ്റാമ്പിന്റെ വില നിക്കൽ 73 സെന്റായി വർദ്ധിപ്പിച്ചു. യുണൈറ്റഡ് സ്റ്റേറ്റ്സ് പോസ്റ്റൽ സർവീസ് ഈ വർഷം ഇത് രണ്ടാം തവണയാണ് തപാൽ ചാർജ് ഉയർത്തുന്നത്. 2007ൽ യുഎസ്പിഎസ് അവതരിപ്പിച്ചപ്പോൾ 41 സെന്റ് വിലയുണ്ടായിരുന്ന ഫോർഎവർ സ്റ്റാമ്പിന്റെ വില ക്രമാനുഗതമായി ഉയർന്നു.

പുതിയ തപാൽ നിരക്ക് ജൂലൈ 14 മുതൽ പ്രാബല്യത്തിൽ വരും. മറ്റ് തപാൽ നിരക്കുകളും കുതിച്ചുയരും. ആഭ്യന്തരമായി ഒരു പോസ്റ്റ്കാർഡ് മെയിൽ ചെയ്യുന്നതിന് 56 സെന്റ് ചിലവാകും. അതായത് 3സെന്റ് വർദ്ധനവ്. അന്തർദേശീയമായി മെയിലിംഗ് പോസ്റ്റ്കാർഡുകൾക്കും കത്തുകൾക്കും വില 1.65 ഡോളറായി ഉയർന്നു. മൊത്തത്തിൽ തപാൽ ചെലവ് 7.8% ആയാണ് വർധിക്കുന്നതെന്ന് യുഎസ്പിഎസ് ഏപ്രിലിൽ ഒരു പ്രസ്താവനയിൽ പറഞ്ഞു. ഓർഗനൈസേഷന്റെ ഡെലിവറിംഗ് ഫോർ അമേരിക്ക എന്ന 10വർഷ പദ്ധതി ആവശ്യപ്പെടുന്ന സാമ്പത്തിക സ്ഥിരത കൈവരിക്കുന്നതിന് ഈ വില ക്രമീകരണങ്ങൾ ആവശ്യമാണെന്ന് ഏജൻസി പറയുന്നു.


SERVING OUR COMMUNITY FOR OVER 31 YEARS

INSURANCE AND FINANCIAL SERVICES

Insurance Issued by The Prudential Insurance Company of America, Newark, NJ and its affiliates.

PAM-210
1/2020

Paul Vadukumcherry
Financial Professional
CA Insurance License 0N09917
The Prudential Insurance Company of America
523 N. Zenith Drive
Glenview, IL 60025
Phone: 847-815-9491
Paul.vadukumcherry@prudential.com

Prudential

# ഐ. എസ്. ആർ. ഒ ഗൂഢാലോചന കേസിലെ സി. ബി. ഐ കുറ്റപത്രത്തിലെ വിവരങ്ങൾ ഞെട്ടിക്കുന്നത്



തിരുവനന്തപുരം: പോലീസ് ഐ.എസ്.ആർ.ഒ ചാരക്കേസ് കെട്ടിച്ചമച്ചത് മാലി സ്വദേശി മറിയം റഷീദ അന്നത്തെ സ്പെഷ്യൽബ്രാഞ്ച് ഇൻസ്പെക്ടർ എസ്. വിജയന് (സ്മാർട്ട് വിജയൻ) വഴങ്ങാത്തതിലെ നീരസം കൊണ്ടാണെന്ന് സി.ബി.ഐയുടെ കണ്ടെത്തൽ. തിരുവനന്തപുരം ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിലാണ് ഇക്കാര്യംപറയുന്നത്.

1994 ഒക്ടോബർ പത്തിന് വിസ കാലാവധി നീട്ടാൻ മറിയം റഷീദയും ഫൗസിയഹസനും സിറ്റി പോലീസ് കമ്മിഷണർ ഓഫീസിലെത്തിയപ്പോൾ, തന്റെ ഓഫീസിലെത്താൻ വിജയൻ ആവശ്യപ്പെട്ടു. മറിയം റഷീദയുടെ വിമാന ടിക്കറ്റും പാസ്പോർട്ടും വാങ്ങിവച്ചശേഷം ഒക്ടോബർ 13ന് വിജയൻ അവർ താമസിച്ചിരുന്ന ഹോട്ടലിലെത്തി. കടന്നുപിടിച്ചെങ്കിലും വഴങ്ങിയില്ല.

മറിയം ആരെയൊക്കെ ഫോണിൽ വിളിക്കുന്നെന്ന് വിജയൻ ഹോട്ടൽ ജീവനക്കാരോട് അന്വേഷിച്ചു. ഐ.എസ്.ആർ.ഒയിലെ ശാസ്ത്രജ്ഞനെ വിളിക്കുന്നെന്ന് മനസിലാക്കി. സിറ്റി പൊലീസ് കമ്മിഷണറായിരുന്ന ആർ. രാജീവനെയും ഐ.ബി. അസി.ഡയറക്ടറായിരുന്ന ആർ. ബി. ശ്രീകുമാറിനെയും അറിയിച്ചു. മറിയത്തിന്റെ പാസ്പോർട്ടും ടിക്കറ്റും ഒക്ടോബർ 17ന് വിസ കാലാവധി കഴിയുന്നത് വരെ വിജയൻ പിടിച്ചുവച്ചു. കാലാവധി കഴിഞ്ഞും തങ്ങിയതിന് കേസെടുത്തു. ഒക്ടോബർ 20ന് മറിയത്തെ വിളിച്ചുവരുത്തി അറസ്റ്റ് ചെയ്തു. പിറ്റേന്നുമുതൽ ചാരക്കേസ് കഥകൾ മാദ്ധ്യമങ്ങളിൽ പ്രചരിച്ചു.

പക്ഷേ, അറസ്റ്റ് ചെയ്ത് 23 ദിവസം കഴിഞ്ഞാണ് ചാരക്കേസ് രജിസ്റ്റർ ചെയ്തത്.

ശാസ്ത്രജ്ഞനായ ശശികുമാറും മറിയംറഷീദയും നിരന്തരം ബന്ധപ്പെട്ടിരുന്നെന്നും പി.എസ്.എൽ.വി ക്രയോജനിക് സാങ്കേതികവിദ്യ അടങ്ങിയ രേഖകൾ പുറത്തുപോയെന്നും ആരോപിച്ച് രാജീവനും ശ്രീകുമാറും വിജയനും ചേർന്ന് മറിയം റഷീദയെയും ശശികുമാറിനെയും പ്രതിയാക്കി കേസെടുക്കാൻ തീരുമാനിച്ചു. നവംബർ 14ന് സിബിമാത്യൂസിനെ തലവനാക്കി പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചു. സിബിമാത്യൂസിന്റെ നിർദ്ദേശ പ്രകാരമാണ് ഡി.ശശികുമാർ, കെ.ചന്ദ്രശേഖർ, നമ്പിനാരായണൻ, എസ്.കെ.ശർമ്മ എന്നിവരെ അറസ്റ്റ് ചെയ്തത്.

### സി. ബി. ഐ കേസിൽ 5 പ്രതികൾ

അഞ്ചു പ്രതികൾക്കെതിരെയാണ് സി.ബി.ഐ കുറ്റപത്രം. സ്പെഷ്യൽ ബ്രാഞ്ച് മുൻ സർക്കിൾ ഇൻസ്പെക്ടറായ എസ്. വിജയൻ, മുൻ ഡി.ജി.പി സിബി മാത്യൂസ്, ഗുജറാത്ത് മുൻ ഡി.ജി.പിയും ഐ.ബി ഡെപ്യൂട്ടി ഡയറക്ടറുമായിരുന്ന ആർ.ബി. ശ്രീകുമാർ, പൊലീസുദ്യോഗസ്ഥനായ കെ. കെ.ജോഷ്വാ, ഐ. ബി. മുൻ ഇൻസ്പെക്ടർ പി. എസ്. ജയപ്രകാശ് എന്നിവരാണ് പ്രതികൾ.

**❛ ചാരക്കേസിൽ സത്യം ഒരു നാൾ പുറത്തു വരുമെന്ന് ഉറപ്പായിരുന്നു. ഞാൻ ജീവിച്ചിരിക്കുമ്പോൾ തന്നെ വന്നതിൽ സന്തോഷമുണ്ട്. ഇനി തെറ്റുകാർ ശിക്ഷിക്കപ്പെട്ടില്ലെങ്കിലും കുഴപ്പമില്ല. സിബി മാത്യൂസ് ഉൾപ്പെടെ മാപ്പ് പറയണമെന്ന് പോലുമില്ല. ❜**

നമ്പി നാരായണൻ

## ചാരക്കേസ് വാർത്തകൾ ഗൂഢാലോചനയ്ക്ക് തുമ്പായി

ചാരക്കേസിലെ ഗൂഢാലോചന തെളിയിക്കാൻ സി.ബി.ഐയ്ക്ക്ഏറ്റവുംസഹായകമായത്കേസ് രജിസ്റ്റർ ചെയ്യുന്നതിന് 23 ദിവസം മുൻപേ ചാരക്കേസ് പത്രങ്ങളിൽ തലക്കെട്ട് വാർത്തയായതാണ്. ഇൻസ്പെക്ടർ വിജയനാണ് വിവരം തന്നതെന്ന് പ്രമുഖ മാദ്ധ്യമപ്രവർത്തകർ മൊഴിനൽകിയതോടെ അന്വേഷണം വിജയനിലേക്ക് തിരിഞ്ഞു.

കുറ്റപത്രത്തിൽവിജയന്റെവഴിവിട്ടപ്രവൃത്തികളെക്കുറിച്ചുള്ളസാക്ഷിമൊഴികൾസി.ബി.ഐഉൾപ്പെടുത്തിയിട്ടുണ്ട്. സാധാരണ ഗതിയിൽ കമ്മിഷണർ എഴുതി നൽകുന്ന കേസുകളാണ് സ്പെഷ്യൽ ബ്രാഞ്ച് അന്വേഷിക്കുന്നതെന്ന് വിജയന്റെ സഹപ്രവർത്തകനായിരുന്ന സർക്കിൾ ഇൻസ്പെകടർ സി. സുരേഷ് ബാബു മൊഴിനൽകി. ചാരക്കേസ് അന്വേഷിക്കാൻ അത്തരം ഒരു നിർദ്ദേശം ഇല്ലായിരുന്നു.

1994 നവംബർ 30ന് അറസ്റ്റ് ചെയ്ത നമ്പിനാരായണനെ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഗസ്റ്റ് ഹൗസിൽ വച്ച്പോലീസ്കസ്റ്റഡിയിലിരിക്കെഐ.ബി.ഉദ്യോഗസ്ഥർ ചോദ്യം ചെയ്തു. മർദ്ദനത്തിൽ കുഴഞ്ഞു വീണ് അവശനായ നമ്പിനാരായണനെ ചികിത്സിക്കാൻ ഡോക്ടറെ കൊണ്ടുവന്നത് താനാണെന്ന് റിട്ട. എസ്.പി ബേബി ചാൾസ് മൊഴി നൽകി. ഡിവൈ.എസ്.പി ജോഷ്വാ ആണ് ഡോക്ടറെ വിളിക്കാൻ നിർദ്ദേശിച്ചത്. തിരുമല ശ്രീകൃഷ്ണ ഹോസ്പിറ്റലിലെ ഡോ. വി. സുകുമാരനാണ് പരിശോധിച്ചത്. ഗുരുതരമായ അവസ്ഥയിലാണെന്നും ഇനി മർദ്ദിച്ചാൽ മരിച്ചു പോകുമെന്നും ഡോക്ടർ മുന്നറിയിപ്പ് നൽകി.

കാൽമുട്ടിന് താഴെ നീരും രക്തം കട്ടപിടിച്ച പാടുകളുമുണ്ടായിരുന്നു. രണ്ട് ദിവസമായി പോലീസ് ഉറങ്ങാനോ ഇരിക്കാനോ അനുവദിച്ചില്ലെന്ന് നമ്പിനാരായണൻ പരാതി പറഞ്ഞതായി ഡോക്ടർ മൊഴിനൽകി.

വിജയനും എസ്.ഐ ആയിരുന്ന തമ്പി.എസ്. ദുർഗ്ഗാദത്തും ക്രൂരമായി മർദ്ദിച്ചെന്ന് ജയിലിൽ സന്ദർശിച്ച മുതിർന്ന മാദ്ധ്യമപ്രവർത്തകനോട് മറിയംറഷീദ പറഞ്ഞിരുന്നു. ഇതും മൊഴിയായി.

പൂർണ്ണ നഗ്നയാക്കി കൈകൾ പിന്നിലാക്കി ജനലിനോട് ചേർത്ത് കെട്ടി തടിക്കസേര കൊണ്ട് കാലിന്റെ മുട്ടിൽ അടിച്ചു. കസേര ഒടിഞ്ഞു പോയി. കാലുകൾ മറിയം കാട്ടിത്തന്നെന്നും ഹൃദയഭേദകമായിരുന്നു അതെന്ന് മാദ്ധ്യമപ്രവർത്തകന്റെ മൊഴിയിലുണ്ട്.

### സുപ്രീം കോടതി ഇടപെടൽ

1. 1994ലാണ് പൊലീസ് ചാരക്കേസുമായി ബന്ധപ്പെട്ട് രണ്ട് എഫ്.ഐ.ആറുകൾ രജിസ്റ്റർ ചെയ്തത്. നമ്പിനാരായണനെ അടക്കം പ്രതികളാക്കി. 2018ൽ നമ്പി നാരായണൻ ഇതുചോദ്യം ചെയ്ത് സുപ്രീംകോടതിയിൽ നൽകിയ കേസിൽ 2021 ഏപ്രിൽ15ന് അനുകൂലമായ വിധിയുണ്ടായി. സുപ്രീംകോടതി നിർദ്ദേശപ്രകാരം നിയമിതമായ ജസ്റ്റിസ് ജെയിൻ കമ്മിഷനാണ് ചാരക്കേസിന് പിന്നിലെ ഗൂഢാലോചന അന്വേഷിക്കാൻ ശുപാർശ ചെയ്തത്. സി. ബി.ഐ ഡൽഹി യൂണിറ്റാണ് അന്വേഷിച്ചത്.

2. വ്യാജതെളിവും രേഖകളും ഉണ്ടാക്കാൻ അന്യായമായ ദേഹോപദ്രവം ഏൽപ്പിക്കൽ, സർക്കാർ ഉദ്യോഗസ്ഥർ ചേർന്ന് വ്യാജ തെളിവ് ഉണ്ടാക്കൽ, കേസിനായി വ്യാജ രേഖകൾ ഉണ്ടാക്കൽ, കഠിനമായ ദേഹോപദ്രം ഏൽപ്പിക്കൽ, അന്യായമായി തടഞ്ഞ് വയ്ക്കൽ, സ്ത്രീത്വത്തെ അപമാനിക്കാൻ ഗൂഢാലോചന എന്നീ കുറ്റങ്ങളാണ് സിബി മാത്യൂസ് അടക്കമുള്ള അഞ്ച് പ്രതികൾക്കെതിരെ ചുമത്തിയിട്ടുള്ളത്.

ആദ്യ എഫ്.ഐ.ആറിൽ 18 പ്രതികളുണ്ടായിരുന്നു.






# വിഴിഞ്ഞം സ്വപ്നം യാഥാർത്ഥ്യം, ഇനി കപ്പൽ കാലം



## സാമൂഹ്യക്ഷേമപെൻഷൻ വർദ്ധിപ്പിക്കും, കുടിശിക രണ്ടുവർഷങ്ങളായി നൽകും: മുഖ്യമന്ത്രി

തിരുവനന്തപുരം: കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം മാറ്റി വച്ച ജനക്ഷേമ പദ്ധതികളുടെ കുടിശ്ശിക വിതരണം പൂർത്തിയാക്കാൻ സമയബന്ധിത നടപടി പ്രഖ്യാപിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. സാമൂഹ്യ സുരക്ഷാ, ക്ഷേമപെൻഷൻ തുക കൂട്ടും. നിലവിലെ അഞ്ചു മാസത്തെ കുടിശ്ശികയിൽ ഈ വർഷം രണ്ടും, അടുത്ത വർഷം മൂന്നും നൽകും.

ഇന്നലെ നിയമസഭയിൽ ചട്ടം 300 പ്രകാരം നടത്തിയ പ്രസ്താവനയിലാണ് മുഖ്യമന്ത്രി ഇതറിയിച്ചത്. കേന്ദ്ര സർക്കാരിന്റെ സംസ്ഥാന വിരുദ്ധ നടപടികളാണ് ഇത്തരമൊരു സാഹചര്യമുണ്ടാക്കിയതെന്നുംമുഖ്യമന്ത്രിവ്യക്തമാക്കി.സാമൂഹ്യ ക്ഷേമ പെൻഷൻ 4250 കോടിയാണ് കുടിശ്ശിക. ഇതിൽ 1700കോടി ഈ വർഷവും ബാക്കി അടുത്ത വർഷവും നൽകും.

### വർഷം രണ്ട് ഗഡു ഡി.എ കുടിശ്ശിക

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വർഷത്തിൽ രണ്ട് ഗഡു ഡി.എ/ഡി.ആർ കുടിശ്ശിക വീതം നൽകും.

പെൻഷൻ പരിഷ്കരണ കുടിശ്ശികയായ 600 കോടി ഈ വർഷം നൽകും. ഖാദി തൊഴിലാളികൾക്ക് 80കോടിയുടെ കുടിശ്ശിക ഈ വർഷം നൽകും.

കേരള അങ്കണവാടി വർക്കേഴ്സ് അൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി പെൻഷൻ കുടിശ്ശികയായ 11.22 കോടി അനുവദിക്കും. കരാറുകാർക്ക് നൽകാനുള്ള 2500 കോടി നൽകും.

സപ്ലൈകോയ്ക്കുള്ള സഹായം, നെല്ല് സംഭരണം, നെല്ലുത്പാദനം എന്നിവയ്ക്ക് നൽകേണ്ട തുക, ദേശീയ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം വഹിക്കേണ്ട ചെലവുകൾ എന്നിവയിലെ കുടിശ്ശിക ഈവർഷം നൽകും.



വിഴിഞ്ഞം തുറമുഖം ഇനി സ്വപ്നമല്ല, യാഥാർത്ഥ്യം. മൂന്നു പതിറ്റാണ്ടോളം നീണ്ട കാത്തിരിപ്പിന് ശുഭമുന്നേറ്റം. 2000 കണ്ടെയ്നറുകളുമായി സാൻഫെർണാണ്ടോ എന്ന 'അമ്മക്കപ്പൽ' വിഴിഞ്ഞം തീരം തൊടുമ്പോൾ കേരളത്തിന്റെ വികസന സ്വപ്നങ്ങൾക്ക് ചിറകുവിടരും. സമുദ്രമാർഗ്ഗമുള്ള ചരക്കുനീക്കത്തിന്റെ അന്താരാഷ്ട്ര കവാടമായി വിഴിഞ്ഞം മാറുകയാണ്. 110ലേറെ രാജ്യങ്ങളിൽ കാർഗോ സർവീസ് നടത്തുന്ന മെസ്കിനു പിന്നാലെ ലോകത്തെ ഏറ്റവും വലിയ കപ്പൽകമ്പനിയായ എം.എസ്.സിയുടെ അമ്മക്കപ്പലും വിഴിഞ്ഞത്തെത്തും.

ഇന്നലെ (ജൂലായ് 10) രാത്രി വിഴിഞ്ഞം പുറംകടലിലെത്തിയ സാൻ ഫെർണാണ്ടോ കപ്പൽ പുലർച്ചെ ആറോടെ നാലു നോട്ടിക്കൽമൈൽ അടുത്തേക്ക് അടുപ്പിച്ചു. രാവിലെ ഏഴരയോടെ പൈലറ്റ് തുഷാർ കനിത്കർ ഓഷ്യൻ പ്രസ്റ്റീജ് എന്ന ടഗ്ഗിലെത്തി കപ്പലിൽ കയറി റഷ്യൻ സ്വദേശിയായ ക്യാപ്ടൻ വോൾഡിമർ ബോണ്ട് ആരെങ്കോയിൽ നിന്ന് കപ്പലിന്റെ നിയന്ത്രണമേറ്റെടുക്കും. തുറമുഖത്തെ മൂന്നു ടഗ്ഗുകൾ അനുഗമിക്കും. പൈലറ്റ് തുഷാറും സഹപൈലറ്റ് ക്യാപ്ടൻ സിബി ജോർജും ചേർന്ന് രാവിലെ 9ന് കപ്പലിനെ ബെർത്തിലടുപ്പിക്കും. പത്തോടെ കൂറ്റൻ വടമുപയോഗിച്ച് കപ്പലിനെ ബർത്തിൽ ബന്ധിപ്പിക്കുന്ന മൂറിംഗ് നടത്തും. തുറമുഖത്തെ 800മീറ്റർ ബർത്തിന്റെ മദ്ധ്യഭാഗത്തെ 300മീറ്ററിലാവും അമ്മക്കപ്പൽ നങ്കൂരമിടുക. ശേഷം ഓട്ടോമേറ്റഡ് ക്രെയിനുകളുപയോഗിച്ച് 1500കണ്ടെയ്നറുകൾ ഇറക്കും. മദ്രാസ് ഐ.ഐ.ടി വികസിപ്പിച്ച സോഫ്റ്റ്‌വെയറിൽ പ്രവർത്തിക്കുന്ന നാവിഗേഷൻ സെന്ററിനാണ് നിയന്ത്രണം. ആദ്യഘട്ടം കമ്മിഷൻ ചെയ്യും മുൻപ് സർവസംവിധാനങ്ങളും പരിശോധിച്ചുറപ്പിക്കും. മന്ത്രിമാരായ വി.എൻ.വാസവനും സജിചെറിയാനും സാക്ഷ്യംവഹിക്കാനെത്തും.

### കടലിലും കരയിലും സുരക്ഷ

പൊലീസ് കമ്മിഷണർ ജി.സ്പർജ്ജൻകുമാറിന്റെ നേതൃത്വത്തിൽ സുരക്ഷയ്ക്ക് 1500പൊലീസ്. കോസ്റ്റൽ പൊലീസ് എ.ഐ.ജി പൂങ്കുഴലിയുടെ നേതൃത്വത്തിൽ 12 ബോട്ടുകളിലായി 64 പൊലീസുകാർ കടലിൽ റോന്തുചുറ്റും. മത്സ്യബന്ധന വള്ളങ്ങൾക്ക് നിയന്ത്രണമുണ്ട്. തുറമുഖ കമ്പനിയുടെ 150സെക്യൂരിറ്റി ജീവനക്കാരും 8 റാപ്പിഡ് ആക്ഷൻ ഫോഴ്സ് ജീവനക്കാരും സുരക്ഷയ്ക്കുണ്ടാവും










# ബഡ്ജറ്റ് നികുതി നിർദ്ദേശങ്ങളിൽ മാറ്റം വരുത്തി



തിരുവനന്തപുരം: നിയമസഭയിൽ സമ്പൂർണ്ണ ബഡ്ജറ്റ് പാസാക്കുന്നതിനോടനുബന്ധിച്ച് അംഗീകരിച്ച കേരള ധനകാര്യബില്ലിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിൽ നിന്ന് നികുതി നിരക്കിൽ മാറ്റം വരുത്തിയതായി ധനമന്ത്രി കെ.എൻ.ബാലഗോപാൽ നിയമസഭയിൽ അറിയിച്ചു.

ഇതുപ്രകാരം സൗരോർജ്ജ ഉൽപ്പാദകർക്ക് ഇലക്ട്രിസിറ്റി ഡ്യൂട്ടി പൂർണ്ണമായും ഒഴിവാക്കി. സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾ ഒടുക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടി നിരക്ക് യൂണിറ്റിന് 1.2 പൈസയിൽ നിന്ന് 15 പൈസയായി ബജറ്റിൽ വർദ്ധിപ്പിച്ചിരുന്നു. കേരള സോളാർ എനർജി പോളിസി പ്രകാരം സൗരോർജ്ജത്തെ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

കുടുംബകോടതിയിൽ വരുന്ന സ്വത്ത് സംബന്ധമായ വ്യവഹാരങ്ങളിൽ ബജറ്റിൽ പ്രഖ്യാപിച്ച കോർട്ട് ഫീ സ്റ്റാമ്പ് നിരക്കിൽ ഇളവ് വരുത്തി. താമസത്തിനുള്ള വീട് ഒഴിവാക്കിയുള്ള വസ്തുവകകളായിരിക്കും വ്യവഹാരത്തിനായി പരിഗണിക്കുക. ചെക്ക് കേസുകളിൽ അമ്പതിനായിരം രൂപ വരെയുള്ള വ്യവഹാരങ്ങൾക്ക് 250 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒടുക്കണം.

അമ്പതിനായിരം മുതൽ 2 ലക്ഷം രൂപ വരെ 500 രൂപയും, 2 ലക്ഷം മുതൽ 5 ലക്ഷംരൂപ വരെ 750 രൂപയും, 5 ലക്ഷം മുതൽ 10 ലക്ഷം രൂപ വരെ 1000 രൂപയും, 10 ലക്ഷം മുതൽ 20 ലക്ഷം രൂപ വരെ 2000 രൂപയും, 20 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെ 5000 രൂപയും, 50 ലക്ഷത്തിന് മുകളിൽ പതിനായിരം രൂപയും കോർട്ട് ഫീസ് ഒടുക്കണം.

ഇത്തരം കേസുകളുടെ അപ്പീലിൽ, വെറുതെ വിടുന്ന ബില്ലുകളിൽ 2 ലക്ഷം രൂപ വരെ 500 രൂപയും 2 ലക്ഷത്തിന് മുകളിൽ 1000 രൂപയും ഫീസ് ഒടുക്കിയാൽ മതി. പുനഃപരിശോധനാ ഹർജികൾക്കും ഇതേ നിരക്ക് ബാധകമായിരിക്കും.

ചെക്കു കേസുകളിൽ 50000 രൂപയ്ക്കു വരെ 250രൂപയാണ്. രണ്ടുലക്ഷംവരെ 500രൂപയും അഞ്ചു ലക്ഷം വരെ 750രൂപയും നൽകണം. പത്തുലക്ഷം വരെ 1000 രൂപയും 20 ലക്ഷം വരെ 2000 രൂപയും 50 ലക്ഷം വരെ 5000 രൂപയും അതിന് മുകളിൽ 10000 രൂപയുമാണ് പുതിയ നിരക്ക്.

പാട്ടക്കരാറുകൾക്ക് ഒരു വർഷത്തിൽ താഴെ കാലാവധിയ്ക്ക് 500 രൂപയും, ഒരു വർഷത്തിന് മുകളിൽ 5 വർഷം വരെ കാലാവധിയ്ക്ക് വസ്തുവിന്റെ മൂല്യത്തിന്റെ 10 ശതമാനം (കുറഞ്ഞത് 500 രൂപ), 5 വർഷം മുതൽ 10 വർഷം വരെ കരാറുകൾക്ക് 20 ശതമാനം (കുറഞ്ഞത് 1000 രൂപ) 10 വർഷം മുതൽ 20 വർഷം വരെ കരാറുകൾക്ക് 35 ശതമാനം (മിനിമം 2000 രൂപ) 20 വർഷത്തിന് മുകളിൽ 30 വർഷം വരെ 60 ശതമാനം, 30 വർഷത്തിന് മുകളിൽ 90 ശതമാനം എന്നിങ്ങനെ സ്റ്റാമ്പ് ഡ്യൂട്ടി നിശ്ചയിച്ചു.

ജി.എസ്.ടി. നടപ്പാക്കുന്നതിന് മുമ്പുള്ള നികുതി കുടിശികകളിൽ കുടിശികക്കാർ മരിച്ചതും സ്ഥാപനങ്ങൾ പൂട്ടിപ്പോയതുമായ നിരവധികാര്യങ്ങളുണ്ട്. 50000 രൂപവരെ കുടിശികയുള്ള 22667 പേരുടെ കുടിശിക എഴുതിതള്ളും. അൻപതിനായിരം മുതൽ ഒരുലക്ഷംവരെയുള്ള കുടിശികയുള്ള 21436 പേർക്ക് കുടിശികയുടെ 30% അടച്ചാൽ ബാക്കി എഴുതിതള്ളും. പത്തുലക്ഷം രൂപവരെ കുടിശികയുള്ളവരിൽ കേസിന് പോകാത്തവർ 50%, പോയവർ 40% അടച്ചാലും അതിന് മുകളിൽ കുടിശികയുള്ളവരിൽ കേസിന് പോയവർ 70%ഉം, മറ്റുള്ളവർ 80%വും അടച്ചാൽ ബാധ്യത ഒഴിവാക്കും.

മോട്ടോർ വാഹന നികുതികളിൽ ഇളവ് പ്രഖ്യാപിച്ചു. ഇതുപ്രകാരം വലിയ ടൂറിസ്റ്റ് ബസ്സുകൾക്ക് ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ത്രൈമാസ റോഡ് നികുതി നിരക്കുകളിൽ വീണ്ടും ഇളവുകൾ പ്രഖ്യാപിച്ചു. സാധാരണ സീറ്റ് ഒന്നിന് 2250 രൂപ നികുതി 1500 ആയി കുറച്ചു. പുഷ് ബാക്ക് സീറ്റ് ഒന്നിന് 2000 രൂപയാക്കി കുറച്ചു. (നിലവിൽ 3000 രൂപയായിരുന്നു.) സ്ലീപ്പർ ബെർത്ത് – ബെർത്ത് ഒന്നിന് 4000 രൂപയിൽ നിന്ന് 3000 രൂപയായി കുറച്ചു.

# പരമ്പരാഗത ഇടതുവോട്ട് ബി.ജെ.പി കൊണ്ടുപോയി: എം.വി.ഗോവിന്ദൻ



കോഴിക്കോട്: ലോക്സഭാ തിരഞ്ഞെടുപ്പിൽ പരമ്പരാഗത ഇടതുവോട്ടുകൾ പ്രധാനമായും ബി.ജെ.പി.യിലേക്കാണ് പോയതെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ. എന്തുകൊണ്ടാണെന്ന് പരിശോധിക്കപ്പെടണമെന്നും മാവൂരിൽ കെ.എസ്.കെ.ടി.യു കോഴിക്കോട് ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് അദ്ദേഹം പറഞ്ഞു. ഒരുഭാഗത്ത് ന്യൂനപക്ഷ വർഗീയതയെ യു.ഡി.എഫ് ചേർത്തുനിർത്തിയപ്പോൾ ജാതി, സ്വത്വ രാഷ്ട്രീയത്തെ വർഗീയമായി ഒന്നിപ്പിച്ച് ഫലപ്രദമായി ബി.ജെ.പി ഉപയോഗിച്ചു. ക്ഷേത്രങ്ങളും ആരാധനാലയങ്ങളും അവരുടെ കേന്ദ്രങ്ങളാക്കി മാറ്റാനാണ് ശ്രമിക്കുന്നത്. ക്ഷേത്രങ്ങളും ആരാധനാലയങ്ങളും വിശ്വാസികൾ കൈകാര്യം ചെയ്യണം. വിശ്വാസികളെ ഒരുകാലത്തും പാർട്ടി മാറ്റി നിർത്തിയിട്ടില്ല.

കോൺഗ്രസിന് 2.8 ശതമാനം വോട്ടു കുറഞ്ഞിട്ടും മലബാറിലെ മണ്ഡലങ്ങളിൽ ഒരു ലക്ഷത്തിലേറെ ഭൂരിപക്ഷത്തിന് ജയിച്ചതിനു പിന്നിൽ ജമാഅത്തെ ഇസ്ലാമി, എസ്.ഡി.പി.ഐ ഉൾപ്പെടെയുള്ള വർഗീയപ്രസ്ഥാനങ്ങളാണ്. 52 സീറ്റിൽ മാത്രം മത്സരിക്കുന്ന സി.പി.എമ്മും അല്ലറച്ചില്ലറ സീറ്റിൽ മത്സരിക്കുന്ന സി.പി.ഐയും ജയിച്ചുപോയാൽ ഉത്കണ്ഠപ്പെടുന്ന രാഷ്ട്രീയത്തിന് മാറ്റം വരുമോ എന്ന് ചിന്തിച്ച ന്യൂനപക്ഷ വിഭാഗം ഇന്ത്യാമുന്നണിക്ക് നേതൃത്വം നൽകുന്ന കോൺഗ്രസ് ജയിക്കുന്നതാണ് നല്ലതെന്ന നിലപാട് സ്വീകരിച്ചു. ക്രിസ്ത്യൻ വോട്ടിൽ ഒരുപങ്ക് പല കാരണങ്ങളാൽ ബി.ജെ.പിയ്ക്ക് അനുകൂലമായി. എസ്.എൻ.ഡി.പി ഉൾപ്പെടെയുള്ള വിഭാഗം നല്ലതുപോലെ ഹിന്ദു വർഗീയവത്കരണത്തിന്റെ ഭാഗമായി. ഇടതുപക്ഷത്തിന് തിരിച്ചുവരാൻ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളിൽ അസംതൃപ്തിയുണ്ടാക്കിയ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണണം. അത് സർക്കാരിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. പെൻഷൻ കൊടുക്കാനുള്ള മുഴുവൻ വിഭാഗങ്ങൾക്കും കുടിശ്ശികയുൾപ്പെടെ കൊടുക്കണം. സഖാക്കൾ തിരുത്തേണ്ടിടത്ത് തിരുത്തൽ വരുത്തണം. സർക്കാർ മുൻഗണനാക്രമം തീരുമാനിച്ച് പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് നൽകാനുള്ള എല്ലാ ആനുകൂല്യങ്ങളും നൽകുമെന്ന് ഉറപ്പുവരുത്തണം. 20 ശതമാനത്തോളം വരുന്ന ദുർബല ജനവിഭാഗങ്ങൾക്കുള്ള ആശ്വാസ നടപടികൾ കേന്ദ്രത്തിന്റെ സാമ്പത്തിക ഉപരോധം കാരണം പൂർത്തിയാക്കാത്തതിൽ ചിലർക്ക് അസംതൃപ്തിയുണ്ട്. മുതലാളിത്ത സമൂഹത്തിന്റെ ജീർണത നല്ലതുപോലെ നമ്മളിലേക്ക് അരിച്ചുകയറാൻ സാദ്ധ്യതയുണ്ട്. അതിനെ അപ്പപ്പോൾ ഫലപ്രദമായി ശുദ്ധീകരിക്കണമെന്നും എം.വി. ഗോവിന്ദൻ പറഞ്ഞു.






# പി.എസ്.സി അംഗത്വ മൂല്യം ഇടിച്ച് 'തലവരി' വിവാദം



ബാബു കദളിക്കാട്

'ഒഫെൻസ് ഈസ് ദ ബെസ്റ്റ് ഡിഫെൻസ്' എന്ന് ആദ്യം ഉദ്ബോധിപ്പിച്ചത് ഏതെങ്കിലും യുദ്ധ തന്ത്രജ്ഞനായിരിക്കാം. പക്ഷേ, കണ്ണും പൂട്ടിയുള്ള ആക്രമണത്തിലൂടെ സ്വന്തം പ്രതിരോധക്കോട്ടകൾക്ക് കരുത്തേകുന്ന ഉശിരൻ ശൈലി സൈന്യാധിപന്മാരെ മറി കടന്നുള്ള വീറോടെ സ്വായത്തമാക്കി രാഷ്ട്രീയ നേതാക്കൾ.

കേരളാ പി.എസ്.സി മെമ്പറാക്കാമെന്ന് വ്യാമോഹിപ്പിച്ച് സി.പി.എമ്മിന്റെ കോഴിക്കോട്ടെ പ്രാദേശിക നേതാവ് 60 ലക്ഷം രൂപയുടെ അഴിമതിക്ക് പദ്ധതിയിട്ടെന്ന ആരോപണം പ്രതിരോധിക്കാൻ, 'പണ്ട് പലരും അങ്ങനെ ചെയ്തതാ'യുള്ള പ്രത്യാരോപണം പക്ഷേ, പാളുകയാണ്.

മുഖ്യമന്ത്രിയും, മരുമകൻ മന്ത്രിയും, മുഖ്യ ആരോപിതനും, ഇതര പാർട്ടി നേതാക്കളും നടത്തുന്ന ഇത്തരം പ്രതിരോധ നീക്കങ്ങളിലൂടെ ജനഹൃദയങ്ങളിലെ സംശയങ്ങൾ ഏറുന്നുവെന്നതാണ് യാഥാർത്ഥ്യം.





അതേസമയം, പി.എസ്.സി അംഗത്വം 60 ലക്ഷം രൂപയെന്ന ചെറിയ 'തലവരി'പ്പണത്തിന് സമ്മതിക്കാൻ മാത്രം എളിമയിലണോ ഭരണ പാർട്ടി നേതാക്കളുടെ നിലയെന്ന ചോദ്യം ജനങ്ങളിൽ നിന്നുയർന്നുതുടങ്ങി. എയ്ഡഡ് സ്കൂൾ അധ്യാപക നിയമനത്തിന് 50-60 ലക്ഷമാണ് സാധാരണ നിരക്കെന്ന കാര്യം പാർട്ടി നേതാക്കൾ അറിയാതെ പോയെന്ന് വിശ്വസിക്കാനാകുന്നില്ല ആർക്കും.

അഴിമതിരഹിത കേരളമാണ് സി.പി.എം നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിലെ മുഖ്യ വാഗ്ദാനങ്ങളിലൊന്ന്. 2016ൽ അധികാരമേറ്റ ശേഷം മുഖ്യമന്ത്രി ഇടയ്ക്കിടെ ഈ വാഗ്ദാനം ആവർത്തിക്കുകയും ചെയ്യുന്നുണ്ട്. സമാന്തരമായി അഴിമതിക്കേസുകൾ ദിനംപ്രതി പുറത്തുവന്നുകൊണ്ടുമിരിക്കുന്നു.

ഉദ്യോഗതലത്തിൽ മാത്രമല്ല പാർട്ടിക്കകത്തും അഴിമതി കൊടികുത്തി വാഴുന്നു എന്ന ആക്ഷേപത്തിന്റെ ഏറ്റവും







പുതിയ ഉദാഹരണമാണ് പി.എസ്.സി കോഴ.

അറുപത് ലക്ഷം രൂപ നൽകിയാൽ പി.എസ്.സിയിൽ അംഗത്വം വാങ്ങിച്ചു കൊടുക്കാമെന്ന് സി.പി.എമ്മിന്റെ കോഴിക്കോട്ടുകാരനായ പ്രാദേശിക യുവനേതാവ് ഒരു വനിതാ (ഹോമിയോ) ഡോക്ടർക്ക് വാഗ്ദാനം നൽകുകയും ആദ്യ ഗഡു കോഴയായി 22 ലക്ഷം കൈപ്പറ്റുകയും ചെയ്തതായാണ് ആരോപണം. മന്ത്രി മുഹമ്മദ് റിയാസ്, എം.എൽ.എമാരായ കെ.എം. സച്ചിൻദേവ്, തോട്ടത്തിൽ രവീന്ദ്രൻ എന്നിവരെ സ്വാധീനിച്ച് പി.എസ്.സി അംഗത്വം വാങ്ങിത്തരാമെന്നായിരുന്നത്രേ യുവ നേതാവിന്റെ വാഗ്ദാനം. ഉറപ്പ് പാളിയപ്പോൾ ഡോക്ടർ നൽകിയ പരാതി പാർട്ടിയിലെ വിഭാഗീയത മൂലം ആളിക്കത്തിയെന്നാണ് സൂചന.

പി.എസ്.സി ഉൾപ്പെടെയുള്ള ഭരണഘടനാ സ്ഥാപനങ്ങളിലേക്കു രാഷ്ട്രീയ നിയമനമേ പാടുള്ളൂവെന്നു മാസങ്ങൾക്കു മുൻപ് ഇടതുമുന്നണി യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഘടകകക്ഷികൾക്കു നിർദേശം നൽകിയിരുന്നു.

ഘടകകക്ഷികൾ പണം വാങ്ങി നിയമനം നടത്തുന്നതു ശ്രദ്ധയിൽപെട്ടതിനെത്തുടർന്നായിരുന്നു നിർദേശം. എന്നാൽ, മുഖ്യമന്ത്രിയുടെ പാർട്ടിയിൽത്തന്നെ കോഴ വാങ്ങി പി.എസ്.സി അംഗത്വം വാഗ്ദാനം ചെയ്തത് വലിയ തിരിച്ചടിയായി.

യോഗ്യരായ ഉദ്യോഗാർഥികളെ സർക്കാർ സേവനത്തിനു കണ്ടെത്തുക എന്നതാണ് കേരള പബ്ലിക് സർവീസ് കമ്മിഷന്റെ (പി.എസ്.സി) ചുമതല. ആ ഭരണഘടനാസ്ഥാപനത്തിലെ അംഗത്വ വിൽപ്പനയ്ക്കാണ് തലവരി വന്നത്.

പി.എസ്.സി കോഴ വിവാദം നിയമസഭയിൽ കോളിളക്കമുണ്ടാക്കി. ഇതുമായി ബന്ധപ്പെട്ട് പാർട്ടിക്കെതിരെയുള്ള ആരോപണങ്ങൾ സി.പി.എം പതിവു പോലെ നിഷേധിക്കുകയും ചെയ്യുന്നു. ഇങ്ങനെയൊരു സംഭവമേ നടന്നിട്ടില്ലെന്ന നിലപാടാണ് സി.പി.എം കോഴിക്കോട് ജില്ലാ നേതൃത്വത്തിനെങ്കിലും ആരോപണവിധേയനെതിരെ നടപടികളുമായി നീങ്ങാനാണ് പാർട്ടിയുടെ നീക്കം. വിവാദത്തിൽ മുഖം നോക്കാതെ നടപടിയെടുക്കാനാണ് കോഴിക്കോട് ജില്ലാ നേതൃത്വത്തോട് സംസ്ഥാന നേതൃത്വം നിർദേശിച്ചത്. വിഷയം ജില്ലാ കമ്മിറ്റി കൈകാര്യം ചെയ്ത രീതിയിൽ സംസ്ഥാന നേതൃത്വത്തിനുള്ള അതൃപ്തി പ്രകടവുമാണ്.

**പണക്കൊയ്ത്ത്**

പി.എസ്.സി ചെയർമാന്റെയും അംഗങ്ങളുടെയും നിയമനം അതതു കാലത്തെ സർക്കാരിന്റെ താൽപര്യപ്രകാരമായിരിക്കവേ ഇവരെ എങ്ങനെ കണ്ടെത്തുന്നുവെന്നതു പ്രധാനമാണ്. അംഗമായി നിയമിക്കാൻ പല പാർട്ടികളും കോഴ ആവശ്യപ്പെട്ടു പോരുന്നുവെന്നത് രഹസ്യ കാര്യമല്ല.

അംഗമാകാൻ പ്രത്യേക യോഗ്യതയൊന്നും നിശ്ചയിച്ചിട്ടില്ലാത്തതിനാൽ പണവും സ്വാധീനവുമുണ്ടെങ്കിൽ ആർക്കും പി.എസ്.സിയിൽ കയറിപ്പറ്റാമെന്ന സ്ഥിതിയും അഴിമതിക്കു വഴി തെളിക്കുന്നുണ്ട്.

ആറു വർഷമാണ് പി.എസ്.സി. അംഗത്വം അനുവദിക്കുന്നത്. അല്ലെങ്കിൽ പരമാവധി 62 വയസ്സുവരെ. മുൻപ് അംഗമായിരുന്നാലും ചെയർമാൻ പദവിയിൽ വീണ്ടും ആറ് വർഷംവരെ അംഗത്വം തുടരാമെന്നും വ്യവസ്ഥയുണ്ട്. പി.എസ്.സി. അംഗത്വം രണ്ട് തരത്തിലുണ്ട്.

ചെയർമാൻ ഒഴികെയുള്ള 20 അംഗങ്ങളിൽ 10 പേർ സർവീസ് മേഖലയിൽനിന്നും ബാക്കി 10 പേർ പൊതുപ്രവർത്തന മേഖലയിൽ നിന്നുമുള്ളവരാകണം. സർവീസ് മേഖലയിലുള്ളവർക്ക് സർവീസ് കാലവും പെൻഷൻ കണക്കാക്കാൻ പരിഗണിക്കും. പൊതുപ്രവർത്തന മേഖലയിൽ നിന്നുള്ളവർക്ക്, എത്രകാലം അംഗത്വം വഹിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ് പെൻഷൻ.

ആറ് വർഷം അംഗത്വം ലഭിച്ചവർക്ക് ശരാശരി ഒന്നേകാൽ ലക്ഷം രൂപ പെൻഷൻ ലഭിക്കും.

അംഗത്തിന്റെ അടിസ്ഥാന ശമ്പളം 70,290 രൂപ വരും. ഇതിനൊപ്പം കേന്ദ്രനിരക്കിൽ ഡി.എ 223 ശതമാനം, എച്ച്.ആർ.എ 10,000 രൂപ, സാധാരണ യാത്രാബത്ത 5000 രൂപ ഇതെല്ലാം ചേർത്ത് പിഎസ്.സി അംഗത്തിന് പ്രതിമാസം 2,42,036 രൂപ ലഭിക്കും.

ഇതിനു പുറമേ പെൻഷനും മറ്റ് ആനുകൂല്യങ്ങളും വേറെയുമുണ്ട്.

പി.എസ്.സി അംഗങ്ങൾക്ക് വാഹനത്തിലുള്ള യാത്രകൾക്ക് കിലോമീറ്ററിന് 15 രൂപ നിരക്കിൽ യാത്രാബത്തയുണ്ട്. സ്വന്തം വാഹനമില്ലെങ്കിൽ, പുതിയ വാഹനം വാങ്ങാൻ പലിശരഹിത വായ്പയും കിട്ടും.

ഡ്രൈവറെയും നിയോഗിക്കാം, പ്രതിഫലം സർക്കാർവക. അംഗത്തിന്റെയും പങ്കാളിയുടെയും ചികിത്സച്ചെലവും സർക്കാരിന്റെ ബാധ്യതയാണ്. അതും ആജീവനാന്ത ആരോഗ്യ പരിരക്ഷ.

**കരുവന്നൂരോർമ്മ**

പി.എസ്.സി കോഴ ആരോപണത്തെപ്പറ്റി നിയമസഭയിൽ ചോദ്യം ഉയർന്നപ്പോൾ ആരോപണം ഏറെക്കുറെ സ്ഥിരീകരിക്കുന്ന തരത്തിലായിരുന്നു മുഖ്യമന്ത്രിയുടെ മറുപടി. സംസ്ഥാനത്ത് പലവിധ തട്ടിപ്പുകളും നടക്കുന്നുണ്ട്. ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുടെ പേരിലും വ്യാജ എഫ്.ഐ.ആറും വാറണ്ടും അയച്ചും വ്യാജ വിവരങ്ങളുമായി വെബ്സൈറ്റ് വഴി ട്രേഡിംഗിന്റെ പേരിലുമെല്ലാം തട്ടിപ്പ് നടക്കുന്നുവെന്ന് ഒപ്പം ചൂട്ടിക്കാട്ടി. ഇതിലൊന്നും അകപ്പെടാതെ സൂക്ഷിക്കണമെന്ന് സമൂഹത്തെ ഉദ്ബോധിപ്പിക്കുകയും ചെയ്തു മുഖ്യമന്ത്രി.

പ്രശംസനീയമായ വിധത്തിൽ പ്രവർത്തിച്ചു വരുന്ന പി.എസ്.സിയെ അപകീർത്തിപ്പെടുത്താൻ മുമ്പും ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അത്തരത്തിലുള്ള ഒരു ശ്രമം മാത്രമാണ് ഇപ്പോഴത്തെ കോഴ ആരോപണമെന്നും മുഖ്യമന്ത്രി പറയുന്നു.

എന്നാൽ പി.എസ്.സിയെ താറടിക്കാനുള്ള ശ്രമമെന്നു പറഞ്ഞ് ഒറ്റയടിക്കങ്ങു തള്ളിക്കളയാവുന്ന ആരോപണമായി ഇതിനെ കാണാനാകില്ല. കരുവന്നൂർ ഉൾപ്പെടെ സി.പി.എം ഭരണത്തിലുള്ള ബാങ്കുകളിൽ നടന്ന തട്ടിപ്പുമായി ബന്ധപ്പെട്ട് ഇഡി അന്വേഷണം വന്നപ്പോൾ, സി.പി.എമ്മിനെയും സഹകരണ മേഖലയെയും തകർക്കാനുള്ള ശ്രമമാണ് ഇഡിയുടേതെന്നായിരുന്നു ആദ്യ ഘട്ടത്തിൽ ആക്രമണ ഭാവത്തിലുള്ള പ്രതിരോധ ശ്രമം.

പിന്നീട് പാർട്ടി നേതാക്കളുടെ അറിവോടെയും ഒത്താശയോടെയുമാണ് തട്ടിപ്പുകൾ അരങ്ങേറിയതെന്ന് തെളിഞ്ഞു. തട്ടിപ്പിൽ ചില സി.പി.എം നേതാക്കൾക്കുള്ള പങ്ക് സി.പി.ഐ അംഗങ്ങൾ തന്നെ വെളിപ്പെടുത്തി. പ്രളയ ദുരിതാശ്വാസ തട്ടിപ്പിൽ സി.പി.എം നേതാക്കളുടെ പേര് ഉയർന്നപ്പോഴും തുടക്കത്തിൽ പാർട്ടി നിഷേധിച്ചിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് പ്രദേശിക നേതാവ് ഉൾപ്പെടെ അറസ്റ്റിലായി. ഇത്തരമൊരു സാഹചര്യത്തിൽ പി.എസ്.സി തട്ടിപ്പിനെക്കുറിച്ച് വിശദമായ അന്വേഷണം നടക്കേണ്ടതുണ്ട്.

സി.പി.എമ്മിന്റെ കോഴിക്കോട് ജില്ലാ കമ്മിറ്റി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു കോക്കസാണ് പി.എസ്.സി കോഴ തട്ടിപ്പിനു പിന്നിലെന്ന് പറയപ്പെടുന്നുണ്ട്. പാർട്ടിതല അന്വേഷണം കൊണ്ട് മാത്രം അവസാനിപ്പിക്കരുത് ഇതുപോലുള്ള കോഴക്കേസുകൾ. പാർട്ടിതല അന്വേഷണങ്ങളിൽ സംശയത്തിന്റെ മുനകൾ ഉന്നതരിലേക്ക് നീങ്ങുമ്പോൾ അന്വേഷണം വഴിമുട്ടുകയാണ് പതിവ്. ഇത് അഴിമതി വ്യാപനത്തിന് വഴിവെക്കും. അന്വേഷണം ഉത്തരവാദപ്പെട്ട ഏജൻസികളെ ഏൽപ്പിക്കാനാണ് ശ്രദ്ധിക്കേണ്ടത്.

പാർട്ടി സെക്രട്ടറി എം.വി. ഗോവിന്ദൻ ഈയിടെ വെട്ടിത്തുറന്നു പറഞ്ഞതിങ്ങനെ: 'സഖാക്കൾക്ക് പണത്തോട് ആർത്തിയാണ്. സാമ്പത്തിക നേട്ടം ലക്ഷ്യമാക്കിയാണ് പലരും സി.പി.എമ്മിലേക്ക് വരുന്നത്'. പി.എസ്.സി കോഴത്തട്ടിപ്പ് വിവരം പുറത്തു വന്നതിനു പിന്നാലെയായിരുന്നു ഈ പ്രസ്താവം. അഴിമതിയുൾപ്പെടെ പാർട്ടിയെ ബാധിച്ച ജീർണതകൾ ലോക്സഭാ തിരഞ്ഞെടുപ്പിലെ പരാജയത്തിന് കാരണമായെന്നാണ് വിലയിരുത്തൽ. ഒരു ആനുകാലികത്തിലെഴുതിയ ലേഖനത്തിൽ പോളിറ്റ് ബ്യൂറോ അംഗം എം.എ. ബേബി ഇക്കാര്യം തുറന്നു പറഞ്ഞത് പാർട്ടി ഏതു വിധം വീക്ഷിക്കുമെന്ന സംശയം വ്യാപകമാകുന്നുമുണ്ട്.

◗ *ബാബു കദളിക്കാട്*

# പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനിൽ കോടികളുടെ തിരിമറി നടന്നെന്ന് പരാതി




തേക്കടി: വനംവകുപ്പിന് കീഴിൽ തേക്കടിയിലുള്ള പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനിൽ കോടിക്കണക്കിന് രൂപയുടെ തിരിമറി നടന്നതായുള്ള പരാതിയെ തുടർന്ന് ധനകാര്യ വകുപ്പിൽ നിന്നുള്ള പ്രത്യേക സംഘത്തിന്റെ പരിശോധന.

വനം വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരമാണ് പരിശോധന. കടുവ സങ്കേതം ഫീൽഡ് ഡയറക്ടറുടെയും ഡെപ്യൂട്ടി ഡയറക്ടറുടെയും അനുമതിയോടെ പണം വിവിധ ആവശ്യങ്ങൾക്കായി ചെലവാക്കുന്നതിൽ വൻതിരിമറി നടക്കുന്നതായി നോൺ ഗസറ്റഡ് എംപ്ലോയീസ് അസോസിയേഷനാണ് മന്ത്രിക്ക് പരാതി നൽകിയത്. പലതരത്തിലുള്ള അറ്റകുറ്റപ്പണികൾക്ക് ലക്ഷക്കണക്കിന് രൂപയാണ് വർഷം തോറും ചെലവാക്കുന്നത്. വിവിധ ആവശ്യങ്ങൾക്കായി ലക്ഷക്കണക്കിന് രൂപയുടെ സാധനങ്ങൾ വാങ്ങുന്നതിന് സർക്കാർ നിയമ പ്രകാരമുള്ള ടെൻഡർ നടപടികളൊന്നുമില്ല എന്നതടക്കുമുള്ളതാണ് പരാതി.

2004 ലാണ് പെരിയാർ കടുവ സങ്കേതത്തിൽ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ രൂപീകരിച്ചത്. കടുവ സങ്കേതത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായം നൽകാനായിരുന്നു ഇത് രൂപീകരിച്ചത്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരമാണ് പ്രവർത്തനം. തേക്കടിയിലെത്തുന്ന വിനോദ സഞ്ചാരികളിൽ നിന്നും ഈടാക്കുന്ന സർചാർജ്, വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന പണം എന്നിവയൊക്കെ ഫൗണ്ടേഷനിലാണെത്തുന്നത്.

പൊതുജനങ്ങളിൽ നിന്നും പണം പിരിക്കുന്നുണ്ടെങ്കിലും സർക്കാർ ഓഡിറ്റിംഗ് ഒന്നുമില്ല. ഇക്കാര്യങ്ങൾ ശ്രദ്ധയിൽ പെട്ടതിനെ തുടർന്നാണ് പ്രത്യേക സംഘത്തെ നിയോഗിച്ച് പരിശോധ നടത്തണമെന്ന് വനം മന്ത്രി ആവശ്യപ്പെട്ടത്. ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള നാലംഗ സംഘമാണ് പരിശോധന നടത്തിയത്.

# സർക്കാർ അനുമതിയില്ലാതെ വിദേശ യാത്ര നടത്തിയതിന് എഡിജിപിക്ക് ചീഫ് സെക്രട്ടറിയുടെ മുന്നറിയിപ്പ്



തിരുവനന്തപുരം: ക്രമസമാധാന ചുമതലയുള്ള എഡിജിപിക്ക് ചീഫ് സെക്രട്ടറിയുടെ മുന്നറിയിപ്പ്. സർക്കാർ അനുമതിയില്ലാതെ വിദേശ യാത്ര നടത്തിയതിനാണ് മുന്നറിയിപ്പ്. സിംഗപ്പൂരിലേക്കായിരുന്നു എഡിജിപി എം.ആർ അജിത് കുമാറിന്റെ യാത്ര. ഇത്തരം പ്രവൃത്തികൾ ആവർത്തിക്കരുതെന്ന് ചീഫ് സെക്രട്ടറി ഡോക്ടർ വി. വേണു, എഡിജിപി എം.ആർ അജിത് കുമാറിന് താക്കീത് നൽകി. ഡിജിപിയുടെ അനുമതി മാത്രമാണ് വാങ്ങിയിരുന്നത്.

തെരെഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലവിലുണ്ടായിരുന്നതിനാൽ തെരെഞ്ഞെടുപ്പ് കമ്മിഷന്റെ അനുമതി വാങ്ങിയാണ് യാത്ര ചെയ്തതെന്ന് എംആർ അജിത് കുമാർ മറുപടി നൽകി. പകരം ചുമതല മറ്റൊരു ഉദ്യോഗസ്ഥന് നൽകിയിരുന്നു. എല്ലാ രേഖകളും സമർപ്പിച്ചാണ് അവധിയെടുത്തതെന്നും അജിത് കുമാർ വിശദീകരിച്ചു.

# യുജിസി നെറ്റ് ചോദ്യപേപ്പർ ചോർച്ച: സി.ബി.ഐയുടെ കണ്ടെത്തൽ ഇങ്ങനെ

ദില്ലി: യുജിസി നെറ്റ് ചോദ്യപേപ്പർ ചോർന്നതിന് തെളിവില്ലെന്ന് സി.ബി.ഐയുടെ കണ്ടെത്തൽ. പരീക്ഷയ്ക്ക് മുമ്പ് ചോദ്യപ്പേപ്പർ ചോർന്നുവെന്ന് വരുത്താൻ ഒരു സംഘം ശ്രമിച്ചെന്നും സി.ബി.ഐ ആരോപിച്ചു. ടെലഗ്രാമിൽ പ്രചരിച്ചത് പരീക്ഷയ്ക്കു ശേഷം പകർത്തിയ ചോദ്യപേപ്പറാണെന്നാണ് സി.ബി.ഐ നൽകുന്ന വിശദീകരണം. ടെലഗ്രാമിൽ ചോദ്യപേപ്പർ പ്രചരിച്ചതിനാൽ പരീക്ഷ റദ്ദാക്കിയിരുന്നു. നീറ്റ് പരീക്ഷയിലും ടെലഗ്രാമിൽ പ്രചരിച്ച ചിത്രം കെട്ടിചമച്ചതെന്ന് എൻടിഎ ആരോപിച്ചിരുന്നു.









# ആന്റണി തോറ്റു... വയലാർ രവി ജയിച്ചു



എന്നും അത്താണിയായി
ഉമ്മൻചാണ്ടി
49
ജോഷി ജോർജ്

**കെ.പി.സി.സി അധ്യക്ഷസ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പു കഴിഞ്ഞ് വോട്ടെണ്ണി തുടങ്ങുകയാണ്. ഒടുവിൽ പ്രഖ്യാപനം വന്നു. വയലാർ രവിക്ക് 129 വോട്ട്. എ.കെ. ആന്റണിക്കാകട്ടെ 111 വോട്ടും. കേവലം 18 വോട്ടിന്റെ വ്യത്യാസം. വിജയശ്രീ ലാളിതനായ വയലാർ രവിയെ നേതാക്കൾ കെട്ടിപ്പിടിച്ച് അഭിനന്ദനങ്ങൾ ചൊരിയുന്നു**

തിരുവനന്തപുരത്തുള്ള നന്ദാവനം മുസ്ലിം അസോസിയേഷൻ ഹാളിലാണ് കെ.പി.സി.സി പ്രസിഡന്റ് തെരഞ്ഞെടുപ്പ്. ജനുവരി 31ന് രാവിലെ 10:45ന് കരുണാകരൻ ഹാളിൽ എത്തി. ഒപ്പം വയലാർ ഉണ്ട്. 10 മിനിറ്റ് കഴിഞ്ഞ് എ.കെ. ആന്റണിയും എത്തിച്ചേർന്നു. ഏറ്റവും മുന്നിൽ തന്നെ കരുണാകരൻ ഇരിക്കുന്നു. എന്നാൽ ആ ഭാഗത്തേക്ക് ആന്റണി തിരിഞ്ഞു നോക്കിയതേയില്ല. അന്ന് കേന്ദ്ര മന്ത്രിയായിരുന്നു എസ്. കൃഷ്ണകുമാർ. അദ്ദേഹം ആന്റണിയുടെ അടുത്തേക്ക് ചെല്ലുന്നു.

ഉമ്മൻചാണ്ടി ആകട്ടെ അവിടെ നിന്ന് അല്പം മാറി രണ്ടാം നിരയിൽ വന്നിരിക്കുകയാണ്. കരുണാകരന്റെ അടുത്ത് വന്നിരിക്കാൻ കൃഷ്ണകുമാർ ആന്റണിയെ പ്രേരിപ്പിക്കുകയായിരുന്നു എന്നാണ് ഉമ്മൻചാണ്ടിക്ക് തോന്നിയത്. ആന്റണി അനുകൂല ഭാവത്തിൽ ആയിരുന്നില്ല. കൃഷ്ണകുമാർ ആന്റണിയുടെ തൊട്ടടുത്ത് തന്നെ ഇരുന്നു. നിമിഷങ്ങൾക്കകം കരുണാകരൻ എഴുന്നേറ്റ് ആന്റണിയുടെ അടുത്തേക്ക് വന്നു. അപ്പോൾ കൃഷ്ണകുമാർ കസേരയിൽ നിന്നും മാറി. കരുണാകരൻ ഇരുന്നു. കരുണാകരൻ എന്തോ സംസാരിക്കുന്നുണ്ടായിരുന്നു. ആന്റണി ഒന്നും മിണ്ടുന്നില്ല. ഒടുവിൽ ആന്റണി ശബ്ദം താഴ്ത്തി പറഞ്ഞത് ഇങ്ങനെ. ഇനിയും ഇങ്ങനെ നാടകം കളിക്കാൻ ഞാനില്ല എനിക്കിനി വയ്യ. കരുണാകരൻ രണ്ടുംകൽപ്പിച്ച ആയിരുന്നു അന്ന് വന്നത്. ആന്റണിക്കെതിരെ വയലാർ രവിയെ മത്സരിപ്പിക്കാൻ ഉറച്ചുതന്നെയാണ് കരുണാകരനും സഹപ്രവർത്തകരും എത്തിയത്. ജി. കാർത്തികേയന്റെ പേരും അവിടവിടെ പറഞ്ഞു കേട്ടിരുന്നു.

എല്ലാവരും ആകാംക്ഷയോടെ ഉറ്റു നോക്കുകയാണ്. പുറത്ത് വൻ ജനാവാലി. പത്രപ്രവർത്തകരുടെയും ക്യാമറാമാൻമാരുടെയും വൻ നിര തന്നെയുണ്ട്. പ്രഭാറാവു വേദിയിലേക്ക് എത്തുന്നു. പിന്നെ താമസിച്ചില്ല തിരഞ്ഞെടുപ്പ് നടപടികൾ ആരംഭിച്ചു. എ.കെ. ആന്റണിയുടെ പേര് കാസർകോട് ഡി.സി.സി പ്രസിഡന്റ് ഐ. രാമറെ നിർദ്ദേശിച്ചു. ആരൊക്കെയോ അദ്ദേഹത്തെ പിന്താങ്ങി. ഉടൻ ജി. കാർത്തികേയൻ വയലാർ രവിയുടെ പേര് പറഞ്ഞു. ജോസ് കുറ്റിയായിനി അതിന് പിന്താങ്ങി.

മറ്റു പേരുകൾ ഉണ്ടോ..? ഇല്ലെങ്കിൽ ആർക്കെങ്കിലും പിന്മാറാനുള്ള അവസരമാണിത്. അതിന് രണ്ടു മിനിറ്റ് അനുവദിച്ചു. അപ്പോൾ സമയം 11.30. തെരഞ്ഞെടുപ്പിനായുള്ള വോട്ടിംഗ് സമയം 12.30ന് നിശ്ചയിച്ചു. അതിനുശേഷം ഹാളിൽ ഉണ്ടായിരുന്നവർ പുറത്തേക്കിറങ്ങി. തുടർന്ന് മുൻ കെ.പി.സി.സി അധ്യക്ഷന്മാർ, കെ. കരുണാകരൻ, എ.കെ. ആന്റണി നിയമസഭാ കക്ഷിയിൽ നിന്നുള്ള കെ.പി.സി.സി അംഗങ്ങൾ ഡി.സി.സി പ്രസിഡന്റുമാർ കെ.പി.സി.സി അംഗങ്ങൾ എന്ന മുറയ്ക്ക് വോട്ടവകാശമുള്ളവരെ അകത്തു പ്രവേശിപ്പിച്ചു. മൊത്തം 243 വോട്ടർമാരാണ് ഉണ്ടായിരുന്നത്. മുൻ പ്രസിഡന്റുമാരായ കെ.കെ. വിശ്വനാഥൻ വക്കീലും എ.എൽ. ജേക്കബ് എന്നിവർ ഒഴികെ ബാക്കിയെല്ലാവരും ഹാജർ ഉണ്ട്. ഏറെ ഉദ്യോഗജനകമായ നിമിഷം. ആദ്യം വോട്ട് ചെയ്ത് കരുണാകരനായിരുന്നു. ഉമ്മൻചാണ്ടിയുടെ ചങ്കിടിക്കുന്നത് പോലെ തോന്നി. കടുത്ത മത്സരം. പിന്നെ ആന്റണിയെ വിളിച്ചു. ആന്റണി ആകട്ടെ വോട്ട് ചെയ്യുന്നില്ലെന്ന് അറിയിക്കുകയും ചെയ്തു. നേരത്തെ തന്നെ ഉമ്മൻചാണ്ടി തിരുവഞ്ചൂർ രാധാകൃഷ്ണനോട് പറഞ്ഞിരുന്നു ആന്റണിയുടെ പോളിംഗ് ഏജന്റ് ആയിരിക്കണം എന്ന്. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആന്റണിയുടെ പ്രതിനിധിയായി എത്തി. എം.ഐ. ഷാനവാസ് ആയിരുന്നു വയലാർ രവിയുടെ പോളിംഗ് ഏജന്റ്. തിരഞ്ഞെടുപ്പ് പുരോഗമിക്കുകയാണ് അപ്പോൾ എല്ലാം വികാര വിഷുബ്ധമായിരുന്നു ഉമ്മൻചാണ്ടിയുടെ മനസ്സ്.



ഇക്കണ്ട കാലമത്രയും സഹോദരന്മാരെ പോലെ ജീവിച്ച രണ്ടുപേരാണ് കോഴിപ്പോരിന് തയ്യാറായി നിൽക്കുന്നതുപോലെ മത്സരരംഗത്തിറങ്ങിയിരിക്കുന്നത്. കെ.എസ്.യു കാലം മുതലുള്ള ഒട്ടേറെ ഹൃദ്യമായ ചിത്രങ്ങൾ ഉമ്മൻചാണ്ടിയുടെ മനസ്സിന്റെ തിരശീലയിലൂടെ കടന്നുപോയി. കഷ്ടപ്പാടിന്റെയും വിശപ്പിന്റെയും പോരാട്ടത്തിന്റെയും നാളുകൾ. ഒരേ കുടുംബം പോലെ കഴിഞ്ഞിരുന്ന കാലം. കേരളത്തിൽ ഒൻപത് അംഗങ്ങളായി ചുരുങ്ങിയ കോൺഗ്രസിനെ വീണ്ടും അധികാരത്തിൽ കൊണ്ടുവരുന്നത് വയലാർ രവിയുടെയും ആന്റണിയുടേയും തന്റേയും നേതൃത്വത്തിൽ യൂത്ത് കോൺഗ്രസും വഹിച്ച പങ്ക്.

സംഘടനയ്ക്ക് യുവരക്തം പകർന്നു നൽകുന്നതിൽ ഇരുവരുടെയും കഠിനശ്രമം. ഒട്ടനവധി സമരങ്ങൾ പാർട്ടിക്കുള്ളിൽ ജനാധിപത്യത്തിനും തുല്യതയ്ക്കും വേണ്ടി വയലാർ രവി നടത്തിയിട്ടുള്ള പോരാട്ടങ്ങൾ..! ഗർജ്ജനങ്ങൻ..! ചെറുപ്പക്കാർ അദ്ദേഹത്തെ വയലാർ സിംഹം എന്ന് പോലും വിളിച്ചിരുന്നു. പ്രതിച്ഛായ ചർച്ചയുടെ പേരിൽ മന്ത്രിസഭയിൽ നിന്ന് വയലാർ രവി പുറത്തേക്ക് പോകുന്നത് ഏറെ ദുഃഖത്തോടെയാണ് ഉമ്മൻചാണ്ടിയും കൂട്ടരും കണ്ടുനിന്നത്. അതേത്തുടർന്ന് ഉമ്മൻചാണ്ടി യു.ഡി.എഫ് സ്ഥാനം രാജിവെക്കുകയുംചെയ്തു. കെ.പി.സി.സി അധ്യക്ഷസ്ഥാനത്തേക്കുള്ള വോട്ടെടുപ്പ് കഴിഞ്ഞു.

വോട്ടെണ്ണി തുടങ്ങുകയാണ്. അല്പം അകലെ മാറി ഉമ്മൻചാണ്ടിയിരുന്നു. ആരെയും ശ്രദ്ധിക്കാതെയുള്ള അലസമായ ഇരിപ്പ്. ഒടുവിൽ പ്രഖ്യാപനം വന്നു വയലാർ രവിക്ക് 129 വോട്ട്. എ.കെ. ആന്റണിക്കാകട്ടെ 111 വോട്ടും. കേവലം 18 വോട്ടിന്റെ വ്യത്യാസം. വിജയശ്രീ ലാളിതനായ വയലാർ രവിയെ നേതാക്കൾ കെട്ടിപ്പിടിച്ച് അഭിനന്ദനങ്ങൾ ചൊരിയുന്നു. അത് കണ്ടുകൊണ്ടിരുന്ന ഉമ്മൻചാണ്ടിയുടെ മനസ്സ് ശൂന്യമായിരുന്നു. അങ്ങിനെ വയലാർ രവിയെ മുന്നിൽ നിർത്തി എ.കെ. ആന്റണിയെ തോൽപ്പിച്ചിരിക്കുന്നു.

പുറത്ത് രണ്ടുപേർക്കും വേണ്ടി തൊണ്ട പൊട്ടുമാറുച്ചത്തിൽ മുദ്രാവാക്യം മുഴങ്ങിക്കൊണ്ടേയിരിക്കുന്നു. ആന്റണിയുടെ ആരാധകരിൽ പലരും പൊട്ടിക്കരയുന്നു. സങ്കടം അടക്കാൻ ആകാതെ പലരും വിതുമ്പി വിങ്ങിനിന്നു. അതിനുശേഷം വൈസ് പ്രസിഡന്റ്, ട്രഷറർ, നിർവാഹക സമിതി അംഗങ്ങൾ എന്നീ സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടന്നു. തോറ്റവരെ കൂടെ ഉൾപ്പെടുത്തി സമവായത്തിന് ആരും മുതിർന്നില്ല. അങ്ങനെ പ്രതീക്ഷിച്ചിട്ട് കാര്യമില്ല ഉമ്മൻചാണ്ടി സ്വയം ആശ്വസിച്ചു.

വൈസ് പ്രസിഡന്റായി വി.എം. സുധീരനെയും ട്രഷററായി ആര്യാടൻ മുഹമ്മദിനെയും മത്സരിപ്പിക്കാൻ ആദ്യം ആലോചിച്ചെങ്കിലും പിന്നീട് അത് വേണ്ടെന്നുവച്ചു. എക്സിക്യൂട്ടീവിലേക്കും പാനിൽവെച്ചില്ല. ആന്റണി തോറ്റിടത്ത് പാനൽ ജയിക്കാൻ സാധ്യതയില്ലല്ലോ..? വൈസ് പ്രസിഡന്റായി ജി. കാർത്തികേയൻ, ട്രഷററായി കെ.വി. തോമസിനെയും എതിരില്ലാതെതെരഞ്ഞെടുക്കുക കൂടി ചെയ്തു.

അങ്ങനെ 18അംഗ എക്സിക്യൂട്ടീവ് പാനലിനും എതിരുണ്ടായില്ല. ചുരുക്കിപ്പറഞ്ഞാൽ കെ.പി.സി.സി ഒരു വിഭാഗത്തിന്റെ മാത്രം നിയന്ത്രണത്തിൽ ആയി മാറിയിരിക്കുന്നു. തുടർന്ന് നടന്നത് അനുമോദന പ്രസംഗങ്ങൾ ആയിരുന്നു. അത് തികച്ചും ഭംഗി വാക്കുകൾ കൊണ്ട് കോർത്തിണക്കിയതു പോലെ ഉമ്മൻചാണ്ടിക്ക് തോന്നി.

ആരും തോറ്റിട്ടില്ല ജയിച്ചിട്ടുമില്ല എന്ന് മറുപടി പ്രസംഗത്തിൽ വയലാർരവി പറഞ്ഞത് ഉമ്മൻചാണ്ടിയുടെ കാതുകളിൽ മുഴങ്ങിക്കേട്ടു. തുടർന്ന് കെ. കരുണാകരൻ കേരളത്തിന്റെ അഭിമാന താരം ആണെന്നും അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും കെ.പി.സി.സി പിന്തുണ നൽകുമെന്നും വയലാർ രവി പറയുകയുണ്ടായി.

തിരഞ്ഞെടുപ്പ് കാലത്തെ കാര്യങ്ങൾ മറക്കുകയും പൊറുക്കുകയും വേണമെന്ന് കരുണാകരണം പറയുന്നുണ്ടായിരുന്നു. ഏത് എതിരാളിയോടും പൊറുക്കാനും ക്ഷമിക്കാനും സഹിക്കാനും ഉമ്മൻചാണ്ടി എന്നും തയ്യാറായിരുന്നു. എന്നാൽ ആന്റണി അത്രയ്ക്കങ്ങ് വഴങ്ങി കൊടുക്കുന്ന സ്വഭാവക്കാരൻ ആയിരുന്നില്ല.

എന്നിട്ടും ആന്റണി പറഞ്ഞു ഇനി കേരളത്തിലെ അവസാന വാക്ക് വയലാർ രവിയുടേതാണെന്ന്. മന്ത്രിമാർക്ക് പെരുമാറ്റച്ചട്ടം വേണമെന്ന് ആന്റണിയുടെ പഴയ ആവശ്യം വീണ്ടും പുറത്തെടുത്തു. സി.പി.എം ഭരണത്തിൽ നിന്ന് കേരളത്തെ തിരിച്ചുപിടിക്കുക എന്ന ദൗത്യവുമായാണ് രാജീവ് ഗാന്ധി എന്നെ കേരളത്തിലേക്ക് അയച്ചത്. ആ ചുമതല പൂർത്തീകരിക്കാൻ കഴിഞ്ഞു. കരുണാകരനെ വീണ്ടും മുഖ്യമന്ത്രിയാക്കാൻ സാധിച്ചു. സർക്കാരിന്റെ പ്രവർത്തനം കുറേക്കൂടി മികച്ചതായേ പറ്റൂ. അത് ചൂണ്ടിക്കാണിച്ചപ്പോൾ ഇന്ദിരാഭവനിൽ ഇരുന്ന് സർക്കാരിനെ നിയന്ത്രിക്കാൻ ശ്രമമെന്ന് ആരോപണം ഉണ്ടായെന്നു ആന്റണി ഖേദത്തോടെ പറഞ്ഞു.

സ്ഥാനം ഏറ്റെടുക്കാൻ വയലാർ രവിയും മറ്റും ഇന്ദിരാഭവനിലേക്ക് പോയി. എ.കെ. ആന്റണി പാർട്ടി ആസ്ഥാനത്ത് എത്തുമ്പോൾ കരുണാകരനും വയലാർ രവിയും താഴത്തെ നിലയിലെ ജി. കാർത്തികേയന്റെ മുറിയിൽ കാത്തിരിക്കുകയാണ്. ആന്റണി നേരെ ഒന്നാം നിലയിലെ തന്റെ മുറിയിൽചെന്നു ഒരു കട്ടൻ ചായവാങ്ങി കുടിച്ചു. പിന്നെ താഴെ എത്തി വയലാർ രവിയെ കൂട്ടിക്കൊണ്ടു മുകളിലേക്ക് പോയി പ്രസിഡന്റ് കസേരയിൽ ഇരുത്തി. സ്ഥാനമേറ്റതായി എഴുതി രജിസ്റ്ററിൽ ഒപ്പുവച്ചു.



ജോഷി ജോർജ്

പിന്നെ വൈകാതെ ആന്റണി സാവകാശം കെ.പി.സി.സി പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനമായ കെസിവി1001 എന്ന വെള്ള അംബാസിഡർ കാറിന്റെ താക്കോൽ ആന്റണി വയലാർ രവിയെ ഏൽപ്പിച്ചിട്ടാണ് പോയത്. യൂത്ത് കോൺഗ്രസ് നേതാക്കളായ എബി കുര്യാക്കോസും ജോൺസൺ എബ്രഹാമും കൂടെയുണ്ട്.

അവർ ഒരു ടാക്സി വിളിച്ചുകൊണ്ടു വന്നു. അതിൽ കയറി ആന്റണിയും കൂട്ടരും. എങ്ങോട്ടാണ് വണ്ടി വിടേണ്ടതെന്ന് ജോൺസൺ ചോദിച്ചു. ആന്റണി അല്പനേരം ആലോചിച്ചിരുന്നു. എങ്ങോട്ട് പോകണം എന്ന് അപ്പോൾ ഒരു ഊഹവും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. തൽക്കാലം നമുക്ക് തലേക്കുൽ ബഷീറിന്റെ വീട്ടിലേക്ക് പോകാം. അതോടെ കാർ ബഷീറിന്റെ വീട് ലക്ഷ്യമാക്കി നീങ്ങി.

പിന്നെ കെ.പി.സി.സി ജനറൽ സെക്രട്ടറിമാരായി റോസമ്മ ചാക്കോ, കെ.കെ. ബാലകൃഷ്ണൻ, കെ. മുരളീധരൻ, എം.ഐ. ഷാനവാസ്, കെ. സുജനപാൽ എന്നിവരെ വയലാർ രവി നോമിനേറ്റ് ചെയ്തു.

കെ.പി.സി.സിയുടെ തലപ്പത്തെത്തിയ വയലാർ രവി പിറ്റേന്ന് ഞായറാഴ്ച തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ പത്രസമ്മേളനം നടത്തി. പത്രക്കാർ പല ചോദ്യങ്ങളും ചോദിച്ചു. അതിന് രസകരമായി മറുപടിയും പറഞ്ഞു വയലാർ രവി.

എന്നാൽ കെ.പി.സി.സി പ്രസിഡന്റായ വയലാർ രവി ഒരു തിരുത്തൽ ശക്തിയെ അല്ലാതായി മാറിയോ? എന്നൊരു ചോദ്യം മുതിർന്ന ഒരു പത്ര ലേഖകൻ ചോദിച്ചു. അല്പം ഒന്ന് ആലോചിച്ച ശേഷം രവി പറഞ്ഞു :

ഞങ്ങൾ യൂത്ത് കോൺഗ്രസ് തുടങ്ങിയ കാലത്തെ കോൺഗ്രസ് അല്ലല്ലോ ഇപ്പോഴുള്ളത്. ഇത് കേട്ട് എല്ലാവരും ഉറക്കെ ചിരിച്ചു.

(തുടരും)

## ആഡംബരകാറിൽ ബീക്കൺ ലൈറ്റ്, കളക്ടറുടെ ചേംബർ കൈയേറി, ഐ.എ.എസ് ഉദ്യോഗസ്ഥക്ക് എതിരെ നടപടി

മുംബയ്: സ്വകാര്യ ആഡംബര കാറിൽ സർക്കാരിന്റെ ബോർഡ്, അനധികൃതമായി ബീക്കൺ ലൈറ്റ് ഘടിപ്പിക്കൽ, അഡിഷണൽ കളക്ടറുടെ ചേംബർ കൈയേറുക. അധികാര ദുർവിനിയോഗം നടത്തിയതിന് ഐ.എ.എസ് ഉദ്യോഗസ്ഥക്ക് സ്ഥലംമാറ്റം. മഹാരാഷ്ട്രയിലെ പൂനെ അസിസ്റ്റന്റ് കളക്ടറായ പൂജ ഖേദ്കറിനെയാണ് വാഷിം ജില്ലയിലേക്ക് സ്ഥലംമാറ്റിയത്. അസി. കളക്ടർ ബീക്കൺ ലൈറ്റ് ഘടിപ്പിച്ച സ്വകാര്യ കാറിൽ സഞ്ചരിക്കുന്നത് വിവാദമായിരുന്നു. 2023 ബാച്ച് ഐ.എ.എസ് ഉദ്യോഗസ്ഥയായ ഇവർ പ്രൊബേഷൻ കാലയളവിൽ സർക്കാർ നൽകാത്ത പലസൗകര്യങ്ങളും ഇവർ ഉപയോഗിച്ചിരുന്നതായാണ് ആരോപണം. സ്വകാര്യ ഔഡി കാറിൽ 'മഹാരാഷ്ട്ര സർക്കാർ' എന്ന ബോർഡ് സ്ഥാപിച്ച കളക്ടർ, കാറിന് മുകളിൽ ചുവപ്പ്, നീല നിറങ്ങളിലുള്ള ബീക്കൺ ലൈറ്റും ഘടിപ്പിച്ചു. ഇതിനുപുറമേ അഡിഷണൽ കളക്ടർ അജയ് മോറെ സ്ഥലത്തില്ലാത്ത സമയത്താണ് പൂജ ഇദ്ദേഹത്തിന്റെ ചേംബറിലിരുന്നത്. അഡി. കളക്ടറുടെ അനുമതിയില്ലാതെ ഓഫീസ് ഫർണീച്ചറുകൾ മാറ്റിയെന്നും വി.ഐ.പി നമ്പർ പ്ലേറ്റുള്ള ഔദ്യോഗിക കാർ, താമസ സൗകര്യം, ഒരു കോൺസ്റ്റബിൾ, വിസിറ്റിംഗ് കാർഡ് എന്നിവ ആവശ്യപ്പെട്ടെന്നും അന്വേഷണത്തിൽ കണ്ടെത്തി. ഇത് വിവാദമായതോടെ പൂനെ കളക്ടർ സുഹാസ് ദിവസെ ചീഫ് സെക്രട്ടറിക്ക് കത്ത് നൽകി. ഇതിനുപിന്നാലെയാണ് സ്ഥലംമാറ്റിയുള്ള ഉത്തരവ് പുറത്തിറങ്ങിയത്. അതിനിടെ, മകൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കാനായി റിട്ട. ഐ.എ.എസ്. ഉദ്യോഗസ്ഥനായ പൂജയുടെ പിതാവ് കളക്ടറുടെ ഓഫീസിൽ സമ്മർദ്ദം ചെലുത്തിയിരുന്നതായും റിപ്പോർട്ടുകളുണ്ട്. അതിനിടെ പൂജയ്ക്കെതിരെ വ്യാജ സർട്ടിഫിക്കറ്റ് ആരോപണവും ഉയർന്നു. സർവീസിൽ പ്രവേശിക്കാൻ വ്യാജ മെഡിക്കൽ, ജാതി സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചെന്നാണ് ആരോപണം. കാഴ്ചപരിമിതിയുണ്ടെന്നും ഒ.ബി.സി. വിഭാഗത്തിലാണെന്നും കാണിച്ചാണ് പൂജ പരീക്ഷ എഴുതിയത്.





# ഇന്ത്യയുടെ തന്ത്രത്തിന് സൗദിയുടെ മറുതന്ത്രം! ഫലം കണ്ടോ?

ആഗോള എണ്ണ കയറ്റുമതിയിൽ മുന്നിലുള്ള സൗദി അറേബ്യ സമീപകാലത്ത് നേരിട്ട തിരിച്ചടികൾ മറികടക്കാൻ തന്ത്രം മെനയുകയാണ്. റഷ്യയ്ക്കെതിരെ അമേരിക്കയും യൂറോപ്പും ഉപരോധം പ്രഖ്യാപിച്ചതാണ് സൗദി അറേബ്യയ്ക്ക് തിരിച്ചടിയായത്. വില വൻതോതിൽ കുറച്ച് എണ്ണ വിൽക്കാൻ തുടങ്ങിയ റഷ്യയെ ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ പരമാവധി സ്വീകരിച്ചു. ചൈനയും ഇക്കാര്യത്തിൽ മുന്നിൽ തന്നെ ഉണ്ട്.

എണ്ണ വ്യാപാരത്തിൽ കനത്ത തിരിച്ചടി നേരിട്ടത് സൗദിയുടെ വികസന പദ്ധതികൾ മന്ദഗതിയിലാകാനും ഇതുകാരണമായി. വില കുറഞ്ഞ എണ്ണ കിട്ടുന്ന രാജ്യങ്ങളിൽ നിന്ന് കൂടുതൽ ഇറക്കുമതി ചെയ്യുക എന്ന വിപണി തന്ത്രവും ഇന്ത്യ പയറ്റി. ഇറാഖ്, നൈജീരിയ, യുഎഇ, അമേരിക്ക എന്നിവിടങ്ങളിൽ നിന്നെല്ലാം കൂടുതൽ ക്രൂഡ് ഓയിൽ ഇറക്കാൻ ഇന്ത്യ പദ്ധതി ആവിഷ്കരിച്ചു. ഈ സാഹചര്യത്തിലാണ് സൗദി അറേബ്യ മറുതന്ത്രം പ്രയോഗിച്ച് രംഗത്തെത്തിയത്.

ഏഷ്യയിലേക്ക് നൽകുന്ന ക്രൂഡ് ഓയിലിന്റെ വില കുറയ്ക്കുക എന്നതായിരുന്നു സൗദി അറേബ്യയുടെ തന്ത്രം. ഇതോടെ ലോകത്തെ ഏറ്റവും വലിയ എണ്ണ വിപണിയായ ചൈന സൗദിയിൽ നിന്ന് കൂടുതൽ എണ്ണ വാങ്ങാൻ തയ്യാറായിയിരിക്കുകയാണ്. ഓഗസ്റ്റിൽ ഇതിന്റെ നേട്ടം സൗദിക്ക് ലഭിക്കും. മാത്രമല്ല കൂടുതൽ വരുമാനം ചൈനയിൽ നിന്ന് കിട്ടുന്നത് ബജറ്റ് കമ്മി കുറയ്ക്കാൻ സൗദിയെ സഹായിക്കും.

കഴിഞ്ഞ നാല് മാസമായി സൗദിയിൽ നിന്നുള്ള എണ്ണ ഇറക്കുമതി ചൈന കുറച്ചിരുന്നു. ഉയർന്ന വില തന്നെ പ്രധാന കാരണം. മാത്രമല്ല ചൈനയിൽ എണ്ണയ്ക്കുള്ള ആവശ്യം കുറയുകയും ചെയ്തു. ഈ മാസം 36 ദശലക്ഷം ബാരൽ എണ്ണയാണ് സൗദിയിൽ നിന്ന് ചൈന ഇറക്കുന്നത്. അതായത് പ്രതിദിനം ഒരു ദശലക്ഷത്തിലധികം. ഓഗസ്റ്റിൽ 44 ദശലക്ഷം ബാരലാനാണ് ചൈന ഇറക്കാൻ പോകുന്നതെന്ന് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തിരുന്നു. കഴിഞ്ഞ മെയ് മാസത്തിന് ശേഷം ആദ്യമായിട്ടാണ് ചൈന സൗദിയിൽ നിന്ന് ഇത്രയധികം എണ്ണ വാങ്ങുന്നത്. കഴിഞ്ഞ വർഷം വരെ ചൈന കൂടുതൽ എണ്ണ വാങ്ങിയത് സൗദിയിൽ നിന്നായിരുന്നു. എന്നാൽ കഴിഞ്ഞ വർഷം മുതൽ ചിത്രം മാറി.

2022 നേക്കാൾ 24 ശതമാനം അധികം എണ്ണ റഷ്യയിൽ നിന്ന് ചൈന ഇറക്കി. ഇത് സൗദിക്ക് തിരിച്ചടിയായി. 2022 നേക്കാൾ രണ്ട് ശതമാനം ഇറക്കുമതി സൗദിയിൽ നിന്ന് ചൈന കുറച്ചു. അതേസമയം, ഏഷ്യയിലേക്കുള്ള മൊത്തം എണ്ണ കയറ്റുമതിയിൽ ഇപ്പോഴും മുന്നിൽ സൗദി അറേബ്യ തന്നെയാണ്. ചൈനയും ഇന്ത്യയുമാണ്റഷ്യയിൽനിന്ന്കൂടുതൽഇറക്കുന്നത്.ഇന്ത്യ എണ്ണ ഇറക്കുന്നതിൽ രണ്ടാം സ്ഥാനം ഇറാഖിനാണ്. മൂന്നാം സ്ഥാനത്താണ് സൗദി അറേബ്യ. വിപണി തിരിച്ചുപിടിക്കാൻ വില കുറച്ച് നൽകുകയാണ് സൗദി അറേബ്യ ഇപ്പോൾ ചെയ്യുന്നത്.

ചൈന സൗദി അറേബ്യയിൽ നിന്ന് കഴിഞ്ഞ ജൂണിൽ വാങ്ങിയത് പ്രതിദിനം 1.12 ദശലക്ഷം എണ്ണയായിരുന്നു. 2020 മാർച്ചിന് ശേഷമുള്ള ഏറ്റവും കുറഞ്ഞ അളവായിരുന്നു ഇത്. ഇനിയും വില കുറച്ചില്ലെങ്കിൽ ലോകത്തെ പ്രധാന വിപണി നഷ്ടമാകുമെന്ന് മനസിലാക്കിയാണ് സൗദി തന്ത്രം മാറ്റിയത്. സെജിയാങ് പെട്രോകെമിക്കൽസ്, സിനോപാക്, സിനോച്ചെം, പെട്രോ ചൈന എന്നീ കമ്പനികളാണ് സൗദിയിൽ നിന്ന് പ്രധാനമായും എണ്ണ വാങ്ങുന്നത്. കാര്യങ്ങൾ ഇങ്ങനെയാണെങ്കിൽ മറുതന്ത്രം ഫലം കണ്ടേക്കും.

# സൈബർ തട്ടിപ്പിൽ കുടുങ്ങി കവി: 5 മണിക്കൂർ കവിത ചൊല്ലൽ



ലക്നൗ: ഉത്തർപ്രദേശിലെ കവിയും എഴുത്തുകാരനുമായ നരേഷ് സക്സേനയ്ക്ക് നേരിടേണ്ടി വന്നത് വേറിട്ട സൈബർ തട്ടിപ്പ്. നരേഷിനെ കൊണ്ട് ഒന്നും രണ്ടും അല്ല, അഞ്ച് മണിക്കൂർ കവിത ചൊല്ലിച്ചു. തട്ടിപ്പാണെന്ന് മനസിലായി കുടുംബാംഗങ്ങൾ ഇടപെട്ടതോടെ ഒടുവിൽ രക്ഷ. പിന്നീട് പൊലീസിൽ പരാതി നൽകി.

ലക്നൗവിൽ നിന്നുള്ള സി.ബി.ഐ ഉദ്യോഗസ്ഥരെന്ന് വിശ്വസിച്ചിപ്പായിരുന്നു തട്ടിപ്പ്. കള്ളപ്പണ കേസിൽ പ്രതിയാക്കുമെന്ന് ഭീഷണി. തുടർന്ന് മണിക്കൂറുകളോളം സംസാരിച്ചു. സ്വന്തം കവിതകൾക്ക് പുറമെ മറ്റ കവിതകളും ചൊല്ലിച്ചു. മണിക്കൂറുകളോളം വാതിലടച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ട വീട്ടുകാർ ഒടുവിൽ അദ്ദേഹം എന്താണ് ചെയ്യുന്നതെന്ന് പരിശോധിച്ചു.

അതുകൊണ്ട് തന്നെ പണമൊന്നും നഷ്ടമാവാതെ രക്ഷപ്പെട്ടു. ഞായറാഴ്ച വൈകുന്നേരം മൂന്ന് മണിയ്ക്കായിരുന്നു സംഭവം. വീഡിയോ കാൾ വന്നു. നരേഷിന്റെ ആധാർ കാർഡ് ഉപയോഗിച്ച് ആരോ ബാങ്ക് അക്കൗണ്ട് തുറക്കുകയും അതിലൂടെ കോടികളുടെ സാമ്പത്തിക കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയും ചെയ്തുവെന്ന് അറിയിച്ചു. കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പറഞ്ഞ ശേഷം സി.ബി.ഐയിലെ ഉദ്യോഗസ്ഥനെന്ന് പരിചയപ്പെടുത്തി.

അറസ്റ്റ് വാറണ്ട് ഉണ്ടെന്നും താങ്കൾ നിരപരാധിയാണെന്ന് മനസിലായതിനാൽ കേസിൽ നിന്ന് ഒഴിവാക്കാമെന്നും പറഞ്ഞു. രേഖകളെക്കുറിച്ച് ചോദിച്ചു. ബാങ്ക് അക്കൗണ്ടുകളും അതിലുള്ള പണവും ഇൻകം ടാക്സ് റിട്ടേണുകളെക്കുറിച്ചും അന്വേഷിച്ചു. പണം നിക്ഷേപം തുടങ്ങിയവയെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ചോദിച്ചറിഞ്ഞു. പൊലീസ് യൂണിഫോമിലായിരുന്നതിനാൽ സംശയം തോന്നിയില്ലെന്ന് സക്സേന പറഞ്ഞു. മുറിയിൽ പുസ്തകങ്ങൾ കണ്ടപ്പോൾ അതിനെക്കുറിച്ച് അന്വേഷിച്ചു. തുടർന്ന് കവിത ചൊല്ലാൻപറഞ്ഞുകവിതകൾഇഷ്ടമായെന്ന് പറഞ്ഞ് അഭിനന്ദിക്കാനും മറന്നില്ല. തുടർന്ന് മുംബൈ സിബിഐയുടെ തലവൻ എന്ന് പരിചയപ്പെടുത്തി മറ്റൊരാളെത്തി. അയാൾക്കും കവിത കേൾക്കണമെന്ന് പറഞ്ഞു. കേസ് 24 മണിക്കൂറിനകം തീർപ്പാക്കാമെന്നും നിലവിൽ വീട്ടു തടങ്കലിൽ വെയ്ക്കുകയാണെന്നും ആയിരുന്നു അയാളുടെ വാക്കുകൾ.

മുറിയുടെ വാതിൽ അടയ്ക്കാനും വീട്ടിൽ ആരോടും പറയരുതെന്നും നിർദേശിച്ചു. വീഡിയോ കോളിൽ തന്നെ കാണമെന്ന നിർദേശവും നൽകി. എന്നാൽ ഏറെ നേരമായിട്ടും മുറി തുറക്കാതെ വന്നപ്പോൾ വീട്ടുകാർക്ക് സംശയം തോന്നുകയായിരുന്നു. മരുമകൾ മുറിയിൽ കയറി പരിശോധിച്ചപ്പോഴാണ് ഫോണിൽ വീഡിയോ കോൾ കണ്ടത്. ഉടൻ തന്നെ കോൾ കട്ട് ചെയ്തു. സംഭവത്തിൽ പൊലീസ് അന്വേഷണം പുരോഗമിക്കുന്നു.







# ഭീകരരെ സഹായിച്ചത് ഹക്കിം ഖാൻ; ആൽപൈൻ വെസ്റ്റ് ആപ്പ് വഴികാട്ടിയായെന്നും എൻഐഎ

ശ്രീനഗർ: റിയാസി ഭീകരാക്രമണത്തിന് എട്ട് ദിവസം മുമ്പ് മൂന്ന് പാകിസ്ഥാൻ ഭീകരർക്ക് അഭയം നൽകിയത് ഖനി തൊഴിലാളിയായ ഹകം ഖാൻ എന്ന ഹക്കിൻ ദിൻ ആണെന്ന് ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) നടത്തിയ അന്വേഷണത്തിൽ കണ്ടെത്തി. ഉറുദുവും പഞ്ചാബിയും സംസാരിക്കുന്ന മൂന്ന് ഭീകരർ ആക്രമണം നടന്ന ജൂൺ 1 രാത്രി മുതൽ 9 വരെ ഖാന്റെ വീട്ടിലാണ് താമസിച്ചത്. ഖാൻ അവർക്ക് ഭക്ഷണവും പാർപ്പിടവും നൽകുക മാത്രമല്ല ആക്രമണം നടന്ന സ്ഥലം നിരീക്ഷിക്കാൻ സഹായിക്കുകയും ചെയ്തെന്ന് ഒരു എൻഐഎ ഉദ്യോഗസ്ഥൻ പറഞ്ഞു. ജൂൺ 15 ന് കേസ് ഏറ്റെടുത്ത ശേഷം ഹകമിനെ എൻഐഎ അറസ്റ്റ് ചെയ്തു. അതിനുശേഷം മൂന്ന് തവണ ഇയാളെ ചോദ്യം ചെയ്തു. ജൂൺ 7 ന് ഹകം മൂന്ന് ഭീകരരെ ആക്രമണം നടന്ന റിയാസിയിലെ പൗനി പ്രദേശത്തേക്ക് ഇയാൾ കൊണ്ടുപോയി. വാഹനങ്ങൾ വേഗത കുറയ്ക്കുന്ന വളവ് ഭീകരർ കണ്ടെത്തിയത് ഇങ്ങനെയാണെന്ന് എൻഐഎ ഉദ്യോഗസ്ഥർ പറയുന്നു.

ജൂൺ 9ന് വൈകിട്ട് ശിവ് ഖോരിയിൽ നിന്ന് കത്രയിലേക്കുള്ള യാത്രക്കാർ സഞ്ചരിച്ചിരുന്ന ബസിനു നേരെ പൂനി ഏരിയയിലെ ഈ വളവിൽ വെച്ച് ഭീകരർ വെടിയുതിർത്തു. തുടർന്ന് വാഹനം സമീപത്തെ കൊക്കയിലേക്ക് വീഴുകയായിരുന്നു. ആക്രമണത്തിൽ ഒരു കുട്ടിയടക്കം 9 പേർ കൊല്ലപ്പെട്ടു.

# ജീവനാംശം ഔദാര്യമല്ല, മുസ്ലീം സ്ത്രീകൾക്കും അവകാശം, ചരിത്രവിധിയുമായി സുപ്രീംകോടതി





ന്യൂഡൽഹി : മുസ്ലീം സമുദായത്തിലെ വിവാഹിതരും വിവാഹമോചിതരുമായ സ്ത്രീകൾക്ക് ക്രിമിനൽ നടപടിച്ചട്ടം 125 പ്രകാരം ജീവനാംശം കിട്ടാൻ ഭരണഘടനാപരമായ അവകാശമുണ്ടെന്ന് സുപ്രീംകോടതിയുടെ ചരിത്ര വിധി.

ജീവനാംശം ഔദാര്യമല്ല. മുസ്ലീം ഉൾപ്പെടെ വിവാഹിതരായ എല്ലാ സ്ത്രീകളുടെയും അവകാശമാണത്. മുസ്ലീം സ്ത്രീകൾക്ക് വിവാഹമോചന ശേഷം ഭർത്താവിൽ നിന്ന് ജീവനാംശത്തിന് സി.ആർ.പി.സി 125 പ്രകാരവും മുസ്ലീം വനിതാ (വിവാഹമോചനഅവകാശ സംരക്ഷണ) നിയമപ്രകാരവും കോടതിയെ സമീപിക്കാം. നിയമവിരുദ്ധമായ മുത്തലാഖ് വഴി വിവാഹമോചിതരാവാൻ

നിർബന്ധിതരായ മുസ്ലീം സ്ത്രീകൾക്കും സി.ആർ.പി.സി 125പ്രകാരം ജീവനാംശത്തിന് അർഹതയുണ്ടെന്നും ജസ്റ്റിസ്മാരായ ബി.വി. നാഗരത്നയും അഗസ്റ്റിൻ ജോർജ് മാസിഹും ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

ഇരുവരും വെവ്വേറെ വിധികളാണ് എഴുതിയത്. വനിതാ ജഡ്ജിയായ നാഗരത്നയുടെ വിധിയിൽ, വീട്ടമ്മ എന്ന നിലയിൽ സ്ത്രീകളുടെ പങ്കും ത്യാഗവും പുരുഷന്മാർ അംഗീകരിക്കണമെന്നതുൾപ്പെടെ ശക്തമായ പരാമർശങ്ങളുണ്ട്.

## കോടതി പറഞ്ഞത്

ജീവനാംശ നിയമം മതഭേദമില്ലാതെ എല്ലാ വിവാഹിതകൾക്കും ബാധകം. മതേതര നിയമമായ സി.ആർ.പി.സിയിൽ നിന്ന് മുസ്ലീം സ്ത്രീകളെ ഒഴിവാക്കാനാവില്ല. മുസ്ലീം വനിതാ (വിവാഹമോചന അവകാശ സംരക്ഷണ) നിയമം മതേതര നിയമത്തിന് മുകളിൽ അല്ല.

സി.ആർ.പി. സി 125 പ്രകാരമുള്ള ജീവനാംശ ഹർജി കോടതിയിൽ ഇരിക്കെ, വിവാഹമോചിതയായ മുസ്ലീം സ്ത്രീക്ക് മുസ്ലീം നിയമ പ്രകാരവും ജീവനാംശം തേടാം.

ഭരണഘടനാ തത്വങ്ങൾ പാലിച്ച്, സ്ത്രീകളെ ലിംഗ വിവേചനത്തിൽ നിന്ന് മോചിപ്പിക്കും, വിവാഹിതരായ സ്ത്രീകളുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കും

## വിധി തെലങ്കാനയിലെ കേസിൽ

വിവാഹമോചിതയായ ഭാര്യയ്ക്ക് മാസം പതിനായിരം രൂപ ജീവനാംശം നൽകണമെന്ന തെലങ്കാനഹൈക്കോടതി ഉത്തരവിനെതിരെ മുഹമ്മദ് അബ്ദുൾ സമദ് സമർപ്പിച്ച ഹർജി തള്ളിയാണ് വിധി. മുസ്ലീം വനിതാ (വിവാഹമോചന അവകാശ സംരക്ഷണ) നിയമം നിലവിലിരിക്കെ, മുസ്ലീം സ്ത്രീകൾക്ക് സി. ആർ.പി.സി 125-ാം വകുപ്പ് പ്രകാരം ജീവനാംശം തേടാനാവില്ലെന്നായിരുന്നു വാദം.

## സി.ആർ.പി.സി 125

ഭാര്യ, കുട്ടികൾ, മാതാപിതാക്കൾ എന്നിവർക്ക് ജീവനാംശം നൽകാനുള്ള വ്യവസ്ഥ. ഭാര്യയെന്ന നിർവചനത്തിൽ വിവാഹമോചിതയായ ശേഷം പുനർവിവാഹം ചെയ്യാത്തവരും വരും.

## വീട്ടമ്മാരെ അംഗീകരിക്കണം

വീട്ടമ്മമാരുടെ ത്യാഗങ്ങൾ പുരുഷന്മാർ അംഗീകരിക്കണം. ഭാര്യക്ക് സാമ്പത്തിക പിന്തുണ നൽകണം.

ഇതിനായി ജോയിന്റ് അക്കൗണ്ട് തുറക്കാമെന്നും എ.ടി.എം കാർഡ് നൽകാമെന്നും കോടതി നിർദ്ദേശിച്ചു.

വിധി സ്വാഗതം ചെയ്യുന്നു. വനിതകൾക്ക് ലിംഗനീതിയും തുല്യതയും ഉറപ്പാക്കുമെന്ന്

രേഖ ശർമ്മ
ദേശീയ വനിതാ കമ്മിഷൻ അദ്ധ്യക്ഷ

# ഇ.ഡി വേട്ടയുടെ ഇരയെന്ന് കേജ്രിവാൾ

ന്യൂഡൽഹി: താൻ ഇ.ഡി വേട്ടയുടെ ഇരയാണെന്നും വിചാരണക്കോടതി അനുവദിച്ച ജാമ്യം റദ്ദാക്കുന്നത് നീതി നിഷേധത്തിന് തുല്യമാകുമെന്നും ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്രിവാൾ ഡൽഹി ഹൈക്കോടതിയെ അറിയിച്ചു. റൗസ് അവന്യു കോടതി കേജ്രിവാളിന് അനുവദിച്ച ജാമ്യത്തിനെതിരെ ഇ.ഡി ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിലാണ് നിലപാടറിയിച്ചത്. മറ്റു പ്രതികളെ സമ്മർദ്ദത്തിലാക്കി തനിക്കെതിരെ മൊഴി പറയിക്കുകയാണ്. കോഴ വാങ്ങിയതിന് തെളിവില്ല. ഒരു രൂപ പോലും കണ്ടെടുത്തിട്ടില്ലെന്നും അറിയിച്ചു. വിചാരണക്കോടതി അനുവദിച്ച ജാമ്യം ജൂൺ 25ന് ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നു. ജാമ്യം റദ്ദാക്കണമോയെന്നതിൽ വിശദമായി വാദം കേൾക്കാനാണ് ഹൈക്കോടതിയുടെ തീരുമാനം.

ജാമ്യവിഷയത്തിൽ അടിയന്തരമായി വാദം കേൾക്കണമെന്ന് കേജ്രിവാളിന്റെ അഭിഭാഷകൻ അഭിഷേക് മനു സിംഗ്‌വി ആവശ്യപ്പെട്ടെങ്കിലും ഇ.ഡിയുടെ എതിർപ്പിനെ തുടർന്ന് ഈ മാസം 15ലേക്ക് മാറ്റി. ജസ്റ്റിസ് നീന ബൻസാൽ കൃഷ്ണയുടേതാണ് നടപടി. ചൊവ്വാഴ്ച അർദ്ധരാത്രിയാണ് കേജ്രിവാളിന്റെ മറുപടി ലഭിച്ചതെന്നും ഇതിനെതിരായി സത്യവാങ്മൂലം സമർപ്പിക്കാൻ സമയം വേണമെന്നും ഇ.ഡിക്ക് വേണ്ടി ഹാജരായ അഡിഷണൽ സോളിസിറ്റർ ജനറൽ എസ്.വി. രാജു ആവശ്യപ്പെടുകയായിരുന്നു.









# ഇന്ത്യൻ 2 ൽ കമൽഹാസന് സ്ക്രീൻ ടൈം കുറവോ? പ്രതികരിച്ച് ശങ്കർ



കമൽഹാസൻ-ശങ്കർ കൂട്ടുകെട്ടിന്റെ ഇന്ത്യൻ 2 തെന്നിന്ത്യൻ സിനിമ പ്രേമികൾ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചിത്രമാണ്.റിലീസ് ചെയ്യാൻ ദിവസങ്ങൾ മാത്രം ബാക്കി നിൽക്കവേ സിനിമയെക്കുറിച്ചുള്ള അഭ്യൂഹങ്ങൾ സമൂഹ മാധ്യമങ്ങളിൽ ചർച്ചയാവുകയാണ്. 1996-ലെ ബോക്സ് ഓഫീസ് റെക്കോർഡുകൾ തകർത്ത 'ഇന്ത്യൻ' ചിത്രത്തിന്റെ രണ്ടാം ഭാഗമാണ് ഇന്ത്യൻ 2. സിനിമയിലെ പ്രധാന കഥാപാത്രമായ സേനാപതിക്ക് ഇന്ത്യൻ 2 ൽ സ്ക്രീൻ ടൈം കുറവായിരിക്കും എന്നാണ് അഭ്യൂഹം. ഇപ്പോഴിതാ ആ അഭ്യൂഹത്തെക്കുറിച്ച് പ്രതികരിച്ചിരിക്കുകയാണ് ശങ്കർ.കമൽഹാസന്റെ കഥാപാത്രം ചിത്രത്തിലുടനീളം പ്രത്യക്ഷപ്പെടുമെന്ന് ശങ്കർ സ്ഥിരീകരിച്ചു. കഥാപാത്രമില്ലാത്ത രംഗങ്ങളിൽ പോലും പ്രേക്ഷകർക്ക് സേനാപതിയുടെ സാന്നിധ്യം അനുഭവപ്പെടുത്തുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യൻ 2 സേനാപതിയെക്കുറിച്ചുള്ളതാണെന്നും ശങ്കർ കൂട്ടിച്ചേർത്തു.ഇന്ത്യനിൽ എ ആർ റഹ്മാൻ സംഗീതം നിർവ്വഹിച്ചപ്പോൾ അനിരുദ്ധ് രവിചന്ദർ ആണ് രണ്ടാം ഭാഗത്തിന് സംഗീതമൊരുക്കുന്നത്. സിദ്ധാർത്ഥ്, രാകുൽ പ്രീത് സിങ്, പ്രിയ ഭവാനി ശങ്കർ, കാളിദാസ് ജയറാം, ബോബി സിംഹ, ഗുരു സോമസുന്ദരം, മനോബാല, വെണ്ണെല കിഷോർ, ദീപ ശങ്കർ തുടങ്ങിയവർ ഇന്ത്യൻ 2ൽ അഭിനേതാക്കളാണ്. ലൈക്ക പ്രൊഡക്ഷൻസും റെഡ് ജെയ്ന്റ് മൂവീസും ചേന്നാണ് നിർമ്മാണം.

# വന്ദനം പോലെ നാളെ ആറാട്ടിനെ കുറിച്ചും ആളുകൾ പറഞ്ഞേക്കും: രചന നാരായണൻകുട്ടി



മറിമായം ടെലിവിഷൻ പരമ്പരയിലൂടെയാണ് സിനിമയിലേക്ക് എത്തിയ താരമാണ് രചന നാരായണൻകുട്ടി. പഞ്ചായത്ത് ജെട്ടിയാണ് അണിയറയിൽ റിലീസിന് തയ്യാറെടുക്കുന്ന രചനയുടെ ഏറ്റവും പുതിയ സിനിമ. സിനിമയുടെ പ്രമോഷനുമായി ബന്ധപ്പെട്ട് രചന നൽകിയ അഭിമുഖമാണ് ഇപ്പോൾ ശ്രദ്ധേയമാകുന്നത്. വളരെ എക്സൈറ്റഡായിട്ടുള്ള സിനിമയാണ് പഞ്ചായത്ത് ജെട്ടി എന്നാണ് രചന പറയുന്നത്. എന്റെ സുഹൃത്തുക്കളുടെ കൂടെ ചെയ്യുന്ന സിനിമയാണ്. മറിമായം ടീം ഉൾപ്പെടുന്ന സിനിമയാണ്. മറിമായത്തിലുള്ള കഥാപാത്രങ്ങളുടെ മാനറിസങ്ങൾ പോലും സിനിമയിൽ വരരുതെന്ന നിർബന്ധത്തോടെയാണ് അഭിനയിച്ചിരിക്കുന്നത്. വളരെ നന്നായി വന്നിട്ടുള്ള സിനിമയാണ്.പൊളിറ്റിക്കൽ സറ്റെയർ എന്ന രീതിയിൽ ഈ സിനിമയെ കാണാം.

ഹോൾ സൊസൈറ്റി നമ്മളെ മാറ്റി നിർത്തുന്ന അവസ്ഥയിൽ നിന്ന് ഹോൾ സൊസൈറ്റി നമ്മളെ സ്വീകരിക്കുന്ന അവസ്ഥയിലേക്ക് എത്തിച്ചത് മറിമായമാണ്. കോമഡി എനിക്ക് വഴങ്ങുമെന്ന് മറിമായം ചെയ്യുന്നത് വരെ അറിയില്ലായിരുന്നു. ആറാട്ട് സിനിമ എല്ലാവർക്കും ഇഷ്ടപ്പെട്ട് കൊള്ളണമെന്നില്ല. എന്നാൽ ഞാൻ വളരെ അധികം എഞ്ചോയ് ചെയ്ത സിനിമയാണ്. തങ്ങൾക്ക് ഇഷ്ടപ്പെട്ട സിനിമയാണ് ആറാട്ടെന്ന് ഒരുപാട് പേർ എന്നോട് വന്ന് പറയാറുണ്ട്. അതൊരു മോഹൻലാൽ മൂവിയായി കണ്ടാൽ മതി. പിന്നെ എനിക്ക് തോന്നിയ ഒരു കാര്യം മാർക്കറ്റിങ് ചെയ്തപ്പോൾ തന്നെ അതൊരു സ്പൂഫാണെന്ന് പറയണമായിരുന്നു. സ്പൂഫ് എന്ന കാറ്റഗറി മലയാളിക്ക് അത്ര പരിചിതമല്ലല്ലോ. സിനിമ ഒരു ഭാഗ്യമാണ്. വന്ദനത്തിന്റെ കാര്യം തന്നെ നോക്കൂ. ആ സിനിമ തിയേറ്ററിൽ ഓടിയിട്ടില്ലല്ലോ. പക്ഷെ നമുക്ക് എല്ലാവർക്കും ഇന്ന് ഇഷ്ടമുള്ള സിനിമയല്ലേ. മലയാളികൾക്ക് ട്രാജഡിയോട് പൊതുവെ താൽപര്യമില്ലെന്നതിന്റെ ഉദാഹരണമാണ് വന്ദനമെന്നും രചന പറയുന്നു.

## ബാർബി താരം മാർഗോട്ട് റോബി അമ്മയാകുന്നു



ഹോളിവുഡിലെ സൂപ്പർനായിക ബാർബിഗേൾ മാർഗോട്ട് റോബി അമ്മയാകുന്നു. ഭർത്താവ് ടോം അക്കാർലിക്കൊപ്പം ആദ്യ കുഞ്ഞിന് വേണ്ടിയുള്ള കാത്തിരിപ്പിലാണ് താരം.ബേബി ബമ്പുമായി താരം അടുത്തിടെ ഭർത്താവിനൊപ്പം പൊതുവേദിയിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ബാർബി എന്ന ഒറ്റ ചിത്രത്തോടെ താരത്തിന്റെ കരിയർ തന്നെ മാറിയിരിക്കുകയാണ്. ഭർത്താവിനൊപ്പം ലേക്ക് കോമോയിൽ ഒരു ബോട്ടിൽ ഇരുവരും കയറുന്നതിന്റെ ചിത്രം ഡെയ്‌ലിമെയിൽ പുറത്തുവിട്ടിരുന്നു.റോബിയും അക്കർലിയും ആദ്യമായി കണ്ടുമുട്ടുന്നത് 2013-ൽ രണ്ടാം ലോകമഹായുദ്ധ നാടകമായ സ്യൂട്ട് ഫ്രാങ്കൈസിന്റെ സെറ്റിൽ വച്ചാണ്. സ്യൂട്ട് ഫ്രാങ്കെയ്സ് എന്ന സിനിമയിൽ ടോം അസിസ്റ്റന്റ് ഡയറക്ടറും മാർഗോട്ട് നായികയുമായിരുന്നു. അതിനു ശേഷം ഇരുവരും ഡേറ്റിംഗിലായിരുന്നു. രണ്ടു വർഷത്തിന് ശേഷം ഇരുവരും വിവാഹം കഴിക്കുകയും ചെയ്തു.

## ഇന്ത്യൻ 2വിന്റെ റിലീസ് തടയണമെന്ന് ആവശ്യം

കമൽ ഹാസനും സംവിധായകൻ ശങ്കറും ഒന്നിക്കുന്ന 'ഇന്ത്യൻ 2' ന്റെ നിരോധിക്കണെമെന്ന് ആവശ്യം. 'മർമ്മ വിദ്യ' എന്ന ആയോധന പരിശീലകനായ രാജേന്ദ്രനാണ് പരാതിക്കാരൻ. ഇന്ത്യൻ സിനിമയുടെ ആദ്യപതിപ്പിൽ കമൽഹാസനെ മർമ്മ വിദ്യ പരിശീലിപ്പിച്ചത് താനാണെന്നാണ് പരാതിക്കാരന്റെ അവകാശവാദം. എന്നാൽ ഇന്ത്യൻ 2വിലും തന്റെ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചിട്ടുണ്ട്. ഇതിനായി തന്റെ അനുമതി തേടിയിട്ടില്ലെന്നുമാണ് പരാതിയിലുള്ളത്. ചിത്രം തിയേറ്ററുകളിലും ഒടിടി പ്ലാറ്റ്ഫോമുകളിലും നിരോധിക്കണമെന്നും അദ്ദേഹം കോടതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## സിനിമ ചിത്രീകരണത്തിനിടെ ഉർവശി റൗട്ടേലയ്ക്ക് ഗുരുതര പരിക്ക്



സിനിമ ചിത്രീകരണത്തിനിടെയുണ്ടായ അപകടത്തിൽ നടി ഉർവശി റൗട്ടേലയ്ക്ക് ഗുരുതരമായി പരിക്കേറ്റു. നടിയെ ഹൈദരാബാദിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായി റിപ്പോർട്ട്. നന്ദമുരി ബാലകൃഷ്ണ നായകനാകുന്ന പുതിയ ചിത്രത്തിലെ സംഘട്ടന രംഗം ചിത്രീകരിക്കുന്നതിനിടെയാണ് അപകടം. എൻബികെ 109 എന്നാണ് ചിത്രത്തിന് പേരിട്ടിരിക്കുന്നത്. ഉർവ്വശിയുടെ അസ്ഥിക്ക് പൊട്ടലുണ്ടെന്നും ചികിത്സയിലാണെന്നും അടുത്ത വൃത്തങ്ങൾ അറിയിച്ചു. അപകടത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പുറത്ത് വരാനിരിക്കുകയാണ്.

# 'നയൻതാര വന്നപ്പോൾ എന്റെ കഥാപാത്രം സൈഡ് ആയി, അണ്ണാത്തെയിൽ അഭിനയിക്കേണ്ടിയിരുന്നില്ല'

ആരാധകരുടെ പ്രിയ താരമാണ് ഖുശ്ബു. വിവാദങ്ങളുടെ കാര്യത്തിലും താരം എന്നും മുന്നിലാണ്. ഇപ്പോഴിതാ രജിനികാന്തിന്റെ അണ്ണാത്തെ എന്ന സിനിമയെക്കുറിച്ച് പ്രതികരിച്ചു രംഗത്ത് എത്തിയിരിക്കുകയാണ് താരം.അണ്ണാത്തെയിൽ താൻ അഭിനയിക്കേണ്ടിയിരുന്നില്ലെന്നാണ് ഖുശ്ബു പറയുന്നത്. തിരിഞ്ഞ് നോക്കുമ്പോൾ അണ്ണാത്തെ ചെയ്യേണ്ടിയിരുന്നോ എന്ന് തോന്നുന്നു. ഞങ്ങളോട് കഥ പറയുമ്പോൾ രജിനി സർക്ക് പെയർ ഇല്ല. അതിനാൽ ഞങ്ങൾക്ക് പ്രാധാന്യം ഉണ്ടായിരുന്നു. സെക്കന്റ് ഹാഫിൽ സഹോദരിയെ തേടി പോകുന്നത് ഒരു സൈഡിൽ ഞാനും മറ്റൊരു സൈഡിൽ മീനയുമാണ്. രജിനി സാറിന് വൺ സൈഡ് ലൗ ആയി ചെറിയൊരു കഥാപാത്രമുണ്ട്, ചെറിയ ആർട്ടിസ്റ്റ് ചെയ്താൽ മതിയാവും എന്ന് ആണ് പറഞ്ഞിരുന്നത്.ഡ്യുയറ്റ് സോങ് ഒന്നും ഇല്ല. ഞങ്ങൾ ഇരുന്ന് ചർച്ച ചെയ്തു. ഈ ആർട്ടിസ്റ്റാണെങ്കിൽ നന്നാകും ആ ആർട്ടിസ്റ്റാണെങ്കിൽ നന്നാകും എന്നൊക്കെ ഞങ്ങൾ ചർച്ച ചെയ്തു. എന്നാൽ പെട്ടെന്ന് ഒരു നായിക വന്നു. ഡ്യൂയറ്റ് സോങും വന്നു. കഥ മാറി. അതോടെ ഞങ്ങളുടെ കഥാപാത്രം കാരിക്കേച്ചറായി. ഇന്റർവെല്ലോടെ കഥാപാത്രം കഴിഞ്ഞു. തന്റെ കഥാപാത്രം എന്തിന് വരുന്നു പോകുന്നു എന്ന് മനസിലാകുന്നില്ലെന്നാണ് ഖുശ്ബു വ്യക്തമാക്കിയത്.അതേസമയം അണ്ണാത്തെയിൽ രജിനികാന്തിന്റെ നായികയായി എത്തിയത് നയൻതാരയാണ്. നയൻതാരയെയാണ് പേരെടുത്ത് പറയാതെ ഖുശ്ബു പരാമർശിച്ചത്. കീർത്തി സുരേഷ്, രജിനികാന്ത് എന്നിവരാണ് അണ്ണാത്തെയിൽ പ്രധാന വേഷം ചെയ്തത്. വൻ താര നിരയായ രജിനികാന്ത്, നയൻതാര, കീർത്തി സുരേഷ്, ഖുശ്ബു, മീന എന്നീ വലിയ താരങ്ങൾ അണിനിരന്ന സിനിമ പരാജയം ആയിരുന്നു.





# വിരമിക്കുന്നു: സൂപ്പർസ്റ്റാർ നിക്കോളാസ് കേജ്



ഹോളിവുഡിന്റെ പ്രിയ താരമാണ് നിക്കോളാസ് കേജ്. ആരാധകരെ നിരാശരാക്കുന്ന ഒരു വാർത്തയാണ് താരത്തെ സംബന്ധിച്ചു ഇപ്പോൾ പുറത്തു വരുന്നത്. സിനിമ ലോകത്ത് നിന്ന് വിരമിക്കുന്നതായി ആണ് ഹോളിവുഡ് സൂപ്പർ സ്റ്റാർ നിക്കോളാസ് കേജ് അറിയിക്കുന്നത്. മൂന്നോ നാലോ സിനിമകളിൽ കൂടി നായകനായി എത്തിയ ശേഷമാകും അഭിനയത്തോട് ഗുഡ് ബൈ പറയുകയെന്നാണ് അദ്ദേഹം വ്യക്തമാക്കിയിരിക്കുന്നത്. അടുത്തിടെ പുറത്തിറങ്ങിയ അഭിമുഖത്തിലാണ് വിരമിക്കലിനെക്കുറിച്ച് അദ്ദേഹം വെളിപ്പെടുത്തിയത്. എനിക്ക് ഇനി മൂന്നോ നാലോ സിനിമകൾ മാത്രമാകാം ശേഷിക്കുന്നത്. എനിക്ക് പറയാനുള്ളതെല്ലാം സിനിമയിലൂടെ പറഞ്ഞുവെന്നാണ് ഞാൻ കരുതുന്നത്. എന്റെ കഴിവിന്റെ പരമാവധിയോളം പ്രകടനങ്ങളും കാഴ്ചവച്ചു. രണ്ടോ മൂന്നോ സപ്പോർട്ടിംഗ് റോളുകളും ചെയ്തു. ഇനി മൂന്നോ നാലോ പ്രധാന കഥാപാത്രങ്ങളും കൂടിയുണ്ടാകും എന്നാണ് കേജ് പറഞ്ഞത്.1981-ൽ ഒരു ടെലിവിഷൻ പരിപാടിയിലൂടെയാണ് അദ്ദേഹം തന്റെ അഭിനയ ജീവിതം തുടങ്ങിയത്. ആക്ഷൻ സിനിമകളിലൂടെ പ്രശസ്തനായ താരത്തിന് ലീവിംഗ് ലാസ് വെഗാസിലെ (1995) അഭിനയത്തിന് അദ്ദേഹത്തിന് അക്കാദമി അവാർഡും ഗോൾഡൻ ഗ്ലോബ് പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

# 'വേണുച്ചേട്ടൻ നഷ്ടപ്പെട്ടു, ഇന്ത്യൻ 2 കാണാൻ ആഗ്രഹം ഇല്ല'; നെടുമുടിയുടെ ഭാര്യ

മലയാള സിനിമയ്ക്കും മലയാളികൾക്കും തീരാ നഷ്ട്ടമായിരുന്നു നടൻ നെടുമുടി വേണുവിന്റെ വിയോഗം. അദ്ദേഹം അവസാനമായി അഭിനയിച്ച ചിത്രങ്ങളിൽ ഒന്നാണ് കമൽഹാസന്റെ ഇന്ത്യൻ 2. എന്നാൽ ആ സിനിമയിൽ ചില രംഗങ്ങളിൽ അദ്ദേഹത്തിന് അഭിനയിക്കാൻ സാധിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ പല രംഗങ്ങളും എഐ ഉപയോഗിച്ചാണ് സിനിമയിൽ ചിത്രീകരിച്ചിരിക്കുന്നത്. ഇപ്പോഴിതാ ഇന്ത്യൻ രണ്ടാം ഭാഗത്തെ കുറിച്ച് സംസാരിക്കുകയാണ് അദ്ദേഹത്തിന്റെ ഭാര്യ സുശീല നെടുമുടി വേണു. ''ഇന്ത്യൻ2 വിന്റെ ചിത്രീകരണം പല കാരണങ്ങൾ കൊണ്ട് നീണ്ടുപോയി. രണ്ടാം ഭാഗം എടുക്കാറായപ്പോഴേക്കും വേണുച്ചേട്ടന് അസുഖത്തിന്റെ തുടക്കമായിരുന്നു. ശരീരം ക്ഷീണിച്ചു. ആ സമയം ശങ്കർ വിളി



ക്കുകയും വേണുച്ചേട്ടൻ തന്നെ വേഷം ചെയ്യണമെന്ന് പറയുകയും ചെയിതു. എന്നാൽ വേണു ചേട്ടൻ ചെയ്യണമോ വേണ്ടയോ എന്ന ആശങ്കയിലായിരുന്നെങ്കിലും പെട്ടെന്ന് തന്നെ ചെയ്യാം എന്ന് തീരുമാനിച്ചു. എന്നാൽ രണ്ടുമൂന്ന് ഷെഡ്യൂൾ കഴിഞ്ഞതും അദ്ദേഹത്തിന്റെ ആരോഗ്യം മോശമായി. ബുദ്ധിമുട്ട് ഉണ്ടായിരുന്നുവെങ്കിലും എല്ലാം അദ്ദേഹം ചെയ്തു. അതേസമയം സിനിമയിൽ നിരവധി ഭാഗങ്ങൾ വേണുച്ചേട്ടൻ അഭിനയിച്ച തീർന്നതാണ്. അതിൽ വളരെ കുറച്ചു സീനുകൾ മാത്രമാണ് എഐ വച്ച് പൂർത്തിയാക്കിയത്. നല്ല കാര്യത്തിനുവേണ്ടി ആ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി. എന്നാൽ സിനിമ കണ്ടിട്ട് എന്ത് കാര്യം. വേണുച്ചേട്ടൻ എനിക്ക് നഷ്ടപ്പെട്ടു കഴിഞ്ഞു. എഐ ഉപയോഗിച്ച് എങ്ങനെ വേണു ചേട്ടനെ കൊണ്ടുവന്നിട്ടുണ്ട് എന്ന് കാണാൻ സത്യത്തിൽ എനിക്ക് ആഗ്രഹമില്ല.'' എന്നും അവർ കൂട്ടിച്ചേർത്തു.

# ആത്മാഭിമാനമുണ്ട്, അംബാനി കല്യാണത്തിൽ പങ്കെടുക്കുന്നില്ലെന്ന് ആലിയ കശ്യപ്



അനന്ത് അംബാനിയുടെ വിവാഹത്തിൽ പങ്കെടുക്കില്ലെന്ന് സംവിധായകൻ അനുരാഗ് കശ്യപിന്റെ മകളും ഇൻഫ്ളുവൻസറുമായ ആലിയ കശ്യപ്. ആത്മാഭിമാനം ഉള്ളത് കൊണ്ടാണ് അംബാനി കുടുംബം നടത്തുന്ന ആഡംബര വിവാഹത്തിൽ നിന്ന് വിട്ടുനിൽക്കുന്നതെന്നും ആലിയ വ്യക്തമാക്കി. അംബാനി കുടുംബത്തിന്റെ വിവാഹ ആഘോഷം വെറും 'സർക്കസ്' മാത്രമാണെന്നും പിആർ വർക്കിനായാണ് സെലിബ്രിറ്റികളെ ക്ഷണിച്ചതെന്നും ആലിയ ആരോപിച്ചു. ഇൻസ്റ്റഗ്രാം ബ്രോഡ്കാസ്റ്റ് ചാനലിലൂടെയാണ് ആലിയ അംബാനി കല്യാണത്തിനെതിരെയുള്ള പരമാർശവുമായി രംഗത്തെത്തിയത്.

# കേരളീയമോ, അതല്ലേ കുളിച്ചില്ലെങ്കിലും പുരപ്പുറത്ത് ഉണക്കാനിടുന്ന തുണിവാൽക്കഷ്ണം !

**കേരളാ വിൻഡോ**

ഏതായാലും 2024 ഡിസംബർ വരെയെങ്കിലും മുഖ്യമന്ത്രി പദവിയിൽ പിണറായി ഉണ്ടാകും. കാരണം, ഡിസബറിലാണ് കേരളീയത്തിന്റെ രണ്ടാം സീസൺ അരങ്ങേറുന്നത്. കഴിഞ്ഞ കേരളീയത്തിന്റെ പിന്നിലുണ്ടായിരുന്ന താപ്പാനകൾ ചൊവ്വാഴ്ച (ജൂലൈ 9) തലസ്ഥാനത്ത് യോഗം ചേർന്നിരുന്നു. അന്നുതന്നെ ഒരു പൊതു പരിപാടിയിലും മുഖ്യമന്ത്രി കേരളീയം 2024 ഡിസബറിൽനടത്തുമെന്ന്പ്രഖ്യാപിക്കുകയുണ്ടായി. സർക്കാർ ഇതിനായി കഴിഞ്ഞ തവണ അനുവദിച്ചത് 28 കോടി രൂപയായിരുന്നു. ഇത്രയും പണം കൊണ്ട് കേരളത്തിൽ നിർമ്മാണം മുടങ്ങിക്കിടക്കുന്ന ദുർബലവിഭാഗങ്ങൾക്കുള്ള800ലൈഫ് വീടുകളെങ്കിലും നിർമ്മിക്കാമായിരുന്നുവെന്ന് ഒരാൾ ചാനലിൽ പറയുന്നതു കേട്ടു.

കേരളീയത്തിനായുള്ള മറ്റ് ചെലവുകൾ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുമെന്നാണ് മുഖ്യമന്ത്രി അറിയിച്ചിട്ടുള്ളത്. പ്രതിപക്ഷ എം.എൽ.എ.മാർ പലവട്ടം നിയമസഭയിൽ ചോദിച്ചിട്ടും സർക്കാർ നൽകിയ 28 കോടി രൂപയുടെ കണക്ക് പുറത്തുവിടാൻ സർക്കാർ വിമുഖരായിരുന്നു. ഒടുവിൽ ആ കണക്ക് നിയമസഭയിൽ വന്നു. ഉദ്ഘാടകനായ സൂപ്പർ സ്റ്റാറിന്റെ വിമാനയാത്രക്കൂലിയടക്കം ഈ പട്ടികയിലുണ്ടായിരുന്നു. സ്പോൺസർഷിപ്പ് തുകകൾ പിരിക്കാൻ കേരളത്തിലെ ജി.എസ്.ടി. തലവനെയാണ് സർക്കാർ രംഗത്തിറക്കിയത്. പി.ആർ.ഡി.യുടെ അക്കൗണ്ട് വഴിയാണ് ഈ തുകയത്രയും ശേഖരിച്ചത്. എന്നാൽ ആ പിരിവിന്റെ കണക്ക് സർക്കാർ ഇതുവരെ ജനങ്ങളെ അറിയിച്ചിട്ടില്ല.

ഇത്തവണ സെപ്തംതബർ ആറിനാണ് ഓണാഘോഷങ്ങളുടെ തുടക്കം. തിരുവനന്തപുരം ഒന്നാകെ ഓണദിനങ്ങളിൽ വൈദ്യുത ദീപങ്ങളാൽ അലങ്കരിക്കപ്പെടുമെങ്കിലും, അതേ ആഘോഷങ്ങളുടെ പൊടിയടങ്ങുന്നതിനു മുമ്പേയാണ് ഇത്തവണ കേരളീയത്തിന്റെ രണ്ടാം സീസൺ അരങ്ങേറുക. മലയാളികൾ ജാതിമതഭേദമില്ലാതെ നടത്തുന്ന ഓണഘോഷങ്ങൾ ഒന്നുകൂടി പകിട്ട് കൂട്ടിയാൽ അതുമതി ലോകമെങ്ങും കേരളത്തിന്റെ ഖ്യാതിയെത്താൻ എന്നിട്ടും 'കേരളീയ' മെന്ന വഴിപാട് പരിപാടി ആരെയോ പോഷിപ്പിക്കാനുള്ളതെന്നാണ് പരാതികളുള്ളത്.

### എല്ലാം സി.എം.ന്റെ പി.ആർ. പരിപാടിളോ?

പിണറായി വിജയൻ എന്ന മുഖ്യമന്ത്രിയെ ശിവകാശിയിലെ ഏതോ പ്രസ്സിൽ അച്ചടിച്ച കളർ പോസ്റ്ററുകളിലൂടെ ഇനി കൂടുതൽ മിഴിവോടെ ജനഹൃദയങ്ങളിലേക്ക് പകരാനുള്ള ശ്രമമാണ് ഇപ്പോൾ കേരളത്തിൽ അരങ്ങേറുന്ന പല ഇവന്റുകളും. നവകേരള സദസ്സിനായി അച്ചടിച്ച പോസ്റ്ററുകളിൽ മുഖ്യമന്ത്രിയുടെ ബിഗ് സൈസ് ഫോട്ടോയും മന്ത്രിമാരുടെ സ്റ്റാമ്പ് സൈസ് ഫോട്ടോയുമാണുണ്ടായിരുന്നത്. ലോക കേരള സഭയും കേരളീയവുമെല്ലാം നടത്തുമ്പോൾ പിണറായിയുടെ 'മൈലേജ്' ഉയരുമെന്ന കണക്കുകൂട്ടൽ ആരുടേതാണാവോ ? കഴിഞ്ഞ കേരളീയത്തിന് മുഖ്യമന്ത്രിയുടെ തലയുള്ള 4 ലക്ഷം പോസ്റ്ററുകളാണ് ഒട്ടിച്ചത് !

ലോക്സഭാ ഇലക്ഷൻ തോൽവിയോടു കൂടി സർക്കാരിന്റെ പണം ചെലവഴിക്കുന്നതിലെമുൻഗണനാക്രമംതിരുത്തുമെന്ന് പാർട്ടിയുടെ സെക്രട്ടറി തന്നെ പറഞ്ഞിരുന്നു. ഗ്രാമങ്ങളുടെ വികസനമാണ് ഇടതു സർക്കാരിന്റെ അജണ്ടയെന്നും പ്രഖ്യാപിക്കുകയുണ്ടായി. കഴിഞ്ഞ ബജറ്റിൽ വരുമാനത്തിന്റെ 1 ശതമാനം (7290 കോടി രൂപ) മാത്രമാണ് മാറ്റിവച്ചതെന്നത് മറക്കരുത്. ഉപ്പിനും കർപ്പൂരത്തിനും ഓട്ടോ ചാർജിലും വർക്ക് ഷോപ്പിലെ പണിക്കൂലിക്കും, സ്കൂൾ കുട്ടികൾക്കായുള്ള പുസ്തക സഞ്ചിക്കും വരെ അമിത നികുതി നൽകുന്ന ജനങ്ങളുടെ 'പിച്ചക്കാശ്നികുതി' തോന്നിയതു പോലെ ചെലവഴിക്കുന്നത് ശരിയോ തെറ്റോ ? ഇക്കാര്യം ജനം ചിന്തിക്കട്ടെ.



### പത്തനംതിട്ടയിൽ പണക്കിലുക്കം, പടല പിണക്കം

പത്തനംതിട്ട ജില്ലാ കമ്മിറ്റിയിൽ ഉന്തും തള്ളുമുണ്ടായത് നവകേരള സദസിനായി പിരിച്ച പണത്തെ ചൊല്ലിയായിരുന്നു. അവിടെ 'ഇഡ്ഡലി' കൂട്ടി വിളിപ്പേരുള്ള കാപ്പക്കേസ് പ്രതിയെ മന്ത്രി വീണാ ജോർജ് മാലയിട്ട് സ്വീകരിച്ചതും,ജില്ലാസെക്രട്ടറിഉദയഭാനുചെങ്കൊടി നൽകി സ്വീകരിച്ചതും ജനം ചാനലുകളിൽ കണ്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ക്രിമിനലുകൾക്കായി സി.പി.എം. തുടങ്ങിയ 'മാനസാന്തര സെന്ററുകൾ' ഇനി പലയിടത്തും പതിവു കാഴ്ചയാകും. ആശുപത്രിയിൽ കയറി സ്ത്രീയെ ആക്രമിച്ച കേസിലെ പ്രതിയെ ആരോഗ്യസ്ത്രീ സുരക്ഷാ വകുപ്പ്മന്ത്രിതന്നെമാലയിട്ട്സ്വീകരിച്ചതിന് എന്തു ന്യായീകരണമാണ് പഴയ ദൃശ്യമാധ്യമപ്രവർത്തക കൂടിയായമന്ത്രി വീണാ ജോർജിന് പറയാനുള്ളത് ?

പാർട്ടിയുടെ ഉന്നതങ്ങളിലെ ദുഷ്പ്രവണതകൾ പ്രാദേശിക ഘടകങ്ങളിലേക്കും 'ആഫ്രിക്കൻപായൽ' പോലെ പരന്നു നിറയുന്നത് എന്തേ ഇടതു സഖാക്കൾ കാണാതെ പോകുന്നത് ? ജനത്തിന് അറിയാത്ത പല അവിഹിത ഇടപാടുകളും പാർട്ടിയിൽ ചേക്കേറിയ ചില പുതു തലമുറ നേതാക്കൾ നടപ്പാക്കുമ്പോൾ, ആ പ്രവണതകളെ പ്രതിരോധിക്കാൻ സഖാവ് കൃഷ്ണ പിള്ളയുടെയും ഇ.എം.എസിന്റെയും അനുയായികൾക്ക് കഴിയാതെ പോകുന്നുണ്ട്.

അന്യ സംസ്ഥാന തൊഴിലാളികളുടെ കേരളത്തിലേക്കുള്ള 'ഇറക്കുമതി' യുടെ നിയന്ത്രണം പണ്ടു മുതലേ പാർട്ടിയുടെ പ്രാദേശിക നേതാക്കളുടെ കൈകളിൽ ഭദ്രമാണ്. ബംഗ്ലാദേശ് ഇന്ത്യാ അതിർത്തിയിലെ ഒരു പുഴ കടന്നു വരുന്നതോടെ, ഒരു അഭയാർത്ഥി പാർട്ടിയുടെ തണലിലേക്കാണ് പ്രവേശിക്കുന്നത്. ഇപ്പോൾ ആ വരവ് കുറഞ്ഞിട്ടുണ്ട്. എറണാകുളം ജില്ലയിലെ പെരുമ്പാവൂരിൽ പ്രവർത്തിച്ചിരുന്ന 'വ്യാജ ആധാർ നിർമ്മാണ കേന്ദ്രം' 50,000ൽ ഏറെ പേർക്കാണ് വ്യാജ ഐ.ഡി. കാർഡുകളും മറ്റും നിർമ്മിച്ചു നൽകിയത്. അന്വേഷണ വിവരം ചോർന്നതോടെ, ഈ 'വ്യാജ ആധാർ കേന്ദ്രം' നടത്തിയ ആൾ അപ്രത്യക്ഷനായി. ഇതു സംബന്ധിച്ച പൊലീസ് അന്വേഷണവും ഇതോടെ നിലച്ചു.

### പാലക്കാട് വിജയരാഘവന്റെ പരാജയ വിലാപം

പാലക്കാട്ട് എട്ടു നിലയിൽ പൊട്ടിയ എ. വിജയരാഘവൻ, സി.പി.എം. പൂതലിച്ചുവെന്നാണ് പറഞ്ഞത്. പത്തനംതിട്ടയിലെ 'ബലിയാട്' ഡോ. തോമസ് ഐസക്കാകട്ടെ, പാർട്ടിക്ക് ജനങ്ങളുമായുള്ളജൈവബന്ധംനഷ്ടപ്പെട്ടതായികുറ്റപ്പെടുത്തി. എം.എ. ബേബിയാകട്ടെ, നാലുപേർ വായിക്കുന്ന എല്ലാ മാധ്യമങ്ങളെയും ഒഴിവാക്കി രവി ഡീസിയുടെ പുസ്തക കച്ചവടത്തിന്റെ കാറ്റ് ലോഗെന്നു പറയാവുന്ന പച്ചക്കുതിരയിൽ പാർട്ടിക്കെതിരെയുള്ള ആരോപണങ്ങൾനിരത്തുകയുണ്ടായി. പാലക്കാട്ട്തോറ്റ വിജയരാഘവൻ ഒരു കാര്യം മറന്നു. അദ്ദേഹത്തിന്റെ സഹധർമ്മിണി മന്ത്രി ആർ. ബിന്ദുവിന്റെ നിയമസഭാ മണ്ഡലത്തിൽ ഇടതു വോട്ടുകളിൽ അരലക്ഷത്തിലേറെ കുറവുണ്ടായെന്നത് വിജയരാഘവൻ സൗകര്യപൂർവം പറയാതെ പോയതെന്ത് ?

### പിരിക്കുന്ന നികുതിയത്രയും 'പുട്ടടിക്കുന്ന' വർഗം !

ജനങ്ങൾ നൽകേണ്ട എല്ലാ നികുതികളും നിരക്കുകളും രണ്ടാം പിണറായി സർക്കാർ കുത്തനെ കൂട്ടി. ഒറ്റ കാര്യം മാത്രം പറയട്ടെ: വൈദ്യുതി ചാർജ് ഇടതു ഭരണകാലത്ത് വർധിപ്പിച്ചത് നാല് തവണയാണ്!

എന്നാൽ വേണ്ടപ്പെട്ടവർക്ക് പണം വാരി വാരി കൊടുക്കുകയാണ് ഈ സർക്കാർ. കേരളത്തിന്റെ ഡെൽഹി പ്രതിനിധി കെ.വി. തോമസിന്റെ പ്രൈവറ്റ് സെക്രട്ടറിയുടെ നിയമനം ഔദ്യോഗികമായി സ്ഥിരീകരിച്ചത് 2024 ജനുവരിയിലാണ്. എന്നാൽ ആ സെക്രട്ടറിയുടെ ശമ്പള കുടിശ്ശിക മുൻകാല പ്രാബല്യത്തോടെ നൽകാൻ ഈ സർക്കാർ തയ്യാറായി. 5 ലക്ഷം രൂപയാണ് സർക്കാർ ഇങ്ങനെ 'ഔദാര്യ പൂർവം' സെക്രട്ടറിക്ക് നൽകിയത്. ഇനി വേറൊരു ഉദാഹരണം കൂടി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കണ്ണൂർ വിമാനത്താവളത്തിന്റെ നഷ്ടം 132 കോടി രൂപയായിരുന്നു. അവിടെയുള്ള 'പുന്നാര എം.ഡി'ക്ക് സർക്കാർ ഇപ്പോൾ വേതനം കൂട്ടി. മൂന്നരലക്ഷം രൂപയായിരുന്ന ശമ്പളം ഇപ്പോൾ 4 കോടി 18 ലക്ഷം രൂപ!

കേരള കലാ മണ്ഡലത്തിന്റെ ചെയർമാനായി ശ്രീമതി മല്ലികാ സാരാഭായ് വന്നത് 'ഫ്രീസർവീസ്' നൽകുമെന്ന് പറഞ്ഞുകൊണ്ടായിരുന്നു. ഇപ്പോൾ 2 ലക്ഷം രൂപയാണ് മല്ലികയുടെ മാസ ശമ്പളം. യാത്രാ ബത്തയും മറ്റ് ചെലവുകളും വേറെ. കാരുണ്യ പദ്ധതിയിൽ 217 കോടി രൂപ കുടിശ്ശികയായിരിക്കെ, ആശുപത്രികളൊന്നും തന്നെ കാരുണ്യ പദ്ധതിയിലില്ലെന്നതാണ് സത്യം. ആശുപത്രികൾക്കു മാത്രമുള്ള കുടിശ്ശിക 217 കോടി രൂപയാണ്. രാഷ്ട്രീയ കുറ്റവാളികളുടെ കേസുകൾ വമ്പൻ വക്കീൽമാരെക്കൊണ്ട് വാദിപ്പിക്കാൻ സർക്കാർ കഴിഞ്ഞ വർഷം ചെലവഴിച്ചത് 2 കോടി 86 ലക്ഷം രൂപയാണ്. കേന്ദ്രവുമായി 'സാമ്പത്തിക വ്യവഹാര'ത്തിനുപോയ വകയിൽ കപിൽ സിബലിന്റെ വക്കീൽ ഫീസ് 1 കോടി കവിഞ്ഞിട്ടുണ്ട്.

### ചില സാമ്പത്തിക യാഥാർത്ഥ്യങ്ങൾ മറക്കരുതേ

ഒരിക്കലും ഇടതുപാർട്ടികളെ കണ്ണുമടച്ച് കുറ്റപ്പെടുത്തുകയാണെന്നു വായനക്കാർ കരുതരുത്. കേന്ദ്ര ബജറ്റിനു മുമ്പ് സംസ്ഥാന ധനമന്ത്രിമാർ കേന്ദ്രമന്ത്രിയെ നേരിട്ടു കണ്ട് ചില നിർദ്ദേശങ്ങൾ സമർപ്പിക്കാറുണ്ട്. ഇത്തവണ നമ്മുടെ സംസ്ഥാന ധനമന്ത്രി രണ്ട് കാര്യങ്ങളാണ് കേന്ദ്രത്തിനു മുമ്പിൽ സമർപ്പിച്ചത്. ഒന്നാമത്തേത് 24000 കോടി കടമെടുക്കാൻ കഴിയുന്ന വിധം സ്പെഷ്യൽ പാക്കേജ് വേണം. രണ്ടാമത്തേത് സിൽവർ ലൈൻ പദ്ധതി അനുവദിക്കണം. ആദ്യം കടമെടുപ്പിന്റെ കാര്യം. ഏതു സംസ്ഥാനമായാലും വരുമാനത്തിന്റെ 10 ശതമാനം പലിശയായി നൽകാവുന്ന വായ്പ മാത്രമേ എടുക്കാവൂ എന്നാണ് കീഴ് വഴക്കം. ഇക്കാര്യത്തിൽ ദേശീയ ശരാശരി പോലും 13.39 ശതമാനമാണ്. പക്ഷെ പലിശയായി കേരളം ഇപ്പോൾ നൽകുന്ന ത വരുമാനത്തിന്റെ 20 ശതമാനത്തോളമാണ് !


ആന്റണി ചടയംമുറി

### കബാലി, പടയപ്പ, മുറിവാലൻ.. കണ്ടും കേട്ടും ജനം മടുത്തു

ഞെട്ടേണ്ട ! ഇതെല്ലാം കാട്ടാനകളുടെ പേരുകളാണ്. ഇന്ന് (ബുധൻ) രാവിലെ ചാനലിൽ കണ്ടത് മലയാറ്റൂരിനടുത്തുള്ള ഇല്ലിത്തോട് നിവാസികളുടെ ജനപക്ഷമായിരുന്നു. രാവിലെ ഉറക്കമെഴുന്നേറ്റ ഒരു വീട്ടുകാർ കാണുന്നത് അവരുടെ കിണറ്റിൽ വീണ കുട്ടിയാനയെ വലിച്ചു കയറ്റാൻ പാടുപെടുന്ന 'അമ്മയാന'യെയാണ്. ഏതായാലും ഒരു വിധത്തിൽ 'അമ്മ' 'മകനെ' വലിച്ചു കയറ്റി. ഇരുവരും കാട്ടിലേക്ക് കയറിപ്പോയി. എന്നാൽ ഈ 'സാഹസിക യജ്ഞം' കാണാൻ ഫോറസ്റ്റുകാർ ആരുമെത്തിയില്ല. സ്റ്റേഷനിൽ വിളിച്ചപ്പോൾ വാഹനമില്ലെന്നായിരുന്നു മറുപടി. ചൊവ്വാഴ്ച രാവിലെ അതിരപ്പിള്ളി മലക്കപ്പാറ റൂട്ടിൽ രണ്ട് മണിക്കൂർ നേരം ട്രാഫിക് നിയന്ത്രിച്ചത് കഴിഞ്ഞ ആഴ്ചക്കുറിപ്പിലെ കരി വീരൻ കബാലിയായിരുന്നു. രോഗികൾ ഇല്ലാതിരുന്ന ഒരു ആംബുലൻസും ഒരു കെ.എസ്.ആർ.ടി.സി ബസ്സും ഭാഗ്യം കൊണ്ടുമാത്രമാണ് കബാലിയിൽ നിന്ന് രക്ഷപ്പെട്ടത്.

വനം വകുപ്പ് എന്തോ ഒരു സംഘർഷ ലഘൂകരണ സംവിധാനം ഏർപ്പെടുത്തിയിരുന്നതായി കഴിഞ്ഞ ആഴ്ചക്കുറിപ്പിൽ എഴുതിയിരുന്നുവല്ലോ. ഏതായാലും മൊബൈലിന് റേഞ്ചില്ലാത്തതുകൊണ്ട് നാട്ടുകാർക്ക് ഈ സംവിധാനം പ്രയോജനപ്പെടുന്നതേയില്ല

### കള്ളക്കർക്കിടകത്തിന്റെ സാമ്പിൾ തന്നെ പൊടി പൂരം

പണമില്ലാത്തതിനാൽ ജനക്ഷേമ പദ്ധതികൾ ഇഴയുന്നു. കേരളത്തിലെ ദേശീയ പാതാ നിർമ്മാണം അദാനിയുടെ കമ്പനി ഏറ്റെടുത്തിട്ടുണ്ടെങ്കിലും, അവർ ചെറുകിട കരാറുകാർക്ക് 'പണി' വീതിച്ചു നൽകിയിരിക്കുകയാണ്. അതാകട്ടെ, തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള ജനങ്ങൾക്ക് 'മുട്ടൻ പണി'യായിക്കഴിഞ്ഞു. അരൂർ ഇടപ്പള്ളി ദേശീയ പാതയിലെ ആകാശപ്പാതയുടെ നിർമ്മാണത്തുടക്കത്തിലേ കുണ്ടന്നൂരും, അരൂരിലും നെട്ടൂരിലുമുള്ള ജനം 'എയറി'ലാണ്. ഇപ്പോഴും സമരം നടക്കുന്നു. ഹൈക്കോടതി ഇടപെട്ടിട്ടും പൊതുമരാമത്ത് വകുപ്പ് മന്ത്രി നിയമസഭയിൽ കൈകഴുകി നിൽപ്പാണ്. എല്ലാ റോഡുകളും പൊട്ടിപ്പൊളിഞ്ഞു കിടന്നിട്ടും 'പഞ്ച് ഡയലോഗ്' പറയുന്ന പഴയ ഡിഫിക്കാരനായ മന്ത്രിക്കു മുന്നിൽ പെടാതെ വഴിമാറി നടക്കുന്നതാണ് ബുദ്ധിയെന്നു തോന്നുന്നു. അതുകൊണ്ട്, ഭരണത്തിന്റെ 'ചെളിക്കുണ്ട്' തീർത്ത് അർമാദിക്കുന്ന എല്ലാ മന്ത്രിമാർക്കും വരാൻ പോകുന്ന കള്ളക്കർക്കിടകത്തിന്റെ നമോവാകം.

◗ ആന്റണി ചടയംമുറി

# ഹരോം ഹര ഒടിടി റിലീസിന്




സുധീർ ബാബു നായകനായി വന്ന ചിത്രമാണ് ഹരോം ഹര. സുധീർ ബാബുവിന്റെ പാൻ ഇന്ത്യൻ ചിത്രമായിട്ടാണ് ഹരോം ഹര പ്രദർശനത്തിനെത്തിയത്. സുധീർ ബാബുവിന്റെ ഹരോം ഹര സിനിമ റിലീസായിരിക്കുന്നത് ജൂൺ 14ന് ആണ്. ആഗോളതലത്തിൽ ഹരോം ഹരോയ്ക്ക് മോശമല്ലാത്ത കളക്ഷൻ നേടാനായി എന്നാണ് റിപ്പോർട്ട്. ഇപ്പോഴിതാ ജൂലൈ 11നാണ് ചിത്രത്തിന്റെ ഒടി ടി റിലീസ് ഔദ്യോഗികമായി നിശ്ചയിച്ചിരിക്കുന്നത്.സംവിധാനം ജ്ഞാനസാഗർ ദ്വാരകയാണ് നിർവഹിക്കുന്നത്. ഛായാഗ്രാഹണം അരുൺ വിശ്വനാഥനാണ്. ചിത്രം ശ്രീ സുബ്രഹ്മണ്യേശ്വര സിനിമാസിന്റെ ബാനറിൽ സുമന്ത് ജി നായ്ഡു നിർമിക്കുമ്പോൾ രമേഷ് കുമാർ ജി വിതരണം ചെയ്യുകയും ചേതൻ ഭരദ്വാജ് പശ്ചാത്തല സംഗീതം നിർവഹിക്കുകയും ചെയ്യുന്നു.



# ഗീതു മോഹൻദാസ് ചിത്രം ടോക്സിക്കിൽ ടോവിനോ എത്തുക വില്ലൻ വേഷത്തിൽ



കെജിഎഫ് നായകൻ യഷിനെ പ്രധാന കഥാപാത്രമാക്കി ഗീതു മോഹൻദാസ് സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് 'ടോക്സിക്''.'എ ഫെയറി ടെയിൽ ഫോർ ഗ്രോൺ അപ്പ്സ്' എന്ന ടാഗ്ലൈനോടെയുള്ള ചിത്രത്തിലെ താരനിരയെക്കുറിച്ച് പല അഭ്യൂഹങ്ങളും സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്ഇപ്പോളിതാ ചിത്രത്തിൽ ടൊവിനോ തോമസ് പ്രതിനായകനായി എത്തുന്നുവെന്ന വാർത്തയാണ് വരുന്നത്. ടൊവിനോയുടെ കന്നട അരങ്ങേറ്റ ചിത്രമാണ് ടോക്സിക്.ചിത്രീകരണം ഇംഗ്ണ്ടിൽ പുരോഗമിക്കുകയാണ്. പാൻ ഇന്ത്യൻ ചിത്രമായി ഒരുങ്ങുന്ന ടോക്സിക്കിൽ നയൻതാര, കിയാര അദ്വാനി, ഹുമ ഖുറേഷി എന്നിവരാണ് നായികമാർ. ബോളിവുഡ് താരം കിയാര അദ്വാനി യഷിന്റെ സഹോദരി വേഷത്തിലാണ് എത്തുന്നത്. ടോക്സിക് - എ ഫെയറി ടെയിൽ ഫോർ ഗ്രൗൺ-അപ്സ് എന്നാണ് ചിത്രത്തിന്റെ മുഴുവൻ പേര്. ഒന്നരവർഷത്തെ ഇടവേളയ്ക്കുശേഷം യഷ് ക്യാമറയ്ക്ക് മുൻപിലേക്ക് വീണ്ടു വരികയാണ്. ടോക് സിക് ഗ്യാങ് സ്റ്റർ ഗണത്തിൽപ്പെടുന്നു.

# ധനുഷിന്റെ 'രായൻ' തിയേറ്ററുകളിലേക്ക്




ധനുഷ് നായകനായെത്തുന്ന ഏറ്റവും പുതിയ ചിത്രമാണ് രായൻ. ധനുഷ് തന്നെ എഴുതി സംവിധാനം ചെയ്യുന്ന ചിത്രമെന്ന പ്രത്യേകതയും ഇതിനുണ്ട്. ചിത്രത്തിന്റെ സെൻസറിങ് പൂർത്തിയായിരിക്കുകയാണ്. ജൂലൈ 26ന് ചിത്രം പ്രദർശനത്തിനെത്തും. എ സർട്ടിഫിക്കറ്റാണ് ചിത്രത്തിന് സെൻസർ ബോർഡ് നൽകിയിട്ടുള്ളത്. സൺ പിക്ചേഴ്സിന്റെ ബാനറിൽ കലാനിധി മാരൻ ആണ് ചിത്രം നിർമിക്കുന്നത്. ചിത്രം ഗോകുലം മൂവീസാണ് കേരളത്തിൽ പ്രദർശനത്തിനെത്തിക്കുന്നതെന്നാണ് റിപ്പോർട്ട്. മലയാളത്തിൽ നിന്ന് അപർണ ബാലമുരളി, നിത്യ മേനോൻ, കാളിദാസ് ജയറാം എന്നിവരും രായനിൽ അഭിനയിക്കുന്നു. സുന്ദീപ് കിഷൻ, വരലക്ഷ്മി ശരത്കുമാർ, ദുഷ്റ വിജയൻ, എസ്ജെ സൂര്യ, പ്രകാശ് രാജ്, സെൽവരാഘവൻ എന്നിവരാണ് ചിത്രത്തിലെ മറ്റ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

# പുതിയ ചിത്രവുമായി ജെന്നിഫർ 'വൈ ഡോണ്ട് യു ലവ് മീ?'

ജെന്നിഫർ ലോറൻസ് ഏവർക്കും പ്രിയപ്പെട്ട താരം ആണ്. A24ൽ നിന്നുള്ള പോൾ ബി. റെയ്നി ഗ്രാഫിക് നോവലിന്റെ അനുകരണമായ വൈ ഡോണ്ട് യു ലവ് മീ എന്ന ചിത്രത്തിലാണ് ജെന്നിഫർ ലോറൻസ് ഇപ്പോൾ അഭിനയിക്കുന്നത്. ഒരു സയൻസ് ഫിക്ഷൻ കോമഡിയായി കണക്കാക്കപ്പെടുന്ന ഈ ചിത്രം, തങ്ങളുടെ ദാമ്പത്യജീവിതത്തിലും തൊഴിൽപരമായ ജീവിതത്തിലും പ്രശ്നങ്ങൾ നേരിടുന്ന ദമ്പതികളുടെ കഥയാണ് പറയുന്നത്. ഔദ്യോഗിക കാസ്റ്റിംഗ് വിവരങ്ങളൊന്നും ഇതുവരെ ലഭ്യമായിട്ടില്ലെങ്കിലും അസന്തുഷ്ടരായ വിവാഹിതരായ ദമ്പതികളിൽ ഭാര്യയായി ലോറൻസ് അഭിനയിക്കും എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. റോബർട്ട് ഫങ്കെ സംവിധാനം ചെയ്യുന്ന ഈ പ്രോജക്റ്റ് നിർമ്മിക്കുന്നത് ലോറൻസ്, ജസ്റ്റിൻ സിയാറോച്ചി, അരി ആസ്റ്റർ, ലാർസ് നഡ്സെൻ, എമിലി ഹിൽഡ്നർ എന്നിവർ ചേർന്നാണ്. ലോറൻസിനെ സംബന്ധിച്ചിടത്തോളം, താരത്തിന്റെ രണ്ടാമത്തെ പ്രൊജക്റ്റ് ആണ്.




# മമ്മൂട്ടിയുടെ ബസൂക്ക ഉപേക്ഷിച്ചോ?



മമ്മൂട്ടിയെ നായകനാക്കി നവാഗതനായ ഡീനോ ഡെന്നീസ് സംവിധാനം ചെയ്യുന്ന ചിത്രമാണ് ബസൂക്ക.2024 ന്റെ ആദ്യ പകുതിയിൽ റിലീസ് ചെയ്യുമെന്ന് പ്രതീക്ഷിച്ച ബസൂക്കയുടെ ടീസർ പോലും ഇതുവരെ പുറത്തിറക്കിയിട്ടില്ല എന്നത് ആരാധകരെ ഏറെ നിരാശരാക്കിയിരുന്നു. ചിത്രം ഉപേക്ഷിച്ചോ എന്ന തരത്തിൽ വരെ ചർച്ചകൾ വന്നിരുന്നു. എന്നാൽ ബസൂക്കയെ കുറിച്ചുള്ള ഏറ്റവും പുതിയ അപ്ഡേറ്റാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. ബസൂക്ക ഈ വർഷം തന്നെ തിയറ്ററുകളിലെത്തും എന്നാണ് പുറത്തു വരുന്ന വിവരം. ബസൂക്കയുടെ ടീസർ വർക്കുകൾ പൂർത്തിയായിട്ടുണ്ട്. ചിത്രത്തിന്റെ ചില പ്രധാന രംഗങ്ങൾ കൂടി ഇനി ഷൂട്ട് ചെയ്യാനുണ്ട്. അതിനു ശേഷമായിരിക്കും ടീസർ പുറത്തുവിടുക എന്നാണ് റിപ്പോർട്ട്.

# 2588 കോടിയുടെ വിസ്മയം! 24 വർഷത്തിനിപ്പുറം ഗ്ലാഡിയേറ്ററി'ന് രണ്ടാം ഭാഗം

ആരാധകരുടെ കാത്തിരിപ്പിനൊടുവിൽ ഗ്ലാഡിയേറ്റർ II-ന്റെ ആദ്യ ട്രെയിലർ പുറത്ത്. ലോക സിനിമാപ്രേമികൾ എന്നും ഓർത്തിരിക്കുന്ന ചിത്രങ്ങളിലൊന്നാണ് 2000 ൽ പുറത്തെത്തിയ ഹോളിവുഡ് ചിത്രം ഗ്ലാഡിയേറ്റർ. ഇപ്പോഴിതാ നീണ്ട 24 വർഷങ്ങൾക്കിപ്പുറം ആണ് ഗ്ലാഡിയേറ്ററിന് ഒരു രണ്ടാം ഭാഗം എത്തുന്നത്.എപിക് ഹിസ്റ്റോറിക്കൽ ഡ്രാമ ഗണത്തിൽ പെടുന്ന ചിത്രം സംവിധാനം ചെയ്തത് റിഡ്ലി സ്കോട്ട് ആയിരുന്നു. മാക്സിമസ് ഡെസിമസ് മെറിഡിയസ് എന്ന നായക കഥാപാത്രമായി എത്തിയത് റസൽ ക്രോ ആയിരുന്നു. ആഗോള ബോക്സ് ഓഫീസിൽ വമ്പൻ




വിജയം നേടിയ ചിത്രം അവാർഡുകളും വാരിക്കൂട്ടിയിട്ടുണ്ട്. ഓസ്കറിൽ 12 നോമിനേഷനുകൾ നേടിയ ചിത്രം മികച്ച ചിത്രവും മികച്ച നടനുമടക്കം അഞ്ച് പുരസ്കാരങ്ങൾ സ്വന്തമാക്കിയിരുന്നു. ഗ്ലാഡിയേറ്റർ 2 എന്ന് പേരിട്ടിരിക്കുന്ന ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് റിഡ്ലി സ്കോട്ട് തന്നെയാണ്. ഗ്ലാഡിയേറ്ററിലെ സംഭവവികാസങ്ങൾ നടന്ന് രണ്ട് പതിറ്റാണ്ടിന് ശേഷമുള്ള കാലത്താണ് ഗ്ലാഡിയേറ്റർ 2 ലെ കഥ നടക്കുന്നത്.

# സർവവൈവൽ ത്രില്ലർ 'സിക്കാഡ' ആഗസ്റ്റ് 9-ന്

സംഗീത സംവിധായകൻ ശ്രീജിത്ത് ഇടവന ആദ്യമായി സംവിധാനം ചെയ്യുന്ന 'സിക്കാഡ ' എന്ന പാൻ ഇന്ത്യൻ സിനിമ ആഗസ്റ്റ് ഒമ്പതിന് പ്രദർശനത്തിനെത്തുന്നു. സർവവൈവൽ ത്രില്ലർ ശ്രേണിയിലേക്ക് കടന്നുവരുന്ന 'സിക്കാഡ'മലയാളം, തമിഴ്, കന്നഡ, തെലുങ്ക് ഭാഷകളിലാണ് നിർമിക്കുന്നത്.ഒട്ടേറെ ചിത്രങ്ങളുടെ സംഗീതസംവിധാനം നിർവഹിച്ച ശ്രീജിത്ത്, സിക്കാഡയുടെ രചനയും സംഗീതസംവിധാനവും നിർവഹിക്കുന്നത് ശ്രീജിത്ത് ഇടവന തന്നെയാണ്. നാലുഭാഷകളിലും വ്യത്യസ്തഗാനങ്ങളുമായാണ് സിക്കാഡ എത്തുക എന്ന പ്രത്യേകതയുമുണ്ട്. തീർണ ഫിലിംസ് ആന്റ് എൻറർടൈൻമെന്റിന്റെ




ബാനറിൽ വന്ദന മേനോൻ,ഗോപകുമാർ പി എന്നിവർചേർന്ന് നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം നവീൻ രാജ് നിർവഹിക്കുന്നു. കൊച്ചി, അട്ടപ്പാടി എന്നിവിടങ്ങളിലായിരുന്നു'സിക്കാഡ ' യുടെ ലോക്കേഷൻസ്.




# ഗാർഫീൽഡ് മൂവി നെറ്റ്ഫ്ലിക്സ് റിലീസ് എപ്പോൾ പ്രതീക്ഷിക്കാം?

ജിം ഡേവിസ് സൃഷ്ടിച്ച ഗാർഫീൽഡ് കോമിക് സ്ട്രിപ്പിനെ അടിസ്ഥാനമാക്കി2024-ൽ പുറത്തിറങ്ങിയ ആനിമേറ്റഡ് അഡ്വഞ്ചർ കോമഡി ചിത്രമാണ് ഗാർഫീൽഡ് മൂവി. ജൂലൈ 9 മുതൽ ചിത്രം ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ എത്തും. ജൂലൈ 9 മുതൽ, ആമസോൺ പ്രൈം, ഗൂഗിൾ പ്ലേ, ആപ്പിൾ ടിവി, വുഡു തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ ഗാർഫീൽഡ് മൂവി ഡിജിറ്റൽ പർച്ചേസിനും റെന്റിനും ലഭ്യമാകും.

റെന്റിന് ഏകദേശം $19.99 ചിലവാകും, അതേ സമയം ആമസോൺ പ്രൈമിൽ വാങ്ങുന്നത് ഏകദേശം $24.99 ആയിരിക്കും.നെറ്റ്ഫ്ലിക്സുമായുള്ള സോണിയുടെ പങ്കാളിത്തം കണക്കിലെടുക്കുമ്പോൾ, ഗാർഫീൽഡ് മൂവി നെറ്റ്ഫ്ലിക്സിൽ സ്ട്രീം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഡിസൈഡറിന്റെ റിപ്പോർട്ട് അനുസരിച്ച്, സമീപകാല സോണി റിലീസുകൾ സാധാരണയായി തിയേറ്റർ റിലീസ് കഴിഞ്ഞ് ഏകദേശം മൂന്നോ നാലോ മാസങ്ങൾക്ക് ശേഷം നെറ്റ്ഫ്ലിക്സിൽ എത്താറുണ്ട്. ചിത്രത്തിൽ ഗാർഫീൽഡായി നിക്കോളാസ് ഹോൾട്ടും ജോൺ അർബക്കിളായി നിക്കോളാസ് ഹൗൾട്ടും അഭിനയിച്ചു.

# രാംചരൺ ചിത്രം ഗെയിം ചേഞ്ചറിന്റെ അപ്ഡേറ്റുമായി സംവിധായകൻ ശങ്കർ

ശങ്കർ ഷൺമുഖം സംവിധാനം ചെയുന്ന തെലുങ്ക് പൊളിറ്റിക്കൽ ത്രില്ലറാണ് ഗെയിം ചേഞ്ചർ. പ്രമുഖ നടൻ രാം ചരൺ ആണ് ചിത്രത്തിലെ പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. കിയാര അദ്വാനി ആണ് നായിക. പ്രശസ്ത നിർമ്മാതാവ് ദിൽ രാജുവിന്റെ 50-ാമത് നിർമ്മാണമാണ് ഈ ചിത്രം. ഇപ്പോൾ ചിത്രത്തെക്കുറിച്ചുള്ള സുപ്രധാന അപ്ഡേറ്റുകൾ വെളിപ്പെടുത്തി രംഗത്ത് എത്തിയിരിക്കുകയാണ് ശങ്കർ.



രാം ചരൺ ചിത്രത്തിന് വേണ്ടിയുള്ള തന്റെ രംഗങ്ങളുടെ ചിത്രീകരണം പൂർത്തിയാക്കി, ഏകദേശം 10-15 ദിവസത്തെ ഷൂട്ടിംഗ് ബാക്കിയുണ്ട്. ചിത്രീകരണം പൂർത്തിയാക്കി എഡിറ്റിംഗ് ജോലികൾ പൂർത്തിയാക്കിയാലുടൻ റിലീസ് തീയതി പ്രഖ്യാപിക്കുമെന്നാണ് ശങ്കർ പറഞ്ഞത്. 2024 ഡിസംബർ 6 ന് റിലീസ് ചെയ്യാനിരിക്കുന്ന അല്ലു അർജുന്റെ പുഷ്പ 2 മായി ഒരു ക്ലാഷ് ഉണ്ടാകില്ലെന്നാണ് റിപ്പോർട്ടുകൾ.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ 124

Movie Samayamaayilla Polum (1978)
Director UP Tomy
Lyrics ONV Kurup
Music Salil Chowdhury
Singer KJ Yesudas

ശ്യാമ മേഘമേ നീയെൻ പ്രേമ
ദൂതുമായ് ദൂരെ പോയ് വരൂ (2)
എന്റെ ദേവി കേഴും ദൂര
മന്ദിരത്തിൽ പോയ് വരൂ
ശ്യാമ മേഘമേ

കാമരൂപാ കാണു നീയെൻ
കാതരയാം കാമിനിയെ (2)
കണ്ണുനീരിൻ പുഞ്ചിരിയായ്
കാറ്റുലയ്ക്കും ദീപമായ്
വിശ്ലഥമാം തന്ത്രികളിൽ (2)
വിസ്മൃതമാം നാദമായ്
എന്റെ ദേവി കേഴും ദൂര
മന്ദിരത്തിൽ പോയ് വരൂ
ശ്യാമ മേഘമേ

ചില്ലുവാതിൽ പാളി നീക്കി
മെല്ലെയെൻ പേർ
ചൊല്ലുമോ നീ (2)
നീൾമിഴിയാം
പൂവിലൂറും നീർമണി
കൈക്കൊള്ളുമോ നീ
ഓമലാൾ തൻ
കാതിലെന്റെ (2)
വേദനകൾ ചൊല്ലുമോ
എന്റെ ദേവി കേഴും ദൂര
മന്ദിരത്തിൽ പോയ് വരൂ
ശ്യാമ മേഘമേ



ഡൽഹി ഡെർബാർ

# ഒഡിഷയിൽ നവീകരണ ശ്രമവുമായി നവീൻ പട്നായിക്

**ബി.ജെ.ഡിയുടെ പുതിയ പൊളിറ്റിക്കൽ സെക്രട്ടറിയായി നിയമിച്ചിരിക്കുന്നത് സംതൃപ്ത് മിശ്രയെ ആണ്. ഈ തീരുമാനത്തിലും നവീൻ പട്നായിക്കിന് അബദ്ധം പിണഞ്ഞെന്നാണ് പാർട്ടിയിലെ ചില മുതിർന്ന നേതാക്കൾ ചൂണ്ടിക്കാട്ടുന്നത്. ഇത് പാളയത്തിൽ പടയായി മാറുമോ..?**



നീണ്ട 24 വർഷത്തിനു ശേഷമാണ് നവീൻ പട്നായികിന് ഒഡിഷയിൽ അധികാരം നഷ്ടപ്പെടുന്നത്. അതിൽ ഏറെ അസ്വസ്ഥനായിരുന്നു അദ്ദേഹം. തിരഞ്ഞെടുപ്പ് തോൽവിക്ക് പിന്നാലെ, നവീൻ രാഷ്ട്രീയ ജീവിതം അവസാനിപ്പിച്ചേക്കുമെന്ന സൂചനകളുമുണ്ടായിരുന്നു. പിന്നീട് ആ തീരുമാനം ഉപേക്ഷിച്ച ശേഷമാണ് പുതിയ പരീക്ഷണത്തിനൊരുങ്ങിയത്.

കനത്ത തോൽവി ഏറ്റുവാങ്ങിയെങ്കിലും വോട്ട് വിഹിതത്തിന്റെ കര്യത്തിൽ ബി.ജെ.ഡിക്ക് ബി.ജെ.പിയെക്കാൾ നേരിയ മുൻതൂക്കമുണ്ടെന്ന് കണ്ടെത്തിയത് പട്നായിക്കിന് ആശയ്ക്ക് വക നൽകുന്നു.

40.22 ശതമാനം വോട്ടാണ് ബി.ജെ.ഡിക്ക് ലഭിച്ചത്. ബി.ജെ.പിക്ക് 40.07 ശതമാനം വോട്ടും ലഭിച്ചു. അസംപ്തൃപ്തരായ വോട്ടർമാരേയും പ്രവർത്തകരേയും പാർട്ടിയിലേക്ക് തിരിച്ചുകൊണ്ടുവരാനായി താഴത്തട്ടുവരെയുള്ള അഴിച്ചുപണിയാണ് നവീൻ ലക്ഷ്യമിടുന്നത്.

2014 മുതൽ ബി.ജെ.പി സർക്കാരിനു രാജ്യസഭയിൽ പിന്തുണ നൽകിയിരുന്ന പാർട്ടിയാണ് ബി.ജെ.ഡി. പല സുപ്രധാന ബില്ലുകളും രാജ്യസഭയിൽ പാസാക്കാൻ കേന്ദ്രസർക്കാരിനു സഹായകമായതും ഈ പിന്തുണയാണ്. ആന്ധ്രപ്രദേശ് മുൻ മുഖ്യമന്ത്രി ജഗൻ മോഹൻ റെഡ്ഡിയുടെ പാർട്ടിയായ വൈ.എസ്.ആർ കോൺഗ്രസിന്റെയും ബി.ജെ.ഡിയുടെയും പിന്തുണയാണ് രാജ്യസഭയിൽ പല ബില്ലുകളും പാസാക്കാൻ ബി.ജെ.പിയെ സഹായിച്ചത്. മുത്തലാഖ്, ജമ്മുകശ്മീർ പുനഃസംഘടന ബിൽ തുടങ്ങിയവ കൊണ്ടുവന്നപ്പോൾ ബി.ജെ.ഡി, കേന്ദ്ര സർക്കാരിന് അനുകൂല തീരുമാനമെടുത്തിരുന്നു.

2019ൽ 12 ലോക്സഭാ എംപിമാരുണ്ടായിരുന്ന ബി.ജെ.ഡിക്ക് ഇപ്പോൾ രാജ്യസഭയിൽ ഒമ്പത് പേർ മാത്രമാണുള്ളത്. ലേക്സഭയിൽ ഒരൊറ്റയാൾ പോലുമില്ല. ഈ അവസ്ഥക്ക് കാരണം ബി.ജെ.പി കൂട്ടുകെട്ടായിരുന്നു എന്ന തിരിച്ചറിവും ഇപ്പോൾ നവീൻ പട്നായികിന് ഉണ്ടായിരിക്കുന്നു.

ഒഡീഷ നിയമസഭ തിരഞ്ഞെടുപ്പിൽ ബി.ജെ.പിയോടേറ്റ കനത്ത പരാജയത്തിനു പിന്നാലെയാണ് ബി.ജെ.ഡിയുടെ നിർണായക തീരുമാനം പുറത്തു വന്നത്.

ദേശീയതലത്തിലും ബി.ജെ.പിയുമായി അകലം പാലിക്കാൻ ബി.ജെ.ഡി തീരുമാനിച്ചു. പതിനെട്ടാം ലോക്സഭയുടെ ആദ്യ സമ്മേളനത്തിൽ പ്രതിപക്ഷത്തിനൊപ്പം ബി.ജെ.ഡി എംപിമാരും പ്രതിഷേധങ്ങളിൽ ശക്തമായി അണിനിരന്നിരുന്നു. ഇതും ബി.ജെ.ഡിയുടെ പോളിസി മാറ്റമായി വിലയിരുത്തപ്പെട്ടിരുന്നു.

ബിജു ജനതാദൾ (ബി.ജെ.ഡി) സ്ഥാപകനായ നവീൻ പട്നായിക് ഒഡീഷയുടെ അനിഷേദ്ധ്യ നേതാവായിരുന്നു. ആധുനിക ഒഡീഷയുടെ ഇതിഹാസ നേതാവും വാസ്തുശില്പിയുമായ ബിജു പട്നായിക്, ഒഡിയയുടെ അഭിമാനത്തിന്റെയും ആദരവിന്റെയും പ്രതിരൂപമായ മനുഷ്യസ്നേഹിയായിരുന്നു. അദ്ദേഹത്തിന്റെ മകനാണ് നവീൻ പടനായിക്.

1946 ഒക്ടോബർ 16ന് കട്ടക്കിലാണ് നവീൻ പട്നായിക് ജനിച്ചത്. ഡെറാഡൂണിലെ വെൽഹാം ബോയ്സ് സ്കൂളിലും ദ ഡൂൺ സ്കൂളിലും പഠിച്ചു. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം, സെന്റ് സ്റ്റീഫൻസ് കോളേജ് ഓഫ് ഡൽഹി യൂണിവേഴ്സിറ്റിയിൽ പഠിച്ച് ബാച്ചിലർ ഓഫ് ആർട്സ് ബിരുദം നേടി. പഠനശേഷം സാഹിത്യലോകത്തിലേക്ക് ചുവടുവച്ച് ഒരു എഴുത്തുകാരനായി മാറി. ഇതിനിടെ ബിജു പട്നായിക് അന്തരിച്ചതിനെ തുടർന്ന് മകൻ നവീൻ രാഷ്ട്രീയത്തിലെത്തി.

1997ലെ ലോക്സഭ ഉപതിരഞ്ഞെടുപ്പിൽ അസ്ക മണ്ഡലത്തിൽ നിന്ന് ആദ്യമായി ലോക്സഭയിലെത്തിയ നവീൻ 1998, 1999 ലോക്സഭ തിരഞ്ഞെടുപ്പുകളിലും അസ്ക മണ്ഡലത്തിൽ നിന്ന് വീണ്ടും ലോക്സഭാംഗമായി. 1998 മുതൽ 2000 വരെ കേന്ദ്ര കാബിനറ്റ് വകുപ്പ് മന്ത്രിയായും പ്രവർത്തിച്ചു.

1997ലെ ജനതാദൾ പിളർപ്പിനെ തുടർന്ന് ജനതാദളിൽ നിന്ന് രാജിവെച്ച് നവീൻ പിതാവിന്റെ പേരിൽ ബിജു ജനതാദൾ എന്ന പുതിയ പാർട്ടി രൂപീകരിച്ചു. പിളർപ്പിനെ തുടർന്ന് ജനതാദൾ നാലു വിഭാഗങ്ങളായി ഇന്ത്യയിൽ വിഘടിച്ചു മാറി. നിതീഷ് കുമാർ നേതാവായ ജനതാദൾ യുണൈറ്റഡ് (ജെ.ഡി.യു), ലാലുപ്രസാദ് യാദവിന്റെ രാഷ്ട്രീയ ജനതാദൾ(ആർ.ജെ.ഡി), ദേവഗൗഡ നയിക്കുന്ന ജനതാദൾ സെക്യുലർ(ജെ.ഡി.എസ്), ഒഡീഷയിൽ നവീന്റെ പാർട്ടിയായ ബിജു ജനതാദൾ (ബി.ജെ.ഡി).

2000ൽ നടന്ന നിയമസഭ തിരഞ്ഞെടുപ്പിൽ ബി.ജെ.ഡി–ബി.ജെ.പി നയിച്ച എൻ.ഡി.എ സഖ്യം നിയമസഭയിൽ ആദ്യമായി കോൺഗ്രസ് ഇതര സർക്കാർ രൂപീകരിച്ചു. 2004ലെ നിയമസഭയിലും എൻ.ഡി.എ സഖ്യം ഒഡീഷയിൽ വീണ്ടും അധികാരത്തിലെത്തി. 2009ൽ ബി.ജെ.ഡി എൻ.ഡി.എ സഖ്യം വിട്ട് ഒറ്റയ്ക്ക് നിയമസഭയിൽ മത്സരിച്ച് വിജയിച്ചു. 147ൽ 103 സീറ്റ് നേടി നവീൻ പട്നായിക് മുഖ്യമന്ത്രിയായി തുടർന്നു. 2014, 2019 എന്നീ വർഷങ്ങളിൽ നടന്ന നിയമസഭ തിരഞ്ഞെടുപ്പുകളിലും ബി.ജെ.ഡി ഒറ്റയ്ക്ക് അധികാരം നിലനിർത്തി.

ഏറ്റവും കൂടുതൽ വർഷം മുഖ്യമന്ത്രിയായവരിൽ രണ്ടാമത്തെയാളാണ് നവീൻ പട്നായിക്. നിലവിൽ മുഖ്യമന്ത്രി പദവിയിൽ 2024 ജൂൺ 12 വരെ 8867 ദിവസം പൂർത്തിയായി. 2024ലെ നിയമസഭ തെരഞ്ഞെടുപ്പിൽ ബി.ജെ.ഡി പരാജയപ്പെട്ടതിനെ തുടർന്ന് 2024 ജൂൺ 5ന് പദവി രാജി വെച്ചു. 1977 ജൂൺ 21 മുതൽ 2000 നവംബർ 5 വരെ തുടർച്ചയായി 23 വർഷം (8539 ദിവസം) പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയായിരുന്ന ജ്യോതിബസു, 1994 ഡിസംബർ 12 മുതൽ മുതൽ 2019 മെയ് 26 വരെ തുടർച്ചയായി 25 വർഷം (8932 ദിവസം) സിക്കിം മുഖ്യമന്ത്രിയായ പവൻ കുമാർ ചാംലിംഗ് എന്നിവരാണ് മറ്റുള്ളവർ. നിലവിൽ 2000 ആണ്ടിൽ മുഖ്യമന്ത്രിയായ നവീൻ മുഖ്യമന്ത്രിസ്ഥാനത്ത് തുടർച്ചയായി 24 വർഷം പിന്നിട്ടിരുന്നു.

നവീൻ പട്നായിക് ഇപ്പോൾ ബി.ജെ.ഡിയുടെ എല്ലാ സംസ്ഥാന തല ഭാരവാഹികളെയും നീക്കം ചെയ്തു. അതിനുശേഷം പാർട്ടിയെ പുനരുജ്ജീവിപ്പിക്കാൻ ആദ്യം ചെയ്തത് വി.കെ. പാണ്ഡ്യനെ ഒഴിവാക്കുകയായിരുന്നു. പാണ്ഡ്യനുമായി അടുത്ത ബന്ധം പുലർത്തുന്ന ബി.ജെ.ഡി സംഘടന സെക്രട്ടറി പ്രണാബ് പ്രകാശ് ദാസ്, മാധ്യമങ്ങളുടെ ചുമതലയുണ്ടായിരുന്ന ജനറൽ സെക്രട്ടറി മനസ് മംഗരാജ് എന്നിവരും സ്ഥാനങ്ങൾ നഷ്ടപ്പെട്ട പ്രധാനികളാണ്.

പിന്നീട് 'പൊളിറ്റിക്കൽ സെക്രട്ടറി' പദവിയിലൊരാളെ കുടിയിരുത്തി. തിരഞ്ഞെടുപ്പിന് മുൻപ് ബി.ജെ.ഡി പാളയത്തിലെത്തിയ സംതൃപ്ത് മിശ്രയെയാണ് പൊളിറ്റിക്കൽ സെക്രട്ടറിയായി തിരഞ്ഞെടുത്തിരിക്കുന്നത്.

ബി.ജെ.ഡിയിൽ എത്തുന്നതിന് മുൻപ് ആദിത്യ ബിർള ഗ്രൂപ്പിന്റെ മുൻ എച്ച്.ആർ മേധാവി ആയിരുന്നു സംതൃപ്ത്. കഴിഞ്ഞ നിയമസഭ തിരഞ്ഞെടുപ്പിൽ മത്സരിച്ചുവെങ്കിലും അദ്ദേഹം പരാജയപ്പെടുകയായിരുന്നു.

പാർട്ടി പ്രവർത്തനങ്ങൾ ചില വ്യക്തികളിലേക്ക് മാത്രം കേന്ദ്രീകരിക്കുന്നത് തടയാനാണ് പുതിയ നീക്കം എന്നാണ് ബി.ജെ.ഡി നൽകുന്ന വിശദീകരണം. വക്താക്കളേയും മാധ്യമ പാനൽ അംഗങ്ങളേയും മാറ്റി പ്രവർത്തിപരിജയമുള്ള നേതാക്കളെയാണ് ബി.ജെ.ഡി നിയമിച്ചിരിക്കുന്നത്. തിരഞ്ഞെടുപ്പ് തോൽവിയിലേക്ക് നയിച്ച പ്രധാന കാരണങ്ങളിലൊന്ന് ബി.ജെ.പി നത്തിയ പ്രചരണത്തെ ചെറുക്കാൻ ശേഷിയുള്ള സോഷ്യൽ മീഡിയ, മാധ്യമ സംവിധാനങ്ങൾ ഇല്ലാതെ പോയതാണെന്ന് പാർട്ടി വിലയിരുത്തിയിരുന്നു.

മുഖ്യമന്ത്രിക്കസേരയിൽ മാത്രം ഇരുന്നു ശീലിച്ച നവീൻ, ഒഡിഷയുടെ പ്രതിപക്ഷ നേതാവ് സ്ഥാനം ഏറ്റെടുത്തിരുന്നു. ഇതിന് പിന്നാലെ, താഴേത്തട്ടിലുള്ള പാർട്ടി നേതാക്കളുമായി ആശയവിനിമയം നടത്താനും ആരംഭിച്ചു. ഈ ആശയവിനിമയം പാർട്ടിയുടെ തുടക്ക കാലത്ത് ഉണ്ടായിരുന്നെങ്കിലും പിന്നീട് നിന്നുപോയിരുന്നു.

എന്നാൽ, വി.കെ. പാണ്ഡ്യനെ വിശ്വസിച്ചതുപോലെ, നവീൻ പുതിയൊരാളെ പാർട്ടിയുടെ ഉയർന്ന പദവിയിലേക്ക് കൊണ്ടുവരുന്നതിൽ ബി.ജെ.ഡിക്കുള്ളിൽ എതിർപ്പ് രൂപപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥാനങ്ങളിൽ രാഷ്ട്രീയത്തിൽ പരിചയമില്ലാത്തവരെ പിടിച്ചിരുത്തിയതിന്റെ ദോഷം കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കണ്ടതാണെന്നും ഇവർ ചൂണ്ടിക്കാട്ടുന്നു. തനിക്ക് കീഴിലുള്ള നേതാക്കളെ നവീൻ പട്നായിക്കിന് വിശ്വാസമില്ലെന്നും അതിനാലാണ് രാഷ്ട്രീയത്തിൽ മുൻപരിചയമില്ലാത്ത, ജനങ്ങളുമായി ഇടപഴകി ശീലമില്ലാത്തവരെ പ്രധാന സ്ഥാനങ്ങളിൽ നിയമിക്കുന്നതെന്നും ഇവർ ചൂണ്ടിക്കാട്ടുന്നു.

2019ന് ശേഷമാണ് ബി.ജെ.ഡിയിൽ വി.കെ. പാണ്ഡ്യൻ പിടിമുറുക്കിയത്. ചുരുങ്ങിയ കാലം കൊണ്ട് നവീൻ പട്നായിക്കിന്റെ വിശ്വസ്തനായ പാണ്ഡ്യൻ, ഐ.എ.എസ് സർവീസിൽ നിന്ന് രാജിവച്ച് ബി.ജെ.ഡിയിൽ ചേരുകയായിരുന്നു. നവീന്റെ രാഷ്ട്രീയ പിൻഗാമിയായി പാണ്ഡ്യനെ ഉയർത്തിക്കാട്ടിയതും തിരിച്ചടിയായി. പാർട്ടി സ്ഥാനാർഥികളെയും പ്രചാരണ രീതികളേയും വരെ തീരുമാനിക്കുന്ന തരത്തിൽ പാണ്ഡ്യൻ ബി.ജെ.ഡിയിൽ ശക്തനായിരുന്നു. ബി.ജെ.പി വലിയരീതിയിൽ പ്രചാരണം നടത്തിയതിന് പിന്നാലെ, തന്റെ രാഷ്ട്രീയ പിൻഗാമിയായി വി.കെ. പാണ്ഡ്യനെ പ്രഖ്യാപിച്ചിട്ടില്ലെന്ന് നവീൻ പട്നായിക് പ്രഖ്യാപിച്ചിരുന്നു. എന്തായാലും ഇപ്പോഴത്തെ നിയമനത്തിൽ ഒരു കൂട്ടർ അസംതൃപ്തരാണ്. അവർ പാളയത്തിൽ പടയായി മാറുമോ എന്നാണിനി അറിയേണ്ടത്.

*എമ എൽസ എൽവിൻ*

# പാരീസ് ഒളിമ്പിക്സിലെ ഇന്ത്യൻ അത്‌ലറ്റുകളുടെ പൂർണ്ണമായ ലിസ്റ്റ്









# ഡച്ച് പടയെ തകർത്ത് ഇംഗ്ലണ്ട് ഫൈനലിൽ

## മെസി [illegible]

# ലാമിൻ യമാൽ; ഇന്ന് ബാഴ്സലോണയുടെ വണ്ടർ കിഡ്







# ഗൗതം ഗംഭീറിന് വെല്ലുവിളികളേറെ; 2 ലോകകപ്പുൾപ്പെടെ 8 ദൗത്യം മുന്നിൽ

ഇന്ത്യൻ ക്രിക്കറ്റിൽ മാറ്റത്തിന്റെ കാലമാണ്. രാഹുൽ ദ്രാവിഡിൽ നിന്ന് ഗൗതം ഗംഭീറിലേക്ക് ടീമിന്റെ കടിഞ്ഞാൺ എത്തിയിരിക്കുകയാണ്. ഇരുവരും വ്യത്യസ്ത ശൈലിയിലുള്ള വ്യക്തിത്വങ്ങൾ ആയതിനാൽ ഗംഭീറിന് കീഴിൽ ടീമിന്റെ സമീപനത്തിൽ പല മാറ്റങ്ങളും പ്രതീക്ഷിക്കാം. 11 വർഷത്തെ കാത്തിരിപ്പിനൊടുവിൽ ഇന്ത്യയ്ക്കായി ഐസിസി ട്രോഫി നേടിയതിന് പിന്നാലെയാണ് ദ്രാവിഡ് ഗംഭീറിന് തന്റെ റോൾ കൈമാറിയത്. ദ്രാവിഡ് നിർത്തിയിടത്തു നിന്ന് തുടങ്ങി ടീമിനെ കൂടുതൽ ഉയരങ്ങളിലെത്തിക്കുക എന്നതാണ് ഇപ്പോൾ അദ്ദേഹത്തിന്റെ ദൗത്യം. 2027 വരെയുള്ള കാലയളവിൽ ഗംഭീറിന് മുന്നിൽ എട്ട് വലിയ മത്സരങ്ങളുണ്ട്. ഇതിൽ എത്രയെണ്ണത്തിൽ ടീമിനെ വിജയികളാക്കാൻ അദ്ദേഹത്തിനു സാധിക്കുമെന്ന് കാണേണ്ടിയിരിക്കുന്നു.ഈ വർഷമവസാനവും അടുത്ത വർഷമാദ്യവും നടക്കാനിരിക്കുന്ന ഓസ്ട്രേലിയയുമായുള്ള അഞ്ചു ടെസ്റ്റുകളുടെ പരമ്ബരയാണ് ആദ്യത്തേത്.

ബോർഡർ- ഗവാസ്കർ ട്രോഫിക്കായുള്ള ഈ പോരാട്ടം കോച്ചെന്ന നിലയിൽ ഗംഭീറിനു അഗ്നിപരീക്ഷ തന്നെയായിരിക്കും. ഓസ്ട്രേലിയയെ അവരുടെ മണ്ണിൽ തോൽപ്പിക്കുകയെന്നത് ലോകകപ്പ് നേട്ടത്തിനു തുല്യമായാണ് പരിഗണിക്കപ്പെടുന്നത്. അടുത്ത വർഷത്തെ ചാമ്പ്യൻസ് ട്രോഫിയാണ് ഗംഭീറിന്റെ രണ്ടാമത്തെ ദൗത്യം. ഇന്ത്യൻ കോച്ചെന്ന നിലയിൽ ഗംഭീറിന്റെ ആദ്യ ഐസിസി ടൂർണമെന്റ് കൂടിയാണിത്. ഇതിനായി മികച്ച ഒരു ടീമിനെ അദ്ദേഹം തയ്യാറാക്കേണ്ടതുണ്ട്. സീനിയർ താരങ്ങളുള്ള ഏറ്റവും ശക്തമായ ടീമിനെയാണ് ഇന്ത്യ ടൂർണമെന്റിൽ ഇറക്കുക.2025ലെ ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ ആണ് മൂന്നാമത്തേത്. ണഠഇ പോയിന്റ് പട്ടികയിൽ നിലവിൽ ഇന്ത്യയാണ് ഒന്നാമത്. അസ്വാഭാവികമായി ഒന്നും സംഭവിച്ചില്ലെങ്കിൽ തുടർച്ചയായി മൂന്നാം തവണയും ഇന്ത്യ ഫൈനലിലെത്തും. ഓസ്ട്രേലിയ, ന്യൂസിലൻഡ് ഇവയിലൊരു ടീമായിരിക്കും ഇന്ത്യയുടെ എതിരാളികൾ. 2021ലും 2023ലും നടന്ന അവസാന രണ്ട് ഡബ്ല്യുടിസി ഫൈനലുകളിലും ഇന്ത്യ തോറ്റിരുന്നു. ഈ തോൽവി പരമ്പര അവസാനിപ്പിക്കാൻ ഗംഭീറിന് കഴിയുമോ എന്ന് കാത്തിരുന്ന് കാണണം. 2026ൽ നടക്കാനിരിക്കുന്ന ടി20 ലോകകപ്പാണ് ഗംഭീറിന്റെ അഞ്ചാമത്തെ ചാലഞ്ച്. ഇന്ത്യയെക്കൂടാതെ ശ്രീലങ്കയും ടൂർണമെന്റിനു ആതിഥേയത്വം വഹിക്കുന്നുണ്ട്. ടി20 ലോകകപ്പിനു ശേഷം 2026ൽ ന്യൂസിലാൻഡിൽ നടക്കാനിരിക്കുന്ന ടെസ്റ്റ് പരമ്ബരയും ഗംഭീറിനു വെല്ലുവിളിയാണ്.




## കോപ്പ ഫൈനൽ അവസാന മത്സരം; അർജൻറീനയുടെ 'മാലാഖ' ബൂട്ടഴിക്കുന്നു

ജൂലൈ 15ന് നടക്കുന്ന കോപ്പ അമേരിക്ക ഫൈനൽ അർജന്റീന ജേഴ്സിയിലെ തന്റെ അവസാന മത്സരമാകുമെന്ന് പ്രഖ്യാപിച്ച് അർജന്റീനൻ താരം ഏഞ്ചൽ ഡിമരിയ.നേരത്തെ തന്നെ ഈ കോപ്പ അമേരിക്കയ്ക്ക് ശേഷം രാജ്യാന്തര കരിയറിനോട് വിടപറയുമെന്ന് ഡിമരിയ വ്യക്തമാക്കിയിരുന്നു. രാജ്യത്തിന് വേണ്ടി അവസാന മത്സരം കളിക്കാൻ മാനസികമായി ഞാൻ തയ്യാറല്ല. പക്ഷേ ഇതാണ് അതിനുള്ള സമയമെന്ന് ഞാൻ കരുതുന്നു. കളിക്ക് മുൻപ് തനിക്ക് വേണ്ടി ഫൈനലിൽ എത്തണമെന്ന് മെസ്സി പറഞ്ഞിരുന്നു.ഫൈനലിൽ എന്ത് തന്നെ സംഭവിച്ചാലും എനിക്ക് തല ഉയർത്തി തന്നെ മടങ്ങാം. ഇതുവരെ എന്റെ രാജ്യത്തിനായി എല്ലാം നൽകിയാണ് കളിച്ചത്. എന്നെ എന്നും പിന്തുണച്ചവർക്ക് നന്ദി പറയുന്നു. കാനഡയ്ക്കെതിരായ സെമിഫൈനൽ വിജയത്തിന് പിന്നാലെ ഡിമരിയ പറഞ്ഞു.അർജന്റീനയ്ക്ക് വേണ്ടി ലോകകപ്പ് ഫൈനൽ,കോപ്പ അമേരിക്ക ഫൈനൽ,ഒളിമ്ബിക്സ്,ഫൈനൽ,ഫൈനലിസിമ ഫൈനൽ മത്സരങ്ങളിൽ നിർണായകമായ ഗോളുകൾ നേടാൻ അർജന്റീനയുടെ മാലഖയ്ക്ക് സാധിച്ചിരുന്നു. മെസ്സിക്ക് ഒപ്പം അർജന്റീനയുടെ വിജയങ്ങളിൽ നിർണായക പങ്കാണ് ഡിമരിയയും വഹിച്ചത്.

## കോപ്പയിൽ അർജൻറീന–കൊളംബിയ കലാശപ്പോര്



നോർത്ത് കരോളൈന: കോപ്പ അമേരിക്കയിൽ കൊളംബിയ ഫൈനലിൽ. സെമിയിൽ ഉറുഗ്വെയെ എതിരില്ലാത്ത ഒരു ഗോളിന് കീഴടക്കിയാണ് കൊളംബിയൻ തേരോട്ടം. കിക്കോഫ് മുതൽ കൊളംബിയയുടെ മുന്നേറ്റമാണ് കണ്ടത്. 39-ാം മിനിറ്റിൽ ജെഫേഴ്സൺ ലേമയുടെ ഗോളിലൂടെയാണ് കൊളംബിയൻ മുന്നേറ്റം. സൂപ്പർ താരം ജെയിംസ് റോഡ്രിഗസിൻറെ അസിസ്റ്റിൽനിന്നാണ് കൊളംബിയയുടെ ഗോൾ പിറന്നത്.45+1-ാം മിനിറ്റിൽ ഡാനിയൽ മുനോസിന് രണ്ടാം മഞ്ഞക്കാർഡ് കിട്ടി പുറത്തായി. ഇതോടെ കൊളംബിയ പത്തുപേരായി ചുരുങ്ങി.പത്തു പേരുമായി രണ്ടാംപകുതി ആരംഭിച്ച കൊളംബിയ പ്രതിരോധത്തിലായി. ആദ്യപകുതിയിലേതു പോലെയുള്ള മുന്നേറ്റങ്ങളോ ആക്രമണങ്ങളോ രണ്ടാംപകുതിയിൽ കാണാനായില്ല.66-ാം മിനിറ്റിൽ സൂപ്പർ താരം ലൂയിസ് സുവാരസ് കളത്തിലെത്തിയതോടെ ഉറുഗ്വെ മുന്നേറ്റങ്ങൾക്ക് മൂർച്ച കൂട്ടി. സുവാരസിന് മികച്ച അവസരങ്ങൾ ലഭിച്ചെങ്കിലും ലക്ഷ്യത്തിലെത്തിക്കുന്നതിൽ പിഴച്ചു.

# രക്തസമ്മർദ്ദം നിയന്ത്രിക്കാൻ ഈ നാല് 'S' കൾ ശ്രദ്ധിക്കാം

ലോകമെമ്പാടുമുള്ള മുതിർന്നവരിൽ മൂന്നിലൊന്ന് പേരും ഉയർന്ന രക്തസമ്മർദ്ദം അനുഭവിക്കുന്നു. ആഗോളതലത്തിൽ ഇത് നിയന്ത്രിക്കാനായാൽ 2050ഓടെ 76 ദശലക്ഷം ജീവൻ രക്ഷിക്കാനാകുമെന്നാണ് ലോകരോഗ്യ സംഘടനയുടെ കണക്ക്.

രോഗലക്ഷണങ്ങളില്ലാത്തതിനാൽ ഉയർന്ന രക്തസമ്മർദ്ദം നിശബ്ദ കൊലയാളി എന്നാണ് അറിയപ്പെടുന്നത്. ഉയർന്ന രക്തസമ്മർദ്ദം ഹൃദയാഘാതം, പക്ഷാഘാതം, വൃക്കരോഗം എന്നിവയിലേക്ക് നയിക്കുന്നു, ഇത് മരണത്തിലേക്ക് നയിച്ചേക്കാം.

ഹൃദയം ധമനികൾ വഴിയാണ് ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും രക്തം എത്തിക്കുന്നത്. മിനിട്ടിൽ 70 തവണയോളം ഹൃദയം രക്തം പമ്പ് ചെയ്യുന്നുണ്ട്. ധമനികളിലൂടെ രക്തം പ്രവഹിക്കുമ്പോൾ അതിന്റെ ഭിത്തിയിൽ ഏൽപ്പിക്കുന്ന സമ്മർദമാണ് രക്തസമ്മർദം. രക്തസമ്മർദം അധികരിക്കുമ്പോൾ ഈ ആർട്ടറികൾക്ക് കട്ടി കൂടുകയും ഇവയിൽ ക്ലോട്ടുകൾ രൂപപ്പെടുകയോ ചെയ്യാം. ഈ ക്ലോട്ടുകൾ ഹൃദയത്തിലേക്കോ തലച്ചോറിലേക്കോ കടക്കുകയും ഹൃദയാഘാതം, പക്ഷാഘാതം എന്നിവ സംഭവിക്കുകയും ചെയ്യുന്നു.

നിങ്ങൾക്ക് ഉയർന്ന രക്തസമ്മർദ്ദം ഉണ്ടെന്ന് കണ്ടെത്തിയാൽ, അപകടസാധ്യത ഒഴിവാക്കാൻ ഈ നാല് 'എസ്' മനസ്സിൽ വയ്ക്കുക.

**1. സാൾട്ട്**: ഉപ്പ് അമിതമായി കഴിക്കുന്നത് ഉയർന്ന രക്തസമ്മർദ്ദവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് ശരീരത്തിൽ ജലാംശം നിലനിർത്തുകയും രക്തക്കുഴലുകളിലൂടെയുള്ള രക്തയോട്ടം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ അധിക ദ്രാവകം ധമനികളുടെ ചുമരുകളിൽ സമ്മർദ്ദം ചെലുത്തുകയും കാലക്രമേണ ഉയർന്ന രക്തസമ്മർദ്ദത്തിലേക്ക് നയിക്കുകയും ചെയ്യും. ഉയർന്ന രക്തസമ്മർദ്ദം ഹൃദയത്തെയും രക്തധമനികളെയും തകരാറിലാക്കുകയും ഹൃദയാഘാതം, പക്ഷാഘാതം, വൃക്കരോഗങ്ങൾ എന്നിവയ്ക്കുള്ള സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു.




**2. സ്മോക്കിങ്**: ഉയർന്ന രക്തസമ്മർദ്ദവും പുകവലിയും ഹൃദ്രോഗത്തിലേക്ക് നയിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. നിങ്ങൾ പുകവലിക്കുമ്പോൾ, രാസവസ്തുക്കൾ നിങ്ങളുടെ രക്തത്തിൽ പ്രവേശിക്കുന്നു. ഇത് രക്തക്കുഴലുകൾ ഇടുങ്ങിയതാക്കുകയും രക്തസമ്മർദ്ദം ഉയരുകയും ചെയ്യുന്നു. കാലക്രമേണ, പുകവലി രക്തക്കുഴലുകളുടെ പാളിക്ക് കേടുപാടുകൾ വരുത്തുകയും രക്തസമ്മർദ്ദം വർദ്ധിപ്പിക്കാൻ കഴിയുന്ന ഫാറ്റി ഡിപ്പോസിറ്റുകളുടെ നിർമ്മാണത്തെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. പുകവലി രക്തത്തിലെ ഓക്സിജന്റെ അളവ് കുറയ്ക്കുന്നു, അതിനാൽ ടിഷ്യൂകളിലേക്ക് രക്തം പമ്പ് ചെയ്യാൻ ഹൃദയം കഠിനാധ്വാനം ചെയ്യേണ്ടിവരും. ഇത് രക്തസമ്മർദ്ദം വർദ്ധിപ്പിക്കുന്നു. ഉയർന്ന രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിൽ ഹൃദ്രോഗ സാധ്യത കുറയ്ക്കുന്നതിന് വിദഗ്ധർ നിർദ്ദേശിക്കുന്ന മരുന്നുകൾക്കൊപ്പം പുകവലി നിർത്തലും ജീവിതശൈലി ക്രമീകരിക്കലും ഉൾപ്പെടുന്നു.

**3. സ്ലീപ്**: ഉറക്കമില്ലായ്മയാണ് ഉയർന്ന രക്തസമ്മർദ്ദത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന്. ഇത് ശരീരത്തിന്റെ സ്വാഭാവികമായ താളം തെറ്റിക്കുകയും ഹോർമോണുകളുടെ അളവിനെ ബാധിക്കുകയും രക്തസമ്മർദ്ദം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിൽ പങ്ക് വഹിക്കുന്ന കോർട്ടിസോൾ ഉൾപ്പെടെയുള്ള സ്ട്രെസ് ഹോർമോണുകളെ നിയന്ത്രിക്കാൻ ഉറക്കം സഹായിക്കുന്നു. സ്ലീപ് അപ്നിയ പോലുള്ള ഉറക്കത്തെ ബാധിക്കുന്ന അവസ്ഥകൾ നാഡീവ്യവസ്ഥയുടെ പ്രവർത്തനത്തെ ബാധിക്കുകയും ഉയർന്ന രക്തസമ്മർദ്ദം ഉണ്ടാക്കുകയും ചെയ്യും. അപര്യാപ്തമായ ഉറക്കം രക്തക്കുഴലുകളുടെ പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുകയും നീർവീക്കത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുകയും കാലക്രമേണ ഉയർന്ന രക്തസമ്മർദ്ദത്തിലേക്ക് നയിക്കുകയും ചെയ്യും. ഉറക്കസമയം ക്രമീകരിക്കുകയും മതിയായ ഉറക്കം ഉറപ്പാക്കുകയും ചെയ്യുന്നത് രക്തസമ്മർദ്ദം നിയന്ത്രിക്കാനും ശരീരത്തിന്റെയും ഹൃദയത്തിന്റെയും മൊത്തത്തിലുള്ള ആരോഗ്യം സംരക്ഷിക്കാൻ സഹായിക്കും.

**4. സ്ട്രെസ്** : സമ്മർദം രക്തസമ്മർദത്തിന്റെ നിലയെ സാരമായി ബാധിക്കും. സ്ട്രെസ് അനുഭവിക്കേണ്ടി വരുമ്പോൾ രക്തസമ്മർദം സ്വാഭാവികമായും കൂടും. സമ്മർദത്തിലായിരിക്കുമ്പോൾ ശരീരം കോർട്ടിസോൾ, അഡ്രിനാലിൻ തുടങ്ങിയ ഹോർമോണുകൾ പുറപ്പെടുവിക്കുകയും ഇത് ഹൃദയനിരക്ക് കൂട്ടുകയും ചെയ്യും. റിലാക്സേഷൻ ടെക്നിക്കുകൾ, ശാരീരിക വ്യായാമങ്ങൾ, ആവശ്യത്തിന് ഉറക്കം എന്നിവയിലൂടെ സമ്മർദം ലഘൂകരിക്കുകയും ഇതുവഴി രക്തസമ്മർദത്തിന്റെ അപകടസാധ്യത ഇല്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യാം.

# വെറും വെളുത്ത ദ്രാവകമല്ല; പാൽ കുടിച്ചാൽ നിരവധി ഗുണങ്ങൾ!



പാൽ ആരോഗ്യത്തിന് വളരെ നല്ലതാണെന്ന് നമുക്കറിയാം. വിറ്റാമിനുകളും കാൽസ്യവും ധാരാളം അടങ്ങിയിട്ടുള്ള പാലിൽ ധാരാളം ഗുണങ്ങളുണ്ട്. വെണ്ണ, തൈര്, പായസം, മിൽക്ക് ഷേക്ക്, തൈര്, ഐസ്ക്രീം എന്നിങ്ങനെ വിവിധ രൂപങ്ങളിൽ പാൽ ഉപയോഗിക്കാം. ഇവയെല്ലാം ശരീരവളർച്ചയ്ക്കും ആരോഗ്യത്തിനും ഏറെ ഗുണകരമാണ്.

### പോഷക സമ്പുഷ്ടം

കാൽസ്യം: ബലമുള്ള എല്ലുകൾക്കും പല്ലുകൾക്കും അത്യന്താപേക്ഷിതമാണ്.

പ്രോട്ടീൻ: ഉയർന്ന ഗുണമേന്മയുള്ള പ്രോട്ടീൻ പേശികളുടെ പുനരുദ്ധാരണത്തെയും വളർച്ചയെയും പിന്തുണയ്ക്കുന്നു.

വിറ്റാമിനുകൾ: വിറ്റാമിൻ ഡി, ബി 12, റൈബോഫ്ളേവിൻ എന്നിവയാൽ സമ്പന്നമാണ്.

ധാതുക്കൾ: ഫോസ്ഫറസ്, പൊട്ടാസ്യം, മഗ്നീഷ്യം എന്നിവ നൽകുന്നു.

### അസ്ഥി ആരോഗ്യം

കാൽസ്യം, വിറ്റാമിൻ ഡി: വികസനത്തിനും പരിപാലനത്തിനും സഹായിക്കുന്നു. പതിവായി കഴിക്കുന്നത് ഓസ്റ്റിയോപൊറോസിസ് സാധ്യത കുറയ്ക്കും. നിത്യവുമുള്ള നിങ്ങളുടെ വ്യായാമത്തിനു ശേഷം നഷ്ടപ്പെട്ടപോയ ഉന്മേഷവും ഊർജസ്വലതയും എല്ലാം തിരികെ നേടാൻ സഹായിക്കുന്ന ഒരു എനർജി ഡ്രിങ്ക് കൂടിയാണ് പാൽ.

### പ്രമേഹസാധ്യത കുറയ്ക്കുന്നു

പതിവായി പാൽ കുടിക്കുന്നത് ടൈപ്പ് 2 പ്രമേഹം വരാനുള്ള സാധ്യത കുറയ്ക്കും. മധുരപാനീയങ്ങൾക്കു പകരം പാൽ കുടിക്കുന്നത് രക്തത്തിലെ പഞ്ചസാരയുടെ അളവ് വർധിക്കാതെ നിയന്ത്രിച്ചു നിർത്താൻ സഹായിക്കും.

### ശരീരഭാരം കുറയ്ക്കാൻ

ശരീരഭാരം കുറയ്ക്കാനുള്ള ശ്രമത്തിലാണെങ്കിൽ പാൽ പതിവായി ഭക്ഷണത്തിൽ ഉൾപ്പെടുത്താം. പാലിൽ അന്നജം, പ്രോട്ടീൻ, കൊഴുപ്പ് ഇവ ശരിയായ അനുപാതത്തിൽ അടങ്ങിയിരിക്കുന്നു. അതുകൊണ്ട് പാൽ കുടിച്ചാൽ ഏറെ നേരം വയർ നിറഞ്ഞിരിക്കുന്നതായി തോന്നിക്കും.

### ഹൃദയാരോഗ്യം

പാലിൽ പൊട്ടാസ്യം അടങ്ങിയിട്ടുണ്ട്. ഈ കാരണത്താൽ പാലും പാലുൽപന്നങ്ങളും പതിവായി ഉപയോഗിക്കുന്നത് പക്ഷാഘാതം, ഹൃദയസംബന്ധമായ രോഗങ്ങൾ, രക്താതിമർദം ഇവയ്ക്കുള്ള സാധ്യത കുറയ്ക്കുന്നു.

### മൊത്തത്തിലുള്ള ആരോഗ്യം

രോഗപ്രതിരോധ പിന്തുണ: പാലിലെ വിറ്റാമിനുകളും ധാതുക്കളും പിന്തുണയ്ക്കുന്നു

എനർജി ബൂസ്റ്റ്: കാർബോഹൈഡ്രേറ്റ്, കൊഴുപ്പ്, പ്രോട്ടീൻ എന്നിവയിലൂടെ ഊർജത്തിന്റെ നല്ല ഉറവിടം നൽകുന്നു.

### ശക്തമായ പല്ലുകൾ നൽകുന്നു

നമ്മുടെ പല്ലുകളെ ശക്തിപ്പെടുത്താൻ കഴിയുന്ന കാൽസ്യത്തിന്റെ ഏറ്റവും മികച്ച ഉറവിടമാണ് പാൽ. ഇത് ദന്തക്ഷയവും ദ്വാരങ്ങളും തടയാൻ സഹായിക്കും.

### തിളങ്ങുന്ന ചർമ്മത്തിന്

വിറ്റാമിൻ, ധാതുക്കൾ എന്നിവയുടെ ശക്തികേന്ദ്രമായ പാൽ, വശ്യമായതും സൗമ്യതയാർന്നതുമായ സുന്ദര ചർമ്മം നൽകുന്നു.

ഫെയ്സ് മാസ്കുകളുടെ രൂപത്തിൽ ആണെങ്കിൽ പോലും ചർമ്മത്തെ പരിപാലിക്കുന്നതിനുള്ള ഏറ്റവും മികച്ച ചേരുവകളിൽ ഒന്നായി പ്രവർത്തിക്കും.

# നിങ്ങളുടെ ബന്ധം അവസാനിപ്പിക്കാറായോ? ഈ സൂചനകൾ ഉത്തരം തരും



നിങ്ങളുടെ പ്രണയമോ ദാമ്പത്യ ബന്ധമോ പോസിറ്റീവായി നിലനിർത്താനും സന്തോഷമായിരിക്കാനും ആഗ്രഹിക്കുന്നുവെങ്കിൽ പങ്കാളിയുടെ സ്വഭാവത്തിലെ മാറ്റങ്ങൾ തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്. ഒരു ബന്ധം നിലനിർത്തണോ അവസാനിപ്പിക്കണോ എന്നതിനെക്കുറിച്ച് തീരുമാനങ്ങൾ എടുക്കാൻ ഈ സൂചനകൾ നിങ്ങളെ സഹായിക്കും.

നിങ്ങളുടെ ബന്ധം അവസാനിപ്പിക്കാൻ സമയമായി എന്ന സൂചനകൾ

### കൂടുതൽ സമയം ഒരുമിച്ച് ചെലവഴിക്കുന്നില്ല

നിങ്ങളും നിങ്ങളുടെ ഇണയും പരസ്പരം മുൻഗണന നൽകുകയും ഒരുമിച്ച് നല്ല സമയം ചെലവഴിക്കുകയും ചെയ്യുമ്പോൾ ബന്ധങ്ങൾ തഴച്ചു വളരുന്നു. എന്നാൽ നിങ്ങളുടെ ജീവിതത്തിൽ ഇതിലേറെ പ്രധാനപ്പെട്ട കാര്യങ്ങൾ ഉണ്ടെന്ന് വിശ്വസിക്കുന്നുവെങ്കിൽ, ബന്ധം അവസാനിപ്പിക്കാനുള്ള സമയമാണിത്.

### വില കുറച്ച് കാണുക

നിങ്ങളുടെ പങ്കാളി നിങ്ങളോട് അന്യായമായി പെരുമാറുകയും നിങ്ങളെ ഇഷ്ടപ്പെടാത്തതും വിലകുറച്ച് കാണുകയും ചെയ്താൽ നിങ്ങൾ ആ ബന്ധം അവസാനിപ്പിക്കണം. ഇത് സെൽഫ് റെസ്പെക്ട് കുറയുന്നതിനും ആത്മവിശ്വാസക്കുറവിനും ഇടയാക്കും.

### അനാവശ്യ പ്രതീക്ഷകൾ

യുക്തിരഹിതമായ ആവശ്യങ്ങളും പ്രതീക്ഷകളും ബന്ധം വഷളാകാൻ ഇടയാക്കും. നിങ്ങൾ ആഗ്രഹിക്കുന്ന ഭാവി ജീവിതവും അവരുടെ സങ്കൽപങ്ങളും ചേർന്നു പോകുന്നുണ്ടോ എന്നു പരിശോധിക്കുക.

### ശ്രമങ്ങളൊന്നുമില്ല

നിങ്ങളുടെ പങ്കാളി ബന്ധം സന്തോഷകരമാക്കാൻ ഒരു ശ്രമവും നടത്തുന്നില്ലെന്ന് നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ, അത് അവസാനിപ്പിക്കാൻ സമയമായി. ഒരുപക്ഷേ നിങ്ങളും അതിൽ മുൻകൈ എടുക്കാത്തത് കൊണ്ടാകാം.

### ആശയവിനിമയം ഇല്ല

നിങ്ങളുടെ പങ്കാളിയുമായി ആശയവിനിമയത്തിന്റെ അഭാവം നിങ്ങളുടെ ബന്ധത്തിൽ കാര്യങ്ങൾ കൂടുതൽ വഷളാകുകയും അതിന്റെ വളർച്ചയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

# ശരീരഭാരം കുറയ്ക്കാനുള്ള മരുന്നുകൾ അന്ധതയ്ക്ക് കാരണമാകുമോ?



ശരീരഭാരം കുറയ്ക്കാനുള്ള ചില മരുന്നുകൾ അന്ധതയ്ക്ക് കാരണമാകുമെന്ന് പഠനം. അമേരിക്കയിലെ മസാച്ചുസെറ്റ്സിലുള്ള ഐ ആൻഡ് ഇയർ ഹോസ്പിറ്റൽ നടത്തിയ ഗവേഷണമാണ് ഇത് കണ്ടെത്തിയിരിക്കുന്നത്.

അമിതവണ്ണമുള്ള രോഗികൾക്ക് ശരീരഭാരം കുറയ്ക്കാനുള്ള മരുന്നുകൾ നിർദ്ദേശിക്കുന്നത് കണ്ണിന് പെട്ടെന്ന് കാഴ്ച നഷ്ടപ്പെടാൻ ഇടയാക്കുന്ന NAION (നോൺഅർട്ടറിറ്റിക് ആന്റീരിയർ ഇസ്കെമിക്ഒപ്റ്റിക്ന്യൂറോപ്പതി) വികസിപ്പിക്കാനുള്ള അപകടസാധ്യത ഏഴിരട്ടിയിലധികമാണെന്ന് പറയുന്നു. ദ ജേണൽ ഓഫ് അമേരിക്കൻ മെഡിക്കൽ അസോസിയേഷൻ ഒഫ്താൽമോളജിയിലാണ് പഠനം പ്രസിദ്ധീകരിച്ചിരിക്കുന്നത്. പ്രമേഹം, അമിതവണ്ണം എന്നിവയുള്ളവർക്ക് സാധാരണയായി നൽകുന്ന ഒസെംമ്പിക്ക് (Ozempic), വെഗോവി (Wegovy) എന്നിവയാണ് കാഴ്ചയെ ബാധിക്കുന്നതെന്നും പഠനം പറയുന്നു. ശരീരഭാരം കുറയ്ക്കാനുള്ള മരുന്നുകളും കണ്ണിന്റെ അവസ്ഥയും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാന കാരണങ്ങൾ മനസിലാക്കാൻ കൂടുതൽ ഗവേഷണം ആവശ്യമാണെന്നും ഗവേഷകൻ റിസോ ഊന്നിപ്പറഞ്ഞു.

പ്രമേഹമോ പൊണ്ണത്തടിയോ ഉള്ളതായി കണ്ടെത്തിയ 17,000ത്തിലധികം പേരുടെ വിവരങ്ങൾ പഠനത്തിനായി ഗവേഷകർ പരിശോധിച്ചു. അവർക്ക് ശരീരഭാരം കുറയ്ക്കാൻ സെമാഗ്ലൂറ്റൈഡ് അടിസ്ഥാനമാക്കിയുള്ള മരുന്നുകളോ മറ്റ് മരുന്നുകളോ നിർദ്ദേശിച്ചിരുന്നു.

എൻഎഐഒഎൻ ഒരു ലക്ഷത്തിൽ രണ്ട് മുതൽ പത്ത് പേർക്ക് വരെ വരാനുള്ള സാധ്യതയാണുള്ളത്. ഒപ്റ്റിക്ക് നേർവ് ഹെഡിലേക്കുള്ള രക്തയോട്ടത്തിന്റെ കുറവ് മൂലമാണ് കാഴ്ച നഷ്ടമാകുന്നതെന്നാണ് പഠനം.



# ചിത്രങ്ങൾ അയച്ചാൽ എഡിറ്റ് ചെയ്ത് തരും, വാട്സ്ആപ്പിലെ മെറ്റ ചില്ലറക്കാരനല്ല !!

വാട്ട്സ്ആപ്പ് ഉൾപ്പെടെയുള്ള സോഷ്യൽ മീഡിയ ആപ്പുകളിലെ 'മെറ്റാ എഐ' ഫീച്ചർ യഥാർത്ഥത്തിൽ വിപ്ലവം സൃഷ്ടിച്ചിരിക്കുകയാണ്. ഈ എഐ ഫീച്ചർ ഇതിനോടകം തന്നെ നിരവധി പേർ ഉപയോഗിക്കുന്നുണ്ട്.

മെറ്റ പ്ലാറ്റ്ഫോംസിന്റെ പുതിയ ലാർജ് ലാംഗ്വേജ് മോഡലായ ലാമ 3 അടിസ്ഥാനമാക്കിയുള്ളതാണ് ഇത്. മെറ്റയുടെ വിവിധ സേവനങ്ങളിൽ മെറ്റ എഐ ഫീച്ചറുകൾ ഉപയോഗിക്കാൻ ഇന്ത്യൻ ഉപയോക്താക്കൾക്കാകുമെന്നതാണ് മെച്ചം. കൂടാതെ മെറ്റാ.എഐ എന്ന യുആർഎൽ വഴി എഐ ചാറ്റ്ബോട്ട് നേരിട്ട് ഉപയോഗിക്കുകയും ചെയ്യാം.

ഇപ്പോഴിതാ മെറ്റ എഐ ഉപയോഗിച്ച് ചാറ്റുകൾ കൂടുതൽ രസകരമാക്കാൻ പോകുകയാണ്. മെറ്റാ എഐ ഉപയോഗിച്ച് നിങ്ങൾക്ക് ചിത്രങ്ങൾ എഡിറ്റ് ചെയ്യാം എന്നതാണ് അതിലൊന്ന്. ഇപ്പോഴുള്ള മെറ്റാ എഐക്ക് ഫോട്ടോ അയക്കാനോ വോയിസ് മെസ്സേജ് അയക്കാനോ നമുക്ക് സാധിക്കില്ല.

എന്നാൽ ഇനി വരുന്ന അപ്ഡേഷനിൽ നമുക്ക് മെറ്റാ എഐക്ക് തന്നെ ഫോട്ടോ അയക്കുകയും അത് എഡിറ്റ് ചെയ്യിക്കുകയും ചെയ്യാനാകും. വാട്സ്ആപ്പിന്റെ ഏറ്റവും പുതിയ ബീറ്റാ പതിപ്പിലാണ് ഈ പ്രത്യേകതകൾ ഉൾകൊള്ളിച്ചിരിക്കുന്നത്.

ഫോട്ടോ നൽകുന്നവർക്ക് അവരുടെ ഫോട്ടോകളെക്കുറിച്ച് ചോദ്യങ്ങൾ ചോദിക്കാനും കഴിയും. ഫോട്ടോകളിലേക്ക് ഒബ്ജക്റ്റുകൾ ചേർക്കുക, സന്ദർഭങ്ങൾ മാറ്റുക തുടങ്ങിയ കാര്യങ്ങൾ മെറ്റയ്ക്ക് ചെയ്യാൻ കഴിയും.

പ്രോംപ്റ്റ് നൽകിക്കൊണ്ട് ചാറ്റിൽ നേരിട്ട് ചിത്രങ്ങൾ എഡിറ്റ് ചെയ്യാനും ഈ ഫീച്ചർ ഉപയോക്താക്കളെ സഹായിക്കും.

ഈ ഫീച്ചർ ഉപയോക്താക്കൾക്ക് ഫോട്ടോകളിൽ പൂർണ്ണ നിയന്ത്രണം നൽകുന്നു. സ്റ്റിക്കറുകളും എ.ഐ അവതാറുകളും തയ്യാറാക്കാനുള്ള ടൂൾ മെറ്റ എ.ഐയിൽ വരുന്നതായി റിപ്പോർട്ട് അടുത്തിടെ പുറത്തുവന്നിരുന്നു.

# ഗൂഗിൾ മാപ്പിലും എഐ എത്തി; 5 പുതിയ ഫീച്ചറുകൾ ഇതാ

ഗൂഗിൾ മാപ്പിലും പുതിയ എഐ ഫീച്ചറുകൾ എത്തി. റൂട്ടുകൾക്കായുള്ള ഇമ്മേഴ്സീവ് വ്യൂ പോലുള്ള ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന നിരവധി ഫീച്ചറുകൾ ഈ പട്ടികയിൽ ഉൾപ്പെടുന്നു. ഉടൻ തന്നെ ആൻഡ്രോയിഡ്, ഐഒഎസ് ഉപകരണങ്ങളിലേക്ക് ഈ ഫീച്ചറുകൾ എത്തും.



### റൂട്ടുകൾക്കായുള്ള ഇമ്മേഴ്സീവ് വ്യൂ

റൂട്ടുകൾക്കായുള്ള ഇമ്മേഴ്സീവ് വ്യൂ പുതിയ മികച്ച സവിശേഷതയായിരിക്കും, കാരണം ഇത് തെരുവ് കാഴ്ച, ഏരിയൽ ഇമേജറി, കാലാവസ്ഥ, ട്രാഫിക് തുടങ്ങിയ തത്സമയ വിവരങ്ങൾ എന്നിവ സംയോജിപ്പിച്ച് നിങ്ങൾ ആസൂത്രണം ചെയ്ത റൂട്ടിന്റെ ഫോട്ടോറിയലിസ്റ്റിക് കാഴ്ച നൽകും.

പോകാനുദ്ദേശിക്കുന്ന സ്ഥലത്തെ പ്രശസ്തമായ ലാൻഡ്മാർക്കുകളുടെ തത്സമയ ഏരിയൽ വ്യൂ സൃഷ്ടിക്കുന്നതിന് ഇമ്മേഴ്സീവ് വ്യൂ സ്ട്രീറ്റ് വ്യൂ, സാറ്റലൈറ്റ്, ലൈവ് ഡാറ്റ എന്നിവ സംയോജിപ്പിക്കുന്നു. ബാഴ്സലോണ, ഡബ്ലിൻ, ഫ്ളോറൻസ്, ലാസ് വെഗാസ്, ലണ്ടൻ, ലോസ് ഏഞ്ചൽസ്, മിയാമി, ന്യൂയോർക്ക്, പാരീസ്, സാൻ ഫ്രാൻസിസ്കോ, സാൻ ജോസ്, സിയാറ്റിൽ എന്നീ 15 നഗരങ്ങളിൽ ഈ ആഴ്ച ഫീച്ചർ പുറത്തിറങ്ങുന്നു.

### തിരയൽ കൂടുതൽ സഹായകമാകുന്നു

ഗൂഗിൾ മാപ്സിന്റെ തിരയൽ കൂടുതൽ എളുപ്പമാക്കാൻ സഹായിക്കുന്നതിന് രണ്ട് അപ്ഡേറ്റുകൾ വരുന്നു. ഒരു സ്ഥലം തിരയുമ്പോൾ ഉപയോക്താക്കൾ പങ്കിട്ട ശതകോടിക്കണക്കിന് ഫോട്ടോകളുടെ എഐ ഇമേജുകൾ ആദ്യം ലഭിക്കും. ഫോട്ടോ അടിസ്ഥാനമാക്കിയുള്ള ഫലങ്ങളുടെ ഒരു ലിസ്റ്റ് നിങ്ങൾക്ക് നൽകുന്നതിന് ഈ ഇമേജ് വിശകലനം ഉപയോഗിക്കും.

ചിത്രങ്ങളിൽ നിന്ന് നിങ്ങളുടെ പ്രിയപ്പെട്ടത് തിരഞ്ഞെടുക്കുക, അത് നിങ്ങൾക്ക് കൂടുതൽ വിവരങ്ങളും ദിശകളും നൽകും. യുഎസ്, യുകെ, ഫ്രാൻസ്, ജർമ്മനി, ജപ്പാൻ എന്നിവിടങ്ങളിൽ ഈ ആഴ്ച ഈ ഫീച്ചർ പുറത്തിറങ്ങും. രണ്ടാമത്തേത് തിരയൽ ഫലങ്ങളിൽ ('ആർട്ട് എക്സിബിഷനുകൾ' അല്ലെങ്കിൽ 'ആനിമേഷൻ' പോലുള്ളവ) തീമുകൾ ദൃശ്യമാകുന്നത് കാണാൻ കഴിയും.

### ഗൂഗിൾ മാപ്സിന്റെ എആർ മോഡ്

ഫോണിന്റെ ക്യാമറ ഉപയോഗിച്ച് നിങ്ങൾക്ക് ചുറ്റുമുള്ള കാര്യങ്ങൾ ലേബൽ ചെയ്യാൻ കഴിയുന്ന ഒരു ബിൽറ്റ് ഇൻ ഗൂഗിൾ ലെൻസ് ഫീച്ചർ മാപ്പിൽ ഉണ്ടെന്ന് നിങ്ങൾക്കറിയാമോ? ഇതിനെ 'ലൈവ് വ്യൂ ഉപയോഗിച്ച് തിരയുക' എന്നാണ് പേര് നൽകിയിരുന്നത്. എന്നാൽ ഗൂഗിൾ ഇപ്പോൾ ഇതിനെ 'ലെൻസ് ഇൻ മാപ്സ്' എന്ന് പരിഷ്കരിച്ചു.

ഗൂഗിൾ മാപ് സ്സെർച്ച് ബാറിലെ 'ലെൻസ്' ഐക്കണിൽ ടാപ്പ് ചെയ്യുക. നിൽക്കുന്ന സ്ഥലത്തെ ഫോട്ടോ എടുത്താൽ നിങ്ങൾക്ക് ചുറ്റുംമുള്ള റെസ്റ്റോറന്റുകൾ, എടിഎമ്മുകൾ, സ്റ്റേഷനുകൾ അല്ലെങ്കിൽ ലാൻഡ്മാർക്കുകൾ പോലുള്ള നിങ്ങളുടെ സമീപ ചുറ്റുപാടുകളിലെ സൗകര്യങ്ങൾ അറിയാനാകും. ഓസ്റ്റിൻ, ലാസ് വെഗാസ്, റോം, സാവോ പോളോ, തായ്പേയ് എന്നിവയുൾപ്പെടെ ഡസൻ കണക്കിന് പുതിയ നഗരങ്ങളിൽ ഈ എആർ പവർ ഫീച്ചർ വരുന്നുണ്ട്.

### മാപ്പ് നാവിഗേഷൻ

മെച്ചപ്പെട്ട നാവിഗേഷൻ ഫീച്ചർ നൽകാൻ ഗൂഗിൾ മാപ്പ് പരിശ്രമിക്കുകയാണ്. യുഎസിൽ, നിങ്ങളുടെ റൂട്ടിൽ HOV (ഉയർന്ന ഒക്യുപൻസി വാഹന പാതകൾ) ദൃശ്യമാക്കും.

അതേസമയം യൂറോപ്പിൽ 20 പുതിയ രാജ്യങ്ങൾക്ക് ഗൂഗിളിന്റെ എഐ പവർ വേഗപരിധി വിവരങ്ങൾ ഉടൻ ലഭിക്കും. ഡ്രൈവർമാർക്കുള്ള ഈ മാപ്സ് നാവിഗേഷൻ മെച്ചപ്പെടുത്തലുകൾ യുഎസ്, കാനഡ, ഫ്രാൻസ്, ജർമ്മനി എന്നിവയുൾപ്പെടെ 12 രാജ്യങ്ങളിൽ വരും മാസങ്ങളിൽ പുറത്തിറങ്ങും.

### ഇ.വി ചാർജിങ് സ്റ്റേഷൻ

നിങ്ങൾക്ക് ഒരു ഇലക്ട്രിക് കാർ ഉണ്ടെങ്കിൽ, അതിന്റെ ചാർജിംഗ് സ്റ്റേഷൻ വിവരങ്ങളിൽ മാപ്സിൽ കാണാനാവും. ആൻഡ്രോയിഡിലും ഐഒഎസിലും ഈ ആഴ്ച അവസാനം, മാപ്സിലെ ചാർജിംഗ് സ്റ്റേഷൻ വിവരങ്ങൾ, ചാർജറുകളുടെ സ്പീഡ് എന്നിവയും ഉൾപ്പെടുത്തുമെന്ന് ഗൂഗിൾ പറയുന്നു.

# വമ്പൻ ക്യാമറാ അപ്ഗ്രേഡ്, ഐഫോൺ 16 പ്രോ ഞെട്ടിക്കും!!

ക്യാമറയുടെ ക്വാളിറ്റിയാണ് ഐഫോണുകളിലെ പ്രധാന സവിശേഷതകളിലൊന്ന്. നൂതന സാങ്കേതിക വിദ്യകളുള്ള ക്യാമറ ലഭിക്കണമെങ്കിൽ പ്രോ മാക്സ് തന്നെ വാങ്ങണം. ഇപ്പോൾ അതിനൊരു മാറ്റം വരുത്തുകയാണ് കമ്പനി. ഐഫോൺ 16 സീരീസ് പ്രോ മോഡലുകൾക്ക് ഇനി ക്യാമറ വ്യത്യാസമുണ്ടാകില്ല. രണ്ട് മോഡലുകളിലും ഉൾപ്പെടുത്തിയിരിക്കുന്ന ക്യാമറ യൂണിറ്റും ഫീച്ചറുകളും ഒന്നുതന്നെയായിരിക്കുമെന്നാണ് പുതിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.




### 5x സൂം

16 മോഡലിലെ പ്രോ മോഡലുകളിൽ 5x സൂം സജ്ജീകരിക്കുമെന്നാണ് റിപ്പോർട്ടുകൾ. നിലവിൽ പവർഫുൾ ടെലിഫോട്ടോ സൂം ലെൻസ് വേണമെങ്കിൽ 15 പ്രോ മാക്സ് തന്നെ വാങ്ങണം. 15 പ്രോയിൽ 3x സൂം സൗകര്യമെ ഉണ്ടായിരുന്നുള്ളൂ. ഫോണിന്റെ വലിപ്പമാണ് ഈയൊരു പോരായ്മക്ക് കാരണം. പ്രോ മാക്സിന് പ്രോയെക്കാൾ വലിപ്പം കൂടുതലായതിനാൽ വലിയ സൂം ലെൻസ് വെക്കാൻ കഴിയുമായിരുന്നു. എന്നാൽ ആ ശേഷി പ്രോ മോഡലിൽ ലഭ്യമായിരുന്നില്ല.

### സെൻസർ

ഐഫോൺ 15 പ്രോ സീരിസിലെ പ്രധാന ക്യാമറയ്ക്ക് 1/1.28 ഇഞ്ച് വലിപ്പമുള്ള സെൻസർ ആയിരുന്നെങ്കിൽ 16 പ്രോ സീരിസിൽ 1/1.14 ഇഞ്ച് വലിപ്പമുള്ള ചിപ്പ് ആയിരിക്കാമെന്നതാണ് ക്യാമറയിൽ പ്രതീക്ഷിക്കുന്ന പ്രധാന മാറ്റങ്ങളിലൊന്ന്.

വെളിച്ചക്കുറവുള്ള സന്ദർഭങ്ങളിൽ ഇത് കൂടുതൽ മെച്ചപ്പെട്ട പ്രകടനം നടത്തും. അതിനു പുറമെ, പ്രോ സീരിസിൽ ഒരു 14ബിറ്റ് അനലോഗ്-ടു-ഡിജിറ്റൽ കൺവേർട്ടറും ഉൾപ്പെടുത്തുമെന്നും പറയുന്നു. ഡേറ്റാ കൺവേർഷൻ, ഗെയിൻ കൺട്രോൾ തുടങ്ങിയ കാര്യങ്ങളിൽ ഇത് സഹായകമാകും.

### പ്രോ മോഡലുകളുടെ അൾട്രാവൈഡ് ലെൻസ്

അൾട്രാവൈഡ് സെൻസറും 48 എംപി റെസലൂഷനും ഉണ്ടായിരിക്കും. ഇതോടെ, 0.5x മോഡിൽ ഷൂട്ട് ചെയ്യുമ്പോൾ, മുൻ തലമുറ ഫോണുകളെ അപേക്ഷിച്ച് മികച്ച ഫോട്ടോ ലഭിക്കും. അൾട്രാ വൈഡ് മോഡിലും പ്രോറോ (ProRAW) ഫോട്ടോ ഷൂട്ട് ചെയ്യാനായേക്കും.

### സൂപ്പർ ടെലഫോട്ടോ പെരിസ്കോപ് ക്യാമറ

ഐഫോൺ 16 പ്രോ മാക്സിനെ 16 പ്രോയിൽ നിന്ന് വേറിട്ടതാക്കുന്ന മറ്റൊരു ഫീച്ചർ അതിന്റെ സൂപ്പർ ടെലഫോട്ടോ പെരിസ്കോപ് ക്യാമറയായിരിക്കും. നിലവിൽ 77എംഎം ആണ് ലഭ്യമെങ്കിൽ അടുത്ത മോഡലിൽ അത് 300എംഎം ആയി വർദ്ധിപ്പിക്കുമെന്നാണ് കേൾക്കുന്നത്. ഇത് ശരിയാണെങ്കിൽ കുറച്ച് അകലെയുള്ള വസ്തുക്കളുടെ ഫോട്ടോ എടുക്കാനും സാധിക്കും.

### ആന്റിറിഫ്ളെക്ടീവ് കോട്ടിങ്

ഐഫോൺ 16 സീരിസിലുള്ള നാലു മോഡലുകളുടെയും ക്യാമറകളിൽ ആന്റിറിഫ്ളെക്ടീവ് കോട്ടിങ് ഉണ്ടാകുമെന്നും വാദമുണ്ട്. ഫോട്ടൊ എടുക്കുമ്പോൾ ഉണ്ടാകുന്ന ലെൻസ് ഫ്ളെയർ, ഗോസ്റ്റിങ് തുടങ്ങിയ ദൂഷ്യങ്ങൾ കുറയ്ക്കാനായിരിക്കും ഇത്.

### ക്യാപ്ചർ ബട്ടൺ

പുതിയ കിംവദന്തികൾ പറയുന്നത് ഐഫോൺ16 സീരീസിന് ഒരു ക്യാപ്ചർ ബട്ടൺ (ക്യാമറകളുടെ ഷട്ടർ ബട്ടൺ പോലെ) ലഭിക്കുമെന്നാണ്. മുന്നോട്ടും പിന്നോട്ടും സൂം ചെയ്യാൻ ഈ ബട്ടൺ ഉപയോഗിക്കാം. ലൈറ്റ് പ്രസ്സ് ചെയ്ത് നിങ്ങൾക്ക് ഒരു വസ്തുവിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുമെങ്കിൽ, അൽപ്പം ശക്തമായി അമർത്തിയാൽ നിങ്ങൾക്ക് ഫോട്ടോ എടുക്കാനോ വീഡിയോ റെക്കോർഡുചെയ്യാനോ കഴിയും. ക്യാപ്ചർ ബട്ടൺ ഫോണിന്റെ വലത് വശത്ത്, വോളിയം, ആക്ഷൻ ബട്ടണുകൾക്ക് താഴെയാണെന്ന് പറയപ്പെടുന്നു.



# യു.എസ് പിന്തുണയിൽ ഉക്രൈന് അധിക സൈനിക സഹായം വാഗ്ദാനം ചെയ്ത് നാറ്റോ

കീവ് : റഷ്യയുടെ ആക്രമണയുദ്ധത്തെ പ്രതിരോധിക്കാൻ ഉക്രെയ്നെ സജ്ജമാക്കാൻ നാറ്റോയെ പിന്തുണയ്ക്കുമെന്ന് യുഎസ് പ്രസിഡന്റ് ജോ ബൈഡൻ. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റഷ്യയിലേക്കുള്ള തന്ത്രപ്രധാന സന്ദർശനം അവസാനിപ്പിച്ചതിന് തൊട്ടുപിന്നാലെയാണ് ബൈഡന്റെ പ്രസ്താവന.'ഉക്രെയ്നിന്റെ സമ്പൂർണ്ണ കീഴടക്കലിൽ കുറഞ്ഞതൊന്നും പുടിന്റെ ലക്ഷ്യമല്ല. ഉക്രെയ്നിന്റെ ജനാധിപത്യം അവസാനിപ്പിക്കുക , ഉക്രെയ്നിന്റെ സംസ്കാരം നശിപ്പിക്കുക , ഉക്രെയ്നെ ഭൂപടത്തിൽ നിന്ന് തുടച്ചുനീക്കുക തുടങ്ങിയവക്കായാണ് പുടിൻ നിലനിൽക്കുന്നതെന്നും ബൈഡൻ പറഞ്ഞു. ത്രിദിന നാറ്റോ ഉച്ചകോടിയുടെ ഉദ്ഘാടന വേളയിലാണ് ബൈഡന്റെ പ്രസ്താവന.പുടിനെ തടയാൻ ഉക്രെയ്ന് കഴിയും, അമേരിക്ക, ജർമ്മനി, നെതർലാൻഡ്സ്, റൊമാനിയ, ഇറ്റലി എന്നീ രാജ്യങ്ങൾ തന്ത്രപ്രധാനമായ വ്യോമ പ്രതിരോധ സംവിധാനങ്ങളും, ഉപകരണങ്ങളും ഉക്രെയ്നിന് നൽകുമെന്ന് യുഎസ് പ്രസിഡന്റ് പറഞ്ഞു. വരും മാസങ്ങളിൽ, യുഎസും ഞങ്ങളുടെ പങ്കാളികളും ഉക്രെയ്നിന് ഡസൻ കണക്കിന് അധിക തന്ത്രപരമായ വ്യോമ പ്രതിരോധ സംവിധാനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നതായും ബൈഡൻ കൂട്ടിച്ചേർത്തു. മറ്റാർക്കെങ്കിലും ഈ സഹായം ലഭിക്കുന്നതിന് മുമ്പ് അവർക്ക് ഈ സഹായം ലഭിക്കും, ഉക്രെയ്ൻ ഒരു സ്വതന്ത്ര രാജ്യമായി തുടരുകയാണെന്നും ഉക്രെയ്ൻ ഒരു സ്വതന്ത്ര രാജ്യമായി തുടരുന്നതോടെ യുദ്ധം അവസാനിക്കുമെന്നും ബൈഡൻ കൂട്ടിച്ചേർത്തു.ഉക്രെയ്നിന്റെ വ്യോമ പ്രതിരോധം ശക്തിപ്പെടുത്തുന്നതിനുള്ള സംയുക്ത പ്രസ്താവനയിൽ യുഎസ് പ്രസിഡന്റ് ജോ ബൈഡൻ, ഡച്ച് പ്രധാനമന്ത്രി ഡിക്ക് ഷൂഫ്, ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസ്, ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി, റൊമാനിയൻ പ്രസിഡന്റ് ക്ലോസ് ഇയോഹാനിസ്, ഉക്രെനിയൻ പ്രസിഡന്റ് വോലോഡൈമർ സെലെൻസ്കി എന്നിവർ ഒപ്പുവച്ചു. യുഎസ്, ജർമ്മനി, റൊമാനിയ എന്നിവ സ്വന്തമായി ഒരു പാട്രിയറ്റ് ബാറ്ററി നൽകും, അതേസമയം നെതർലാൻഡ്സ് മറ്റ് രാജ്യങ്ങളുമായി ചേർന്ന് ഒരു അധിക പാട്രിയറ്റ് ബാറ്ററി നൽകുമെന്നും പ്രസ്താവനയിൽ പറഞ്ഞു.ഉക്രെനിയൻ നഗരങ്ങൾ, സിവിലിയൻമാർ, സൈനികർ എന്നിവരെ സംരക്ഷിക്കാൻ ഈ തന്ത്രപ്രധാനമായ വ്യോമ പ്രതിരോധ സംവിധാനങ്ങൾ സഹായിക്കുമെന്നും പ്രസ്താവനയിൽ പറയുന്നു. അതിനിടെ, നാറ്റോ ഉച്ചകോടിയുടെ ഉദ്ഘാടന ചടങ്ങിൽ, അമേരിക്കൻ പ്രസിഡന്റ് നാറ്റോ സെക്രട്ടറി ജനറൽ സ്റ്റോൾട്ടൻബെർഗിന് അമേരിക്കയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം നൽകി ആദരിച്ചു.

# 60% ഹമാസ് പോരാളികളെയും ഉൻമൂലനം ചെയ്യുകയോ പരിക്കേൽപ്പിക്കുകയോ ചെയ്തെന്ന് യോവ് ഗാലന്റ്



ജെറുസലേം: ഗാസ യുദ്ധത്തിൽ 60 ശതമാനം ഹമാസ് പോരാളികളും ഉന്മൂലനം ചെയ്യപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്തതായി ഇസ്രായേൽ പ്രതിരോധ മന്ത്രി യോവ് ഗാലന്റ്. ഹമാസിനെ ഉന്മൂലനം ചെയ്യുക, ഗസ്സയിൽ നിന്ന് എല്ലാ ബന്ദികളെയും തിരികെ കൊണ്ടുവരുക എന്നീ യുദ്ധ ലക്ഷ്യങ്ങൾ നിറവേറ്റുമെന്ന് സംഘർഷത്തിന്റെ ആദ്യ ഒമ്പത് മാസങ്ങളിൽ പാർലമെന്റിന് നൽകിയ ഉറപ്പിൽ പ്രതിജ്ഞാബദ്ധമായി തന്നെ നിൽക്കുന്നെന്ന് ഗാലന്റ് വ്യക്തമാക്കി. ''ഞങ്ങൾ 60 ശതമാനം ഹമാസ് ഭീകരരെയും ഉന്മൂലനം ചെയ്യുകയോ മുറിവേൽപ്പിക്കുകയോ ചെയ്തു. കൂടാതെ പലസ്തീൻ ഗ്രൂപ്പിന്റെ 24 ബറ്റാലിയനുകളും തകർത്തു'', ഗാലന്റ് പറഞ്ഞു. അർപ്പണബോധത്തോടെയും ത്യാഗത്തോടെയും തങ്ങളുടെ ജോലി നിർവഹിച്ചതിന് ഇസ്രായേൽ സൈനികരെ പ്രതിരോധ മന്ത്രി പ്രശംസിച്ചു. ഇസ്രായേൽ അതിന്റെ ലക്ഷ്യങ്ങളിൽ ഉറച്ചുനിൽക്കുമെന്ന് ഗാലന്റ് പറഞ്ഞു. യുദ്ധത്തിൽ മരിച്ചവരുടെ കണക്കുകൾ മന്ത്രി നൽകിയില്ല. സ്ഥിതിവിവരക്കണക്കുകൾ ഇപ്പോൾ ലഭ്യമല്ലെന്ന് ഇസ്രായേൽ സൈന്യം പറഞ്ഞു.ഹമാസുമായി സന്ധി ചർച്ച ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ സംബന്ധിച്ച് അന്താരാഷ്ട്ര മധ്യസ്ഥരുമായി സമ്പർക്കം പുലർത്തുന്നുണ്ടെങ്കിലും, വടക്ക് ഗാസ സിറ്റിയിലും തെക്ക് റഫയിലും ഖാൻ യൂനിസിലും ഇസ്രായേൽ പുതിയ പോർമുഖങ്ങൾ തുറന്നിട്ടുണ്ട്. ഒക്ടോബർ 7 ന് തെക്കൻ ഇസ്രായേലിൽ നടന്ന ഹമാസ് ആക്രമണത്തിൽ 1,195 പേരാണ് കൊല്ലപ്പെട്ടത്. ഇതിൽ കൂടുതലും സാധാരണക്കാരാണ്. 251 ആളുകളെ ബന്ദികളാക്കി ഗാസയിലേക്ക് തട്ടിക്കൊണ്ടു പോകുകയും ചെയ്തു. അവരിൽ 116 പേർ ഗാസയിൽ തുടരുന്നു. 42 പേർ കൊല്ലപ്പെട്ടതായി ഇസ്രയേൽ സൈന്യം പറയുന്നു.

## റഷ്യക്കെതിരെ പൊരുതാൻ സൈനിക സഹായം വേണം; ലോക നേതാക്കളോട് വോളോഡിമർ സെലെൻസ്കി



കീവ് :യുദ്ധത്തിൽ തകർന്ന രാജ്യത്തെ സഹായിക്കാൻ ഉക്രെനിയൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി ലോക നേതാക്കളോട് സഹായം തേടി. നവംബറിലേക്കോ മറ്റേതെങ്കിലും മാസത്തിലേക്കോ കാത്തിരിക്കരുതെന്നും അഭ്യർത്ഥിച്ചു. യുഎസ് തിരഞ്ഞെടുപ്പ് നടക്കാനിരിക്കെ ലോക രാജ്യങ്ങളുടെ ശ്രദ്ധ യുഎസിലേക്ക് കേന്ദ്രീകരിക്കുന്നതിനിടെയാണ് സെലെൻസ്കിയുടെ പരാമർശം.''ശക്തമായ തീരുമാനങ്ങൾ എടുക്കാനും പ്രവർത്തിക്കാനും നവംബറിലേക്കോ മറ്റേതെങ്കിലും മാസത്തിലേക്കോ കാത്തിരിക്കേണ്ട സമയമല്ലിത്. ഈ ലക്ഷ്യത്തിൽ, ഞങ്ങൾ ശക്തരും പൂർണ്ണമായും വിട്ടുവീഴ്ചയില്ലാത്തവരുമായിരിക്കണം'' സെലെൻസ്കി പറഞ്ഞു. ഉക്രെയ്നിനും റഷ്യയുടെ അതിർത്തിയിലുള്ള മറ്റ് സഖ്യകക്ഷികളും കൂടുതൽ പിന്തുണ നൽകണമെന്ന് സെലെൻസ്കി അമേരിക്കയോട് അഭ്യർത്ഥിച്ചു. നമ്മൾ ശക്തരായിരിക്കുമ്പോൾ പുടിന് യുദ്ധം ചെയ്യുന്നത് ബുദ്ധിമുട്ടാണെന്ന് ഞങ്ങൾ ഒന്നിലധികം തവണ തെളിയിച്ചിട്ടുണ്ട്. ക്രിമിയയിലെ റഷ്യൻ സൈന്യത്തിനും ലോജിസ്റ്റിക്സിനും എതിരെ ആക്രമണത്തിൽ അമേരിക്ക ഞങ്ങളെ സഹായിച്ചാൽ ഉക്രെയ്നിന് ദക്ഷിണ ഉക്രെയ്നിലെ റഷ്യൻ നടപടികളെ ഗണ്യമായി പരിമിതപ്പെടുത്താനും അധിനിവേശക്കാരെ അവിടെ നിന്ന് പുറത്താക്കാനും കഴിയും' എന്ന് അദ്ദേഹം പറഞ്ഞു.അമേരിക്കയിലെ ജനങ്ങൾ ട്രംപിന് വോട്ട് ചെയ്താൽ, ഉക്രെയ്നുമായുള്ള അദ്ദേഹത്തിന്റെ നയം മാറില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നുവെന്നും സെലെൻസ്കി പറഞ്ഞു.

## യുകെ നൽകിയ മിസൈലുകൾ റഷ്യയെ ആക്രമിക്കാൻ ഉക്രെയ്ന് ഉപയോഗിക്കാമെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി



ലണ്ടൻ: യുകെ നൽകിയ ദീർഘദൂര മിസൈലുകൾ യുദ്ധസമയത്ത് റഷ്യയിലെ സൈനിക ലക്ഷ്യങ്ങൾ ആക്രമിക്കാൻ ഉക്രെയ്ന് ഉപയോഗിക്കാമെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമർ വ്യക്തമാക്കി. നാറ്റോയുടെ 75-ാം വാർഷിക ഉച്ചകോടിക്കായി വാഷിംഗ്ടണിലേക്ക് പോകവെ വിമാനത്തിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു സ്റ്റാർമർ. സ്റ്റോം ഷാഡോ ക്രൂയിസ് മിസൈലുകളാണ് ഋഷി സുനക് പ്രധാനമന്ത്രിയായിരിക്കെ ബ്രിട്ടൺ ഉക്രെയ്നിന് നൽകിയിരുന്നത്. പുതിയ സർക്കാർ അധികാരമേറ്റ സാഹചര്യത്തിൽ ഉക്രെയ്ൻ വിഷയത്തിൽ നയവ്യതിയാനം ഇല്ലെന്നാണ് സ്റ്റാർമർ വ്യക്തമാക്കിയത്. യുകെയുടെ സൈനിക സഹായം പ്രതിരോധ ആവശ്യങ്ങൾക്കുള്ളതാണെന്നും എന്നാൽ ആ പ്രതിരോധ ആവശ്യങ്ങൾക്കായി അത് എങ്ങനെ വിന്യസിക്കണമെന്ന് തീരുമാനിക്കേണ്ടത് ഉക്രെയ്നാണെന്നും സ്റ്റാർമർ പറഞ്ഞു.ഋഷി സുനക്, ലിസ് ട്രസ്, ബോറിസ് ജോൺസൺ എന്നിവരുടെ നേതൃത്വത്തിലുള്ള മുൻ കൺസർവേറ്റീവ് സർക്കാരുകളുടെ അതേ നിലപാടാണ് വ്യോമ വിക്ഷേപണ മിസൈലുകളുടെ കാര്യത്തിൽ ലേബർ പിന്തുടരുന്നതെന്ന് അഭിപ്രായങ്ങൾ സ്ഥിരീകരിക്കുന്നു.2022 ഫെബ്രുവരിയിൽ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഉക്രെയ്നിൽ പൂർണ്ണ തോതിലുള്ള അധിനിവേശം ആരംഭിച്ചതുമുതൽ ബ്രിട്ടൻ ഉക്രെയ്ന്റെ ഉറച്ച സഖ്യകക്ഷികളിലൊന്നാണ്. കീവിന്റെ പോരാട്ടത്തിന് പണവും ആയുധങ്ങളും സൈനിക പരിശീലനവും യുകെ നൽകിയിട്ടുണ്ട്. സ്റ്റോം ഷാഡോ മിസൈലുകൾ അയക്കുമെന്ന് കഴിഞ്ഞ മേയിൽ പ്രഖ്യാപിച്ച ബ്രിട്ടൺ ഉക്രെയ്ൻ സൈന്യത്തിന് ദീർഘദൂര മിസൈലുകൾ നൽകിയ ആദ്യ രാജ്യമാണ്.

# കമന്റേറ്ററുടെ കുടുംബത്തെ കൊലപ്പെടുത്തിയ കേസ്; പ്രതിയെന്ന് സംശയിക്കുന്നയാളെ കണ്ടെത്തിയെന്ന് പൊലീസ്



ലണ്ടൻ: പ്രശസ്ത ബിബിസി റേഡിയോ കമന്റേറ്ററുടെ ഭാര്യയെയും പെൺമക്കളെയും കൊലപ്പെടുത്തിയെന്ന് സംശയിക്കുന്നയാളെ ലണ്ടനിനടുത്ത് ക്രൂരമായ ക്രോസ്ബോ ആക്രമണത്തിൽ കണ്ടെത്തിയതായി ബ്രിട്ടീഷ് പൊലീസ് അറിയിച്ചു. 26 കാരനായ കൈൽ ക്ലിഫോർഡിനെ നോർത്ത് ലണ്ടനിലെ എൻഫീൽഡ് ഏരിയയിലെ വീടിന് സമീപത്ത് നിന്ന് കണ്ടെത്തിയെന്നും പരിക്കുകൾക്ക് ചികിത്സയിലാണെന്നും ഹെർട്ട്ഫോർഡ്ഷയർ പൊലീസ് പ്രസ്താവനയിൽ പറഞ്ഞു. എങ്ങനെയാണ് ആ മുറിവുകൾ സംഭവിച്ചതെന്ന് പൊലീസ് പറയുന്നില്ലെങ്കിലും തങ്ങൾ വെടിയുതിർത്തിട്ടില്ലെന്ന് അവർ വ്യക്തമാക്കുന്നു.കൊല്ലപ്പെട്ട സ്ത്രീകൾ തങ്ങളുടെ കമന്റേറ്റർ ജോൺ ഹണ്ടിന്റെ കുടുംബത്തിലെ അംഗങ്ങളാണെന്ന് ബിബിസി സ്ഥിരീകരിച്ചു. അദ്ദേഹത്തിന്റെ 61 കാരിയായ ഭാര്യ കരോൾ ഹണ്ടും അവരുടെ മകളായ ഹന്ന (28), ലൂയിസ് (25) എന്നിവരുമാണ് കൊല്ലപ്പെട്ടത്.സ്കൈ ന്യൂസിൽ നിന്നുള്ള ഫൂട്ടേജുകൾ, കൊലപാതകം നടന്ന സ്ഥലത്തിന് കിഴക്ക് 52 കിലോമീറ്റർ അകലെയുള്ള എൻഫീൽഡിലെ ലാവെൻഡർ ഹിൽ സെമിത്തേരിയിൽ നിന്ന് പ്രതിയെ സ്ട്രെച്ചറിൽ കൊണ്ടുപോകുന്നതായി കാണിച്ചു. സായുധരായ പൊലീസ് ഉദ്യോഗസ്ഥരും ഫോറൻസിക് ഉദ്യോഗസ്ഥരും ആംബുലൻസ് ജീവനക്കാരും പകൽ മുഴുവൻ സെമിത്തേരിക്ക് ചുറ്റും തടിച്ചുകൂടിയിരുന്നു.

# പാന്റിനുള്ളിൽ 100 ജീവനുള്ള പാമ്പുകൾ; ചൈനയിൽ ഒരാൾ കസ്റ്റംസ് പിടിയിൽ



ബെയ്ജിംഗ്: 100 ജീവനുള്ള പാമ്പുകളെ പാന്റിനുള്ളിൽ ഒളിപ്പിച്ച് ചൈനയിലേക്ക് കടത്താൻ ശ്രമിച്ച ആൾ പിടിയിൽ. കസ്റ്റംസ് അതോറിറ്റിയാണ് ഇക്കാര്യം അറിയിച്ചത്. ഹോങ്കോങ്ങിൽ നിന്ന് അതിർത്തി നഗരമായ ഷെൻഷെനിലേക്ക്  കടക്കാൻ ശ്രമിക്കവെ പേര് വെളിപ്പെടുത്താത്ത യാത്രക്കാരനെ കസ്റ്റംസ് ഉദ്യോഗസ്ഥർ തടയുകയായിരുന്നുവെന്ന് ചൈന കസ്റ്റംസ് ചൊവ്വാഴ്ച പ്രസ്താവനയിൽ പറഞ്ഞു.പരിശോധനയിൽ യാത്രക്കാരൻ ധരിച്ചിരുന്ന പാന്റിന്റെ പോക്കറ്റുകൾ ആറ് ക്യാൻവാസ് ഡ്രോസ്ട്രിംഗ് ബാഗുകൾ കൊണ്ട് നിറച്ച് ടേപ്പ് ഉപയോഗിച്ച് സീൽ ചെയ്തതായി കണ്ടെത്തിയിരുന്നുവെന്ന് ഉദ്യോഗസ്ഥർ പ്രസ്താവനയിൽ പറഞ്ഞു.ഒരിക്കൽ അറസ്റ്റിലായ 'നിഞ്ച ടർട്ടിൽ ഗ്യാങ്' അംഗത്തിൽ നിന്ന് 200 ഓളം ഉരഗങ്ങളെയാണ് പിടിച്ചെടുത്തത്. തുറന്നപ്പോൾ, ഓരോ ബാഗിലും എല്ലാത്തരം ആകൃതിയിലും വലുപ്പത്തിലും നിറത്തിലും ജീവനുള്ള പാമ്പുകൾ ഉണ്ടെന്ന് കണ്ടെത്തി. പാൽ പാമ്പുകളും ചോളം പാമ്പുകളും ഉൾപ്പെടെ 104 ഉരഗങ്ങളെ ഉദ്യോഗസ്ഥർ പിടിച്ചെടുത്തു.




# ഇത് യുദ്ധത്തിനുള്ള സമയമല്ല; ഉക്രൈനിലെ സംഘർഷം അവസാനിപ്പിക്കണമെന്ന് ഇന്ത്യയും ഓസ്ട്രിയയും

ഡൽഹി: ഉക്രെയ്നിലെയും പശ്ചിമേഷ്യയിലെയും സംഘർഷങ്ങളെക്കുറിച്ച് ഓസ്ട്രിയൻ ചാൻസലർ കാൾ നെഹാമറുമായി ചർച്ച നടത്തിയെന്ന് ദ്വിദിന ഉഭയകക്ഷി സന്ദർശനത്തിനായി ഓസ്ട്രിയയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. നിരപരാധികളുടെ ജീവൻ നഷ്ടപ്പെടുന്നത് എവിടെയും അംഗീകരിക്കാനാവില്ലെന്നും, സംഘർഷങ്ങൾക്കുള്ള പരിഹാരങ്ങൾ യുദ്ധക്കളത്തിൽ കണ്ടെത്താനാകില്ലെന്നും മോദി പറഞ്ഞു. 'ചാൻസലർ നെഹാമറും ഞാനും ലോകമെമ്പാടും നടക്കുന്ന സംഘർഷങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്തിട്ടുണ്ട്, അത് ഉക്രെയ്നിലെ സംഘർഷമായാലും പശ്ചിമേഷ്യയിലെ സാഹചര്യമായാലും. ഇത് യുദ്ധത്തിനുള്ള സമയമല്ലെന്ന് ഞാൻ മുമ്പ് പറഞ്ഞിട്ടുണ്ട്. യുദ്ധഭൂമിയിൽ പ്രശ്നങ്ങൾ പരിഹരിക്കാനാകില്ല,'' ചർച്ചയ്ക്ക് ശേഷം മോദി പറഞ്ഞു. ''എവിടെയും നിരപരാധികളുടെ ജീവൻ നഷ്ടപ്പെടുന്നത് അംഗീകരിക്കാനാവില്ല. സമാധാനവും സുസ്ഥിരതയും എത്രയും വേഗം പുനഃസ്ഥാപിക്കുന്നതിന് ഇന്ത്യയും ഓസ്ട്രിയയും സംഭാഷണത്തിനും നയതന്ത്രത്തിനും ഊന്നൽ നൽകുന്നു. ഇത് നേടുന്നതിന് സാധ്യമായ എല്ലാ സഹകരണവും നൽകാൻ ഞങ്ങൾ രണ്ടുപേരും തയ്യാറാണ്,'' അദ്ദേഹം പറഞ്ഞു.അന്താരാഷ്ട്ര നിയമത്തിനും യുഎൻ ചാർട്ടറിനും അനുസൃതമായി ഉക്രെയ്ൻ യുദ്ധത്തിന്റെ സമാധാനപരമായ പരിഹാരം സുഗമമാക്കുന്നതിനുള്ള ഏതൊരു കൂട്ടായ ശ്രമത്തെയും ഇരു നേതാക്കളും പിന്തുണയ്ക്കുന്നതായി ചർച്ചകൾക്ക് ശേഷം പുറത്തിറക്കിയ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി കൂടിക്കാഴ്ച നടത്തിയ ശേഷമാണ് പ്രധാനമന്ത്രി ഓസ്ട്രിയയിലെത്തിയത്. 40 വർഷത്തിനിടെ ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ഓസ്ട്രിയയിലെത്തുന്നത്. ഇന്ത്യയും ഓസ്ട്രിയയും തമ്മിലുള്ള പരസ്പര സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ സാധ്യതകൾ തിരിച്ചറിഞ്ഞതായും, വരുന്ന ദശാബ്ദത്തേക്കുള്ള സഹകരണത്തിനുള്ള ബ്ലൂപ്രിന്റ് തയ്യാറാക്കിയതായും മോദി പറഞ്ഞു. വ്യാപാരം, നിക്ഷേപം, ശാസ്ത്രസാങ്കേതിക വിദ്യ, ഹരിത ഊർജം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള മാർഗങ്ങളും ഇരുപക്ഷവും ചർച്ച ചെയ്തു.







"Therefore by their fruits you will know them"/Mathew 7:20
MALANKARA ARCHDIOCESE OF THE SYRIAC ORTHODOX CHURCH IN NORTH AMERICA
Presents
35TH ANNUAL
YOUTH AND FAMILY CONFERENCE 2024
WEDNESDAY, JULY 17- SATURDAY, JULY 20
AMERICANA CONFERENCE RESORT SPA & WATER PARK
8444 Lundy Lane, Niagara Falls, Ontario, L2H 1H4, CANADA
SUPREME PATRON
HIS HOLINESS MORAN MOR IGNATIUS APHREM II
Patriarch of Antioch & All the East, Supreme Head of the Universal Syriac Orthodox Church
H. B. Baselios Thomas 1
( Catholicose of India)
PATRON
H.E MOR TITUS YELDHO
Archbishop, Malankara Archdiocese of the Syriac Orthodox Church in North America
CHIEF GUEST
H.G. Mor Coorilos Geevarghese
കൃത്യമായി ചിട്ടപ്പെടുത്തിയ അജണ്ട അനുസരിച്ച് മുതിർന്നവർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി യാമപ്രാർത്ഥനകൾ, ധ്യാനയോഗങ്ങൾ, ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ, ഗാനശുശ്രൂഷകൾ, VBS, കൾച്ചറൽ പ്രോഗ്രാം എന്നിങ്ങനെ പുതുമയാർന്ന ആശയങ്ങൾക്കൊണ്ടും ആത്മീയത നിറഞ്ഞുനിൽക്കുന്ന വൈവിധ്യമാർന്ന പ്രോഗ്രാമുകൾകൊണ്ടും സമ്പന്നമായ, ഇദംപ്രഥമമായി കാനഡയിൽവച്ച് നടത്തപ്പെടുന്ന ഈ ചതുർദിന കുടുംബമേളയിലേയ്ക്ക് ഏവർക്കും സ്വാഗതം
Grand Sponsors
MR. ANISH JOSEPH (RE/MAX REALTY)
MR. GEOJI CHERIAN PURACKAL
(CAREER COUNSELLOR/MORTGAGE AGENT)
Platinum Sponsors
REV. FR. BENNY & MRS. RAJANI GEORGE (BOSTON)
MR. P O GEORGE (NEWYORK)
MR. SUJITH SUDESAN & MR. JENU MADATHIL
(INSLYF INSURANCE BROKERS)
YOUTH GUEST SPEAKER
Rev. Fr. Arsenius Georgious
Rev. Fr. Jerry Jacob, MD
Archdiocesan Secretary
Rev. Fr. Manu Mathew
Archdiocesan Joint Secretary
Mr. Joji Kavanal
Archdiocesan Treasurer
Mr. Mathews Mancha
Archdiocesan Joint Treasurer
Rev. Fr. Joseph Varghese
Council Member
Rev. Fr. Kuriakose Puth-uppady
Council Member
Rev. Fr. Paul Thotakat
Council Member
Cmdr. Varghese Chamathil
Council Member
Mr. Cherian Jacob
Council Member
Mr. Jenu Madathil
Council Member
Mr. Jins Mathew
Council Member
Mr. Lyju George
Council Member
Mr. Shomy Mathew
Council Member
Mr. Valsalan Varghese
Council Member
Mr. Varghese Palamalayil
Council Member